
വാർഷികം
2015–16



# ഗൂഢം





ആ ചൂണ്ട ആഴത്തിൽ നിന്ന് കൊത്തിവലിക്കുകയായിരുന്നു.
കരയിലേക്ക് വലിച്ചടുപ്പിക്കുകയായിരുന്നു.





കെട്ടുവഞ്ചിക്കാരന്റെ പങ്കായത്തലപ്പുകളോട്
സൊറ പറഞ്ഞിരുന്നൊരു കാലത്തിന്റെ ഓർമകളിലാണ്
കൂറ്റൻ നങ്കൂരങ്ങൾ യന്ത്രവലകളുമായി വന്ന്
ഞങ്ങളുടെ ഗർഭകാലം പോലും
കണക്കുപുസ്തകമാക്കിയത്.



ചൂണ്ടത്തലപ്പിലെ ഞാഞ്ഞൂൽ കെണിയാണെന്ന്
പഠിച്ചുതുടങ്ങിയപ്പോഴേക്കും സ്വിച്ചിടാൻ ബാക്കിനിൽക്കുന്ന
കപ്പലുകാരന്റെ കറണ്ടുകമ്പി ആഴം പൂണ്ടിരുന്നു...



വലത്തുമ്പിൽ ചെകിള കുരുത്ത കാലത്തോളം
ആഴത്തിലും പരപ്പിലും അറിയാതെ പോയ ജാതി!
അതൊന്നുന്നുണ്ടെന്നറിഞ്ഞത്
നാലു കള്ളി മേശയിൽ
മൂപ്പിലാളുകൾ കാണാൻ വന്നപ്പോഴാണ്.



‘ഒരു മീൻ പോയേ...
രണ്ടു മീൻ വന്നേ...‘
ഇല്ല.
നുണയാണ്.
പോയവരാരും തിരിച്ചുവന്നിട്ടില്ല.



‘മാനം നോക്കി’ച്ചത്ത
മാനത്തുകണ്ണി...
ചെകിളകളിൽ കുമിളപൊഴിച്ച്
കല്ലേലൊട്ടിച്ചത്ത കല്ലേമുട്ടി...
നിന്നെയാകെ വിഴുങ്ങാൻ
എന്റെ
തുപ്പലുമാത്രം കൊത്തി
ചൂണ്ടയിറുക്കണം നീ...
നിന്റെ കാലിലൊളിച്ച്,
കൂട്ടുകൂടി,
കണ്ണുകൊണ്ട്,
സദാ...ചാരെ
ഉമ്മവെച്ചപ്പോഴാണ്
എന്നെ
നീ
തോർത്തിൽ കോരിയത്.
ചത്തെന്നുകരുതുമ്പോഴും,
ചത്തതുപോലെ കിടക്കുകയായിരുന്നു
കരയിലേതുപോലെ.
ഒരു
ചീങ്കണ്ണിയേപ്പോലെ.

---

* മീനുകളുടെ പ്രാദേശിക വിളിപ്പേരുകൾ : മാനത്തുകണ്ണി, കല്ലേമുട്ടി, തുപ്പലുകൊത്തി



കെട്ടുപിണഞ്ഞ്
തനിയെ
താടിയിൽ കൂട്ടുകൂടി
തല നിറഞ്ഞ മുടി നിലത്തെ
കുമ്പളവള്ളിയാണയാൾ

നിറയെ പൂത്ത് കായൊടുങ്ങും മുന്നേ
നിങ്ങൾ അയാളെ കാടനെന്നു വിളിച്ചു.
അരികിലേക്ക് പടർന്ന്
പൂത്തു മണത്തപ്പോൾ
നിങ്ങളയാളെ കഞ്ചാവുകാരനാക്കി
വിളവ് സ്വപ്നം കണ്ട്
ഇലയറുത്ത്
നിങ്ങളയാളെ മാവോയിസ്റ്റാക്കി
തണ്ട് തളർന്നപ്പോൾ വെറും
ഭ്രാന്തനാക്കി
നിങ്ങൾ
നിങ്ങൾ
നിങ്ങളാണ്...

ഓണിവയലിലെ
ഫ്ളാറ്റിൽ
മൂപ്പൻ
അതിരുകടന്നു വളർന്ന
കുമ്പളച്ചെടിയെ
നാട്ടാചാരത്താൽ
തണ്ടൊടിച്ച്
വളർത്തുകയാണ്

* ഏഷ്യയിലെ ആദ്യ ആദിവാസി ഫ്ളാറ്റ് കൽപറ്റയിലെ ഓണിവയലിലാണ്



ഞങ്ങളിരയല്ലന്നാര് പറഞ്ഞു
തോക്കും ലാത്തിയുമെടുത്ത്
നീയെന്റെ കുടിലറുത്തപ്പോൾ
ചെറുമച്ചെക്കന്റെ കയ്യിലെ
കൂർത്ത കല്ലിലായിരുന്നു ഞാനെന്ന ഇര
ഒടുവിലത്തെ ഇര.
ഇനി എവിടെയാണ്
ഞാൻ ദളിതനെന്ന് പേരെഴുതി ഒപ്പിടേണ്ടത്
നിന്റെ ഔദാര്യത്തിന്റെ പെൻഷൻ പറ്റേണ്ടത്



നിങ്ങൾ  കൊലയാളി മാത്രമായിരുന്നില്ല
കാരണം
നിങ്ങൾ മാന്യന്മാരണല്ലോ
നിങ്ങളുടെ കത്തിക്ക്
ചിരിച്ചുകൊണ്ടേ കഴുത്തറക്കാൻ കഴിയൂ
കലക്ക വെള്ളത്തിൽ മീൻ പിടിക്കാനും...



നിങ്ങളിനിയും
എലിയെക്കൊല്ലാൻ
ഇല്ലം ചുടണം
കാരണം
എന്റെ കൂരയിൽ എലിയെപ്പോറ്റുന്ന പത്തായപ്പുരയില്ല
BPL കാരന്റെ റേഷനരി തിന്നാൻ
ഏത് പൊങ്ങനെലിയാണ് ഇവിടെ വരിക.

# ചീങ്കണ്ണികളെ പിടിക്കാൻ എന്നു പറഞ്ഞാണ് അവർ തടാകത്തിലെ വെള്ളം വറ്റിക്കാൻ തുടങ്ങിയത്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
വാക്കാട്, തിരൂർ




നാട്ടാര് കട്ടോണ്ട് പോയ
അക്ഷരത്തിന്റെ ‘ര’ യ്ക്ക്



സെക്ക്യൂരിറ്റി ചേട്ടാ...
ക്ലാസ്സൊന്ന് തുറക്കുമോ...
എന്റെ കൊടിയും പുസ്തകവും അതിനകത്താണ്...



ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സാഹിത്യം
കഥയോ കവിതയോ അല്ല,
ആത്മഹത്യാക്കുറിപ്പുകളാണ്...

- എൻ.എസ് മാധവൻ





# ഇടപ്പള്ളി രാഘവൻ പിള്ള

ഞാൻ ഒന്നുറങ്ങിയിട്ട് ദിവസങ്ങൾ അല്ല മാസങ്ങൾ വളരെയായി. കഠിനമായ ഹൃദയവേദന; ഇങ്ങനെക്രമേണ മരിച്ചുകൊണ്ട് എന്റെ അവസാനദിനത്തെ പ്രതീക്ഷിക്കുവാൻ ഞാനശക്തനാണ്. ഒരു കർമ്മവീരനാകുവാൻ നോക്കി; ഒരു ഭ്രാന്തനായി മാറുവാനാണ് ഭാവം.

സ്വാതന്ത്ര്യത്തിനു കൊതി; അടിമത്തത്തിനു വിധി. മോചനത്തിനു വേണ്ടിയുള്ള ഓരോ മറിച്ചിലും ഈ ചരടിനെ കൊടുമ്പിരിക്കൊള്ളിക്കുക മാത്രമാണ് ചെയ്യുന്നത്.

എന്റെ രക്ഷിതാക്കൾ എനിക്കു ജീവിക്കാൻ വേണ്ടുന്നത് സന്തോഷത്തോടും സ്നേഹത്തോടും തരുന്നുണ്ടാകും. പക്ഷേ, ഈ ഔദാര്യമെല്ലാം എന്റെ ആത്മാഭിമാനത്തെ പാതാളംവരെയും മർദ്ദിച്ചുകൊണ്ടിരിക്കുന്നു. ഇത് മഹാഭാരമായിട്ടാണ് തീരുന്നത്. ഞാൻ ശ്വസിക്കുന്ന വായു ആകമാനം അസ്വാതന്ത്ര്യത്തിന്റെ വിഷബീജങ്ങളാൽ മലീമസമാണ്. ഞാൻ കഴിക്കുന്ന ആഹാരമെല്ലാം ദാസ്യത്തിന്റെ കല്ലുകടിക്കുന്നവയാണ്. ഞാൻ ഉടുക്കുന്ന വസ്ത്രംപോലും പാരതന്ത്ര്യത്തിന്റെ കാരിരുമ്പാണി നിറഞ്ഞതാണ്.

പ്രവർത്തിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, സ്നേഹിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, ആശിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക – ഈ മൂന്നിലുമാണ് ലോകത്തിന്റെ സുഖം അന്തർഭവിച്ചിരിക്കുന്നത്. ഇവയിലെല്ലാമെനിക്ക് നിരാശയാണ് അനുഭവം. എനിക്ക് ഏകരക്ഷാമാർഗ്ഗം മരണമാണ് അതിനെ ഞാൻ സസന്തോഷം വരിക്കുന്നു. ആനന്ദപ്രദമായ ഈ വേർപാടിൽ ആരും നഷ്ടപ്പെടുന്നില്ല; ഞാൻ നേടുന്നുമുണ്ട്. മനസാ വാചാ കർമ്മണാ ഇതിൽ ആർക്കും ഉത്തരവാദിത്തമില്ല. സമുദായത്തിന്റെ സംശയദൃഷ്ടിയും നിയമത്തിന്റെ നിശിതഖഡ്ഗവും നിരപരാധിത്വത്തിന്റെമേൽ പതിക്കരുതേ!

എനിക്ക് പാട്ടുപാടുവാൻ ആഗ്രഹമുണ്ട്. എന്റെ മുരളി തകർന്നുപോയി – കൂപ്പുകൈ!

# മയക്കോവ്സ്കി

എല്ലാവരോടുമായി പറയുന്നു. ഞാൻ മരിക്കുന്നതിനെക്കുറിച്ച്... ആരെയും ഇക്കാരണത്താൽ കുറ്റപ്പെടുത്തേണ്ടതില്ല. ഊഹാപോഹങ്ങളുമരുത്. വസ്തുതകളെ കനംകുറച്ച് കാണുകയെന്നത് ആതുരമാക്കപ്പെട്ടവയുടെ സവിശേഷതയാണ്. അമ്മേ, പെങ്ങന്മാരേ, സഖാക്കളേ... എന്നോട് ക്ഷമിക്കുക. ഇതൊരു നല്ലരീതിയല്ല (മറ്റാരും ഈ വഴി പിൻതുടരണമെന്ന് ഞാൻ ആഗ്രഹിക്കുന്നുമില്ല). പക്ഷേ, എനിക്കിതല്ലാതെ വേറെവഴിയില്ല. എന്നെ സ്നേഹിക്കണം സഖാക്കളും, സർക്കാരും, എന്റെ കുടുംബവും, കുടുംബത്തിലെ എന്റെ ലിലിബ്രിക്, മമ്മ, എന്റെ സഹോദരിമാർ, പിന്നെ... വെറോണിക വിറ്റോൾ ദോവ്ന പൊളൊൻസ്ക്യ......

ഒരുപക്ഷേ നിങ്ങൾക്ക് അവർക്ക് മാന്യമായ ഒരു ജീവിതം വാഗ്ദാനം ചെയ്യാനാവുമെങ്കിൽ, ഞാൻ ഒരുപാട് കടപ്പെട്ടവനായിരിക്കും. ബ്രിക്കിനായെഴുതിത്തുടങ്ങിയ വരികൾ.... അതിലൂടെ അവർക്കെല്ലാം മനസ്സിലാക്കാനാകും.

സംഭവങ്ങൾ അലിഞ്ഞുപോയിരിക്കുന്നു.
പ്രണയത്തിന്റെ വഞ്ചി ഞെരിഞ്ഞടർന്നിരിക്കുന്നു–
വിരസമായ ദിനചര്യകളിൽ.
ജീവിതത്തോടൊപ്പം ഞാൻ
എടുത്തെറിയപ്പെട്ടിരിക്കുന്നു.
പരസ്പരമുള്ള മുറിവേൽപ്പിക്കലുകളിൽ നിന്ന്
നമുക്ക് വിടുതൽ വേണം
ക്ലേശങ്ങളിൽ നിന്നും....
ദുരിതപർവ്വങ്ങളിൽ നിന്നും






വൈഷ്ണവി

# വിശാൽ പവാർ

**കർഷകൻ, മാർവാഡി വില്ലേജ്, മഹാരാഷ്ട്ര**

ഏറ്റവും പ്രിയപ്പെട്ട എന്റെ മകൾ വൈഷ്ണവിക്ക്...

നീ ഇപ്പോൾ ഒരു കുട്ടിയാണ്, പക്ഷേ നീയൊരു മുതിർന്ന കുട്ടിയാണെന്ന് കണക്കിലെടുത്ത് ഞാൻ നിന്നെ വിട്ടുപോകുകയാണ്.

നിരുത്തരവാദിയായ ഒരു അച്ഛനാകാൻ ഞാൻ ഒരിക്കലും ആഗ്രഹിച്ചതല്ല. പക്ഷേ, സാഹചര്യവശാൽ ഒരു നല്ല അച്ഛനാകാൻ എനിക്കു സാധിച്ചില്ല.

അതിനാൽ നിന്നെ തനിച്ചാക്കി ഞാൻ പോകുകയാണ്. എന്നോട് ക്ഷമി ക്കുക.

വളർന്നു വലുതാകുമ്പോൾ നിനക്കെന്റെ അവസ്ഥ മനസ്സിലാകും. ഈയൊ രു കാര്യം നീ എനിക്കുവേണ്ടി ചെയ്യണം. എന്തെന്നാൽ എന്നെയോർത്തു നീ കരയരുത്.

മുത്തച്ഛനും മുത്തശ്ശിയും അമ്മാവനും അമ്മയുമെല്ലാം നിന്നെ ഒരുപാട് സ് നേഹിക്കുന്നതിനാൽ എന്റെ അഭാവം നിന്നെ ബാധിക്കില്ല. അതിനുവേണ്ടി മാത്രമാണിപ്പോൾ ഞാൻ പ്രാർത്ഥിക്കുന്നത്.

അച്ഛാ, അമ്മേ, വിനു, ഗുഡ്ഡു, വീട്ടിത്തീർക്കാനാവാത്ത വലിയൊരു കടം എനിക്കുണ്ട്. അതിനാൽ ഞാൻ ആത്മഹത്യ ചെയ്യുകയാണ്. ഈ കടമൊ ന്നു തീർക്കാൻ എന്നാൽ ആവുന്നതെല്ലാം ഞാൻ ചെയ്തു. പക്ഷേ എനിക്ക് സാധിച്ചില്ല. എന്റെ ദുഃഖം സാമ്പത്തികമായും മാനസികമായും  നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണ്ടിട്ടായിരുന്നു. എനിക്കറിയാം  ഏറെ തവണ നിങ്ങളെന്നെ പിന്തുണച്ചിട്ടുണ്ട്. പക്ഷെ ഇനിയും നിങ്ങൾക്കൊരു ബുദ്ധിമുട്ടാവാൻ ആഗ്രഹിക്കുന്നില്ല.

വിശാൽ പവാർ

# യുകിമോ മിഷിമ

സമൂഹത്തെ മാറ്റിയെടുക്കുകയെന്നതാണെന്റെ
ഏറ്റവും വലിയ സ്വപ്നം.
ചക്രവർത്തി നീണാൾവാഴട്ടെ.



# വിർജീനിയ വൂൾഫ്

എനിക്ക് വീണ്ടും ഭ്രാന്ത് പിടിക്കുന്നതായി തോന്നുന്നു. ഇനിയൊരു ഭീകരനിമിഷത്തിലൂടെ കടന്നുപോകാൻ നമുക്കാവുമെന്നുതോന്നുന്നില്ല. ഈ നിമിഷത്തിൽ നിന്ന് മോചനം നേടാൻ എനിക്ക് കഴിയില്ല. ശബ്ദങ്ങൾ കേൾക്കാൻ എനിക്ക് കഴിയുന്നുണ്ടെങ്കിലും അവയിലേക്ക് കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല. എനിക്ക് നീ ഒരുപാട് സന്തോഷങ്ങൾ പകർന്നു. എല്ലാ മനുഷ്യരും സഞ്ചരിക്കുന്ന പാതയിൽ തന്നെയാണ് നീയും സഞ്ചരിക്കുന്നത്. ഈ മാരകരോഗം വരുന്നതുവരെ രണ്ടാളുകൾക്ക് സന്തോഷമായിരിക്കാൻ കഴിയില്ല. ഇനിയും പൊരുതി നിൽക്കാൻ സാധിക്കില്ല. എനിക്കറിയാം, ഞാൻ നിന്റെ ജീവിതം കൂടി നശിപ്പിക്കുകയാണ്. ഞാനില്ലാതെ നിനക്കൊന്നിലും മനസ്സുറപ്പിക്കാൻ സാധിക്കില്ല. ഇതെഴുതി പൂർത്തിയാക്കാൻ കഴിയുമെന്നെനിക്ക് തോന്നുന്നില്ല. തുടർന്ന് വായിക്കാനും കഴിയില്ല. എന്റെ ജീവിതത്തിലിന്നേവരെയുണ്ടായ എല്ലാ സന്തോഷത്തിനും കാരണം നീയാണ്. അവിശ്വസനീയമായ ക്ഷമയും നന്മയുമാണ് നീ എന്നിൽ പകർന്നത്. എല്ലാവർക്കും അറിയുന്നതാണ്. എന്നിൽ നിന്നും എല്ലാം മാഞ്ഞുപോയെങ്കിലും അവശേഷിക്കുന്നത് നിന്റെ നന്മ മാത്രമാണ്. നിന്റെ ജീവിതം നശിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ എനിക്ക് കഴിയില്ല. നമ്മൾ സന്തോഷകരമായി കഴിഞ്ഞതുപോലെ ലോകത്തിൽ രണ്ടുപേർക്ക് കഴിയാൻ പറ്റുമോയെന്ന് എനിക്കറിയില്ല.



# രോഹിത് വെമുല

ഗുഡ്മോണിംഗ്,

നിങ്ങളീ കത്ത് വായിക്കുന്നനേരം ഞാൻ ഈ ലോകത്തുനിന്ന് വിട പറഞ്ഞിരിക്കും. എന്നോട് ദേഷ്യം തോന്നരുത്. നിങ്ങളിൽ പലരും എന്നെ സ്നേഹിച്ചിരുന്നു, എന്നെ പരിഗണിച്ചിരുന്നു. ആരോടും എനിക്ക് പരാതിയില്ല. എന്റെ പ്രശ്നങ്ങൾക്കുള്ള കാരണം എന്റെ ഉള്ളിൽനിന്നുമാണ്. എന്റെ ആത്മാവും ശരീരവും തമ്മിലുള്ള അന്തരം വർദ്ധിച്ചിരിക്കുന്നു. ഞാൻ ഒരു ഭീകരജീവിയായി മാറിയിരിക്കുന്നു. ഒരു എഴുത്തുകാരനായി അറിയപ്പെടാൻ ഞാൻ ആഗ്രഹിച്ചിരുന്നു. ശാസ്ത്രകൃതികൾ എഴുതുന്ന എഴുത്തുകാരൻ, കാൾസാഗനെപ്പോലെ. എന്നാൽ എനിക്ക് എഴുതാൻ കഴിഞ്ഞത് ഈ കത്ത് മാത്രമാണ്.

ശാസ്ത്രം, നക്ഷത്രങ്ങൾ, പ്രകൃതിയേയും ഞാൻ സ്നേഹിച്ചു. പ്രകൃതിയിൽ നിന്ന് അകന്ന് നിൽക്കുന്ന മനുഷ്യരെ അറിയാതെ സ്നേഹിക്കുകയും ചെയ്തു. നമ്മുടെ വികാരങ്ങൾക്കെപ്പോഴും രണ്ടാം മൂല്യമാണ് ലഭിക്കുക. നമ്മുടെ സ്നേഹം നിർമ്മിക്കപ്പെട്ടതും, വിശ്വാസങ്ങൾ നിറം പൂശിയതും ആണ്. കൃത്രിമകലയിലൂടെ പരിശോധിച്ചുറപ്പുവരുത്തുന്നതാണ് നമ്മുടെ യാഥാർത്ഥ്യം, സ്വത്വം. വേദനിപ്പിക്കാതെ സ്നേഹിക്കാൻ കഴിയില്ല എന്നത് വളരെയധികം ശ്രമകരമായിരുക്കുന്നു. മനുഷ്യന്റെ മൂല്യം അവന്റെ ആവശ്യത്തിന്റെ തോതനുസരിച്ച് കുറയുന്നു. ഒരു മനസ്സ് എന്ന നിലയിൽ മനുഷ്യൻ പരിഗണിക്കപ്പെടുന്നില്ല.

ഇങ്ങനെയൊരു കത്ത് ഞാനാദ്യമായാണ് എഴുതുന്നത്. എന്റെ അവസാനത്തെ ആദ്യത്തെ കത്ത്. ക്ഷമിക്കുക, ബോധമുണ്ടാക്കുന്നതിൽ ഞാൻ പരാജയപ്പെട്ടെങ്കിൽ.

ചിലപ്പോൾ എനിക്ക് തെറ്റുപറ്റിയിരിക്കാം, ലോകത്തെ മനസ്സിലാക്കുന്നതിൽ. സ്നേഹം, വേദന, ജീവിതം, മരണം എന്നിവയും മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞില്ലെന്നു വരാം. ചിലർക്ക് ജീവിതം ചിലപ്പോൾ ഒരു ശാപമായിരിക്കും. എന്റെ ജന്മം എന്റെ തെറ്റല്ല. ബാല്യകാലത്തെ ഏകാന്തതയിൽ നിന്ന് മോചിതനാകാൻ ഇനിയുമെനിക്ക് സാധിച്ചിട്ടില്ല. അഭിനന്ദനത്തിനർഹമാകാത്ത ഭൂതകാലബാല്യം. ഞാൻ ഈ നിമിഷത്തെ പഴിക്കുന്നില്ല. എനിക്ക് ദുഃഖമില്ല. ഞാൻ ശൂന്യനാണ്. എന്നെക്കുറിച്ചൊന്നും ചിന്തിക്കുന്നില്ല.



ദുരവസ്ഥ, അതിനാലാണ് ഞാനിത് ചെയ്യുന്നത്. എന്റെ മരണശേഷം, ആളുകൾ എന്നെ ഭീരുവെന്നും, സ്വാർത്ഥനെന്നും, വിഡ്ഢിയെന്നും വിളിച്ചേക്കാം. ഞാനെന്ത് പേരിൽ വിളിക്കപ്പെടുമെന്നതിനെപ്പറ്റി ഞാൻ ചിന്താകുലനല്ല. മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള കഥകളിലും, ആത്മാവിലും ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെയൊന്നുണ്ടെങ്കിൽ ഞാൻ നക്ഷത്രങ്ങളിലേക്ക് യാത്രചെയ്യും, മറ്റു ലോകങ്ങളെ അറിയാൻ.

ഈ കത്ത് വായിക്കുന്നവർ ആരുതന്നെയായാലും എനിക്കായി ചിലത് ചെയ്യണം. എനിക്ക് 7 മാസത്തെ ഫെലോഷിപ്പ് 1,75,000 രൂപ കിട്ടാനുണ്ട്. എന്റെ കുടുംബത്തിന് അത് നൽകണം. അതിൽനിന്നും 40,000 രൂപ രാംജിക്ക് നൽകണം. അദ്ദേഹം തിരിച്ച് ചോദിച്ചിട്ടില്ലെങ്കിൽ കൂടി.

എന്റെ സംസ്കാര ചടങ്ങുകൾ നിശബ്ദമായി നടത്തണം. ഞാൻ വന്നതായും മടങ്ങിപ്പോയതായും കരുതുക. എനിക്കായി കണ്ണീർപൊഴിക്കരുത്. ഞാൻ ജീവിച്ചിരിക്കുന്നതിനേക്കാൾ സന്തോഷവാനായിരിക്കും മരണശേഷമെന്നറിയുക.

നിഴലുകളിൽ നിന്ന് നക്ഷത്രങ്ങളിലേക്ക്

ഉമ്മ, അണ്ണാ, ഈ കാര്യത്തിനായി മുറി ഉപയോഗിച്ചതിൽ എന്നോട് ക്ഷമിക്കുക.

ASA  കുടുംബത്തിന്, നിങ്ങളെ വിഷമിപ്പിച്ചതിൽ എന്നോട് ക്ഷമിക്കുക. നിങ്ങളെന്നെ ഒരുപാട് സ്നേഹിച്ചിരുന്നു. നിങ്ങളുടെ ഭാവിക്ക് എല്ലാ ആശംസകളും നേരുന്നു.

അവസാനമായി ഒരിക്കൽ കൂടി

ജയ് ഭീം...

ഔപചാരികതയോടുകൂടി എഴുതാൻ ഞാൻ മറന്നിരിക്കുന്നു. എന്റെ മരണത്തിന് ആരും ഉത്തരവാദികളല്ല. വാക്കുകൊണ്ടോ, പ്രവർത്തികൊണ്ടോ ആരും എന്നെ ഇതിന് പ്രേരിപ്പിച്ചിട്ടില്ല. എന്റെ തീരുമാനമാണിത്. ഞാൻ മാത്രമാണ് എന്റെ മരണത്തിന് ഉത്തരവാദി. ഞാൻ പോയതിനു ശേഷം, എന്റെ ശത്രുക്കളെയോ, സുഹൃത്തുക്കളെയോ ഇതിന്റെ പേരിൽ ബുദ്ധിമുട്ടിക്കരുത്.





# വിശ്വാമിത്രം ച ചണ്ഡാലി

## വിശ്വാമിത്രൻ പുലയനാണ്

സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടതിന്റെ 69 വർഷത്തെ കാത്തിരിപ്പിനൊടുവിലാണ് ഇന്ത്യയിലെ ദളിത്‌വിഭാഗക്കാർ സവർണ്ണ ഭീകരതയിൽ നിന്ന് സ്വാതന്ത്ര്യപ്രഖ്യാപനം നടത്തിയത്. ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന വികസന മോഡൽ സംസ്ഥാനത്തിന്റെ പ്രാന്തപ്രദേശമായ ഉനയിലാണ് ചരിത്രസംഭവം അരങ്ങേറിയത്.

കേരളനവോത്ഥാനത്തിന്റെ ജ്വലിക്കുന്ന പ്രതീകമായ ശ്രീനാരായണ ഗുരു നമുക്ക് ജാതിയില്ല വിളംബരം നടത്തിയതിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഘട്ടത്തിലാണ് ദളിത് മുന്നേറ്റമെന്നത് ഏറെ ശ്രദ്ധേയമാണ്.

2012 മുതൽ 2015 വരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറിയ അക്രമസംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളും പരിഗണിച്ചാൽ ഇന്ത്യയിലെ ദളിതുകൾ നേരിടുന്ന മനുഷ്യാവകാശ പ്രശ്നത്തിന്റെ രൂക്ഷത വെളിവാകും. 2012 ൽ ദളിത് അതിക്രമത്തിനു രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 34,000 ആണെങ്കിൽ 2015 ആകുമ്പോഴേക്കും അത് 70,000 കടന്നിരിക്കുന്നു. ഈ കേസുകൾ മാത്രം പരിഗണിച്ചാൽ അതിന്റെ ഒരേയൊരു കാരണത്തിലേക്കാണ് നമ്മെ കൊണ്ടുപോവുക. എല്ലാം ഗോമാംസത്തിന്റെ പേരിലായിരുന്നു എന്നതാണ്. ഇതിന്റെ പിന്നിലെ രാഷ്ട്രീയത്തിന് പതിറ്റാണ്ടുകളുടെ പഴക്കമാണുള്ളത്. അതാവട്ടെ വിരൽ ചൂണ്ടുന്നത് ഭാരതത്തിൽ ഇന്നും നിലനിൽക്കുന്ന ചാതുർവർണ്യ വ്യവസ്ഥയുടെ ഭാഗമായ ജാതീയതയാണ്.

ചാതുർവർണ്യത്തെ തൊഴിലുമായി ബന്ധപ്പെടുത്തി കാണേണ്ടതായുണ്ട്. അശുദ്ധിയെ സംബന്ധിച്ച് നാരദസ്മൃതിയിൽ പറയുന്നുണ്ട്. പ്രധാനമായും രണ്ടുതരം തൊഴിലുകളുണ്ട്. ഒന്ന് ശുദ്ധമായ തൊഴിൽ, രണ്ട് അശുദ്ധമായ തൊഴിൽ. അശുദ്ധമായ തൊഴിൽ ഏതെന്ന് ഇതിൽ പറയുന്നു (അടിച്ചുവാരൽ, കക്കൂസ് കഴുകൽ........ എന്നിവ). ഇതുചെയ്യുന്നത് ശൂദ്രരോ, അതിന് താഴെയുള്ളവരോ ആയിരിക്കണം. യാജ്ഞ്യവൽക്കൻ ബ്രാഹ്മണർ ഒഴികെയുള്ളവർ സ്വയമോ, പരസ്പരമോ, അടിമകളാണെന്ന് നിസംശയം പറയുന്നു. ഇതിനെ സാധൂകരിക്കുന്ന ശ്ലോകങ്ങൾ വിചാരത്തിന്റെ ഒഴുക്കെന്നുപറയുന്ന കൃതിയിൽ കൃത്യമായിട്ടുണ്ട്.

ബ്രാഹ്മണോസ്യ മുഖമാസിദ്
ബാഹുരാജന്യഃ കൃ തഃ
ഊരു തൗസ്യ
യദ് വൈശ്യഃ
പദ്ഭ്യം ശൂദ്രോ
അജായത

ബ്രാഹ്മണൻ തലയും, രാജാവ് ബാഹുക്കളും, വൈശ്യൻ ഊരുക്കളും, ശൂദ്രൻ പാദങ്ങളുമാണ്. പാദങ്ങളെക്കാൾ താഴെയാണ് ശൂദ്രന്റെ വർത്തമാന അവസ്ഥയെന്നത് ഇന്ത്യൻ വർത്തമാന സംഭവങ്ങൾ തെളിയിക്കുന്നു.

പശുവിനെ വിശുദ്ധരെന്ന് പറയുന്നവർ ഉയർത്തുന്ന വിചിത്രവാദം അത്ഭുതാവഹമാണ്. ഹിന്ദുക്കൾ ഇതേവരെ ഗോമാംസം കഴിച്ചിട്ടില്ല എന്നാണിവ പറയുന്നത്. വേദങ്ങളെ പ്രാമാണിക ഗ്രന്ഥമായി പരിഗണിച്ചാൽ ഈ വാദം പൊള്ളയാണെന്ന് ബോധ്യമാകും. ഋഗ്വേദത്തിലെ പത്താം അധ്യായം ഈ പൊള്ളത്തരത്തെ ചോദ്യം ചെയ്യുന്നു.

അവർ എനിക്കുവേണ്ടി പതിനഞ്ചിലധികം ഇരുപത് ഋഷഭങ്ങളെ വേവിച്ചു . (X86.14) വാൾ കൊണ്ട് പശുവിനെ കൊന്നു . (X72.6)

അഗ്നിക്കുവേണ്ടി കുതിരകളേയും, പോത്തുകളേയും, കാളകളേയും, മച്ചിപ്പശുക്കളേയും ഹോമിച്ചു .(X 91.14)

ഇതിന്റെ അടിസ്ഥാനത്തിൽ പശുമാംസം മുൻകാലങ്ങളിൽ ഹിന്ദുക്കൾ,സവർണ്ണർ ഉപയോഗിച്ചതായി പറയാം.

അപ്പോൾ ഒരു ചോദ്യം ഉയരുന്നു. എന്നുമുതലാണ് സവർണ്ണബ്രാഹ്മണർ

"

**2012 ൽ ദളിത് അതിക്രമത്തിനു രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 34,000 ആണെങ്കിൽ 2015 ആകുമ്പോഴേക്കും അത് 70,000 കടന്നിരിക്കുന്നു. ഈ കേസുകൾ മാത്രം പരിഗണിച്ചാൽ അതിന്റെ ഒരേയൊരു കാരണത്തിലേക്കാണ് നമ്മെ കൊണ്ടുപോവുക.**



പശുമാംസം ഉപയോഗിച്ചുതുടങ്ങിയത്?. പശുവിനെ കൊന്നൊടുക്കുന്ന ഘട്ടത്തിൽ ഇന്ത്യയിൽ ബുദ്ധമതം ശക്തമായിരുന്നു. ഹിംസയെ എതിർക്കുന്ന, ബുദ്ധമത്തിലേക്ക് ആളുകൾ ആകർഷിക്കപ്പെട്ടു. ഇവരാകട്ടെ സസ്യഭുക്കുകളായിരുന്നു. ബ്രാഹ്മണർക്ക് ലഭിക്കാതിരുന്ന സ്വീകാര്യത ഭക്ഷണത്തിലും ജീവിതത്തിന്റെ മറ്റു ഘട്ടങ്ങളിലും ബുദ്ധഭിക്ഷുക്കൾ അനുവർത്തിച്ച ശീലങ്ങളും, ചര്യകളുമാണ് ഇത് തിരിച്ചറിഞ്ഞ ബ്രാഹ്മണർ സസ്യഭുക്കുകളായി പരിവർത്തിക്കപ്പെട്ടു. അതേ സമയം സവർണ്ണർ അകറ്റി നിർത്തിയ ശൂദ്രർ ഉൾപ്പെടുന്നവർ അക്കാലത്തും മാംസം ഭക്ഷണമായി ഉപയോഗിച്ചു എന്ന് കാണാൻ കഴിയും. ശതപഥ ബ്രാഹ്മണത്തിൽ യാജ്ഞവൽക്കൻ തന്റെ മാംസപ്രിയത്തെ മറച്ചു വയ്ക്കുന്നില്ല. 'കാര്യം പറഞ്ഞാൽ, ഞാൻ അത് ഭക്ഷിക്കാറുണ്ട് – മാർദ്ദവമുണ്ടെങ്കിൽ'. സ്വാമി വിവേകാനന്ദനും മാംസാഹാരക്രമത്തെ അംഗീകരിച്ചതായി കാണാം.

തങ്ങളുടെ ആധിപത്യത്തെ ഉറപ്പിക്കാൻ എല്ലാ പ്രചാരണ ഉപാധികളെയും സവർണ്ണൻ എക്കാലവും ഉപയോഗിച്ചതായി കാണാം. രാജ്യത്തിന്റെ പൈതൃകങ്ങളെ തങ്ങൾക്കനുകൂലമായി മാറ്റാൻ ഇവർ ശ്രമിക്കുന്നതായി വർത്തമാനകാല സംഭവങ്ങൾ തെളിയിക്കുന്നു. ഭാരതത്തിലെ പുണ്യഗ്രന്ഥങ്ങൾ രചിച്ചതെല്ലാം സവർണ്ണനാണെന്നതാണ് അതിൽ ഒരു വാദം. ഈ വാദത്തിന്റെ പൊള്ളത്തരം തിരിച്ചറിയാൻ എളുപ്പമാണ്. സ്മൃതി രചിച്ച പരാശരൻ പറയനാണ്. വേദങ്ങൾ വിഭജിച്ച, വേദാർത്ഥങ്ങളെ പറയാൻ ബ്രഹ്മസൂത്രം രചിച്ച വിശ്വാമിത്രൻ–പുലയനായിരുന്നു. ഇതിന്റെ സൂചന ഉപനിഷത്തിൽ തന്നെയുണ്ട്. വിശ്വാമിത്ര ച ചണ്ഡാലി എന്നാണത്.

**പശുവിനെ കൊന്നൊടുക്കുന്ന ഘട്ടത്തിൽ ഇന്ത്യയിൽ ബുദ്ധമതം ശക്തമായിരുന്നു. ഹിംസയെ എതിർക്കുന്ന, ബുദ്ധമത്തിലേക്ക് ആളുകൾ ആകർഷിക്കപ്പെട്ടു. ഇവരാകട്ടെ സസ്യഭുക്കുകളായിരുന്നു. ബ്രാഹ്മണർക്ക് ലഭിക്കാതിരുന്ന സ്വീകാര്യത ഭക്ഷണത്തിലും ജീവിതത്തിന്റെ മറ്റു ഘട്ടങ്ങളിലും ബുദ്ധഭിക്ഷുക്കൾ അനുവർത്തിച്ച ശീലങ്ങളും, ചര്യകളുമാണ് ഇത് തിരിച്ചറിഞ്ഞ ബ്രാഹ്മണർ സസ്യഭുക്കുകളായി പരിവർത്തിക്കപ്പെട്ടു.**

സവർണ്ണ പ്രതീകമെന്ന് പറഞ്ഞുറപ്പിക്കുന്ന ശങ്കരാചാര്യർ കാശിയിൽ വച്ച് പറയനോട് പറഞ്ഞ് തോറ്റപ്പോൾ പറഞ്ഞത് ഇപ്രകാരമാണ് 'ചണ്ഡാലോസ്തു സതു ദ്വിജോസ്തു' – ചണ്ഡാലനും ദ്വിജനും ഒരേ പോലെ ഗുരുതന്നെ. ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നു. തങ്ങളുടെ ആധിപത്യം അരക്കിട്ട് ഉറപ്പിക്കാനുള്ള ഒരു തന്ത്രമായേ–പൊള്ളയായ വാദത്തെ കാണേണ്ടതുള്ളൂ എന്നാണത്. മറ്റൊരു വാദം ഇതിഹാസ പുരുഷനായ ശ്രീകൃഷ്ണൻ ചാതുർവർണ്യത്തെ അംഗീകരിച്ചു എന്നതാണ്. ഇതും ശുദ്ധ വിവരക്കേടാണ്. പറയന്റെ മകനായ വ്യാസൻ, വ്യാസന്റെ മകൻ പാണ്ഡു, പാണ്ഡവർക്കൊപ്പം ഭക്ഷണം കഴിച്ച ശ്രീകൃഷ്ണൻ മിശ്രഭോജനത്തിന് നേതൃത്വം നൽകുകയാണ് ചെയ്തത്. അതേപോലെ കാട്ടാള സ്ത്രീയായ ഹിഡുംബിയെ ഭാര്യയാക്കിയ ഭീമന്റെ അനുജൻ അർജ്ജുനനെ കൊണ്ട് സ്വന്തം സഹോദരിയെ വിവാഹം കഴിപ്പിച്ച് മിശ്രവിവാഹത്തിന് നേതൃത്വം നൽകിയതും കൃഷ്ണൻ തന്നെ.

ദളിത് വിരുദ്ധത ദ്രാവിഡ വിരുദ്ധത ആളിക്കത്തിക്കാൻ മുൻപേ ശ്രമിച്ച പാരമ്പര്യമുള്ളവർ ഈ അടുത്തായി കേരളീയരുടെ ദേശീയ ഉത്സവമായ

ഓണത്തെ വരെ ഹൈജാക്ക് ചെയ്യാൻ ശ്രമിച്ചു. കേരളത്തിൽ ഇതുവരെ ഓണം ആഘോഷിച്ചത് മഹാബലിയെ നേതൃസ്ഥാനത്ത് വച്ചുതന്നെയാണ്. മഹാബലിയെ ചവിട്ടി താഴ്ത്താൻ മലയാളി അനുവദിച്ചില്ല എന്നാണ് ഓണാഘോഷത്തിലൂടെ മലയാളി പറഞ്ഞുകൊണ്ടിരിക്കുന്നത്. മലയാളിയുടെ ഓണമെന്ന സങ്കൽപ്പത്തെ മഹാരാഷ്ട്രയിലും മറ്റുമുള്ള വാമനജയന്തിയിലേക്ക് ഒതുക്കാൻ ശ്രമങ്ങൾ ഏറെ ശക്തമാണ്. രാമരാജ്യത്തിനു ബദലായി ജ്യോതിഭാസുഫുലെ ഉയർത്തിയ വാദമാണ് 'ബലിരാഷ്ട്ര' എന്നത്. രാമരാജ്യത്തിൽ കാട്ടാളനായ ശൂദ്രനായ ശംബൂകന്റെ തലയറുത്തു രാമൻ. ബലിരാഷ്ട്രത്തിൽ പക്ഷേ ചാതുർവർണ്യ വ്യവസ്ഥയില്ല. ഈ വാദത്തെ പെരിയാർ ഇ വി രാമസ്വാമി ഏറ്റുപിടിച്ചതായി കാണാം. മഹാബലിയെ മാറ്റി നിർത്താനുള്ള ശ്രമങ്ങൾ സജീവമാകുമ്പോൾ ശ്രീ നാരായണഗുരുവിന്റെ വചനങ്ങൾ ശ്രദ്ധേയമാകുന്നു. 'സനാതികൾക്ക് സ്വാതന്ത്ര്യം കിട്ടി രാജ്യഭാരമേറ്റാൽ അവർ സ്മൃതി നോക്കിയായിരിക്കില്ലേ ഭരിക്കുന്നത്? അങ്ങനെയുള്ള ഭരണത്തിൽ ശൂദ്രനും, ചണ്ഡാലനും നീതി ലഭിക്കുമോ?'.

ശ്രീരാമന്റെ കാലത്തുകൂടി ശൂദ്രാദികൾക്ക് സന്യസിക്കാൻ പാടില്ലെന്നായിരുന്നല്ലോ വ്യവസ്ഥ. സ്മൃതി നോക്കി ഭരിക്കുന്നവരല്ലേ ഹിന്ദുക്കൾ .

ഞങ്ങൾക്ക് ഞങ്ങളുടെ മഹാബലിയെ വിട്ടുതരിക .

മതേതര ചിന്തകളെ കുഴിച്ചുമൂടാനും ഭീതി സൃഷ്ടിച്ച് മതന്യൂനപക്ഷങ്ങൾ, ഭാഷാന്യൂനപക്ഷങ്ങൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ, ദളിതുകൾ എന്നിവരെ ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നു. സ്വതന്ത്രചിന്തയെ സർഗ്ഗാത്മക പ്രവർത്തിയെ ഭയക്കുന്നു. എഴുത്തുകാരെ ഭയപ്പെടുത്തി എഴുത്ത് നിർത്തിക്കുന്നു. അനാചാരങ്ങളെ എതിർക്കുന്നവരെ വെടിവെച്ചു കൊല്ലുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ദളിത് സ്വാതന്ത്ര്യപ്രഖ്യാപനത്തിന് പ്രസക്തിയേറുന്നത്. ദളിത്പക്ഷ നിലപാടുകാരെ രാജ്യദ്രോഹികളായി ചിത്രീകരിക്കുന്ന അവസ്ഥയും ഇന്നുണ്ട്. സ്വരാജ്യസ്നേഹികളല്ല എന്നുള്ള മുദ്ര ദളിതർക്കെതിരെ ഉയർത്താനും സവർണ്ണതയുടെ ഭീകരമുഖമണിഞ്ഞവർക്ക് മടിയില്ല. മഹാത്മാഗാന്ധിയും അംബേദ്ക്കറും നടത്തിയ ചരിത്രപ്രസിദ്ധമായ സംവാദമാണ് ഈ ഘട്ടത്തിൽ ശ്രദ്ധേയമാകുന്നത്. സ്വരാജ്യ സ്നേഹം വേണ്ടേ എന്ന ഗാന്ധിജിയുടെ ചോദ്യത്തിന് 1932 കളിൽ അംബേദ്ക്കർ ഇങ്ങനെ മറുപടി നൽകി.

**"**

**ഉനയിൽ ദളിതുകൾ ഉയർത്തിയ ചോദ്യം ഏറെ പ്രസക്തമാണ്. തോട്ടിപ്പണി എന്ന കുലത്തൊഴിൽ ഇനിമേലിൽ ഞങ്ങൾ ചെയ്യില്ല. ഞങ്ങൾക്ക് ഭൂമി വേണം, തൊഴിൽ വേണം . വികസന മോഡലെന്ന് വീമ്പുപറഞ്ഞ് ലോകം ചുറ്റുന്നവരുടെ ചെകിടത്തടിക്കുന്ന ഈ ചോദ്യം ഇന്ത്യയെന്ന രാജ്യത്തിന്റെ അവസ്ഥയെ കാണിക്കുന്നു.**

'മിസ്റ്റർ ഗാന്ധി, എന്നെ പൊതു നിരത്തിൽ കൂടി നടക്കാനനുവദിക്കാത്തൊരു രാജ്യം ഏതാണ് എന്റെ സ്വരാജ്യം . അത് സ്വരാജ്യമാണോ? പൊതുകിണറ്റിൽ നിന്ന് വെള്ളം കോരാൻ അനുവദിക്കാത്ത രാജ്യം എന്റെ രാജ്യമാണോ? യോഗ്യതയുണ്ടായിട്ടും ജോലിതരാത്ത രാജ്യം എന്റെ രാജ്യമാണോ? എന്നെ അമ്പലത്തിൽ കയറ്റാത്ത രാജ്യം എന്റെ രാജ്യമാണോ? ഏതാണ് എന്റെ സ്വരാജ്യം?.

1932ൽ നിന്ന് നാം നടന്ന് 2016 ലെ വികസനക്കുതിപ്പെന്ന് അവകാശപ്പെടുന്ന നിലയിലെത്തി. ഇന്ത്യൻ ദളിതുകൾക്ക്, അവരുടെ സ്ഥിതിക്ക് എന്ത് മാറ്റമാണ് ഉണ്ടായത്, ആരാണ് ഇതിന് ഉത്തരവാദി?

ഉനയിൽ ദളിതുകൾ ഉയർത്തിയ ചോദ്യം ഏറെ പ്രസക്തമാണ്. തോട്ടിപ്പണി എന്ന കുലത്തൊഴിൽ ഇനിമേലിൽ ഞങ്ങൾ ചെയ്യില്ല. ഞങ്ങൾക്ക് ഭൂമി വേണം, തൊഴിൽ വേണം . വികസന മോഡലെന്ന് വീമ്പുപറഞ്ഞ് ലോകം ചുറ്റുന്നവരുടെ ചെകിടത്തടിക്കുന്ന ഈ ചോദ്യം ഇന്ത്യയെന്ന രാജ്യത്തിന്റെ അവസ്ഥയെ കാണിക്കുന്നു. കള്ളുചെത്തൽ കുലത്തൊഴിലെങ്കിൽ ആ കുലത്തൊഴിൽ നിങ്ങൾ ചെയ്യരുതെന്ന് നൂറ് വർഷങ്ങൾക്കു മുൻപ് ശ്രീനാരായണഗുരു പറഞ്ഞത് ഇന്ത്യൻ അവസ്ഥയിൽ, പ്രത്യേകിച്ച് ദളിത് പ്രശ്നം പരിഹരിക്കാനുള്ള ഉപാധിയായി ഇന്ത്യൻ ദളിതുകൾ തിരിച്ചറിഞ്ഞത് 2016ലാണ് എന്നത് വിചിത്രമാണ്. ഉറങ്ങികിടക്കുന്ന സിംഹമാണ് സത്യത്തിൽ ദളിത് ശക്തികൾ. ആ ശക്തിയെ



ഉണർത്താൻ അനുവദിച്ചുവെങ്കിൽ ഇന്ത്യ മറ്റൊരു രാജ്യമാകുമായിരുന്നു, ലോകത്തിൽ ഏറ്റവും ശക്തിയുള്ള രാജ്യം. വർഷങ്ങൾക്ക് മുൻപ് നേപ്പോളിയൻ ചൈനയെ നോക്കിപ്പറഞ്ഞത് സ്ലീപ്പിങ് ജയിന്റ് ( Sleeping Gaint ) എന്നാണ്. അവർ ഉയർത്തെഴുന്നേൽക്കുന്ന കാലം വരും എന്നാണ്. അതുപോലെ ഒരുപക്ഷേ അതിനെക്കാൾ ശക്തമായി ഇന്ത്യയിൽ ദളിത് ശക്തി ഉയർന്നു വരും. അതിനായി ചരിത്രത്തെ, ഭൂതകാലത്തെ വർത്തമാനകാല സംഭവവികാസവുമായി കണ്ണി ചേർക്കാൻ കഴിയേണ്ടതുണ്ട്. ഈ കാലഘട്ടത്തിലാണ് അംബേദ്ക്കറെയും, കാൾ മാർക്സിനെയും ഇന്ത്യൻ പശ്ചാത്തലത്തിൽ പുനർവായനയ്ക്ക് വിധേയമാക്കേണ്ടത്. അംബേദ്ക്കറിനും മാർക്സിനും പൊതുവായി അനേകം തലങ്ങളുണ്ട്. ചൂഷണരഹിതമായ സമൂഹമായിരുന്നു രണ്ടു പേരുടെയും ലക്ഷ്യം. ഇരുവർക്കും സാമ്പത്തിക ശാസ്ത്രം വെറുമൊരു അക്കാദമിക് വിഷയമായിരുന്നില്ല. സാമൂഹികവും സാംസ്കാരികവുമായ തിരിച്ചറിവുകളുടെ മുൻ ഉപാധിയായിരുന്നു. വിശപ്പിന്റെ വിരലടയാളങ്ങൾ പതിയാത്ത അവരുടെ ജീവിത പുസ്തകത്തിലുണ്ടായിരുന്നില്ല.

ഇന്ത്യൻ സവർണ്ണത അധികാര ശക്തിയായി വർത്തിക്കുന്ന വർത്തമാനകാല അവസ്ഥയെ മുറിച്ചുകടക്കാൻ ഗ്രാംഷി സൂചിപ്പിച്ചപോലെ വിശാലമായ ഒരു ഐക്യം അനിവാര്യമാകുന്നു. ആന്തരികമായതും, ബാഹ്യമായതുമായ വിഘടന പ്രക്രിയകളെ തിരിച്ചറിഞ്ഞും, പ്രതിരോധിച്ചും മാത്രമെ ഇത്തരത്തിലുള്ള ഐക്യം സാധ്യമാകൂ. അത്തരത്തിലുള്ള ഐക്യത്തിന് ധൈഷണികവും, സാംസ്കാരികവുമായ പിന്തുണനൽകാൻ ഇന്ത്യൻ ക്യാമ്പസുകൾക്കും, സമൂഹത്തിനാകെയും കഴിയേണ്ടതുണ്ട്.

**അംബേദ്ക്കറിനും മാർക്സിനും പൊതുവായി അനേകം തലങ്ങളുണ്ട്. ചൂഷണരഹിതമായ സമൂഹമായിരുന്നു രണ്ടു പേരുടെയും ലക്ഷ്യം. ഇരുവർക്കും സാമ്പത്തിക ശാസ്ത്രം വെറുമൊരു അക്കാദമിക് വിഷയമായിരുന്നില്ല. സാമൂഹികവും സാംസ്കാരികവുമായ തിരിച്ചറിവുകളുടെ മുൻ ഉപാധിയായിരുന്നു.**



ചെറിയമീനുകളെ വായിലാക്കിയ വലിയ മീനുകളോട്



മല്ലിക തനേജ ഒരു ചെറിയ പെണ്ണാണ്. ആൾക്കൂട്ടത്തിൽ നിന്നാലവളെ ആർക്കും വേറിട്ടുകാണാനാവില്ല. ചെറുപ്പത്തിലവളോട്, പുറത്തുപോകുന്നസമയത്ത് അച്ഛൻ പറയുംമോളേ...സൂക്ഷിക്കണേ...

# ഥോഡാ ധ്യാൻ സേ
# Be careful
# സൂക്ഷിക്കണേ

ഉടൽ ഒരേസമയം ആനന്ദവും അപായവുമാകുന്ന പ്രതിലോമരാഷ്ട്രീയത്തിന്റെ വർത്തമാനകാലം– മനുഷ്യന്റെ നിലനിൽപ്പിനെയും അതിജീവനത്തിനെയും തീവ്രമായിത്തന്നെ പ്രതിസ്ഥാനത്ത് നിർത്തുമ്പോൾ, വാക്കിന്റെയും അരങ്ങിന്റെയും രാഷ്ട്രീയചലനങ്ങൾ ആക്കം കൂടിയ പ്രതിഷേധ, പ്രതിരോധ സ്പർശങ്ങളായി ഇടപെടേണ്ടിവരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി ഉടലിനെക്കുറിച്ചുള്ള സമീപനങ്ങളും ചർച്ചകളും പ്രതിലോമപരമായ ചിഹ്നസൂചകങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുമ്പോഴാണ് തിയ്യറ്റർ എന്ന ശക്തമായ മാധ്യമത്തിലൂടെ മല്ലിക തനേജയെന്ന യുവതി സമൂഹത്തിനുമുന്നിൽ പൂർണ്ണനഗ്നയായി പ്രത്യക്ഷപ്പെടുന്നത്.

എത്തരത്തിലാണ് ഇങ്ങനെയൊരു അവതരണത്തിന്റെ സാധ്യതയിലേക്ക് മല്ലികയെത്തിച്ചേർന്നത് എന്ന്, പലരും ചോദിച്ചചോദ്യമാണെന്ന് മല്ലിക പറയുന്നു. ഒരാൾക്കൂട്ടത്തിനുമുന്നിൽ, തന്റെ നഗ്നശരീരംകൊണ്ട് വെല്ലുവിളിക്കാനുള്ള ധൈര്യം എങ്ങനെ കിട്ടി? ഒരാൾക്ക് എത്രത്തോളം തുണി ആവശ്യമുണ്ട് എന്ന ഒരു വാർത്ത മുൻപെങ്ങോ വായിച്ചത് അവരോർത്തു. ആ ചോദ്യം തന്നെയാണവർ കാഴ്ചക്കാരിലേക്ക് കുടയുന്നത്. സ്ത്രീശരീരത്തെ നിർണ്ണയിക്കാനും, സ്ത്രീശരീരത്തിന്റെ വാർപ്പുമാതൃകകൾ സൃഷ്ടിക്കാനും, സ്ത്രീയുടെ വസ്ത്രധാരണം, തെരഞ്ഞെടുപ്പ്, താത്പര്യങ്ങൾ ഇവ തെരഞ്ഞെടുക്കാനുമുള്ള അവകാശം ആർക്കാണ് തുടങ്ങിയ ചോദ്യങ്ങൾ സമൂഹത്തോട് ചോദിക്കുന്നുണ്ട് മല്ലിക. ദൽഹി സർവകലാശാലയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യം പഠിച്ച മല്ലികക്ക്, താൻ ഏറ്റവും കൂടുതൽ പാഠങ്ങൾ പഠിച്ചതും അറിഞ്ഞതും ജീവിതത്തിൽനിന്നും തിയ്യറ്ററിൽ നിന്നുമാണ് എന്നതാണ് ഉത്തരം.

ഥോഡാ ധ്യാൻ സെ – ബി കെയർഫുൾ എന്ന അവതരണവുമായി മല്ലിക വേദിയിൽ നിൽക്കുന്നത് ചുറ്റും കുന്നുകൂട്ടിയിട്ട വസ്ത്രങ്ങളോടൊപ്പമാണ്. പതുക്കെ ആരംഭിക്കുന്ന ആത്മഭാഷണങ്ങളോടൊപ്പം അവൾ ഓരോ വസ്ത്രവും അണിഞ്ഞുതുടങ്ങുന്നു. ഓരോ അടരടരായി... ഒരു പെൺകുട്ടിയെന്ന നിലയിൽ തന്നെത്തന്നെ പൊതിഞ്ഞുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണവളുടെ ആത്മഗതങ്ങൾ. ശരീരം മൂടിക്കെട്ടി, വീണ്ടും പോരാഞ്ഞ് വീണ്ടും തുണികൾ മൂടിക്കെട്ടി അവൾ നമുക്കുമുഖാമുഖം നിൽക്കുന്നു. വേദി നിശബ്ദതയുടെ ഒരു കടലാവുകയാണ്. ഇത്രയും മറവുകൾ മതിയോ എന്റെ ഉടലിന് എന്നവൾ നാമുൾപ്പെടുന്ന സമൂഹത്തോട് ചോദിക്കുന്നു. ശരീരത്തിന്റെ ഒരു ചെറിയഭാഗം പോലുംകാണുന്നില്ലല്ലോ, ഇങ്ങനെ മതിയോ? നിങ്ങൾക്കെന്നെ ആക്രമിക്കാൻ തോന്നില്ലല്ലോ എന്ന് മല്ലിക സദസ്സിനോട് ചോദിക്കുന്നു. ഉത്തരം മുട്ടിപ്പോകുന്ന ഒരാൾക്കൂട്ടത്തിന്റെ ഭാഗമായി നമ്മളും മാറുന്നു.

**സ്ത്രീശരീരത്തെ നിർണ്ണയിക്കാനും, സ്ത്രീശരീരത്തിന്റെ വാർപ്പുമാതൃകകൾ സൃഷ്ടിക്കാനും, സ്ത്രീയുടെ വസ്ത്രധാരണം, തെരഞ്ഞെടുപ്പ്, താത്പര്യങ്ങൾ ഇവ തെരഞ്ഞെടുക്കാനുമുള്ള അവകാശം ആർക്കാണ് തുടങ്ങിയ ചോദ്യങ്ങൾ സമൂഹത്തോട് ചോദിക്കുന്നുണ്ട് മല്ലിക.**

ഇത്തരമൊരവതരണം ഇന്ത്യയിൽ സാധ്യമാണോയെന്ന് മല്ലിക പലതവണ ആലോചിച്ചിരുന്നു. മുന്നിലിരിക്കുന്ന ഓരോരുത്തരും, സ്ത്രീകളുടെ ഈ അവസ്ഥയിലൂടെ കടന്നുപോകണമെന്ന് താൻ ആഗ്രഹിക്കുന്നുവെന്നവർ പറയുന്നു. സ്ത്രീകളെ സംബന്ധിക്കുന്ന ചിട്ടവട്ടങ്ങൾക്ക് വ്യവസ്ഥാപിത ഇന്ത്യൻ സമൂഹം കൽപ്പിക്കുന്ന അതിരുകൾ തകർക്കാതെ, സമൂഹത്തിന്റെ നിലപാടുകൾ മാറാതെ, സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾക്കും പീഡനങ്ങൾക്കും അറുതിവരില്ലെന്ന തിരിച്ചറിവാണ് മല്ലികയെ ഈ അവതരണത്തിലേക്കെത്തിച്ചത്. സമൂഹത്തിന്റെ മുന്നിൽ ഒരു പാട് പ്രശ്നങ്ങൾ മല്ലികയ്ക്ക് അഭിമുഖികരിക്കേണ്ടിവന്നു. ജയ്പൂർ നിന്നുള്ള ഒരു പത്രം മല്ലികകയെ അശ്ലീലം എന്ന് മുദ്രകുത്തി. ജയ്പൂരിലെ തിയറ്റർ പെർഫോമിനു ശേഷമായിരുന്നു അത്.

പക്ഷേ തന്റെ ലക്ഷ്യം പതിയെപ്പതിയെ സാർത്ഥകമാകുന്നുവെന്ന് മല്ലിക തിരിച്ചറിയുന്നു. സ്ത്രീകൾക്കുനേരെ നടക്കുന്ന അക്രമങ്ങൾ എന്നിട്ടും നിലനിൽക്കുന്നുവെന്ന



വാസ്തവം അവർ വിസ്മരിക്കുന്നില്ല. നിരന്തരമായ ബോധവൽക്കരണവും, വിദ്യാഭ്യാസവുമാണതിനു വേണ്ടതെന്ന് മല്ലിക പറയുന്നു. വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നേരാം വണ്ണമുള്ള പ്രയോഗത്തിലൂടെ മാത്രമേ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളും ബലാത്സംഗങ്ങളും നിയന്ത്രിക്കാൻ കഴിയൂവെന്നാണ് മല്ലികയുടെ പക്ഷം.

ഓരോ ദിവസവും എതെങ്കിലും ഒരു പെൺകുട്ടി ആക്രമിക്കപ്പെടുന്ന വാർത്തകളാണ്. ആളുകൾ അത് വായിക്കുന്നു– കാണുന്നു. അതിലപ്പുറം ഒരു പ്രതികരണവുമില്ല. അതിൽ കൂടുതൽ ആവശ്യമാണെന്നിരിക്കിലും. സ്ത്രീകൾക്ക് അവരുടെ സ്വാതന്ത്ര്യം വേണം. അത് തീർച്ചയാണ്. പക്ഷേ മാധ്യമരംഗമടക്കം ഇത്തരം സംഭവങ്ങളോട് പ്രകടിപ്പിക്കുന്ന പ്രതിലോമസ്വഭാവം തന്നെ വല്ലാതെ മടുപ്പിക്കുന്നുവെന്ന് മല്ലിക പറയുന്നു.

മല്ലികയുടേത് ഒരൊറ്റയാൾ സമരമാണ്. ജീവിതത്തിന്റെ പലസന്ദർഭങ്ങളിലും സ്ത്രീ, മറ്റുള്ളവരുടെ താത്പര്യങ്ങൾക്കനുസരിച്ചാണ് വസ്ത്രധാരണം നടത്തുന്നത്. സ്വയം സംരക്ഷിക്കാനാണ് വസ്ത്രങ്ങൾ എന്നവരെ ആരൊക്കെയോ ബോധ്യപ്പെടുത്തുന്നു. ഇത് കപടസുരക്ഷയാണ്. വസ്ത്രധാരണത്തെ ബലാത്സംഗകാരണമായി പറയുന്നത്

**സ്വയം സംരക്ഷിക്കാനാണ് വസ്ത്രങ്ങൾ എന്നവരെ ആരൊക്കെയോ ബോധ്യപ്പെടുത്തുന്നു. ഇത് കപടസുരക്ഷയാണ്. വസ്ത്രധാരണത്തെ ബലാത്സംഗകാരണമായി പറയുന്നത് തീർത്തും പ്രതിലോമകരമാണ്.**

തീർത്തും പ്രതിലോമകരമാണ്. നമ്മുടെ രാജ്യത്ത് സ്ത്രീസുരക്ഷയ്ക്കു വേണ്ടിയുള്ള അടിസ്ഥാന ചിന്തകളിൽ നിന്നു വേണം മാറ്റങ്ങൾ ആരംഭിക്കേണ്ടതെന്ന് മല്ലിക ചിന്തിക്കുന്നു.

ഇവിടെ നിന്നാണ് സമൂഹത്തെ മുഴുവൻ ഞെട്ടിച്ച മല്ലികയുടെ പ്രകടനം പുറത്തുവരുന്നത്. രാത്രി പുറത്തുപോകരുത്, കുടിക്കരുത്, വലിക്കരുത്, ചെറിയവസ്ത്രങ്ങൾ ധരിക്കരുത്, ആൺസുഹൃത്തുക്കളോടൊത്ത് ഇടപഴകരുത് തുടങ്ങിയ വ്യവസ്ഥകളെ പൊളിച്ചുകളയുകയാണ് മല്ലിക. തന്റെ ഭാവിപരിപാടികളിലേക്കുള്ള ഒരു മുന്നൊരുക്കം മാത്രമാണ് ഈ പ്രകടനമെന്നവർ പറയുന്നു. സ്ത്രീകൾക്കുള്ള നിയമങ്ങൾ ഒരുപോലെയാണ്. പക്ഷേ, അവരുടെ നിലനിൽപ്പ്, അതിനായുള്ള പോരാട്ടം, അതിന് വ്യത്യാസമുണ്ട്. എപ്പോഴാണോ ഈ നിയമങ്ങൾ ലംഘിക്കപ്പെടുന്നത് അവിടെ അവൾ ആക്രമിക്കപ്പെടുന്നു. പുരുഷന്മാർ ചെയ്യുന്ന ബലാത്സംഗങ്ങൾക്ക് സ്ത്രീകൾ കുറ്റവാളികളാകുന്നു.

തന്റെ നഗ്നശരീരം ഒരു പടവാളാക്കുകയാണ് മല്ലിക 'ഥോഡാ ധ്യാൻ സെ' എന്ന തിയേറ്റർ അവതരണത്തിലൂടെ. ഇടുങ്ങിയ സമൂഹഭിത്തികൾക്കിടയിൽ തന്റെ ഉടൽ തീർക്കുന്ന ഇടിമിന്നലുകൾ, വിള്ളലുകൾ തീർക്കുമെന്ന് ഈ കലാകാരി വിശ്വസിക്കുന്നു. ടാഡ്പോൾ റെപ്രട്ടറിയിൽ തിയറ്റർ ചെയ്തുകൊണ്ടിരുന്നപ്പോൾ പരിശീലിച്ച ഒരു എട്ട് മിനിറ്റ് തിയറ്റർ സ്കെച്ചിൽ നിന്നാണ് ഈ നാടകം ജനിച്ചത്. ബോംബെയി

ലെ ശക്തിമില്ലിൽ നടന്ന ഒരു ബലാത്സംഗമാണ് ദ്രോഡാ ധ്യാൻ സെ യ്ക്ക് ആധാരം. അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ, വാർത്തകളിൽ വരെ, ആ സ്ത്രീ ധരിച്ചിരുന്ന വസ്ത്രമെന്തായിരുന്നുവെന്ന് ആശങ്കപ്പെടുന്നത് കണ്ടു. എന്നെ അത് വല്ലാതെ അസ്വസ്ഥമാക്കി എന്ന് മല്ലിക ഓർക്കുന്നു. പല സ്ത്രീകളോടും മല്ലിക അത് പങ്കുവച്ചു. തങ്ങൾ ഇനിയും എങ്ങനെയാണ് സ്വയം പൊതിഞ്ഞു പിടിക്കേണ്ടത് എന്ന് അവർ ആശങ്കപ്പെടുന്നു. എന്തെങ്കിലും സംഭവിച്ചാലോ  എന്ന പേടിയാണ് എല്ലാ സ്ത്രീകൾക്കും. ശരീരംമൂടിവെച്ചുകൊണ്ടല്ല ഇതിനെതിരെ പ്രതികരിക്കേണ്ടത് എന്ന ഒരു ചിന്ത മല്ലികയിൽ വന്നു.

നാടകത്തിൽ നഗ്നമായി കാഴ്ചക്കാർക്കു മുന്നിൽ പ്രത്യക്ഷപ്പെടുമ്പോൾ മല്ലിക നോക്കിക്കണ്ട ഒരു കാര്യം അവരുടെ അസ്വസ്ഥതകളായിരുന്നു. (നഗ്നതയോ അർധനഗ്നതയോ അവരെ യഥാർത്ഥത്തിൽ അസ്വസ്ഥമാക്കുന്നു എന്നത് കൗതുകകരമായിരുന്നു). ചിലർ പുറത്തുപോയി, ചിലർ അതൃപ്തി പ്രകടിപ്പിച്ചു. ഓരോ അവതരണത്തിലും വസ്ത്രങ്ങളിൽ നിന്ന് മോചനം നേടുന്ന ശരീരത്തെ, സ്വാതന്ത്ര്യമായാണ് മല്ലിക അനുഭവിച്ചത്. ഓരോ അവതരണം കഴിയുമ്പോഴും താൻ നേടിയെടുക്കുന്ന ആത്മവിശ്വാസം തന്നെയാണീ നാടകത്തിന്റെ വിജയമെന്ന് ഈ പെൺകുട്ടി വിശ്വസിക്കുന്നു.

പെണ്ണുടലുകൾ വെറും കച്ചവടച്ചരക്കും, ലൈംഗികോപകരണവുമാകുന്ന ഇക്കാലത്ത് തുറന്ന നഗ്നശരീരംകൊണ്ട് ലോകത്തെ, പുരുഷലോകത്തെ വെല്ലുവിളിക്കുകയാണീ പെൺകുട്ടി.



**രാത്രി പുറത്തുപോകരുത്, കുടിക്കരുത്, വലിക്കരുത്, ചെറിയവസ്ത്രങ്ങൾ ധരിക്കരുത്, ആൺസുഹൃത്തുക്കളോടൊത്ത് ഇടപഴകരുത് തുടങ്ങിയ വ്യവസ്ഥകളെ പൊളിച്ചുകളയുകയാണ് മല്ലിക. തന്റെ ഭാവിപരിപാടികളിലേക്കുള്ള ഒരു മുന്നൊരുക്കം മാത്രമാണ് ഈ പ്രകടനമെന്നവർ പറയുന്നു.**

,



# നിങ്ങൾ ഞങ്ങളെ എന്തുവിളിക്കും ?

**ശീതൾ ശ്യാം ചോദിക്കുന്നു**

**പലസംസ്ഥാനങ്ങളിലും ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയെ അതത് സംസ്ക്കാരത്തിന്റെ ഭാഗമായിട്ടുള്ള പേരുകളിലറിയപ്പെടുന്നു. ഹിജഡ, തിരുനങ്ക, മംഗളമുഖി, അറവാണി എന്നിങ്ങനെ. കേരളത്തിൽ ഈ വിഭാഗത്തിന്റെ എണ്ണം വളരെ കുറവാണ്. പൊതുയിടങ്ങളിൽ അവർ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും എന്ത് പേരിൽ അവരെ അഭിസംബോധനചെയ്യണമെന്നുള്ള സംശയം വ്യാപകമായുണ്ട്.**

ചോദ്യം: നിലവിലെ മാറിയ രാഷ്ട്രീയ – സാമൂഹ്യ സാഹചര്യം ട്രാൻസ് വിഭാഗത്തെ തിരിച്ചറിഞ്ഞു. അല്ലെങ്കിൽ അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. ഈ ഒരു മാറ്റത്തെ എങ്ങനെ നോക്കി കാണുന്നു?

ഉത്തരം: ജൻഡർ ന്യൂട്രൽ എന്ന ബോധത്തെക്കുറിച്ചുള്ള ചർച്ചകളാണ് നിലവിലെ സാഹചര്യത്തിൽ നിലനിൽക്കുന്നത്. ആൺ–പെൺ കള്ളികളിൽ നിന്ന് എങ്ങനെ പുറത്തു വരാം, മനുഷ്യൻ എന്ന ഒറ്റ ലേബലിൽ അച്ചടിക്കപ്പെടാം എന്ന സാമൂഹിക നിർമ്മിതിയാണ് നാം നടത്തേണ്ടത്. 14 സെക്കന്റ്, പെപ്പർ സ്പ്രേ തുടങ്ങിയ വ്യവസ്ഥാപിത , സാമൂഹിക ഇടങ്ങളിലേക്ക് സമൂഹം പോകുന്നുണ്ടെങ്കിലും പല ദളിത് –ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും, പുരോഗമനരാഷ്ട്രീയ പ്രസ്ഥാനങ്ങളും LGBT യെപ്പറ്റി ചർച്ച ചെയ്യാൻ തുടങ്ങിയിട്ടുണ്ട് .

ട്രാൻസ്ജെൻഡർനെത്തന്നെ ഇപ്പോ രണ്ടായി വിഭജിച്ചിട്ടുണ്ട്. LGBT, YQ എന്നിങ്ങനെ ജൻഡറിനെയും സെക്ഷ്വലിനെയും സംബന്ധിക്കുന്ന രീതിയിലുള്ള വിഭജനം. രതി എന്നതിനെപ്പറ്റി പൊതുധാരയിൽ അറിവ് പരിമിതമാണ്. Hetro sexual, Homo sexual പാരമ്പര്യ രതി കാഴ്ച്ചപ്പാടുകാർക്ക് എതിരായി പ്രവർത്തിക്കുന്നു എന്ന അബദ്ധധാരണയാണ് ഈ വിഭജനത്തിനുകാരണം. ഒരുവിധത്തിൽ Hetro sexual or homosexual ആയാലും പ്രകൃതിക്കനുകൂലമായല്ല നാം പ്രവർത്തിക്കുന്നതെന്ന് പറയേണ്ടിവരും. ഈ രീതിയിൽ കാര്യങ്ങളെ കൂടുതൽ ആഴത്തിൽ പഠിക്കാൻ തയ്യാറാകുന്നതിന്റെ ഫലമായിട്ടാണ് പുരോഗമനപ്രസ്ഥാനങ്ങൾ ഈ വിഷയം കൂടുതൽ ഗൗരവമായി ചർച്ചചെയ്യുന്നത്. ലോകത്തെമ്പാടും നടക്കുന്ന മനുഷ്യവകാശ ലംഘനങ്ങളുടെ കൂട്ടത്തിൽ തന്നെയാണീ ജെൻഡർ ന്യൂട്രൽ പ്രശ്നങ്ങളെയും ഉൾക്കൊള്ളിക്കേണ്ടത്. പിന്നെ ഇന്ന് സമൂഹം ഇത്രയധികം ട്രാൻസ്ജെൻഡർ , LGBT-യെപ്പറ്റി ചർച്ചചെയ്യാനുള്ള പ്രധാനകാരണം യുവതയാണ്. യുവത ചർച്ചചെയ്യപ്പെടുന്നതുകൊണ്ടാണ് പല പുരോഗമനപ്രസ്ഥാനങ്ങളും ഈ വിഷയം ഗൗരവമായി എറ്റെടുക്കാൻ തുടങ്ങുന്നത്. ഭൂരിപക്ഷസമൂഹത്തിൽ ട്രാൻസ്ജെൻഡർ ആശയത്തോട് അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ഏറെയാണ്.

അത്തരത്തിൽ ശരീരം, രതി, ലൈംഗികത എന്നിവയെപ്പറ്റിയുള്ള ചർച്ചകളിലൂടെ ജൻഡർ/സെക്ഷ്വൽ ന്യൂട്രാലിറ്റി എന്നത് എന്തുകൊണ്ടാണെന്ന് സ്ഥാപിച്ചെടുക്കുക, അവയെ പൊതുധാരയിലേക്കെത്തിക്കാൻ ശ്രമിക്കുകയെന്നതാണ് ചെയ്യേണ്ടത്...

**ജൻഡർ ന്യൂട്രൽ എന്ന ബോധത്തെക്കുറിച്ചുള്ള ചർച്ചകളാണ് നിലവിലെ സാഹചര്യത്തിൽ നിലനിൽക്കുന്നത്. ആൺ - പെൺ കള്ളികളിൽ നിന്ന് എങ്ങനെ പുറത്തു വരാം, മനുഷ്യൻ എന്ന ഒറ്റ ലേബലിൽ അച്ചടിക്കപ്പെടാം എന്ന സാമൂഹിക നിർമ്മിതിയാണ് നാം നടത്തേണ്ടത്.**

ചോദ്യം: മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ വിഷയത്തോട് വളരെ പോസിറ്റീവയായ നിലപാടാണ് കേരളം സ്വീകരിച്ചിരിക്കുന്നത്.വെറും ഉപരിപ്ലവമായ മാറ്റങ്ങൾ മാത്രമാണോയിത്. താങ്കൾക്ക് എന്ത് തോന്നുന്നു?

ഉത്തരം: തീർച്ചയായും ഇന്നത്തെ യുവത LG-BT വിഷയം ഏറ്റെടുത്തതോടെ കേരള സമൂഹം വളരെയധികം ഈ വിഷയം ചർച്ചചെയ്യാൻ തുടങ്ങിയിട്ടുണ്ട്. മാത്രമല്ല പാഠ്യവിഷയങ്ങളിൽ വരെയുള്ള പരാമർശങ്ങളിൽ ഭിന്നലിംഗമെന്ന ആശയത്തെ കൂടുതൽ ആഴത്തിൽ ചർച്ച ചെയ്യാനുള്ള അവസരങ്ങൾ സൃഷ്ടിച്ചു.സ്വതന്ത്രമായി ചിന്തിക്കുവാനും നിലപാടുകൾ നിർമ്മിക്കപ്പെടുവാനും കേരളസമൂഹം പ്രാപ്തമായിക്കഴിഞ്ഞു. J.N.U, ഹൈദ്രാബാദ് യൂണിവേഴ്സിറ്റികളിൽ നടക്കുന്ന ചർച്ചകളും സമരപോരാട്ടങ്ങളും ഇത് തെളിയിക്കുന്നു.പലമേഖലകളിൽ നിന്നുള്ളവർ അതായത് ആരോഗ്യം, അക്കാദമിക് ,മതപ്രസ്ഥാനങ്ങൾ വരെ ഈ വിഷയത്തെ ചർച്ചാ വിധേയമാക്കുകയും പൂർണ്ണമായും സാമൂഹിക–നിലവാരം ഉയർത്താനും,പുരോഗമനപരമായി ചിന്തിക്കാനും കേരളം തുടങ്ങി. ഇടതുപക്ഷപ്രസ്ഥാനത്തിന്റെ പൂർണ്ണമായ പിൻതുണ ട്രാൻസ്ജൻഡർ വിഷയങ്ങളെ കൂടുതൽ ജനകീയമാക്കുവാനും നിയമസഭകളിൽ ചർച്ചചെയ്യപ്പെടാനും

കാരണമായി എന്നു തന്നെ പറയേണ്ടിവരും.

ചോദ്യം: താങ്കൾ ഉൾപ്പെടുന്ന വിഭാഗത്തെ കേരള സമൂഹം , പുരോഗമനപരമായി എങ്ങനെ വിശേഷിപ്പിക്കണം എന്നാണ് ആഗ്രഹിക്കുന്നത്?

ഉത്തരം: പലസംസ്ഥാനങ്ങളിലുംട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയെ  അതത് സംസ്ക്കാരത്തിന്റെ ഭാഗമായിട്ടുള്ള പേരുകളിലറിയപ്പെടുന്നു. ഹിജഡ,തിരുനങ്ക,മംഗളമുഖി,അറവാണി എന്നിങ്ങനെ. കേരളത്തിൽ ഈ വിഭാഗത്തിന്റെ എണ്ണം വളരെ കുറവാണ്. പൊതുയിടങ്ങളിൽ അവർ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും എന്ത് പേരിൽ അവരെ അഭിസംബോധനചെയ്യണമെന്നുള്ള സംശയം വ്യാപകമായുണ്ട്. ഭിന്നലിംഗമെന്ന പേരിലാണ് പൊതുവെ ഞങ്ങളെ അഭിസംബോധനചെയ്യാറുള്ളത്.

ചോദ്യം: ശ്രേഷ്ഠഭാഷാപദവി ലഭിച്ച മലയാളഭാഷയിൽ ഭിന്നലിംഗം  എത്രമാത്രം അർത്ഥവത്താണ്?

ഉത്തരം: ഭിന്നം എന്നാൽ  എതിർ എന്നാണ് അർത്ഥം. എതിർലിംഗമെന്നതല്ല ട്രാൻസ്ജെൻഡറിന്റെ ശരിയായ അർത്ഥം . മാത്രമല്ല  ലിംഗം  എന്നത് സംസ്കൃതപദം കൂടിയാണ്. അതിനാൽത്തന്നെ ഈ വിഭാഗത്തിനു മലയാളത്തിൽത്തന്നെ ഒരുപദം അന്വേഷിക്കേണ്ടിയിരിക്കുന്നു. ഞാൻ പലരുമായും ഈ വിഷയം ചർച്ചചെയ്തിട്ടുണ്ട്. തിരുവനന്തപുരം കാര്യവട്ടം ക്യാംപസ്സിൽ ഇതിനെപ്പറ്റി ചർച്ചകൾ നടന്നുവരുന്നുണ്ട്. എന്നിരുന്നാലും ഒരു ജൻഡർ ന്യൂട്രലായി നിന്ന് കൊണ്ട് പ്രവർത്തിക്കുന്നതിനോടാണ് എന്റെ താത്പര്യം. എന്നാൽ ഈ കോട്ടകളൊന്നും തന്നെ എനിക്ക് ഒറ്റയ്ക്ക് തകർക്കാൻ കഴിയില്ല. പിൻതുണയും,സാമൂഹിക കൂട്ടായ്മയും ,പുരോഗമനാശയങ്ങളും കൊണ്ട് മാത്രമേ നമുക്ക് പൊളിച്ചെഴുത്ത് നടത്താൻ കഴിയു...

“ഞാൻ പലരുമായും ഈ വിഷയം ചർച്ചചെയ്തിട്ടുണ്ട്. തിരുവനന്തപുരം കാര്യവട്ടം ക്യാംപസ്സിൽ ഇതിനെപ്പറ്റി ചർച്ചകൾ നടന്നുവരുന്നുണ്ട്. എന്നിരുന്നാലും ഒരു ജൻഡർ ന്യൂട്രലായി നിന്ന് കൊണ്ട് പ്രവർത്തിക്കുന്നതിനോടാണ് എന്റെ താത്പര്യം“.



കലക്കവെള്ളത്തിൽ മീൻ പിടിച്ചവരേ....



# കാലാവസ്ഥാമാറ്റവും പ്രാദേശിക ഇടപെടലുകളും

കുടിവെള്ളം ഇന്നൊരു പ്രധാന പ്രശ്നമായി മാറുകയും വരൾച്ചയും വെള്ളപ്പൊക്കവും ആവർത്തിക്കപ്പെടുകയും ചെയ്യുന്നു. കാലാവസ്ഥ കൂടുതൽ തീവ്രമായി വരുകയാണ്. ഒന്നുകിൽ പെരുമഴ അല്ലെങ്കിൽ അതിവരൾച്ച. മഴ പെയ്യുന്നത് ഇതുവരെ തുടർന്നുവന്ന കാലഘടന തെറ്റിച്ചുകൊണ്ടാണ്.

എന്താണ് കാലാവസ്ഥാമാറ്റം? ദീർഘകാലാടിസ്ഥാനത്തിൽ (ഏകദേശം 30 വർഷത്തിലധികം) ഭൗമാന്തരീക്ഷത്തിൽ (അതായത് മഴ, ചൂട്, താപം, മർദ്ദം, കാർമേഘം എന്നിവയിൽ) പ്രകടമാകുന്ന അവസ്ഥയെയാണ് കാലാവസ്ഥ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സ്ഥായിയായ ഈ അവസ്ഥയിൽ ക്രമത്തിലുണ്ടാകുന്ന മാറ്റമാണ് കാലാവസ്ഥാമാറ്റം. ചൂടിലും മർദ്ദത്തിലും മഴയിലും മറ്റും നിത്യേനകാണുന്ന അവസ്ഥയെ ദിനാവസ്ഥാ (Weather) എന്നാണ് പറയാറ്. നമ്മുടെ ഭൂപ്രകൃതി, ഉൽപ്പാദനപ്രക്രിയ, ജീവിതരീതി എന്നിവയൊക്കെ കാലാവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇപ്പോൾ ലോകം മുഴുക്കെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് കാലാവസ്ഥാമാറ്റം. അതിന്റെ പ്രധാനകാരണം അന്തരീക്ഷതാപത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവാണ്. അതുകൊണ്ട് ഈ പ്രതിഭാസത്തെ ആഗോളതാപനമെന്നും പറയുന്നു. ഇതിനിടയാക്കിയതാകട്ടെ അന്തരീക്ഷത്തിലെ കാർബൺഡൈഓക്സൈഡിന്റെ ($CO_2$) അളവിലുണ്ടാകുന്ന വർദ്ധനവാണ്. അതിന്റെ സ്രോതസ്സാകട്ടെ മനുഷ്യബന്ധിതമാണെന്ന് ഇന്ന് ശാസ്ത്രലോകം പൊതുവിൽ അംഗീകരിച്ചിട്ടുമുണ്ട്. ജീവൻ നിലനിർത്താൻ വേണ്ട അന്തരീക്ഷ ഊഷ്മാവ് കാത്തുസൂക്ഷിക്കുന്നതിൽ $CO_2$ പ്രധാന പങ്ക് വഹിക്കുന്നുണ്ടെങ്കിലും അതിന്റെ അളവിൽ മനുഷ്യർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന വർദ്ധന അന്തരീക്ഷത്തിന് താങ്ങാനാവുന്നതിൽ കൂടുതലായിരിക്കയാണ്. അതിന്റെ ഫലമായി $CO_2$ അടക്കമുള്ള വാതകങ്ങൾ (ഇവയെ പൊതുവിൽ ഹരിതഗ്രഹ വാതകങ്ങൾ എന്ന് പറയുന്നു). ഒരു മേലാപ്പ്പോലെ പ്രവർത്തിക്കുകയും സൂക്ഷ്മകിരണങ്ങളിൽ നിന്നും താപത്തെ ആഗിരണം ചെയ്ത് ചൂടിനെ പുറത്തുകടക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു. ഈ സ്ഥിതി അന്തരീക്ഷതാപനിലയെ ശരാശരിയിൽ കവിഞ്ഞും ഉയരാൻ ഇടയാക്കുന്നു. ഈ താപവ്യത്യാസം സ്ഥായിയായി നിലനിൽക്കുമ്പോൾ ഭൗമാന്തരീക്ഷത്തിലും കാലാവസ്ഥയിലും ദൂരവ്യാപകവും പ്രതികൂലവുമായ മാറ്റങ്ങൾക്കിടയാക്കുന്നു. ഈ മാറ്റങ്ങളാണ് യഥാർത്ഥത്തിൽ കാലാവസ്ഥാ മാറ്റങ്ങളായി പറഞ്ഞിരിക്കുന്നത്.

**പ്രത്യാഘാതങ്ങൾ**

ഇത് പലതരം പ്രത്യാഘാതങ്ങൾക്കിടയാക്കിയിരുന്നു. ഇവയിൽ പ്രധാനം മഞ്ഞുപാളി ഉരുകൽ,

> **ജീവൻ നിലനിർത്താൻ വേണ്ട അന്തരീക്ഷ ഊഷ്മാവ് കാത്തുസൂക്ഷിക്കുന്നതിൽ $CO_2$ പ്രധാന പങ്ക് വഹിക്കുന്നുണ്ടെങ്കിലും അതിന്റെ അളവിൽ മനുഷ്യർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന വർദ്ധന അന്തരീക്ഷത്തിന് താങ്ങാനാവുന്നതിൽ കൂടുതലായിരിക്കയാണ്.**

കാലം തെറ്റിയ മഴ, വഴിമാറുന്ന കാലവർഷം, കൊടുങ്കാറ്റ്, ഉയരുന്ന സമുദ്രനിരപ്പ്, വരൾച്ച, വെള്ളപ്പൊക്കം, ക്രമാതീതമായ ഇടിമിന്നൽ, എന്നിങ്ങനെ നീണ്ടുപോകുന്നു. ആഗോളതാപനവും കാലാവസ്ഥാമാറ്റവും മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിനെത്തന്നെ അസാധ്യമാക്കുന്ന വിപത്തായി പരിണമിക്കുകയാണെന്നത് ഇന്നൊരു അംഗീകൃതവിഷയമായിമാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ അവസ്ഥ ധാരാളം പുതിയ വെല്ലുവിളികൾ ഉയർത്തുകയാണ്. ഇത് വളർന്നുവളർന്ന്, ശാസ്ത്രത്തിന്റെ യുക്തികൊണ്ടും സാങ്കേതികവിദ്യയുടെ ചായ്വ് കൊണ്ടും മാത്രം പരിഹരിക്കാൻ കഴിയാത്ത സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുകയാണ്. ഇതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ രാജ്യത്തിനും അവിടങ്ങളിലെ ജനങ്ങൾക്കുമെല്ലാം പൊതുവിൽ ബാധകമാണെങ്കിലും തിക്തഫലങ്ങൾ കൂടുതൽ ബാധിക്കുന്നത് ദരിദ്രരാജ്യങ്ങളേയും അവിടങ്ങളിലെ ദരിദ്രജന വിഭാഗങ്ങളേയുമായിരിക്കും. കാരണം ദരിദ്രരാണ് ഭൂമിയേയും പ്രകൃതിവിഭവങ്ങളേയും തങ്ങളുടെ ഉപജീവനത്തിനായി പ്രത്യക്ഷമായി ആശ്രയിക്കുന്നത്. ഇതുതന്നെയാണ് കാലാവസ്ഥാമാറ്റത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹികപ്രത്യാഘാതം

**ലാഭത്വര**

കാലാവസ്ഥാമാറ്റവും ലാഭക്കൊതി പൂണ്ട മത്സരസാധ്യതയും മുതലാളിത്ത ഉൽപാദന പ്രക്രിയയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാം

കമ്പോളം തീരുമാനിക്കുന്ന ആഗോളവൽക്കരണ കാലഘട്ടത്തിൽ ഉൽപ്പാദവിപണന രംഗങ്ങളിലുള്ള സാമൂഹ്യ നിയന്ത്രണത്തിന്റെ അഭാവം കാലാവസ്ഥാമാറ്റത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. എല്ലാം കമ്പോളം തീരുമാനിക്കുമെന്ന ഇന്നത്തെ സാമൂഹ്യാവസ്ഥയിൽ കാലാവസ്ഥാമാറ്റത്തിന്റെ പ്രധാന ഉത്തരവാദികൾ സമ്പന്നരാജ്യങ്ങളാണെങ്കിലും അതിന്റെ പ്രത്യാഘാതങ്ങളും ബാധ്യതകളുമെല്ലാം സാധാരണപോലെ ദരിദ്രരാജ്യങ്ങളുടെ തലയിലേക്കിട്ട് സ്വന്തം ഉത്തരവാദിത്തത്തിൽ നിന്ന് സമ്പന്നരാഷ്ട്രങ്ങൾ ഒഴിഞ്ഞുമാറുകയാണ്.

**കേരളത്തിന്റെ പ്രത്യേകതകൾ**

ഭൂമിശാസ്ത്രപരമായിതന്നെ കേരളത്തിന് ഒട്ടേറെ പ്രത്യേകതകളുണ്ട്. തെക്കുവടക്കായി 590കിലോമീറ്റർ നീളത്തിലും കിഴക്ക് പടിഞ്ഞാറായി 30 മുതൽ 130കി.മീ. വരെ വീതിയിലും മൂന്നുതരം ഭൂപ്രദേശങ്ങളായി തീരപ്രദേശം,ഇടനാട്, മലനാട് എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. നമ്മുടെ പതിനാലു ജില്ലകളിൽ ഒൻപത് എണ്ണവും കടലിനോട് ചേർന്നു കിടക്കുന്നവയാണ്. ഇത് കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയെ സ്വാധീനിക്കുന്ന പ്രധാനഘടകമാണ്. കേരളത്തിൽ മൂന്നുതരം ഭൂപ്രദേശങ്ങളിലും തെക്ക്-വടക്ക് വ്യത്യാസം വളരെ പ്രകടമാണ്. അത് മഴയിലും ചൂടിലും ആർദ്രതയിലുമെല്ലാം അനുഭവപ്പെടുന്നുണ്ട്. കടലും മലയും തമ്മിലുള്ള ദൂരം കുറവായതിനാൽ പശ്ചിമഘട്ടത്തിൽ നിന്ന് അറബിക്കടലിലേക്ക് ഒരു പലക പോലെ ചരിഞ്ഞ് കിടക്കുന്ന ഭൂപ്രദേശമാണ് കേരളം.

കേരളത്തിൽ ലഭിക്കുന്ന ശരാശരി മഴ 3,000ച.കി.മീ. ആണെങ്കിലും അത് 470 മുതൽ 4,500 വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ലഭിക്കുന്ന മഴയുടെ 86 ശതമാനവും ഒരു അർദ്ധവർഷത്തിലാണ്. കുടിവെള്ളം ഇന്നൊരു പ്രധാന പ്രശ്നമായി മാറുകയും വരൾച്ചയും വെള്ളപ്പൊക്കവും ആവർത്തിക്കപ്പെടുകയും ചെയ്യുന്നു. കാലാവസ്ഥ കൂടുതൽ തീവ്രമായി വരുകയാണ്. ഒന്നുകിൽ പെരുമഴ അല്ലെങ്കിൽ അതിവരൾച്ച. മഴ പെയ്യുന്നത് ഇതുവരെ തുടർന്നുവന്ന കാലഘടന തെറ്റിച്ചുകൊണ്ടാണ്. 44 നദികൾ കേരളത്തെ തെക്കു-പടിഞ്ഞാറായി ബന്ധിച്ചിരിക്കുകയാണ്. ഒപ്പം പ്രകൃതിയിൽ നടക്കുന്ന കടന്നാക്രമണങ്ങൾ കൂടിവരുന്നതോടെ, മഴ, അന്തരീക്ഷമർദം, ഊഷ്മാവ്, ജലലഭ്യത, പ്രകൃതി സന്തുലനം എന്നിവയിലൊക്കെ ഒട്ടേറെ പുതിയമാറ്റങ്ങൾ പ്രകടമായക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം കൃഷിയെയും ഭക്ഷ്യസുരക്ഷയേയും പ്രതികൂലമായി ബാധിക്കും. ഇന്ത്യയിൽ കേരളത്തിനുള്ള ഭൂ അനുപാത (1.18%) ത്തെക്കാൾ എത്രയോ കൂടുതലാണ് ജൈവവൈവിധ്യത്തിൽ കേരളത്തിനുള്ള അനുപാത(25%) മെന്നുണ്ടെങ്കിലും മനുഷ്യന്റെ ഇടപെടൽ ഈ രംഗത്ത് ഒട്ടേറെ പ്രത്യാഘാതങ്ങൾക്കിടയാക്കിയിരിക്കുന്നു.

> **നവലിബറൽ കാലത്ത് ശക്തിപ്പെട്ട ഉദാരീകൃതമായ കമ്പോളസാധ്യതകൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. സേവനരംഗത്തെ കമ്പോളസാധ്യതകൾ ക്രൂരമാണ്**

നമ്മുടെ പ്രധാന ഗതാഗത മാർഗം റോഡുകളാണ്. വാഹനപ്പെരുപ്പം അനുഭവിക്കാത്ത സംസ്ഥാനമാണ് കേരളം. അതുപോലെ ഊർജസ്രോതസിൽ പ്രധാനം ജലവൈദ്യുതിയാണ്. നവലിബറൽ കാലത്ത് ശക്തിപ്പെട്ട ഉദാരീകൃതമായ കമ്പോളസാധ്യതകൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. സേവനരംഗത്തെ കമ്പോളസാധ്യതകൾ ക്രൂരമാണ്. അതിന്റെ ഭാഗമായി കെട്ടിടനിർമ്മാണവും റിയൽഎസ്റ്റേറ്റ് കച്ചവടവും കൂടിക്കൊണ്ടിരിക്കുന്നു.

ഈയൊരു സാഹചര്യത്തിൽ കേരളത്തിൽ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട വിവിധ രംഗങ്ങളിൽ കാലാവസ്ഥാമാറ്റം ഉണ്ടാക്കുന്ന പ്രത്യാഘാതം അതാത് രംഗങ്ങളിൽ ഇപ്പോൾ തുടർന്നുവരുന്ന പ്രവർത്തനങ്ങളും അവയുടെ ശൈലിക്കും കാലാവസ്ഥാമാറ്റത്തെ എങ്ങനെ തീവ്രമാക്കണമെന്നും കുറേകൂടി സ്പഷ്ടീകരിച്ച് മനസ്സിലാക്കണം.

**പ്രാദേശിക ഇടപെടൽ സാധ്യത**

കാലാവസ്ഥാമാറ്റം അതിന്റെ കാരണങ്ങൾ പ്രത്യാ

ഘാതങ്ങൾ എന്നിവ സംബന്ധിച്ച ഏതാനും കാര്യങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. ഇത്തരം പ്രശ്നങ്ങളും പ്രത്യാഘാതങ്ങളും നേരിടേണ്ടിവരുന്ന ഓരോ പ്രദേശത്തും ഓരോ സമൂഹത്തിനും ഇതു സംബന്ധിച്ച ഗൗരവപ്പെട്ട ചർച്ചകളോ ആലോചനകളോ നടക്കുന്നില്ലെന്നതാണ് വസ്തുത. പ്രശ്നത്തിന് പ്രധാനമായും ഒരു ആഗോളമാനമാണുള്ളതെന്നുണ്ടെങ്കിലും പ്രാദേശിക ഇടപെടലുകൾക്കും അതിന്റേതായ പ്രസക്തിയുണ്ട്. അതുകൊണ്ടുതന്നെ പ്രാദേശിക തലങ്ങളിൽ ഇതു സംബന്ധിച്ച ചർച്ചകളും ആലോചനകളും അവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളും അനിവാര്യമാണ്. കാരണം, ഇക്കാര്യത്തിൽ പ്രാദേശികമായും വ്യക്തിപരമായും ചിലതൊക്കെ ചെയ്യാൻ കഴിയും എന്നതുതന്നെ.

ഈ സാഹചര്യത്തിൽ ജനങ്ങളെ അണിനിരത്തി അവരുടെ പിന്തുണയോടെയും പങ്കാളിത്തത്തോടെയും പ്രശ്നങ്ങളെ നേരിടാനുള്ള നേതൃത്വപരമായ പങ്ക് തദ്ദേശഭരണസ്ഥാപനങ്ങൾ നിർവഹിക്കേണ്ടതുണ്ട്, അവർക്കതിന് കഴിയും. നിലവിലുള്ള പല നിയമങ്ങളും അതിനുള്ള അവസരവും അംഗീകാരവും നൽകുന്നുണ്ട്. ഈ രംഗത്തെ എല്ലാ പ്രവർത്തനങ്ങളുടേയും പൊതുലക്ഷ്യങ്ങൾ രണ്ടാണ്. ഒന്ന് കാലാവസ്ഥാമാറ്റത്തിനിടയാക്കുന്ന ഹരിതഗ്രഹവാതകങ്ങളുടെ വിസർജ്ജനം കുറയ്ക്കുക. രണ്ട്; നിലവിൽ അന്തരീക്ഷത്തിലുള്ള $Co_2$ കഴിയുന്നത്ര ആഗിരണം ചെയ്ത് നിർമാർജനം ചെയ്യുക. ഇവ പരസ്പരം ബന്ധപ്പെട്ടവയാണ്. ഇവയും നേരത്തെ ചൂണ്ടിക്കാണിച്ച പ്രത്യാഘാതങ്ങളും പരസ്പരം കൂട്ടിച്ചേർത്ത് ചർച്ചചെയ്ത്, ഓരോ തദ്ദേശഭരണസ്ഥാപനവും അതിന് പറ്റാവുന്ന രീതിയിൽ പ്രത്യേകം പ്രത്യേകം പദ്ധതികൾ തയ്യാറാക്കണം. ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾക്ക് മുൻഗണന നൽകണം.

പരിസ്ഥിതിയേയും കാലാവസ്ഥയേയും മറന്നുകൊണ്ട് മനുഷ്യൻ പ്രകൃതിയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകളാണ് ആഗോളതാപനത്തിനും കാലാവസ്ഥാമാറ്റത്തിനും കാരണമാകുന്നതെന്ന് നമ്മൾ മനസ്സിലാക്കിയല്ലോ? കരുത്തേറിയ ഉപഭോഗസംസ്കാരവും വഴിവിട്ട ആഢംബരജീവിതവും, ലാഭക്കൊതിയും അതിന്റെ തീവ്രത കൂട്ടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട്തന്നെ പരിസ്ഥിതിക്കും പ്രകൃതിക്കും ഹാനികരമാകും വിധം മനുഷ്യൻ നടത്തുന്ന ഇടപെടലുകളും അമിതമായ ഉപഭോഗവും നിയന്ത്രിക്കുകയും ഹരിതഗൃഹവാതകങ്ങളുടെ വിസർജനം കുറക്കുകയും ചെയ്താൽ മാത്രമെ കാലാവസ്ഥാമാറ്റത്തിന്റെ ശക്തിയും വേഗതയും കുറയ്ക്കാൻ കഴിയൂ.

ഇന്നത്തെ മത്സരാധിഷ്ഠിത കമ്പോളവ്യവസ്ഥയിൽ ഇത് എളുപ്പം കൈവരിക്കാനാവുന്നതല്ല. ഇവിടെയാണ് നവലിബറൽ വ്യവസ്ഥയ്ക്ക് കൂടി എതിരായ വൻതോതിലുള്ള ജനകീയ ഇടപെടൽ പ്രസക്തമാകുന്നത്. ജനങ്ങളെ മൊത്തത്തിൽതന്നെ കാലാവസ്ഥാമാറ്റത്തിന്റെ ഭവിഷത്തുകൾ ബോധ്യപ്പെടുത്തിക്കൊണ്ടും പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപകമായതോതിൽ അഭിജ്ഞരായി പങ്കാളികളാക്കിക്കൊണ്ടും മാത്രമെ ഇത് സാധിക്കൂ. അതിനുള്ള പൊതുസംവിധാനം ഇന്നത്തെ സാഹചര്യത്തിൽ പ്രാദേശിക ഭരണ സമിതികളാണ്.

**ജനങ്ങളെ മൊത്തത്തിൽതന്നെ കാലാവസ്ഥാമാറ്റത്തിന്റെ ഭവിഷത്തുകൾ ബോധ്യപ്പെടുത്തിക്കൊണ്ടും പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപകമായതോതിൽ അഭിജ്ഞരായി പങ്കാളികളാക്കിക്കൊണ്ടും മാത്രമെ ഇത് സാധിക്കൂ.**




കറുത്ത ടാൽക്കം
പൗഡറിന്റെ കാലം

അധികാരഘടനക്ക് പുറത്തുള്ള വിഭാഗത്തിലോ മേഖലയിലോ പെടുന്ന വ്യക്തികളുടെ കാഴ്ചപ്പാടിനെ പൊതുവായി പരാമർശിക്കുവാൻ ഉപയോഗിക്കുന്ന വാക്കാണ് സബാൾട്ടൻ അല്ലെങ്കിൽ കീഴാളത . തെക്കെനേഷ്യൻ ഉപഭൂഖണ്ഡത്തിലെ കോളനിവത്ക്കരിക്കപ്പെട്ട ജനവിഭാഗത്തെ പരാമർശിക്കുന്നതിനായി 1970കളിൽ ഈ സംജ്ഞ ഉപയോഗിച്ചു തുടങ്ങി. കോളനിവൽകൃതപ്രദേശങ്ങളുടെ ചരിത്രത്തെ കൊളോണിയൽ ശക്തികളുടെ കാഴ്ച്ചപ്പാടിൽ നിന്ന് വ്യത്യസ്തമായി കോളനീവൽകരിക്കപ്പെട്ടവരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് കാണാൻ ശ്രമിക്കുന്നതാണ് കീഴാളപക്ഷനിലപാടിന്റെ സവിശേഷത.

മാർക്സിസ്റ്റ് ചരിത്രകാരന്മാർ ആദ്യമേ കൊളോണിയൽ ചരിത്രത്തെ തൊഴിലാളിപക്ഷ നിലപാടിൽ നിന്നുകൊണ്ടാണ് വിലയിരുത്തിവന്നിരുന്നത്. എന്നാൽ ഇതും ലോകത്തെ കുറിച്ചുള്ള ഒരു യൂറോകേന്ദ്രീകൃത നിലപാടെന്ന നിലയിൽ തൃപ്തികരമായ ഒന്നല്ലായിരുന്നു. തെക്കനേഷ്യൻ ചരിത്രരചനയിൽ ഒരു ഇടപെടലെന്ന മട്ടിൽ 1980 കളുടെ തുടക്കത്തിലാണ് കീഴാളപഠനങ്ങൾ (Subaltern Studies) ആരംഭിക്കുന്നത്. ഉപഭൂഖണ്ഡത്തിന് ഇതൊരു മാതൃകയായാണ് ആരംഭിച്ചതെങ്കിലും വളരെ പെട്ടെന്നുതന്നെ അതൊരു ചടുലമായ പോസ്റ്റ് കൊളോണിയൽ വിമർശനമായി വളർന്നു. എന്നാൽ ഇന്ന് ചരിത്രം, നരവംശശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാഹിത്യം എന്നിവയിൽ പലപ്പോഴും കടന്നുവരുന്ന ഒരു സംജ്ഞയായി മാറിയിരിക്കുന്നു സബാൾട്ടൻ. പോസ്റ്റ്കൊളോണിയൽ സിദ്ധാന്തത്തിലാണ് സബാൾട്ടൻ എന്ന പദം ഉപയോഗിക്കപ്പെടുന്നത്. നിലവിലുള്ള തത്ത്വശാസ്ത്രപരവും നിരൂപണാത്മകവുമായ ശൈലീക്രമത്തിൽ സബാൾട്ടൻ എന്നതിന്റെ ശരിയായ വിവക്ഷയെ കുറിച്ച് ഭിന്നാഭിപ്രായമുണ്ട്. പ്രാന്തവൽക്കരിക്കപ്പെട്ടവരേയും (Marginalized) അധോവർഗ്ഗത്തിലുള്ളവരേയും (Lower Classes) പരാമർശിക്കുന്നതിനായുള്ള ഒരു പൊതുവായ പദമായിട്ടാണ് ചില ചിന്തകർ സബാൾട്ടനെ ഉപയോഗിക്കുന്നത്. ഗായത്രി ചക്രവർത്തി സ്പിവാക്കിനെ പോലുള്ള മറ്റു ചിലർ കൂടുതൽ സവിശേഷമായ ബോധമണ്ഡലത്തിൽ നിന്നു കൊണ്ടാണ് ഈ പദത്തെ കാണുന്നത്.

സൈനികേതര അർത്ഥത്തിൽ സബാൾട്ടൻ എന്നവാക്ക് ആദ്യമായി ഉപയോഗിക്കുന്നത് മാർക്സിസ്റ്റ് ചിന്തകനായ അന്തോണിയോ ഗ്രാംഷി(1891 –1937)യാണ് അദ്ദേഹത്തിന്റെ വിഖ്യാതമായ പ്രിസൺ

**പോസ്റ്റ്കൊളോണിയൽ സിദ്ധാന്തത്തിലാണ് സബാൾട്ടൻ എന്ന പദം ഉപയോഗിക്കപ്പെടുന്നത്. നിലവിലുള്ള തത്ത്വശാസ്ത്രപരവും നിരൂപണാത്മകവുമായ ശൈലീക്രമത്തിൽ സബാൾട്ടൻ എന്നതിന്റെ ശരിയായ വിവക്ഷയെ കുറിച്ച് ഭിന്നാഭിപ്രായമുണ്ട്.**

നോട്ട്ബുക്കിലാണ് അദ്ദേഹം ഈ പദം ഉപയോഗിക്കുന്നത്. കീഴാളൻ എന്ന പദം ചുരുങ്ങിയത് രണ്ട് അർത്ഥതലങ്ങളിലെങ്കിലും ഗ്രാംഷി ഉപയോഗിച്ചിട്ടുണ്ട്. തൊഴിലാളി വർഗ്ഗം എന്നതിന്റെ നേർപര്യായമായാണ് ഒരു പ്രയോഗം. കൂടാതെ അധീശത്വം, മേൽക്കോയ്മ, ഭരണം തുടങ്ങിയ സംജ്ഞകൾക്കും അദ്ദേഹം കീഴാളൻ എന്ന് ഉപയോഗിക്കുന്നതായി കാണാം. പോസ്റ്റ് കൊളോണിയൻ ചിന്തകരിൽ പ്രമുഖനായ ഹോമി ബാബ തന്റെ നിരവധി പ്രബന്ധങ്ങളിൽ സബാൾട്ടനെ ഊന്നുന്നത് ഭൂരിപക്ഷ വിഭാഗത്തിന്റെ സ്വയം നിർണ്ണയത്തിന് അനിവാര്യസാന്നിദ്ധ്യമായ അടിച്ചമർത്തപ്പെട്ടവരുടേയും ന്യൂനപക്ഷവിഭാഗങ്ങളുടേയും കൂട്ടമായിട്ടാണ്. ഏകാധിപതികളെ പിഴുതെറിയാൻ കഴിവുള്ള സാമൂഹിക വിഭാഗമായും സബാൾട്ടനെ അദ്ദേഹം കാണുന്നു.

കീഴാളപഠനം കാർഷികകലാപങ്ങളുടെ ചുവടുപിടിച്ചാണ് ശക്തിപ്രാപിച്ചതെന്ന് പറയാം. കീഴാളപഠനങ്ങൾ എന്ന പഠനപരമ്പര ഗ്രാംഷിയുടെ ആശയങ്ങളെ ആധുനിക ഇന്ത്യൻ സമൂഹത്തിന്റെയും ചരിത്രത്തിന്റെയും ഉള്ളടക്കത്തിൽ ഉപയോഗിക്കാനാണ് ശ്രമിച്ചത്. വരേണ്യ– കീഴാള സങ്കൽപ്പം ഇതിൽ ഊന്നിനിൽക്കുന്നതായി കാണാം.

കീഴാളപഠനം മുന്നോട്ടുവെക്കുന്ന ഒരു പ്രധാന വിഷയം സ്ത്രീകളുടെ സാമൂഹ്യപദവിയെക്കുറിച്ചുള്ളതാണ്. ഒരർത്ഥത്തിൽ ആൺകോയ്മ സമൂഹങ്ങളിൽ ജീവിക്കുന്ന

എല്ലാ സ്ത്രീകളും കീഴാളരാണെന്നു പറയാം. എന്നു വെച്ച് സ്ത്രീകൾ വർഗം, വംശം, ജാതി, സമുദായം, വർണ്ണം എന്നിവയാൽ തിരിച്ചറിയപ്പെടുന്നില്ല എന്നല്ല. എന്നിരുന്നാലും പുരുഷന്മാർ ഭരണം കയ്യാളുന്ന ഒരു സമൂഹത്തിലെ സ്ത്രീകളുടെ അടിയാളത്തം വിശകലനം ചെയ്യുന്നത് പ്രാധാന്യമർഹിക്കുന്നതാണ്. ഈ പ്രശ്നത്തെക്കുറിച്ചുള്ള സമീപകാല ചർച്ചകൾ പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് സ്ത്രീകളുടെ അവകാശസംരക്ഷണത്തിനായുള്ള പലതരം നിയമ പരിഷ്കാരങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. എന്തായാലും സ്ത്രീകളുടെ പൊതുവായ കീഴാളത്തവും കീഴാളവർഗ്ഗ സ്ത്രീകളുടെ സവിശേഷമായ കീഴാളത്തവും വെവ്വേറെ വിശകലനരീതികളും, രണ്ടുതരം രാഷ്ട്രീയ സമരതന്ത്രങ്ങളും അനിവാര്യമാകുന്നുണ്ട്. ഈ സന്ദർഭത്തിലാണ് ബ്ലാക്ക് ഫെമിനിസം എന്ന ധാരയുടെ പ്രാധാന്യം.

വർണ വിവേചനത്തിനെതിരായ പോരാട്ടങ്ങളിൽ സജീവ ചർച്ചയാവുന്ന വിഷയമാണ് ബ്ലാക് ഫെമിനിസം. മനുഷ്യാവകാശം, ലൈംഗികത, വർഗപരമായ അടിച്ചമർത്തൽ, ലിംഗസമത്വബോധം എന്നിവയുമായി ഇഴുകിച്ചേർന്നു നിൽക്കുന്ന ഒരു ചിന്താധാരയാണ് ബ്ലാക്ക് ഫെമിനിസം. നിറം മനുഷ്യന്റെ സ്വത്വബോധത്തിൽ ചെലുത്തുന്ന നിർണായക സ്ഥാനം അല്ലെങ്കിൽ സ്വാധീനം എന്തൊക്കെ സാമൂഹ്യപ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നതെന്നത് അന്താരാഷ്ട്രതലത്തിൽ പഠനത്തിന് വിധേയമാക്കുകയാണിന്ന്. കറുത്ത വർഗക്കാർക്കെതിരെ പ്രത്യേകിച്ച് കറുത്തസ്ത്രീകൾക്കെതിരെ നടക്കുന്ന നിറത്തിന്റെ പേരിലുള്ള വിവേചനവും ക്രൂരതകളും സജീവ ചർച്ചവിഷയമാണ്.

**ഏയ്ഞ്ചല ഡേവിസ് അമേരിക്കൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ നേതാവായിരിക്കെയാണ് വർഗ, വർണ വിവേചനങ്ങളിലെ ലിംഗ വിവേചനത്തിന്റെ കാഠിന്യം തുറന്നുകാണിക്കാൻ മുന്നോട്ടുവന്നത്.**

1970–80കളിൽ അമേരിക്കയിൽ ശക്തിപ്രാപിച്ച ബ്ലാക്ക് ഫെമിനിസത്തിന്റെ ഉപജ്ഞാതാക്കൾ ഏയ്ഞ്ചല ഡേവിസ്, ബെൽഹുക്ക്സ്, പട്രീഷ്യാഹിൽ കോളിൻസ് തുടങ്ങിയ വനിതാ വിമോചനപ്രവർത്തകരാണ്. കറുത്തവർഗക്കാരായ സ്ത്രീകൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ഇവർ പൊതുസമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുകയുണ്ടായി. ഏയ്ഞ്ചല ഡേവിസ് അമേരിക്കൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ നേതാവായിരിക്കെയാണ് വർഗ, വർണ വിവേചനങ്ങളിലെ ലിംഗ വിവേചനത്തിന്റെ കാഠിന്യം തുറന്നുകാണിക്കാൻ മുന്നോട്ടുവന്നത്. അടിച്ചമർത്തപ്പെട്ട ജനതയുടെ പ്രശ്നങ്ങൾ ഉയർത്തികൊണ്ടുവരുമ്പോൾ തന്നെ ലിംഗപരമായുണ്ടാകുന്ന വിഷയങ്ങളും ഒപ്പം ചർച്ച ചെയ്യേണ്ടതുണ്ടെന്ന സ്ത്രീപക്ഷചിന്തക്ക് തുടക്കമിട്ടത് ഇവരൊക്കെയാണ്.

പൊതു സമൂഹത്തിലെ സ്ത്രീ പ്രശ്നങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ആന്തരിക സംഘർഷങ്ങൾ നിറത്തിന്റെ പേരിൽ സ്ത്രീസമൂഹം ഇപ്പോഴും നേരിടുന്നുണ്ട്. ഇന്ത്യയിലെ ദളിത് സ്ത്രീകളുടെ പ്രശ്നങ്ങൾ പഠനത്തിന് വിധേയമാക്കിയപ്പോൾ മനസിലാക്കാൻ കഴിഞ്ഞതും ഇതുതന്നെയാണ് ഏതാണ്ട് 25 ലക്ഷം ദളിത് സ്ത്രീകൾ ഇന്ത്യയിലുണ്ട്. ഇതിൽ 75 ശതമാനം പേർക്കും പ്രൈമറി വിദ്യാഭ്യാസം പോലുമില്ല ഏറ്റവും തിരസ്കരണീയമായ മേഖലകളിലാണ് 85% സ്ത്രീകളും



പണിയെടുക്കുന്നത്. തോട്ടികൾ, ചവറുവാരികൾ, തൂപ്പുകാരികൾ, ശൗചാലയംവൃത്തിയാക്കുന്നവർ തുടങ്ങി മോശപ്പെട്ട സാഹചര്യത്തിൽ നരകതുല്ല്യമായ തൊഴിൽ ചെയ്യാൻ ഇവർ നിർബന്ധിതരാകുന്നു. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയിട്ടും സംവരണമനുസരിച്ച് ഇന്ത്യയിലെ മിക്ക സംവരണ മണ്ഡലങ്ങളിലും ദളിത് സ്ത്രീയെ അംഗീകരിക്കാൻ പഞ്ചായത്ത് ഭരണ സമിതികൾ തയ്യാറായിട്ടില്ല. അയിത്തത്തിന്റെയും അനാചാരത്തിന്റെയും വാളോങ്ങി അവരെ മത്സരരംഗത്ത് നിന്നുപോലും ഓടിക്കുന്നു. 1989 ലെ പട്ടികജാതി പട്ടികവർഗ സംരക്ഷണ നിയമമോ പഞ്ചായത്തീരാജ് നിയമമോ സവർണ ജാതീയ സമൂഹം അംഗീകരിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. സ്ത്രീകളുടെ കാര്യത്തിൽ ഇതൊന്നുകൂടി കടുപ്പിക്കുന്നു.

സ്ത്രീകളുടെ പ്രത്യക്ഷരൂപം മുതൽ അവരെ അടയാളപ്പെടുത്തുന്ന ഒരു മേലാളബോധം നമ്മുടെ സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളെ നിയന്ത്രിക്കുന്നുണ്ട്. എന്നാൽ ഇന്ന് കറുപ്പിന്റെ സൗന്ദര്യവും സാമൂഹ്യയുക്തിയും അടയാളപ്പെടുത്താൻ ബോധപൂർവ്വമായ ശ്രമങ്ങൾ പലകോണിൽ നിന്നും ആരംഭിച്ചിട്ടുണ്ട്. കറുക്കാൻ ക്രീം നിർമിക്കുമ്പോൾ ആ പരസ്യത്തിൽ അഭിനയിക്കാമെന്ന പ്രഖ്യാപനങ്ങൾ പ്രശസ്ത മോഡലുകളും ചലച്ചിത്ര നടികളും നടത്തിതുടങ്ങിയിട്ടുണ്ട്.അതിനുദാഹരണമാണ് ചലച്ചിത്രനടിയായ നന്ദിത ദാസ്. ഡാർക്ക് ഈസ് ബ്യൂട്ടിഫുൾ എന്നപേരിൽ അവർ കറുപ്പിനെ പ്രകീർത്തിച്ച് കൊണ്ട് ഒരു പ്രചരണ പരിപാടി നടത്തിയിരുന്നു. കൂടാതെ സ്ത്രീസ്വത്വവാദികൾ ദേഹത്ത് കറുത്ത പെയിന്റടിച്ച് പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി . ചിത്രകാരി ജയ അതിനൊരുദാഹരണമാണ്. നിറത്തിന്റെയും രൂപത്തിന്റെയും പേരിൽ വിവേചനം അനുവദിക്കില്ല എന്ന സന്ദേശം പല രീതിയിൽ നൽകുകയാണ് ലോകം. ഈ സ്വത്വവാദ സമരത്തിൽ ഏറ്റവുമധികം പ്രതിഷേധം ഉയരുന്നത് സ്ത്രീകളിൽ നിന്നാണ്.

വെളുത്ത് തുടുത്തിരിക്കുന്ന സ്ത്രീയോടുള്ള മനുഷ്യന്റെ ആസക്തിക്ക് പിറകിൽ വർണഅധീശത്വത്തിന്റെ ധാർഷ്ട്യമുണ്ട്.ഭാരതാംബയെ ഇരുണ്ട നിറമുള്ള കർഷകസ്ത്രീയായി ബിംബകൽപ്പന ചെയ്തതടക്കമുള്ള പ്രതിരോധങ്ങളിലെ സ്ത്രീപക്ഷ രാഷ്ട്രീയം കീഴാള മോചനത്തിന്റെ മണികിലുക്കമാണ്.. കാർവർണ്ണനെ പ്പോലും പൂവമ്പഴമാക്കി ദ്രാവിഡ രാഷ്ട്രീയം വർഗ്ഗീ



**കറുക്കാൻ ക്രീം നിർമിക്കുമ്പോൾ ആ പരസ്യത്തിൽ അഭിനയിക്കാമെന്ന പ്രഖ്യാപനങ്ങൾ പ്രശസ്ത മോഡലുകളും ചലച്ചിത്ര നടികളും നടത്തിതുടങ്ങിയിട്ടുണ്ട്.അതിനുദാഹരണമാണ് ചലച്ചിത്രനടിയായ നന്ദിത ദാസ്. ഡാർക്ക് ഈസ് ബ്യൂട്ടിഫുൾ എന്നപേരിൽ അവർ കറുപ്പിനെ പ്രകീർത്തിച്ച് കൊണ്ട് ഒരു പ്രചരണ പരിപാടി നടത്തിയിരുന്നു.**

യവൽക്കരിക്കുന്ന നാട്ടിൽ അതിനെതിരെ ഏത് നീക്കവും ജനകീയപോരാട്ടമാണ്. കറുത്തവനും വെളുത്തവനും തമ്മിലുള്ള അകലത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഈ വർണ്ണവെറി ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി നിരവധി സമരങ്ങളും പ്രതിഷേധങ്ങളും ലോകമെമ്പാടും നടന്നിട്ടുമുണ്ട്. പക്ഷെ, കറുപ്പിനോടുള്ള വിരോധം ഇന്നും പൂർണ്ണമായി മാറ്റിയെടുക്കാനോ, ഇല്ലായ്മ ചെയ്യുന്നതിനോ നമുക്ക് കഴിഞ്ഞിട്ടില്ല.

ഇന്ത്യൻ കോസ്മെറ്റിക് വിപണിയിൽ ഫെയർ ആന്റ് ലവ്‌ലി ചുവടുറപ്പിക്കുന്നതോടെയാണ് തൊലിവെളുപ്പ് ജീവിതവിജയത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണെന്ന വിശ്വാസം അടിയുറച്ച് തുടങ്ങിയത്. സമൂഹത്തിൽ ജീവിച്ച്പോകുന്നതിന് ആവശ്യമായ കാര്യങ്ങളിൽ ഒന്നായി

തൊലിവെളുപ്പ് പതിയെ മാറിത്തുടങ്ങി. ഒപ്പം ഫെയർ ആന്റ് ലവ്‌ലിക്ക് പിറകേ മറ്റ് ഫെയർനെസ് ക്രീമുകളും കോസ്മെറ്റിക്സും വിപണി കീഴടക്കി. പ്രതിവർഷം 18% വർദ്ധനവുള്ള ഫെയർ ബിസിനസ്സാണ് ഇന്ന് ഫെയർനെസ്സ് ക്രീം വിപണി. തൊലിവെളുപ്പിക്കുന്നതിനുള്ള 233 ടൺ ലേപനങ്ങളാണ് ഓരോ വർഷവും ഇന്ത്യയുടെ സൗന്ദര്യവിപണിയിൽ വിറ്റഴിക്കപ്പെടുന്നത്.

തൊലിവെളുപ്പാണ് ജീവിതവിജയം എന്ന രീതിയിൽ ഒരു വിശ്വാസം സൃഷ്ടിച്ചെടുത്തത് വെളുക്കുന്നതിന് വേണ്ടി എന്ന പേരിൽ മാർക്കറ്റിൽ ഇറങ്ങുന്ന വിവിധതരം ക്രീമുകളുടെ പരസ്യങ്ങളാണ്. ഏതാനും ദിവസങ്ങൾകൊണ്ട് തൊലിവെളുപ്പ് നേടി ബോയ് ഫ്രണ്ടിന് മുമ്പിലും കൂട്ടുകാരുടെ ഇടയിലും ഇന്റർവ്യൂബോർഡിന്റെ മുമ്പിലും ലോകത്തിന് മുമ്പിലും തലയുയർത്തിപിടിക്കൂ എന്ന രീതിയിലാണ് അവയിൽ ഓരോ പരസ്യങ്ങളും ചിത്രീകരിച്ചിരിക്കുന്നത്. മനസ്സിൽ ചിരപ്രതിഷ്ഠനേടിയ സിനിമ സ്പോട്സ് താരങ്ങൾ വന്ന് പറയുന്നതിനാൽ വിശ്വാസ്യതയേറുന്നു.



> ഭരിച്ചു ക്ഷീണിച്ച വെള്ളക്കാർ എല്ലാം ഇട്ടെറിഞ്ഞോടിയെങ്കിലും അവരുടെ തൊലിനിറത്തോടുള്ള ഭക്ത്യാദരവുകൾ കൈവിടാൻ ഭാരതീയനു കഴിഞ്ഞില്ല.

ലക്ഷങ്ങൾ പ്രതിഫലം വാങ്ങി സെക്കന്റുകൾ ദൈർഘ്യമുള്ള പരസ്യങ്ങളിൽ അഭിനയിക്കുന്ന താരങ്ങൾ നിലപാടുകളേക്കാൾ പണത്തിന് മുൻതൂക്കം നൽകുമ്പോൾ സമൂഹത്തിൽ എത്തുന്നത് തെറ്റായ സന്ദേശമാണ്. നിറമില്ലാത്തവർക്ക് ഈ ലോകത്ത് ഒരു സ്ഥാനവുമില്ലെന്ന് ആവർത്തിച്ചുറപ്പിക്കുന്നതാണ് അവയിലോരോന്നും. അതെല്ലാം ശരിയാണെന്ന് സിനിമയും ഏവിയേഷനും ഉൾപ്പെടെയുള്ള വൈറ്റ്കോളർ ജോലികൾ സ്ഥിതീകരിക്കുന്നു.

തൊലിവെളുപ്പിനോടുള്ള ഭക്തിയും ഇരുണ്ടനിറത്തോടുള്ള പുച്ഛവും ഇന്ത്യൻ മനോഭാവത്തിൽ കുത്തിവെച്ചതിന് ജാതി വ്യവസ്ഥയിൽ ഉന്നതസ്ഥാനം സ്വയം കൽപ്പിച്ച് കയ്യാളിയിരുന്ന സവർണ്ണരാലും, രണ്ടു നൂറ്റാണ്ടുകളോളം നമ്മുടെ രാജ്യത്തെ ഭരിച്ചു മുടിച്ച സായിപ്പുമാരും നിർണ്ണായക പങ്കുവഹിച്ചു. ഭരിച്ചു ക്ഷീണിച്ച വെള്ളക്കാർ എല്ലാം ഇട്ടെറിഞ്ഞോടിയെങ്കിലും അവരുടെ തൊലിനിറത്തോടുള്ള ഭക്ത്യാദരവുകൾ കൈവിടാൻ ഭാരതീയനു കഴിഞ്ഞില്ല. ഭൂരിപക്ഷവും ഇരുണ്ട നിറക്കാരാണ് ഇന്ത്യയിലെങ്കിലും പൊതുമണ്ഡലങ്ങളിൽ അവരെ പ്രതിനിധാനം ചെയ്യുന്നത് കൂടുതലും വെളുത്ത തൊലിയുള്ളവരാണ്. സിനിമാതാരങ്ങൾ മുതൽ ചാനൽ അവതാരകർ വരെയുള്ളവർക്ക് പൊതുജനം മാർക്കിടുന്നത് കഴിവിനെക്കാൾ പുറംമോടി നോക്കിയിട്ടാണ്.

മൊട്ടു സൂചിയുടെ പരസ്യത്തിൽ പോലും വെളുത്ത

സുന്ദരി വേണമെന്ന നിർബന്ധം അങ്ങനെ വന്നതാണ്. ജാതീയതയുടെ ദുർദിനങ്ങൾ പിന്നിട്ട് സാമൂഹിക തുല്യത കൈവരിച്ചു എന്ന് നടിക്കുന്ന നമ്മുടെ പത്രകോളങ്ങളിൽ വെളുത്ത പെൺകുട്ടിയെ തേടുന്നു എന്ന വിവാഹപരസ്യങ്ങൾ ഇപ്പോഴും കാണാം. തൊലിനിറത്തോടുള്ള ആരാധനാപുച്ഛങ്ങളെ വിമർശിക്കാൻ നമ്മുടെ മാധ്യമങ്ങളും തയ്യാറാവില്ല. കാരണം ഓരോ ദിവസവും കോടിക്കണക്കിന് രൂപയുടെ പരസ്യങ്ങളാണ് പത്രങ്ങളിലേക്കും ടിവികളിലേക്കും ഫെയർനസ് ഇൻഡസ്ട്രി ഒഴുക്കിവിടുന്നത്. നിറം ജാതിയെ അടയാളപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ തൊലിനിറം എത്ര പ്രധാനമാണെന്നാണ് ഇത്തരം പരസ്യങ്ങൾ നമുക്ക് കാണിച്ചു തരുന്നത്. മാത്രമല്ല കീഴാളതയുടെ നിറമായി കറുപ്പിനെ മാറ്റുകയാണവർ ഇതിലൂടെ.

കഥകളിലും നോവലുകളിലും ഇത്തരം കാഴ്ചകൾ വായിക്കാൻ സാധിക്കും. പലപ്പോഴും കറുത്ത സ്ത്രീ ശരീരം അടങ്ങാത്ത തൃഷ്ണയുടെ ലൈംഗിക അടിമത്തത്തിന്റെയോ അടയാളമായാണ് ചിത്രീകരിക്കുന്നത് (ഒ.വി.വിജയന്റെ അരിമ്പാറ എന്ന കവിത). കറുത്ത സ്ത്രീകൾ എളുപ്പം വഴങ്ങുന്നവരാണെന്നും സദാചാരമൂല്യങ്ങൾ കുറഞ്ഞവരാണെന്നുമുള്ള തെറ്റിധാരണ ഇവ വളർത്തുന്നു. കൂടുതൽ ജനപ്രിയമെന്നും സ്ത്രീകളുടെ സ്വന്തമെന്നും വിശേഷിപ്പിക്കുന്ന ടെലിവിഷൻ പരമ്പരകളിൽ ഈ അടുത്തകാലം വരെ ഒന്നിലും കറുത്ത നായികാ കഥാപാത്രങ്ങളെ കാണാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇന്ന് ആ കാഴ്ച നമുക്ക് കാണാൻ സാധിക്കുന്നു (കറുത്തമുത്ത് സീരിയൽ) തൊഴിലിടങ്ങളിലും പുറത്തും കറുത്ത സ്ത്രീകൾ അനുഭവിക്കുന്ന പലതരം പ്രശ്നങ്ങൾ സരിത കെ. വേണുവിന്റെ കറുത്ത ടാൽകം പൗഡറിന്റെ കാലം വരും മക്കളെ എന്ന ലേഖനത്തിൽ പറയുന്നുണ്ട്.

ഓരോ നിറത്തിനും അതിന്റേതായ ഭംഗിയുണ്ട് കറുപ്പിന് ഏഴഴക്  എന്ന പൊതുബോധം ഇവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ ബോധത്തെ പറിച്ചെറിയുകയാണ് ബ്ലാക്ക് ഫെമിനിസം. കറുപ്പ് കീഴാളതയുടെ മാത്രമല്ല പ്രതിഷേധത്തിന്റെയും പ്രതികരണത്തിന്റെയും നിറം കൂടിയാണെന്ന് പറയുകയാണ് ബ്ലാക്ക് ഫെമിനിസ്റ്റുകൾ.

**ജാതീയതയുടെ ദുർദിനങ്ങൾ പിന്നിട്ട് സാമൂഹിക തുല്യത കൈവരിച്ചു എന്ന് നടിക്കുന്ന നമ്മുടെ പത്രകോളങ്ങളിൽ വെളുത്ത പെൺകുട്ടിയെ തേടുന്നു എന്ന വിവാഹപരസ്യങ്ങൾ ഇപ്പോഴും കാണാം.**

---


## Statement of ownership

Place of publication : Tirur
Title of publication : Cheenkannikale Pidikkan Ennu Paranjanu Avar Thadakathile Vellam Vattichu Thudangiyath
Periodicity of publication : Annual

Publishers name : K. Jayakumar
Nationality : Indian
Address : Vice Chancellor, Thunchathezhuthachan Malayalam University, Vakkad, Tirur

Editor’s name : Sanjoob MM
Nationality : Indian
Address : Student Editor, Thunchathezhuthachan

---

Type Setting **Malayalam University** / Illustration **Anas Kayanikkal, Muhammed Zuhrabi, Thushara Rajendran, Anil VS** / Photography **Pranav Kaiprath** / Cover **Naseem Manniyil** / Design & Layout **Jilebee 9633-000-396** / Printed by **Crossdesk**, Attappadi

# നായക്കൊതി

**വാരിയെല്ലിന്റെ വിടവുകളിലെ ചെളിപുരണ്ട രോമങ്ങളിലൂടെ, മാംസളമെന്ന് ആലങ്കാരികമായി മാത്രം വിശേഷിപ്പിക്കാവുന്ന ശരീരത്തിലൂടെ തഴുകവെ അയാൾക്ക് ആദ്യമായി ആ മൃഗത്തിനോടു കൊതി തോന്നി.**



അയാൾക്ക് അതുവരെയും ഒന്നിനോടും കൊതിയുണ്ടായിരുന്നില്ല. ജീവിതത്തിൽ ഒന്നും കൊതിയോടെ കാണാൻ അയാളുടെ കണ്ണുകൾക്ക് കഴിഞ്ഞിരുന്നുമില്ല. കാരണം നിസ്സാരമാണ്. ആ മനുഷ്യൻ സാധാരണ മനുഷ്യൻ എന്ന പ്രയോഗത്തിൽ ജനിച്ചു വളർന്നതാണ്. പൂർവ്വ ചരിത്രത്തിലും വർത്തമാന ചരിത്രത്തിലും ഒരേപോലെ ജീവിച്ചു അയാൾ. ഒരു ഭാര്യയും രണ്ടു കുട്ടികളും അയാൾക്കുണ്ട് എന്നു പറയുന്നതിൽ അർത്ഥമില്ല. അയാളുടെ വീട് ചെറുതാണെന്നതും, തേച്ചിട്ടില്ലാത്തതും നരച്ച ഭിത്തികളാൽ ചുറ്റപ്പെട്ടതാണെന്നതും പ്രസക്തമല്ല. ആ മനുഷ്യൻ ഒരു ഓഫീസ് പ്യൂണോ, കൂലിപ്പണിക്കാരനോ, ബാങ്ക് ക്ലർക്കോ, മുനിസിപ്പാലിറ്റി തൂപ്പുകാരനോ എന്തുമാവാം. അതും കാര്യമാത്രമായ കാര്യമല്ലാതായി മാറുന്നത് സാധാരണ മനുഷ്യൻ എന്ന വിഭാഗം ജനങ്ങളിൽ അയാളുടെ മെമ്പർഷിപ്പ് കാരണവൻമാരായി എടുത്തുവച്ചിട്ടുള്ളതുകൊണ്ടാണ്. സാധാരണ മനുഷ്യൻ ബിജു, രമേശ്, ശശി, ബാബു മുതലായ പേരുകൾ പൊതുവെ സ്വീകരിക്കുന്നതുകൊണ്ട് ക്രിസ്റ്റഫർ ഡിസൂസയെന്നോ, മിത്തൽ സുത്ബീർ ഖാനെന്നോ, പുഷ്കര ഗോവിന്ദ ഷെട്ടിയെന്നോ എല്ലാം വിളിച്ച് ആ സാധാ മനുഷ്യനെ അപമാനിക്കുന്നതിലും തത്പരരാകേണ്ടതില്ല. പിന്നീടത് വലിയ പശ്ചാത്താപത്തിലേക്കു നയിച്ചേക്കാം. പക്ഷേ ഉള്ളതു തിന്ന് ശുഷ്കിച്ചു പോഷിക്കുന്ന ഒരു നായ, അയാളുടെ വീട്ടുമുറ്റത്തെ കോണിലെ ഒരു വലിയ പട്ടിക്കൂട്ടിൽ വളരുന്നുവെന്ന് ഇപ്പോൾ എടുത്തു പറയേണ്ടി വരുന്നു. ഓർഡിനറിയിൽ നിന്ന് എക്സ്ട്രാ ഓർഡിനറിയായി മാറുന്ന ഒരു മനുഷ്യന്റെ ആദ്യ പരിണാമം ആരംഭിക്കുന്നത്, പട്ടിയെന്നോ, ശുനകനെന്നോ വിളിക്കാവുന്ന ആ ജന്തുവിലുള്ള ആകർഷണീയതയിൽ നിന്നുമാണ്.

പട്ടിയെ കുട്ടികൾ മിമി എന്നു വിളിച്ചു. അതുകേട്ട് പട്ടി വാലാട്ടി. ഭാര്യ അതിനെ ഈർഷ്യത്തോടെ കൊടിച്ചിപ്പട്ടിയെന്നു വിളിച്ചു. നായ

വാലാട്ടി. ആ മനുഷ്യൻ പട്ടിയെ ഒന്നും വിളിച്ചേയില്ല. അപ്പോഴും ആ മൃഗം വാലാട്ടി.

വീട്ടിലെ ദാരിദ്ര്യത്തിന്റെ എച്ചിൽ തുഷലുകൂട്ടി വിഴുങ്ങുന്നതിൽ നായയൊട്ടും മോശമല്ലായിരുന്നു. തന്നെയൊന്നും വിളിക്കാത്ത ഉടമസ്ഥനായിരുന്നു ആ എച്ചിൽ കരിപിടിച്ച പഴയ പാത്രത്തിലാക്കി എന്നും രാത്രി നൽകിയിരുന്നതെന്ന തിരിച്ചറിവിൽ ആ നായ അയാളോടു കൂടുതൽ പറ്റിച്ചേരുകയും, കൂടുതൽ വാലാട്ടുകയും മുരളുകയും ചെയ്തുപോന്നു. വികാരങ്ങളില്ലാതെ, രാത്രിയുടെ ഇരുട്ടിൽ നിസ്സംഗനായി നിന്ന് ആ മനുഷ്യൻ ആർത്തിപൂണ്ട നായയെ തലോടിത്തുടങ്ങിയിട്ട് പക്ഷേ കുറച്ചെയായുള്ളൂ. അപ്പോൾ തന്റെ മക്കളെ തലോടുന്നതെങ്ങിനെയെന്ന് അയാൾ മറന്നിരുന്നു. ഭാര്യയുടെ ദയനീയമായ പരാതികളെക്കാൾ, ആ മൃഗത്തിന്റെ കുരയുടെ മേമ്പൊടി ചേർക്കാത്ത മുരൾച്ചയെ അയാൾ ഇഷ്ടപ്പെട്ടു തുടങ്ങിയിരുന്നു. വാരിയെല്ലിന്റെ വിടവുകളിലെ ചെളിപുരണ്ട രോമങ്ങളിലൂടെ, മാംസളമെന്ന് ആലങ്കാരികമായി മാത്രം വിശേഷിപ്പിക്കാവുന്ന ശരീരത്തിലൂടെ തഴുകവെ അയാൾക്ക് ആദ്യമായി ആ മൃഗത്തിനോടു കൊതി തോന്നി. അതുപക്ഷേ ക്രൂരമായ ഭാഷയിൽ പറഞ്ഞാൽ അതിന്റെ ഇറച്ചിയുടെ രുചിയറിയാനുള്ള കൊതിയായിരുന്നു. ആ സാധാരണ മനുഷ്യന് അതുവരെ ഒന്നിനോടും കൊതി തോന്നിയിട്ടുണ്ടായിരുന്നില്ല. പക്ഷേ രാത്രികൾ തോറും ആ കൊതി ദാക്ഷണ്യമില്ലാതെ കൂടിവന്നു. പതിവിലും കൂടുതൽ കൊതിയോടെ മാത്രം മിമിയെ നോക്കുന്നതിൽ വ്യാപൃതനായ അയാൾ മറ്റെന്തിനേയും മറന്നു തുടങ്ങി. ഉറക്കങ്ങളിൽ, ജോലികളിൽ, ഭക്ഷണങ്ങളിൽ, നായയുടെ സ്വാദിഷ്ഠമായ ഇറച്ചി ആർത്തിയോടെ ഭക്ഷിക്കുന്നതയാൾ സ്വപ്നം കണ്ടു. അസാധാരണത്വത്തിന്റെ ആദ്യഘട്ടം അയാളിൽ അഭിരമിച്ചു നായക്കൊതി.

വീട്ടിൽനിന്നും ഭാര്യയും മക്കളും മാറുന്ന നിമിഷത്തിനായി കാത്തിരിക്കലായിരുന്നു നായക്കൊതിയുടെ സങ്കടകരമായ രണ്ടാം ഘട്ടം. പലപ്പോഴും പനിയുടെയും കാലുവേദനയുടെയും പേരു പറഞ്ഞ് വീട്ടുവരാന്തയിൽ പട്ടിയേയും നോക്കി ആ കൊതിയനിരുന്നു. ആ പട്ടിയുടെ വിടർന്നു തുടങ്ങിയ ചെറു മുലഞെട്ടുകൾ കണ്ടപ്പോൾ അയാളുടെ വായിൽ വെള്ളമൂറി. കൊതി അർബുദം പോലെ അയാളിൽ തീവ്രമായി പടർന്നുകയറി. സാധാരണ മനുഷ്യനെന്ന നിലയിൽ നിന്ന് സാധാരണത്വത്തിന്റെ അംശങ്ങൾ പിൻവലിയുകയും, ശേഷം മനുഷ്യനെന്ന ചുരുക്കെഴുത്തിലേക്കും മാറിയിരുന്ന അയാളുടെ നില അസാധാരണത്വത്തിന്റെ വിഹായുസ്സിലേക്ക് ചിറകുവിരിച്ചു തുടങ്ങുകയായിരുന്നു. ആഗ്രഹങ്ങൾ നീറിപ്പുകഞ്ഞു തുടങ്ങിയതിന്റെ പതിമൂന്നാം നാൾ കാത്തിരിപ്പിനു വിരാമമായി. മക്കൾ പതിവുപോലെ സ്കൂളിൽ പോയയന്ന്, ഭാര്യ പതിവിനു വിപരീതമായി ഏതോ ബന്ധുവീട്ടിൽ പോയയന്ന്, അയാളും നായയും മാത്രമായി. തനിച്ചാക്കപ്പെട്ട നിമിഷത്തിന്റെ നിർവൃതിയിൽ ശുനകൻ ശബ്ദമില്ലാതെ കുരച്ചു. വാലു വിശറി പോലെയാട്ടി.

മൂന്നാം ഘട്ടത്തിന്റെയാരംഭം പെട്ടെന്നായിരുന്നു. പതിഞ്ഞ കാലടികളിൽ ഒരു വേട്ടക്കാരനെപോലെ കൊതിയുടെ വെള്ളമൂറ്റി ആ മനുഷ്യൻ കയ്യിൽ ഒഴിഞ്ഞ പാത്രവുമായി പുറത്തിറങ്ങി. വാലാട്ടുന്ന പട്ടിയെ ചുവന്ന കണ്ണുകളോടെയയാൾ നോക്കി. പട്ടി പല്ലുകൾ കാട്ടി മുരണ്ടു ചിരിച്ചു. ചുറ്റുപാടുമൊന്ന് കണ്ണോടിച്ച്, കൂടിനടുത്തേക്കയാൾ കുതിച്ചു. കൂടിന്റെ കതകു തുറന്നതും, നായ വിശപ്പിന്റെ നന്ദിയോടെ പുറത്തേക്കിറങ്ങിയതും, അതിന്റെ തലയിൽ ആദ്യത്തെയടി വീണു. മുറിഞ്ഞ മുരൾച്ചയിൽ നായ വെറും മണ്ണിലേക്കു വീണുപിടഞ്ഞു. തലയിൽനിന്ന് രക്തമൂറവെ, കിതപ്പോടെ നിറഞ്ഞ കണ്ണുകൾ അത് തുറന്നടച്ചുകൊണ്ടേയിരുന്നു. വാലാട്ടാൻ അപ്പോഴും തുടർന്ന പരിശ്രമങ്ങൾ പതിയെ പതിയെ അസ്തമിച്ചു വരികയായിരു

ന്നു. അടുത്തയടിയ്ക്കായി കയ്യിലിരുന്ന ഉരുളൻ വടിയുയരവേ, നായ ഭീതിയോടെ കണ്ണുകളടച്ചു. ഹൃദയമിടിപ്പ് നിർത്തി. വാലടക്കി. തുറന്ന വായിൽ പക്ഷേ എച്ചിൽ പ്രതീക്ഷിച്ച് കൂട്ടിൽ നിന്നിറങ്ങിയതിന്റെ നീരൊഴുക്ക് വറ്റിയിരുന്നില്ല.

നായക്കൊതിയുടെ ഏറ്റവും സുപ്രധാനമായ ഘട്ടം അരങ്ങേറിയത് ഒടിഞ്ഞു തൂങ്ങിയ ചായ്പ്പിലായിരുന്നു. പതിമൂന്നു ദിനങ്ങളിലായി ആരുമറിയാതെ രാകി മിനുക്കിയ കത്തിയുടെ മൂർച്ച പരിശോധിക്കുന്ന വിശേഷ നിമിഷം. തന്റെ നായ ചെയ്തിരുന്നതുപോലെ കിതപ്പു മാറ്റാൻ അയാളും നാവു പുറത്തേക്കിട്ടു. അതിൽ കൊതി കടലുപോലെ തിരയടിച്ചുകൊണ്ടേയിരുന്നു. അറുത്ത് മാറ്റിയ തലയിൽനിന്നും, ഉറഞ്ഞ രക്തം എച്ചിലിന്റെ ഗന്ധത്തിൽ പുറത്തേക്കൊഴുകി. കത്തിയുടെ അഗ്രത്തിന്റെ തിളക്കം, അതിന്റെ തൊലിയുടെ ഉടുപ്പുകളഴിച്ചെടുത്തു. പൂർണ്ണ നഗ്നതയുടെ മാംസദൃഷ്ടിയിൽ ആ മനുഷ്യൻ അസാധാരണമായി പുഞ്ചിരിച്ചു. മുൻകാലുകൾ പിൻകാലുകളിൽനിന്നും വേർപ്പെട്ടു. പെൻഡുലം പോലെയാടിയിരുന്ന വാൽ കഷണങ്ങളായി. മുലഞെട്ടുകൾ പ്രത്യേകമായി മുറിച്ചു മാറ്റപ്പെട്ടു. വാരിയെല്ലിന്റെ കൂട്ടിൽനിന്നും നായയയുടെ ഹൃദയപേശികൾ വേർപ്പെട്ടു. തിളച്ച വെള്ളത്തിൽ ആ നുറുങ്ങുകൾ ശുദ്ധീകരിക്കപ്പെട്ടതും, കരിപുരണ്ട അടുക്കളയിൽനിന്നും പട്ടിയിറച്ചി വെന്തു. അവിടെ അവശേഷിച്ചിരുന്ന മസാലകളുടെ കൂട്ടിൽ അതു വിഭവമായി പരിണമിച്ചു. അയാൾ ആദ്യമായി ചെയ്ത പാചകത്തിന്റെ ഗന്ധത്തിൽ അവിടം പരിമളം തൂകി. ചൂടോടെ, ആർത്തിയോടെ, നായക്കൊതിയുടെ അത്യാർത്തിയോടെ ആ അസാധാരണ മനുഷ്യൻ അസാധാരണമായി, അവശേഷിച്ച അരക്കലം ചോറിനോടൊപ്പം ഒരു കലം പട്ടിയിറച്ചിയുടെ മുക്കും മൂലയും ചവച്ചും ചവയ്ക്കാതെയുമിറക്കി. വയർ നിറയെ, അയാൾ കൊതിയുടെ അവസാന ലാഞ്ഛനയുമടങ്ങുന്നതുവരെ തിന്നുകൊണ്ടേയിരുന്നു. അഞ്ചാം ഘട്ടത്തിൽ ആ കൊതിയുടെ മേലുള്ള ഭരണമയാളിൽനിന്നും അസംതൃപ്തിയോടെയകന്നു. അപ്പോഴെക്കും അയാൾ വിയർത്തിരുന്നു.



സങ്കീർണ്ണമായ ഛർദ്ദിയുടെയും, വയറിളക്കത്തിന്റെയും ദേഹാസ്വാസ്ഥ്യങ്ങളുടെയും ദിനങ്ങൾ നായക്കൊതിയുടെ അസ്തമയത്തിന്റെ ഇരുളിലാരംഭിച്ചു. പനി മൂർഛിച്ചു. നായയൊരിക്കലും കുരയ്ക്കാനിടയില്ലാതിരുന്ന ശബ്ദത്തിൽ അയാൾ ചുമച്ചു. അങ്കലാപ്പിന്റെയും രോദനങ്ങളുടെയും നടുവിൽ ആശുപത്രിക്കിടക്കയിൽ അയാൾ പ്രതിഷ്ഠിക്കപ്പെട്ടു. നനുത്ത രക്തഗന്ധവും, ഒഴിഞ്ഞ കൂടിന്റെ പരിസരങ്ങളിൽ കണ്ട അടയാളവും, ചായ്പിലെ അവശിഷ്ടങ്ങളും രോഗം നിർണ്ണയിക്കുന്നതിൽ വൈദ്യശാസ്ത്രത്തെ സഹായിച്ചു. പട്ടിമാംസത്തോടുള്ള കൊതിയുടെ അതിപ്രസാരം തീർത്ത രോഗത്തിനു പക്ഷെ ഒരു പേരിട്ടാരും വിശേഷിപ്പിച്ചില്ല. വിചിത്രമായ അവസ്ഥ അഭിമുഖീകരിക്കുന്ന ആ വ്യക്തിയെ അത്ഭുതത്തോടെ പലരും കണ്ടു. അന്ത്യത്തിന്റെ അന്തരം കണ്ടുവന്ന ആ മനുഷ്യൻ ഇരുപതാം നാൾ ആശുപത്രിക്കിടക്ക വിട്ടു. വീടിന്റെ ഉമ്മറത്തിരുന്ന് അയാൾ പട്ടിക്കൂട്ടിലേക്ക്. നോക്കി. ഒഴിഞ്ഞ കൂടിന്റെയുള്ളിൽ കരിപിടിച്ച പാത്രവും, തുരുമ്പിച്ചടർന്നു തുടങ്ങിയ ചങ്ങലയും മാത്രം അവശേഷിച്ചു. രോഗത്തിന്റെ ചൂടിൽ ചുളുങ്ങിയ തൊലിയ്ക്കു മീതെയയാൾ സ്വയം തലോടി. തന്റെ വാരിയെല്ലുകൾക്കിടയിൽ മാംസളമെന്ന് ആലങ്കാരികമായി മാത്രം പറയാവുന്ന ഭാഗത്തെയയാൾ സാദരം സ്പർശിച്ചു.

മിമിയെ നഷ്ടപ്പെട്ട കുട്ടികളും, കൊടിച്ചിപ്പട്ടിയെ നഷ്ടപ്പെട്ട ഭാര്യയും പിറ്റേന്നു കണ്ടത് നായക്കൂട്ടിൽ നിശബ്ദനായി, ചങ്ങല കഴുത്തിൽ ചുറ്റി, കരിപുരണ്ട പാത്രത്തിലേക്കു നോക്കി മുരുളുന്ന അസാധാരണ മനുഷ്യനെയാണ്. അവർ വാവിട്ടു നിലവിളിച്ചു. ഓടിക്കൂടിയ നാട്ടുകാർ അമ്പരന്നു. അയാൾക്ക് പേ പിടിച്ചെന്ന് പറഞ്ഞവരെ നോക്കി അയാൾ ഇല്ലാത്ത വാലാട്ടി. മുൻകാലുകളിലും പിൻകാലുകളിലുമൂന്നി അയാൾ തന്റെ ചുറ്റിലെ സാധാരണമല്ലാത്ത ജീവിതത്തെ കണ്ണുമിഴിച്ചു നോക്കി. നാളെ എല്ലാവരുടേയും സംസാര വിഷയമാകാൻ പോകുന്ന ഈ മനുഷ്യനെ ഇനി വേണമെങ്കിൽ മനോഹരമായ ബംഗ്ലാവിലേക്കു മാറ്റാം. അയാളെ ക്രിസ്റ്റഫർ ഡിസൂസയെന്നോ, മിത്തൽ സുത്ബീർ



ഖാനെന്നോ, പുഷ്ക്കര ഗോവിന്ദ ഷെട്ടിയെന്നോ ഒക്കെ കനപ്പിച്ചു വിളിക്കാം. പശ്ചാത്താപമില്ലാതെ. കാരണം നിസ്സാരമാണ്. ഇപ്പോഴയാൾ തികഞ്ഞൊരു അസാധാരണ മനുഷ്യനായി പരിണമിച്ചു കഴിഞ്ഞിരിക്കുന്നു.

# ദൈവത്തിന്റെ നിറം

അമ്മ മാത്രം,കപ്പ കഴിക്കുമ്പോൾ മാത്രം, ഉപ്പു നീരില്ലാത്തതു കൊണ്ടു മാത്രം, കരയുമായിരുന്നു. ഇപ്പോൾ, ഞാൻ കരയുന്നതിനു മുമ്പ് ദൈവം ഇറങ്ങി വന്നു...



പറുദീസയിൽ ഏനൊഴികെ എല്ലാവരും വെളുത്തവരായിരുന്നു. കടലാസു പോലെ വെളുത്ത നിറമുള്ളവർ, മിനു മിനുപ്പുള്ളവർ.

എനിക്കുമുണ്ടായിരുന്നു പേരിനും വേണ്ടി വെളുപ്പ്. തൊലിയില്ല; പേരിൽ മാത്രം– വെളുമ്പൻ.

എന്നേലും വെളുത്തവനെ പോലെയാകുമെന്നു കരുതി എന്റെ അപ്പനിട്ട പേരായിരുന്നു അത്. ഞാനും അമ്മയും അത് വിശ്വസിച്ചു.

കുട്ടിക്കാലത്ത് എന്റെ കരിംതൊലിക്കടിയിലെ വെണ്മ കാണാൻ, ആനയെ കുളിപ്പിക്കുന്ന തോട്ടിൽ ചശിരിയും പാറയും അമർത്തിയുരച്ച് എന്നെ കുളിപ്പിച്ച്, അമ്മ നിരാശപ്പെടുന്നത് ഞാൻ കണ്ടിട്ടുണ്ട്. എമ്മാന്റെ ഇത്തിരി കണ്ണീരിൽ, ആനയോ പുഴയോ തോണിയോ പാലമോ കുലുങ്ങിയില്ല.

എന്റെ കരച്ചിലോ ശബ്ദമോ അടയാളമണിയേക്കാൾ ഉറക്കെയായിരുന്നുമില്ല, അഥവാ

എന്റെ കരച്ചിലോ ശബ്ദമോ അടയാളമണിയേക്കാൾ ഉറക്കെയായിരുന്നുമില്ല.

അമ്മ മാത്രം,കപ്പ കഴിക്കുമ്പോൾ മാത്രം, ഉപ്പു നീരില്ലാത്തതു കൊണ്ടു മാത്രം, കരയുമായിരുന്നു.

ഇപ്പോൾ,

ഞാൻ കരയുന്നതിനു മുമ്പ് ദൈവം ഇറങ്ങി വന്നു.

മനുഷ്യൻ ചിലപ്പോൾ വെളുത്ത കടലാസും പോലെയാണ്; കത്തുമ്പോൾ കാണാം തനി നിറം

പക്ഷെ, അതിശയം ഇതൊന്നുമല്ല, ദൈവത്തിന് എന്റെ നിറമായിരുന്നു.

# ശീവോതിപ്പാട്ടുകാരി



ഫ്ളാറ്റിൽ
ലിഫ്റ്റിൽ വെച്ചുകണ്ടുഞാൻ
ആ ശീവോതിപ്പാട്ടുക്കാരിയെ.

തീറ്റയിൽ നോട്ടത്തിലും
ആർത്തിയേറുമവളെ
ഓർക്കാതിരിക്കുവതെങ്ങനെ,
ആട്ടത്തിൽ
പാട്ടിലും താളക്കൂറിലും
തൻ കൂട്ടക്കാരെക്കവിഞ്ഞേറുമവളെ
ഓർക്കാതിരിക്കുവതെങ്ങനെ.

കോലായിൽ
കൂട്ടുകാരൊടൊത്തുവന്നു തുടികൊട്ടി
മാബലിപ്പാട്ടുകളുതിർക്കുവോരവളെ
ഓർക്കാതിരിക്കുവതെങ്ങനെ,

ചെറുപ്പവലിപ്പത്തിൽ
ചെറിയൊരു മോഹം
ചിറകില്ലാതെ പറന്നിരുന്നു
അവൾ പോകും വഴികളിൽ,
മറന്നിട്ടുണ്ടാവണം ഞാനതു പിന്നെ.
മറക്കല്ലേ മുന്നോട്ടേയ്ക്കു
പറക്കുവാനൊരിന്ധനം,
പറന്നേറെക്കുഴയുമ്പോൾ
ഒന്നിരിക്കാനൊരു മരം
അല്ലെന്നാൽ മറ്റൊരു മരം.

ഫ്ളാറ്റിൽ
ലിഫ്റ്റിൽ
എന്റെ മുൻപിൽ
എന്നെക്കാളും നരച്ചിവൾ വന്നുനിൽക്കുമ്പോൾ
ഞെട്ടുവാനും കഴിയാതെ
നിൽക്കുമെൻ നിൽപ്പ്
–എന്തൊരു നിൽപ്പ് !

കൊച്ചു കൊച്ചുകുലുക്കങ്ങൾ
ഇടക്കിടക്കറികയാൽ
എത്ര വൻകുലുക്കത്തിലും
കുലുങ്ങാത്തൊരെൻ നാട്ടിൽപുറത്തെ
ഓർക്കാതിരിക്കുവതെങ്ങനെ.

വേരു പൊട്ടിച്ചു പാഞ്ഞുപോരുമ്പോൾ,
നേരു പറയാമല്ലോ,
ഇറ്റുവീണില്ലൊരു തുള്ളി–
ച്ചോരയുമാമണ്ണിൽ.

ഫ്ളാറ്റിൽ
ലിഫ്റ്റിൽ
എന്റെ മുൻപിൽ
എന്നെക്കാളും നരച്ചിവൾ
ഒന്നുഞെട്ടുവാനും കഴിയാതെയുള്ളൊരാനിൽപ്പ്
–എന്തൊരു നിൽപ്പ് !

അഥവാ, തിരിച്ചറിഞ്ഞിരിക്കില്ലവൾ
അതു നന്ന്, അല്ലെങ്കിൽ
ഓർക്കിലു–
മോർക്കുവാനാകാത്തൊരോർമ്മയുടെ
കുഴൽക്കിണറിൽനിന്നു പൊന്തും
നിശ്ശബ്ദനിലവിളി
ഓർക്കാതിരിക്കുവതെങ്ങനെ.

ഫ്ളാറ്റിൽ
ഏതോ വീട്ടുവേലയ്ക്കായവൾ വന്നതാകാം,
യാചിക്കാൻ വന്നുകയറിയതുമാകാം,
പോട്ടെ,
ഞാനെന്റെ പാട്ടിനുപോകവേ
പത്താംനിലയിൽ നിന്നും, അമ്പടാ !
കേൾക്കുന്നൂ ശീവോതിപ്പാട്ടുകൾ.

# മലബാർ വെരുക്

പിന്നെ മലബാർ വെരുക് വന്നില്ല. നീലഗിരിക്കു സുഖമായോ എന്നും അറിഞ്ഞില്ല. അദ്ദേഹം പോയി രണ്ടു ദിവസം കഴിഞ്ഞപ്പോൾ കുന്നിന്റെ മുതലാളി ആ കാടിന്റെ കഷ്ണം മാന്തിക്കീറി റബ്ബറിനു തടമൊരുക്കി. രണ്ടു ദിവസം കൊണ്ട് മെരുക്കുന്നും മെരുക്കുന്നിലെ മഞ്ഞും ആനത്തൊട്ടാവാടികളും പൂക്കളും നന്നാറിച്ചെടിയുമൊക്കെ ഇന്നലെകൾ മാത്രമായി...



മെരുക്കുന്നിന്റെ താഴെയുള്ള പൊട്ടക്കിണററിലാണ് കാട്ടുപന്നി വീണത്. എമർജൻസിയും ടോർച്ചുമൊക്കെയെടുത്ത് ആണുങ്ങളുടെ പിറകെ പെണ്ണുങ്ങളും പാഞ്ഞു. കുട്ടികളൊക്കെ ഉറങ്ങുകയായിരുന്നു. ഒച്ച കേട്ടാണുർന്നത്. നൈററ് ഡ്രസ്സ് മാററി, ചുരിദാറിട്ട് മൊബൈലുമെടുത്ത് അമ്മയുടെ പിറകെ ഞാനും പാഞ്ഞു. സമയം പത്തേക്കാല്.

റബ്ബർ കാടിനു താഴെയുള്ള തെങ്ങിൻ തോപ്പിലെ പൊട്ടക്കിണറിനു ചുററും നടക്കാൻ കഴിയുന്നവരും ഉറങ്ങാത്തവരുമായ നാട്ടുകാർ മുഴുവനുമുണ്ടായിരുന്നു.

"ആട് നെലോളിച്ചെണീറ്റപ്പോ പൊറത്തെറങ്ങയപ്പളാ പെരുത്തൊരൊച്ച കേട്ടത്, മൻസമ്മാരാരേലും പോക്കണംകേട് കാട്ട്യാന്ന് കെർത്തി ചെന്നു നോക്ക്യേപ്പളാ ആളെ മൻസിലായത് "

ആദ്യം കാട്ടുപന്നിയെ കണ്ട ഹസ്സൻ കാക്ക ആ സംഭവം വിവരിക്കുകയാണ്. ഫയർ ഫയർ ഫോഴ്സും ഫോറസ്റ്റധികൃതരും എത്തുന്നതുവരെ ആളുകൾ പൊട്ടക്കിണററിലേക്കു പാളി നോക്കാനും ടോർച്ചടിച്ചു നോക്കാനും തിക്കിത്തിരക്കി കിണറിനു ചുററും പരക്കം പാഞ്ഞു. അതിനിടയിൽ ആരുടെയോ ടോർച്ചും കിണററിൽ വീണു. ഏറെ നേരത്തെ പരിശ്രമത്തിനു ശേഷം ഫയർ ഫോഴ്സധികൃതർ കാട്ടുപന്നിയെ കരയിലേക്ക് വലിച്ചിട്ടു.

"പള്ളേല്ണ്ടേയ്നിട്ടോ അയിന് ". ചത്ത കാട്ടുപന്നിയെ കണ്ട് ആയ്ച്ചാത്ത സങ്കടപ്പെട്ടു. വായയിലൂടെയും പിറകുവശത്തൂടെയും ഒലിച്ചിറങ്ങി കട്ടപിടിച്ച ചോരയും ആ തുറന്നു പിടിച്ച കണ്ണുകളും വലിയ വയറുമൊക്കെ ഒരു നോക്ക് ഞാനും കണ്ടു. വയർ വെള്ളംകുടിച്ച് വീർത്തതല്ലത്രെ !. ആഴമുള്ള കിണററിൽ വെള്ളംകുറവാണ്. ചാടിയപ്പോൾ തന്നെ പന്നി ചത്തിട്ടുണ്ടാകുമെന്നാണ് അധികൃതരുടെ നിഗമനം

ടോർച്ചെടുക്കാൻ പറ്റിയില്ല. ശവം ജീപ്പിലേക്ക് വലിച്ചിട്ട് പോലീസും ഫയർ ഫോഴ്സുമൊക്കെ മടങ്ങുമ്പോൾ സമയം മൂന്നേ അഞ്ച് ! ഉറക്കച്ചടവോടെ എല്ലാവരും പിരുഞ്ഞു പോകുമ്പോൾ, അവിചാരിതമായി അയാളെ കണ്ടു. അയാളെന്നെ നോക്കുകയായിരുന്നു, ഞാനയാളെ കാണുമ്പോൾ. ഞാൻ ചിരിച്ചു. പക്ഷെ, അയാൾ ചിരിച്ചില്ല. ഇരുട്ടിലേക്ക് അലിഞ്ഞലിഞ്ഞ് അയാളില്ലാതായി. തണുത്തു വിറച്ച് റോട്ടിലൂടെ വീട്ടിലേക്ക് മടങ്ങുമ്പോൾ ചത്ത കട്ടു പന്നിയുടെ അടയാത്ത കണ്ണുകളോടൊപ്പം അയാളുടെ

മഴക്കാടിന്റെ കഷ്ണം പോലുള്ള കണ്ണുകളും എന്നെ അസ്വസ്ഥയാക്കി.

കുരങ്ങൻമാരും കാട്ടുപന്നികളും മയിലുകളുമുണ്ടായിരുന്ന നാശനഷ്ടങ്ങളെ കുറിച്ച് വാതോരാതെ, പെരുമഴപ്പോലെ സംസാരിക്കുകയാണ് മയമാക്കയും ഹരിയേട്ടനുമൊക്കെ. നാട്ടിലിറങ്ങുന്ന കടുവയെ വെടിവെക്കണമെന്നു ഹരിയേട്ടൻ ശക്തിയുക്തം വാദിച്ചു. എടക്കരയിൽ കാട്ടാന കൂട്ടമിറങ്ങി നിരങ്ങിയ തെങ്ങിൻ തോട്ടം തുച്ഛ വിലക്കാണത്രെ മയമാക്ക വിറ്റത്! അവരുടെ സംസാരത്തിലേക്ക് ശ്രദ്ധ തിരിച്ച് നോക്കിയെങ്കിലും വീണ്ടും അയാളും കാട്ടുപന്നിയും ശല്യം ചെയ്തുകൊണ്ടിരുന്നു. മൂന്നു തവണയേ അയാളെ കണ്ടിട്ടുള്ളു. പക്ഷേ, ആമസോൺ കാടിനെക്കാൾ ദുർഗ്രഹമായ അസ്വസ്ഥകളൊന്നാകെ വലിച്ചിടാൻ അയാൾക്ക് കഴിയുന്നു!

അന്ന് ആദ്യം കണ്ടത് ആ കുന്നിൻ ചരിവിൽ വച്ചാണ്. രാവിലെ എഴുന്നേറ്റു നോക്കിയപ്പോൾ മലഞ്ചെരുവു മുഴുവൻ മഞ്ഞിറങ്ങിയത് കണ്ടു. പതുക്കെ ഒന്നു കേറി. മഞ്ഞിൽ നനഞ്ഞുലർന്ന്, ആലസ്യപ്പച്ചയിലങ്ങനെ വെയിലു നോക്കി നിൽക്കുന്നു  കശുമാവിൻ മരങ്ങൾക്കിടയിലൂടെ അയാളിറങ്ങി വരുന്നുണ്ടായിരുന്ന. കയ്യിലൊരു ക്യാമറയും വലിയൊരു ബാഗുമുണ്ടായിരുന്നു. ആനത്തൊട്ടാവാടികൾ അടക്കി പൂത്ത ചെരുവിറങ്ങി വന്ന് അയാളെന്നെ ഗൗനിക്കാതെ കടന്നു പോയി. ഷേവ് ചെയ്യാത്ത മുഖത്ത് കറുത്തുമിനുത്ത രോമപ്പൊടിപ്പുകൾ. നല്ല വെളുത്ത നിറം. മഴക്കാടിന്റെ കുഞ്ഞു കഷ്ണങ്ങൾപ്പോലെ രണ്ടു കണ്ണുകൾ! മെലിഞ്ഞു നീണ്ടൊരു മനുഷ്യൻ. അയാളിറങ്ങിവന്ന കശുമാവിൻ കാട്ടിലേക്ക് ഞാൻ നോക്കി. മഞ്ഞുരുകി തുടങ്ങിയിരുന്നു. പിറ്റേന്നും അയാളെന്നെ കണ്ടു. അന്ന് അയാളെന്നെ നോക്കി. ആ കണ്ണുകളിൽ മാത്രം ഒരു ഭാവം വിരിഞ്ഞു. നവരസങ്ങളിലൊന്നുമില്ലാത്തൊരു ഭാവം! അതിന്റെ അർത്ഥം മനസിലായില്ലെങ്കിലും ആ ഭാവം എനിക്കിഷ്ടമായി. പിന്നെ അയാളിൽ നിന്നു പുറപ്പെടുന്ന ആ വിചിത്രഗന്ധവും.

ഇന്നലെ കോളേജ് വിട്ടുവന്ന് സൈക്കളോട്ടിപ്പടിക്കുമ്പോൾ ആയ്ച്ചാത്ത അമ്മയെ വിറകു പെറുക്കാൻ വിളിച്ചു.

"പണ്ടാരേ... പോര് പണ്ടാരേ...നെറച്ചും ഡബ്ബറ് വെറകാ... രണ്ടു കൊള്ളി വച്ചാ ചോറായി..."

വാഴച്ചപ്പും കാട്ടുവള്ളിയും കൊണ്ടുണ്ടാക്കിയ തരികയും അരിവാളും തോർത്തുമെടുത്ത് രണ്ടാളും കൂടി റോട്ടിലേക്ക് കയറിയപ്പോൾ പിറകെ ഞാനും ചെന്നു. റോഡ് മുറിച്ചു കടന്ന് മലഞ്ചെരുവിലൂടെ കാടിന്റെ ഓരം ചേർന്നുള്ള റബ്ബർ കാട്ടിലേക്ക് കേറിയെല്ലാവരും. ഒച്ച വെച്ചും കടിപിടി കൂടിയും കുരങ്ങൻമ്മാർ അങ്ങേ മറിയിലേക്കു നീങ്ങി. ഒടിഞ്ഞു വീണ റബ്ബർ വിറകുകൾ പെറുക്കിക്കൂട്ടി അമ്മയും ആയ്ച്ചാത്തയും ഓരോർത്തരെ കുറ്റം പറഞ്ഞും സ്വഭാവ സവിശേഷതകളെ പോസ്റ്റുമോർട്ടം ചെയ്തും മടുപ്പില്ലാതെ നടന്നു.

തുറന്നു വച്ച ഒരു കുട പോലെയാണ് മെരുക്കുന്ന്. പണ്ട് ഇവിടെ മുഴുവൻ കശുമാവിൻ കാടായിരുന്നു. ആ കാട് മുഴുവൻ വെരുകുകളും. അങ്ങനെയാവണം കുന്നിന് മെരുക്കുന്ന് എന്ന പേരു കിട്ടിയത്. പക്ഷേ, കുന്നിന്റെ മൂന്നു വശവും ഇപ്പോൾ റബ്ബർ തോട്ടങ്ങളാണ്. ഒരു വശംമാത്രമാണ് ഇപ്പോഴും കാടായി അവശേഷിക്കുന്നത്.

കാട്ടുമുല്ലയും നായ്ക്കുരണ വള്ളിയും കെട്ടിപ്പിടിച്ചു വളരുന്ന പേരറിയാമരക്കൊമ്പത്ത് ഒരു മൂങ്ങ! ഇരുട്ടിൽ ഒളിച്ചിരിക്കുകുകയായിരുന്ന മൂപ്പർ കാടുലയുന്ന ശബ്ദം കേട്ട് ഒരു തൊണ്ണൂറ് ഡിഗ്രി തല ചെരിച്ചു നോക്കി. പിന്നെ നാശം എന്നോ മറ്റോ പിറുപിറുത്ത് അൽപം കൂടി ഇരുളിലേക്ക് മാറിയിരുന്നു.

പറങ്കിമാവിൻ കാട്ടിനുള്ളിൽ നിന്ന് ഇരുട്ട്, റബ്ബർ കാട്ടിലേക്കും പടർന്നപ്പോൾ അമ്മയും ആയ്ച്ചാത്തയും വിറകുകൾ കെട്ടാക്കി.

"ന്നാ... ആ കൊള്ളിട്ത്തോ..." പൂതലിച്ച മരത്തിന്റെ കട ചൂണ്ടി അമ്മ കണ്ണുരുട്ടി. വിറകുമേറ്റി അനായാസേന കുന്നിറങ്ങിപ്പോകുന്ന അമ്മയുടെയും ആയ്ച്ചാത്തയുടെയും പിറകെ പൂതലിച്ച വിറകും കൊണ്ട് തപ്പി തപ്പിയിറങ്ങുമ്പോൾ, കശുവണ്ടി പെറുക്കാനുണ്ടാക്കിയ ചെറിയ വഴിയിലൂടെ അയാൾ കാട്ടിലേക്ക് കയറുന്നുണ്ടായിരുന്നു. അപ്പോഴും അയാളെന്നെ കണ്ടു. ആ ദശരസം കണ്ണുകളിൽ നിറച്ച് എന്നെ ഒന്നു നോക്കി. ഇരുണ്ടു തുടങ്ങിയ മരങ്ങൾക്കിടയിലൂടെ അയാൾ മറഞ്ഞു. പകലിന്റെ അവസാന ശ്വാസം പോലെ പടിഞ്ഞാറു നിന്നു വന്ന കാറ്റിൽ ആ മണമുണ്ടായിരുന്നു. അയാളുടെതെന്ന് തോന്നിക്കുന്ന, എന്നാൽ എന്തിന്റെയാണെന്ന് വ്യക്തമായി പറയാൻ കഴിയാത്ത ആ മണം!

പിന്നെ ഇപ്പോൾ, ഈ അർദ്ധരാത്രിയിലാണ് അയാളെ വീണ്ടും കാണുന്നത്. ഉണങ്ങിയ ഇലയുടെ നിറമുള്ളൊരു ഷർട്ടും ആ കാട്ടുപന്നിയുടെ നിറമുള്ള പാന്റ്സും. പ്രായം ഇപ്പോഴും അനുമാനിക്കാനാവുന്നില്ല. മഴകാടിന്റെ കുഞ്ഞു കഷ്ണങ്ങളിൽ നിറയുന്ന നിഗൂഢമായ വികാരവും ആ മണം പോലെ എന്നെ അജ്ഞയാക്കുന്നു.

"പെണ്ണേ... അരിച്ചരിച്ച് നടക്കാതെ ഒന്നു വേഗം വരണ്ണ്ടോ? നേരം നട്ടപാതിര കഴിഞ്ഞു". അമ്മയും പപ്പയുമൊക്കെ വളരെ മുമ്പിലെത്തിയിരുന്നു. വേഗം നടന്നു. നിലാവു കലർന്ന ഇരുട്ടിന് നല്ല തണുപ്പ്. ഇരുട്ടിനെ നോക്കി, നക്ഷത്രങ്ങളുടെ നിർവികാര മുഖം നോക്കി



നടക്കുമ്പോൾ ചുറ്റും ഒരു ലോകവും ഇല്ലാതാകുന്നതു പോലെ എനിക്കു തോന്നി. അപ്പോൾ യുഗാന്തരങ്ങളായി മനുഷ്യൻ ചോദിച്ചു മടുത്ത ആ ചോദ്യങ്ങൾ ഞാനും അറിയാതെ ചോദിക്കും. ഈ ഒന്നുമില്ലായ്മയിൽ എനിക്കീ തോന്നുന്നതൊക്കെ എന്താണ്? എവിടെയാണെന്റെ സ്ഥാനം? പ്രകൃതിക്കും പ്രപഞ്ചത്തിനും അധീതമായി ചിന്തിച്ചാൽ വേദനയും സങ്കടവും തുടങ്ങി എല്ലാ വികാരങ്ങളും മാഞ്ഞു പോകും. പിന്നെ മഞ്ഞു പോലെയായതിനെ ഓർത്ത് വീണ്ടും പിറകോട്ടു തന്നെ! ചിലപ്പോഴൊക്കെ അങ്ങനെയാണ്. ഒരു ലഹരിയും ഇല്ലാതെ തന്നെ നാം ഉന്മാദത്തിലാകും. ഒരിലയുടെ പച്ച, ഒരു പുൽക്കൊടിത്തുമ്പിലെ തുള്ളിവെള്ളം, ചെറിയൊരു കാറ്റ്, ഇരുട്ടിന്റെയൊരു കഷ്ണം. ഇതൊക്കെ മതി മതിഭ്രമമുണ്ടാക്കുവാൻ. അയാളുടെ മഴകാടിന്റെ വന്യതയും ചാരുതയുമുള്ള കണ്ണുകളാണോ, ആ കാട്ടു പന്നിയുടെ തുറന്ന കണ്ണുകളോ, നിലാവു കലർന്ന ഈ തണുത്ത ഇരുട്ടോ എന്താണിപ്പോൾ മതിഭ്രമമുണ്ടാക്കുന്നത്?

പിറ്റേന്ന് അലാറം വച്ചുണർന്നു. ഉറക്കം അള്ളിപിടിച്ചിരുന്ന കൺപോളകൾ വലിച്ചു തുറന്ന് മുഖം കഴുകി കുന്നിൻ ചെരുവിലേക്ക്

ചെന്നു. പേരറിയാത്ത ഒരുപാടു കാട്ടു പൂക്കൾ ആർത്തി പിടിച്ചു പൂത്ത കുറ്റി കാടിനടുത്തുള്ള ഇലഞ്ഞിമരത്തെ ചുറ്റിപിടിച്ചു കാത്തു നിന്ന ഷോൾ എന്തോ, എനിക്ക് ലേഡി ചാറ്റർലിയുടെ കാമുകനെ ഓർമ്മവന്നു. ഇത്തിരി കഴിഞ്ഞ ഷോൾ ഉറക്കച്ചവടുള്ള മുഖത്തോടെ അയാളി റങ്ങി വന്നു. എന്നെ കണ്ടഷോൾ ആ പത്താം ഭാവം കണ്ണുകളിൽ നിറഞ്ഞു.

"കുറെ നാളായല്ലോ, എന്താ ഭാവം? "

മനസിലും ശരീരത്തിലുമുള്ള ധൈര്യ മൊക്കെയും സംഭരിച്ച് അന്നു ഞാൻ ചോദി ക്കുക തന്നെ ചെയ്തു.

"ഞാനൊരു കാട്ടു മൃഗത്തെ തേടി വന്നതാ. കണ്ടതു നിന്നെയാ. കാട്ടുപോ ത്തിനെ."

ഒട്ടും ചിരിക്കാതെ പതിഞ്ഞ സ്വരത്തിൽ അദ്ദേ ഹം പറഞ്ഞു.

"ഏതു മൃഗം? എന്താ പേര്?"

"എന്റെയോ, അതോ മൃഗത്തിന്റെയോ? "

"മൃഗത്തിന്റെ പേര് മലബാർ സിവെറ്റ്. മലയാ ളത്തിലാണെങ്കിൽ മലബാർ വെരുകെന്നും പറയും."

"ഇയാൾടെ പേരോ?"

"ഒരു പേരിലെന്തിരിക്കുന്നു? "

"പറയില്ലേ?"

"ഇല്ല"

എന്നാൽ ഞാൻ മലബാർ വെരുകേ എന്ന് വിളിക്കും.

വിളിച്ചോളൂ. പക്ഷേ, എന്നാൽ എന്റെ ഭാര്യ യും കുഞ്ഞും കേട്ടാൽ നിനക്ക് നല്ല പേര് വേറെ കിട്ടും

എന്നെ കടന്ന് കുന്നിറങ്ങവെ അയാൾ പറഞ്ഞു. ആ മണം! ഒരു പക്ഷേ, അത് വെരുകിന്റെതായിരിക്കണം. മലബാർ വെരുകി നു മണമുണ്ടോ എന്നെനിക്കറിയില്ല. വെരുകിൻ പൂവിന്റെ മണവും ഓർമ്മയിലില്ല. എന്നിട്ടും എനിക്കു തോന്നി അത് വെരുകിന്റെ മണം തന്നെയാണെന്ന്. നിറങ്ങളൊക്കെ ചേർന്നൊ ലിച്ച പോലെ. ഒരു സ്വപ്നവും കണ്ടില്ലെങ്കിലും എന്തൊക്കെയോ ഒഴുകി പോയപ്പോലെ. ഒരു പത്തുമുപ്പത്തഞ്ചു വയസ്സുണ്ടായിരിക്കണം അദ്ദേഹത്തിന്. അല്ല, മലബാർ വെരുകിന്. വെരുകിന്റെ മുഖം തന്നെയാണ് അദ്ദേഹത്തി നെന്ന് എനിക്ക് തോന്നി. വംശനാശം സംഭവിച്ചു എന്നു കരുതുന്ന ആ ജീവിയെയും തിരഞ്ഞ് മറ്റൊരു ജീവി ഭാര്യയെയും കുഞ്ഞിനെയും ഉപേക്ഷിച്ച് അറിയാത്തൊരു കാട്ടിൽ കാവലിരി ക്കുന്നു! മലബാർ വെരുകിനെ അവസാനമായി കണ്ട കാട്ടുനിരകളുടെ അവശേഷിക്കുന്ന ഒരു കഷ്ണം മാത്രമാണീ കാട്. മറ്റ് ഭാഗങ്ങളൊക്കെ യും റബ്ബറായി. കാട്ടു പന്നിയും കുരങ്ങനും കുറുക്കനും മലമ്പാമ്പുമൊക്കെ ഇടക്കിടെ കാ ടിറങ്ങി വരാറുണ്ട്. വെരുകുകളുടെ തിളങ്ങുന്ന കണ്ണുകൾ നിരനിരയായ് തട്ടിൻ പുറത്ത് ചില ഷോൾ കാണാറുണ്ട്. അത് മലബാർ വെരുകല്ല. കാട്ടിൽ കഴുതപ്പുലിയുണ്ടായിരുന്നു പണ്ട് എന്ന് താഴത്തെ വീട്ടിലെ അച്ഛമ്മ പറയാറുണ്ട്. ഇപ്പോളും രാത്രിയിൽ വിചിത്രമായ ശബ്ദം കേ ട്ടാൽ പിറ്റേന്ന് അച്ഛമ്മ പറയും ഇന്നലെ രാത്രി ചോലപ്പുലി എറങ്ങീണ്ടായ്ര്ന്ന് മക്കളെ... എന്ന്.

മയിലാണത്. മയിലിന് പലേ ഒച്ചയു ണ്ടാക്കാനും കയ്യും. ഈ തള്ളേം തള്ളേന്റൊരു ചോലപ്പുലിയും... അച്ഛമ്മയുടെ മകന്റെ മരുമ കൾ കൃഷ്ണവേണിച്ചേച്ചി അച്ഛമ്മയെ കളിയാ ക്കും.

ഇന്നെയൊക്കെ കെട്ടിക്കൊണ്ടോര്ണ കാലത്ത് ഇങ്ങളെ വീട് നിക്കണ അവിടൊക്കെ പെരുംകാ ടാണ്. ആന പോയാ കാണൂല... അച്ഛമ്മ പുരാ ണം പറയാൻ തുടങ്ങിയാ കൃഷ്ണവേണിച്ചേച്ചി ടി.വിയുടെ വോള്യം കൂട്ടി വെക്കും. കാട്ടിൽ നിന്നു തുടങ്ങിയാലും അതവരുടെ കുടുംബവ

ഴക്കിന്റെ ബാക്കിപത്രത്തിലെ അവസാനിക്കൂ. അങ്ങനെ അവസാനിപ്പിക്കാനുള്ള കഴിവുണ്ടച്ഛമ്മക്ക്.

അച്ഛമ്മ മലബാർ വെരുകിനെ കണ്ടിട്ടുണ്ടോ? കുന്നിറങ്ങി വന്നയുടനെ അച്ഛമ്മയോടു ചോദിച്ചു.

മലബാർ വെര്കോ...? ന്താദ്...?

ഒരു വെരുകിനമാണ്. പണ്ട് കാട്ടിലുണ്ടായിരുന്നു. ഇപ്പോ കാണാറില്ല...

ആ... ജാവദല്ലേ... അയ്നെത്തെരഞ്ഞ് എടയ്ക്കെടക്ക് ആൾക്കാര് വരാറ്ണ്ടല്ലോ... പണ്ടീ മുറ്റത്തൊക്കെ എത്ര മണ്ടീട്ട്ണ്ട്... മൂത്രൊഴിക്കാൻ പൊർത്തെറങ്ങ്യാ അയ്റ്റേനൊക്കെ കാണായ്ര്ന്ന്...

ഓ പിന്നേയ്... തള്ളേന്റൊര് നൊണ! ഇജ്ജല്ലേടി പറഞ്ഞത് അതിന് വംശനാശം വന്നൂന്ന്. പിന്നെ ഈ മുറ്റത്തൂടങ്ങ്നെ മണ്ട്വല്ലേ. നൊണ... നൊണ...

കൃഷ്ണവേണിച്ചേച്ചി ചായ കുടിക്കാനുള്ള പാത്രം കഴുകുകയായിരുന്നു.

അതല്ലേച്ചി! അച്ഛമ്മക്കിപ്പോ പത്തെമ്പത്തഞ്ച് വയസ്സായില്ലേ... ഒരുപത് വർഷം മുമ്പോക്കെ അത് ധാരാളം ണ്ടായ്ര്ന്നിരിക്കണം... ഞാനച്ഛമ്മയെ ന്യായീകരിച്ചത് രസിക്കാതെ കൃഷ്ണവേണിച്ചേച്ചി മുഖം കോട്ടി കഴുകിയ പാത്രവും കൊണ്ട് അകത്തേക്കു കയറി.ചേച്ചിയോട് ഞാൻ അദ്ദേഹത്തെ കുറിച്ചു പറഞ്ഞിരുന്നു. ചേച്ചി ചീത്ത പറയുകയാണുണ്ടായത്.

എങ്ങനെയുള്ള ആളാന്ന് ആർക്കറിയാം? ഒറ്റക്കൊന്നും പോകണ്ടട്ടോ നീയ്യ്! വല്ലോം ചെയ്തിട്ടാലോ...

മലബാർ വെരുക് പാവാണേച്ചീ...

ഹും പാവം! ആണുങ്ങളെ പറ്റി അനക്കെന്തറിയാം?



പിന്നെ ഞാനൊന്നും പറഞ്ഞില്ല. പക്ഷേ, എനിക്കദ്ദേഹത്തെ കാണാതിരിക്കാനാവില്ലായിരുന്നു. അതിരാവിലെ, മഞ്ഞിന്റെ നനവിൽ, കാട്ടുപൂക്കൾക്കിടയിൽ അദ്ദേഹത്തെ കാണുന്നതു തന്നെ ഭ്രമാത്മകമായൊരു സ്വപ്നമായിരുന്നു എനിക്ക്.

അതൊന്നും പറഞ്ഞാൽ ചേച്ചിക്കു മനസ്സിലാകില്ല. ബഹുമാനവും പ്രണയവും സൗഹൃദവുമെല്ലാം കൂടിച്ചേർന്ന ആ വികാരത്തിന് ഞാൻ സ്വയം നൽകിയ പേര് പ്രഹ്ദം എന്നാണ്.

പിറ്റേന്ന് കണ്ടപ്പോൾ മലബാർ വെരുക് ചിരിച്ചു.

ഒരു ജീവി പെട്ട്ട്ണ്ട് ക്യാമറേല്. മരക്കൊമ്പിലിരുന്ന് ഞാനൊറങ്ങിപ്പോയി. എന്താന്ന് വ്യക്തമായില്ല. ശരിക്കും നോക്കണം.

പേടിയാവ്ല്ലേ... ഒറ്റയ്ക്ക് രാത്രീല്...

എന്തു പേടി? ഞാനും അവരും കാടും ഒക്കെ പ്രകൃതിയല്ലേ? നാച്ചർ ഈസ് ദ ഇനോർഗാനിക്ക് ബോഡി ഓഫ് ഹ്യൂമൺ എന്നല്ലേ. പിന്നെന്തിന് പേടി! പക്ഷേ, ഞാനിന്ന് പോകും. മോൾക്ക് ന്യൂമോണിയയാണ്. ഹോസ്പിറ്റലിലാ...

പിന്നെന്നാ വരിക?

മോൾക്ക് സുഖാവട്ടെ എന്നിട്ട്, ഇപ്പോൾ ഭാര്യ തനിച്ചാണ് ഹോസ്പിറ്റലിൽ

കുട്ടിവെരുകിന്റെ പേരെന്താ?

അദ്ദേഹം ഉറക്കെ ചിരിച്ചു. നീലഗിരി

നീലഗിരിയോ?

അതെ. നീലഗിരി. നീലീന്ന് വിളിക്കും ഇഷ്ടായീലേ...? ഭാര്യയുടെ പേര് ഇന്ദുജ. എന്റെ പേര് – അല്ലെങ്കി വേണ്ട, നീയെന്നെ മലബാർ വെര്കേ എന്നു തന്നെ വിളിച്ചോളൂ...

നാട്?

മലപ്പുറത്ത് ജനിച്ചു വളർന്നവൻ തന്നെയാ. ഇപ്പോ തൃശ്ശൂരാണ് താമസം. ഉം, ശരി കാണാം... ക്യാമറയും ബാഗും ഒന്നുകൂടി വലിച്ച് തോളത്തിട്ട് ഉറക്കച്ചടവോടെ അദ്ദേഹം കുന്നിറങ്ങാൻ തുടങ്ങി.

എന്നെക്കുറിച്ചൊന്നും ചോദിച്ചില്ലല്ലോ... ഞാൻ വിളിച്ചു ചോദിച്ചു.

നിന്നെ ഞാൻ തുഷാരം എന്നു വിളിക്കും. കുറച്ചുകൂടി ആലങ്കാരികമായി പറഞ്ഞാൽ മഞ്ഞുപോലൊരു പെൺകുട്ടി.

തുഷാരം! എനിക്കു തുഷാരമെന്നു പേരിട്ട മലബാർ വെരുകിനെ ഞാൻ കൺവെട്ടത്തു നിന്ന് മറയുവോളം നോക്കി നിന്നു.

പിന്നെ മലബാർ വെരുക് വന്നില്ല. നീലഗിരിക്കു സുഖമായോ എന്നും അറിഞ്ഞില്ല. അദ്ദേഹം പോയി രണ്ടു ദിവസം കഴിഞ്ഞപ്പോൾ കുന്നിന്റെ മുതലാളി ആ കാടിന്റെ കഷ്ണം മാന്തിക്കീറി റബ്ബറിനു തടമൊരുക്കി. രണ്ടു ദിവസം കൊണ്ട് മെരുക്കുന്നും മെരുക്കുന്നിലെ മഞ്ഞും ആനത്തൊട്ടാവാടികളും പൂക്കളും നന്നാറിച്ചെടിയുമൊക്കെ ഇന്നലെകൾ മാത്രമായി. കാട്ടു മുയലിന്റെ ഇറച്ചി പൊരിച്ചത് ആയ്ച്ചാത്ത കൊണ്ടുതന്നപ്പോൾ എനിക്ക് ഛർദിക്കാൻ വന്നു. കരയാനും. കരഞ്ഞുകൊണ്ടോടിയ കാട്ടു മൃഗങ്ങളുടെയും പക്ഷികളുടെയും കൂട്ടത്തിൽ മലബാർ വെരുകുമുണ്ടായിരുന്നോ!

പിന്നെ മലബാർ വെരുകിനെ തേടി ആരും അങ്ങോട്ടു വന്നില്ല. അങ്ങനെയൊരു ജീവിയെക്കുറിച്ച് പിന്നെയാരും പറയുന്നതും കേട്ടില്ല. മഞ്ഞുകാലം കഴിഞ്ഞ് വേനലു വന്നു. മെരുക്കുന്നിന്റെ ചോര കുടിച്ച് റബ്ബർച്ചെടികൾ വളർന്നു. വീണ്ടും മഞ്ഞുകാലവും വേനലും മഴക്കാലവും വന്നു. ഋതുമാറ്റങ്ങൾ ഞാൻ അറിഞ്ഞില്ല. ആരും വിളിക്കാതെ തുഷാരമെന്ന പേര് എന്റെ പഴയ ഡയറിത്താളുകളിലെവിടെയോ ഉരുകി മാഞ്ഞു...





# ഇഷ

## സമരങ്ങളിൽ ഇറോം ഷർമിളയുടെ സ്ഥാനനിർണയം: പ്രതിബിംബങ്ങളും പ്രതിഫലനങ്ങളും

തന്റെ നീണ്ടകാല ചെറുത്തുനിൽപ്പിന്റെ അനുഭവജ്ഞാന സമവാക്യങ്ങളടങ്ങുന്നതായിരുന്നു ഇറോമിന്റെ സംസാരമത്രയും. അഫ്സ്പ എന്ന ഭീകരനിയമത്തിനെതിരെ നിരാഹാരസമരം നയിച്ച തന്നെ പലവിധ കുറ്റങ്ങൾ ചുമത്തിയാണ് രാഷ്ട്രം പ്രതികരിച്ചതെന്ന അവരുടെ പരാതി

ആക്ടിവിസ്റ്റുകളും രാഷ്ട്രീയ നേതൃത്വവും ജെ.എൻ.യു ക്യാമ്പസിനൊരു പുതുമയല്ല. യൂണിവേഴ്സിറ്റി മെസ്സുകളും ഫ്രീഡം സ്ക്വയർ എന്നറിയപ്പെടുന്ന അഡ്മിൻ ബ്ലോക്കും എപ്പോഴും ചർച്ചകളാൽ നിബിഡമാണ്. കഴിഞ്ഞയാഴ്ച ഇന്ത്യയുടെ ഉരുക്കു വനിതയുടെ (Ironwilled Woman) ജെ.എൻ.യു സന്ദർശനം ആ അർത്ഥത്തിൽ ആവേശഭരിതമായിരുന്ന ഒരുമിച്ചുകൂടൽ ആയിരുന്നു. ശിപ്ര ലോണിൽ നിറഞ്ഞുനിന്ന യുവ വിദ്യാർത്ഥികളുടെ സാന്നിധ്യം ഇറോമിനെ ആവേശഭരിതയാക്കി. നിങ്ങളാണ് ഈ ലോകത്തിന്റെ കണ്ണാടി, സമൂഹത്തിലെ ഏതൊരു പ്രശ്നവും ആദ്യം പ്രതിഫലിക്കുന്നത് ഇത്തരം ക്യാമ്പസുകളിലാണ്. സമർത്ഥതയെയും യുവജനസമൂഹത്തോടുള്ള ബാധ്യതയെയും കുറിച്ചായിരുന്നു ഇറോമിന്റെ പ്രധാന ഊന്നൽ. കഴിഞ്ഞ പതിനാറ് വർഷത്തോളമായി അഫ്സ്പയെന്ന (Armed Forcste(Spcial powers) Act,1958 or AF-SPA) ഭീകരനിയമത്തിനെതിരെ പോരാട്ടത്തിലേർപ്പെട്ട ഉരുക്കുവനിതയ്ക്കുള്ള അകമഴിഞ്ഞ പിന്തുണയും സ്നേഹവുമായിരുന്നു ജെ.എൻ.യു ക്യാമ്പസ് നൽകിയ ഈ വരവേൽപ്പ്. ചുമർച്ചിത്രങ്ങളാൽ സമ്പന്നമായ ജെ.എൻ.യുവിലെ പന്ത്രണ്ടോളം ചുമരുകളിലാണ് ഈ വനിതയുടെ ചെറുത്തുനിൽപ്പിനെ വരച്ചിട്ടിരിക്കുന്നത്. എല്ലാ സംഘങ്ങളുടെയും ചുമർ പോസ്റ്ററുകളിൽ ഇറോമിന്റെ പെൺ ചെറുത്തുനിൽപ്പിന് ഇടമുണ്ട്. സമരത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും ജീവിച്ചിരിക്കുന്ന പ്രതീകമാണ് ഇറോം. ഇപ്രകാരം, രണ്ട് വ്യക്തികളെയാണ് നമുക്ക് ജെ.എൻ.യു ചുമരുകളിൽ കാണാൻ കഴിയുക. ഒന്ന്, വർഷങ്ങളായി മനുഷ്യാവകാശ ലംഘനത്തിന്റെ ഇരയായി ജയിലിൽ കഴിയുന്ന മദനിയുടെതും രണ്ട്, ഇറോം ഷർമിളയെന്ന ഉരുക്കു വനിതയുടെയുമാണ്. രാഷ്ട്രീയ നേതാക്കളിൽ വ്യത്യസ്തമായി മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയും, അനീതിക്കെതിരെയുമുള്ള തങ്ങളുടെ ചെറുത്തുനിൽപ്പുകളുടെ പ്രചോദനമെന്ന നിലയിൽ ഇറോമിന്റെ സാന്നിധ്യം ആവേശം നിറഞ്ഞതായിരുന്നു.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ രാഷ്ട്രീയ അടിച്ചമർത്തലുകൾക്കെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ പ്രതീകമായിരുന്നു അവർ. കഴിഞ്ഞ ഓഗസ്റ്റ് 19ന് അവസാനിച്ച നിരാഹാരസമര തീരുമാനത്തെ സ്വാഗതം ചെയ്യുന്നതായിരുന്നു വിദ്യാർത്ഥികളുടെ മുദ്രാവാക്യങ്ങളും പ്രഖ്യാപനങ്ങളും. അതോടൊപ്പം തന്റെ പതിനാറു വർഷത്തെ സമരത്തെ കണക്കിലെടുക്കാതിരുന്ന സംസ്ഥാനത്തിനെതിരെ സംസാരിച്ച ഇറോമിന്റെ രാഷ്ട്രീയ പ്രവേശനപ്രഖ്യാപനം മുദ്രാവാക്യങ്ങളോടെ

**ജെ.എൻ.യുവിലെ പന്ത്രണ്ടോളം ചുമരുകളിലാണ് ഈ വനിതയുടെ ചെറുത്തുനിൽപ്പിനെ വരച്ചിട്ടിരിക്കുന്നത്. എല്ലാ സംഘങ്ങളുടെയും ചുമർ പോസ്റ്ററുകളിൽ ഇറോമിന്റെ പെൺ ചെറുത്തുനിൽപ്പിന് ഇടമുണ്ട്. സമരത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും ജീവിച്ചിരിക്കുന്ന പ്രതീകമാണ് ഇറോം.**

യാണ് മണിപ്പൂരിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഏറ്റെടുത്തത്. രാജ്യത്തെ വിദ്യാർത്ഥിസമൂഹത്തിന്റെ വിശ്വാസവും ഉറപ്പുമാണ് അത്തരമൊരു പ്രഖ്യാപനത്തിന് അവരെ പ്രേരിപ്പിച്ചത്.

തന്റെ നീണ്ടകാല ചെറുത്തുനിൽപ്പിന്റെ അനുഭവജ്ഞാന സമവാക്യങ്ങളടങ്ങുന്നതായിരുന്നു ഇറോമിന്റെ സംസാരമത്രയും. അഫ്സ്പ എന്ന ഭീകരനിയമത്തിനെതിരെ നിരാഹാരസമരം നയിച്ച തന്നെ പലവിധ കുറ്റങ്ങൾ ചുമത്തിയാണ് രാഷ്ട്രം പ്രതികരിച്ചതെന്ന അവരുടെ പരാതി, ഈ രാജ്യത്തെ നീതിന്യായ വ്യവസ്ഥ മൂലം എല്ലാ അനീതിക്കിരയായവരുടെയും പരാതികൂടിയാണ്. അതുകൊണ്ട് തന്നെ രാഷ്ട്രീയത്തിൽ നേരിട്ട് ഇടപെടലാണ് തന്റെ ഇനിയുള്ള സമരതന്ത്രമെന്ന ഇറോമിന്റെ പ്രഖ്യാപനം ജനാധിപത്യ പ്രക്രിയയിൽ വിശ്വസിക്കുന്ന ഏവരേയും സന്തോഷിപ്പിക്കുന്നതായിരുന്നു. അതോടൊപ്പം 2017ലെ മണിപ്പൂർ അസംബ്ലി ഇലക്ഷനിൽ മണിപ്പൂരി വിദ്യാർത്ഥികളുൾപ്പെടുന്ന ജെ.എൻ.യു വിലെ എല്ലാ വിദ്യാർത്ഥികളുടെയും പൂർണ്ണ പിന്തുണയും അവർ ആവശ്യപ്പെട്ടു.

കഴിഞ്ഞ നീണ്ടപതിനാറു വർഷമായി ഗാന്ധിയൻ സമരസ്വഭാവത്തിൽ അഫ്സ്പയെന്ന ഭീകരനിയമം റദ്ദുചെയ്യുവാനും, ജീവിക്കാനുമുള്ള അവകാശത്തിനായി ഗവൺമെന്റിനോട് ഞാൻ അപേക്ഷിക്കുന്നു. എന്റെ സമരോൽഘോഷങ്ങളെല്ലാം ബധിര–ശ്രവണ പദങ്ങളിലായിരുന്നു പതിച്ചിരുന്നതെന്നു ഞാനിന്നു



തിരിച്ചറിയുന്നു. ഇന്നു ഞാനെന്റെ തന്ത്രങ്ങളിൽ മാറ്റം വരുത്തുന്നതായും പുതിയതായൊരു സമരരീതി സ്വീകരിക്കുന്നതായും നിങ്ങളെയറിയിക്കാനാഗ്രഹിക്കുന്നു. എന്റെ സമരം അതെന്റേത് മാത്രമല്ല, അത് മണിപ്പൂരിനുവേണ്ടിയാണ്. അതുകൊണ്ടുതന്നെ ഞാൻ ഈ സമരം ബാലറ്റ് സംവിധാനത്തിലേക്ക് മാറ്റുന്നു. നമ്മളെല്ലാം ജീവിക്കുന്നത് ഒരോ നഭശ്ചരത്തിലാണ്. അതിനെ ബാധിക്കുന്ന ഏതൊരു മാരിയും, കൊടുങ്കാറ്റും അഗ്നിപർവ്വത വിസ്ഫോടനങ്ങളും നമ്മെ ഒരുമിച്ചായിരിക്കും ബാധിക്കുക. അതുപോലെ ഇവിടെയുള്ളൊരു ജ്ഞാനരഹിത സംവിധാനത്തിന്റെ നിലനിൽപ്പ് എല്ലാവരും ഒരുപോലെ നേരിടേണ്ടിവരും. ജനങ്ങളുടെ ശക്തിയ്ക്കു മാത്രമെ അന്യായ വ്യവസ്ഥിതിയെ മാറ്റിമറിക്കാനാവൂ. ജനാധിപത്യ സംവിധാനത്തിലുള്ള ഇറോമിന്റെ വിശ്വാസവും അനീതിക്കെതിരെയുള്ള സന്ധിയില്ലാ സമരാഹ്വാനവുമാണ് ഇറോമിന്റെ സംസാരതത്വത്തിന്റെ മർമ്മം. അതിന് ഏറ്റവും അനുയോജ്യമായ സ്ഥലം തന്നെയായിരുന്നു ജെ.എൻ.യു ക്യാമ്പസ്. അന്യവൽക്കരിക്കപ്പെട്ടവരോടും അടിച്ചമർത്തപ്പെട്ടവരോടും മാറിവരുന്ന ഗവൺമെന്റിന്റെ നിലപാടുകളോടുള്ള പ്രതിഭാഷണമായിരുന്നു അവരുടെ സംസാരത്തിന്റെ ഒരു വശം. ഒരു സമൂഹത്തിനുവേണ്ടി ഒറ്റയാൾ പോരാട്ടം നടത്തുമ്പോഴും ആ സമൂഹത്തിൽനിന്നും കിട്ടേണ്ടിയിരുന്ന സഹായത്തെയും സംരക്ഷണത്തെയും കുറിച്ചുമവർ ആശങ്കയുള്ളവരാണ്. അതേസമയം പതിനാറു വർഷക്കാലമായി തുടർന്ന് പോന്നിരുന്ന സമരമവസാനിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനം സമരരീതിയിലെ വൈവിധ്യമായും സമരതന്ത്രത്തിന്റെ മറ്റൊരേടായി കാണാനാണ് ഇറോം താത്പര്യപ്പെടുന്നത്.

**“അന്യവൽക്കരിക്കപ്പെട്ടവരോടും അടിച്ചമർത്തപ്പെട്ടവരോടും മാറിവരുന്ന ഗവൺമെന്റിന്റെ നിലപാടുകളോടുള്ള പ്രതിഭാഷണമായിരുന്നു അവരുടെ സംസാരത്തിന്റെ ഒരു വശം.**

കഴിഞ്ഞകാലത്തെക്കുറിച്ച് പരിഭവമേതുമില്ലാതെ അതിൽനിന്നും ഊർജ്ജമാവാഹിച്ചുകൊണ്ടുള്ള പുതിയ മുന്നേറ്റമാണവരുടെ ഇനിയുള്ള ലക്ഷ്യം. അതിൽതന്നെ ഇന്ത്യൻ ക്യാമ്പസുകളിൽ വച്ചുപുലർത്തുന്ന സാമൂഹിക–രാഷ്ട്രീയ നിലപാടുകളും അവർക്കു വലിയ പ്രതീക്ഷകൾ സമ്മാനിക്കുന്നു. വരാൻപോകുന്ന മണിപ്പൂർ ഇലക്ഷനിൽ ഇറോമിന്റെ വലിയ പ്രതീക്ഷകളത്രയും ഈ യുവതലമുറയിലാണ്. മാറിവരുന്ന രാഷ്ട്രീയ കക്ഷികളോടുള്ള അപേക്ഷകളിൽ കാര്യമായ എന്തെങ്കിലും മാറ്റങ്ങളുണ്ടാവുമെന്ന പ്രതീക്ഷ അവസാനിച്ചിടത്താണ് അതേ രാഷ്ട്രീയസംവിധാനത്തിന്റെ വക്താവാകാൻ ഇറോമിനെ പ്രേരിപ്പിക്കുന്നത്.

വിദ്യാർത്ഥികൾ ഈ സമൂഹത്തിന്റെ ദർപ്പണമാണെന്ന് ഞാൻ വിശ്വസിക്കുന്നു വസന്തത്തിന്റെ വരവോടെ പുതിയ പ്രതീക്ഷകളും വാഗ്ദാനങ്ങളും പിറവി കൊള്ളുമെന്ന് പറയാറുണ്ട്. ഒരു മുകുളം പുഷ്പിക്കുന്നതോടെ അതൊരുപാട് പ്രത്യാശകളും പ്രതിജ്ഞകളുമാണ് നൽകുന്നത്. ഈ യുവസമൂഹത്തിലും അത്തരമൊരു വസന്തമുണ്ടെന്നത് എന്റെ പ്രതീക്ഷയും ദൃഢവിശ്വാസവുമാണ്. ഈ യുവത സംഘടിക്കുകയാണെങ്കിൽ ഈ സമൂഹത്തിൽ വേരൂന്നിയ എല്ലാ പൈശാചികതകളേയും നമുക്ക് തുത്തെറിയാം. വിദ്യാർത്ഥിത്വം മഹത്തരമാണെന്നും അതിന്റെ പര്യസൃഷ്ടി ഫലപ്രദമാണെന്നും സമൂഹത്തിലെ ഏതൊരു അനീതിയുടെയും ആദ്യ പ്രതികരണങ്ങളിൽ ക്യാമ്പസുകളുടെ പ്രതിഫലനം ഒരു

ദർപ്പണം കണക്കെയാണെന്ന് ഇറോം തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ ക്യാമ്പസുകളിലെ യുവസമൂഹത്തിൽ വലിയ പ്രതീക്ഷയാണവർ വച്ചുപുലർത്തുന്നത്. അതോടൊപ്പം മാറിവരുന്ന രാഷ്ട്രീയസംവിധാനത്തിൽ യാതൊരുവിധ പ്രത്യാശയും അവർ കാണുന്നില്ലെന്നത് കഴിഞ്ഞ പതിനാറു വർഷത്തെ അനുഭവം അവരെ പഠിപ്പിക്കുന്നു. അതിനാൽതന്നെ ആ സംവിധാനത്തിന്റെ ഭാഗമാവുന്നതോടെ അതിന്റെ കറകളെ കഴുകിക്കളയാനുള്ള ഒരവസരമായി അടുത്ത തെരഞ്ഞെടുപ്പിനെ അവർ കാണുന്നു.

ഈ ലോകത്തിന്റെ ദർപ്പണമായ നിങ്ങൾക്കു മുന്നിലിന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ ദർശനമാകുന്ന ഈ ഐക്യം എന്റെ നാട്ടിലില്ല. അവിടെ ഒരു മാർഗദർശിയോ പ്രതിവിധിയോ ഇല്ലാത്ത പ്രശ്നങ്ങൾ മാത്രമാണുള്ളത്. ജനങ്ങളെ സേവിക്കേണ്ടവർ അപ്രകാരം ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ വളരെ അപകടമായൊരു കാൽവെപ്പിന് ഞാൻ നിർബന്ധിതയാണ്. എന്റെ നിരാഹാര സമരാന്ത്യപ്രഖ്യാപനാനന്തരം ഒരു ബി.ജെ.പി ലീഡർ എന്നോട് അവരുടെ പാർട്ടി ലേബലിൽ മത്സരിക്കുവാനും അതിനായി 36കോടി രൂപ തരാമെന്നും വാഗ്ദാനം ചെയ്തു. ഇത്തരം വൃത്തികെട്ട സംവിധാനത്തിൽ ജനങ്ങൾ കുരുക്കിലകപ്പെടാറുണ്ട്. അതുകൊണ്ട്, മൊത്തം രാഷ്ട്രീയസംവിധാനം പൂർണ്ണമായും തിരുത്തപ്പെടേണ്ടതുണ്ട്. നിങ്ങളെല്ലാവരും മണിപ്പൂരിൽ ഒരിക്കൽ വരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു . മണിപ്പൂരെന്ന ഭൂമിശാസ്ത്ര പരിധി(Geographic Boundary)യെക്കുറിച്ചുള്ള പ്രത്യാശയും ആശങ്കയും പങ്കുവെക്കുന്നിടത്ത് കൃത്യമായൊരു മാർഗ്ഗദർശിയുടെ വിടവിനെ കുറിച്ചും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളെക്കുറിച്ചും ഇറോം ആകുലപ്പെടുന്നു. ഈ പ്രശ്നങ്ങളുടെ പരിഹാരങ്ങളിലേക്കും അകന്നുനിൽക്കുന്ന വിടവിലേക്കുമായിരിക്കും ഇറോമിന്റെ രാഷ്ട്രീയ സന്നിവേശമെന്നത് മണിപ്പൂരുകാരെ സംബന്ധിച്ച് പുതിയ പ്രതീക്ഷയാണ്. ഇറോമിനെ എപ്രകാരമാണ് അവർ സ്വീകരിക്കുന്നതെന്നിടത്താവും മൊത്തം ഒരു പ്രദേശത്തുകാർക്കായി നീണ്ടകാലം സമരത്തിലേർപ്പെട്ട ഒരു വനിതയോട് ആ പ്രദേശത്തെ രാഷ്ട്രീയസംവിധാനത്തോടൊപ്പം ആ നാട്ടുകാർ എന്ത് സമീപനം സ്വീകരിച്ചുവെന്ന് മനസ്സിലാക്കാനാവുക.

> ജനങ്ങളെ സേവിക്കേണ്ടവർ അപ്രകാരം ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ വളരെ അപകടമായൊരു കാൽവെപ്പിന് ഞാൻ നിർബന്ധിതയാണ്.



# ആസാദിയെന്ന് മാത്രം.

ശരത്കാല സന്ധ്യകളെന്നെ
ഗമിച്ചിരുന്നെങ്കിലും
പുലർക്കാലത്തിൻ
കഴുകൻ കണ്ണുകൾ
വേട്ടയാടിയാടി തകർത്തപ്പോൾ
വന്നുപറഞ്ഞില്ല ഞാനെൻ ഗദ്ഗദ-
മൊരു പുൽനാമ്പിനോടും,
നാലറകൾ നാല്പതായി
തെറിച്ചെന്നാലും
നിശബ്ദനായിരുന്ന്
പൊടിഞ്ഞിറങ്ങിയ കണ്ണീരു-
കവിതയായൊതുക്കി ഞാൻ.
സ്വത്വങ്ങൾ പുറംമോടിയെ-
ന്നറിയാമെങ്കിലും നീ
നീയെന്നെ കറുത്ത പിൻ-
വിളികളാൽ എതിരേറ്റില്ലെ.
കറുത്തതൊലി, പിറന്നകുലം,
വളഞ്ഞ നട്ടെല്ല്, കുഴിഞ്ഞ മാറ്,
ഒന്നുമോർത്ത് പരിഭവിച്ചില്ല ഞാൻ,
എങ്കിലും നിരന്തരമോർമ്മിപ്പിച്ചു-
നീറ്റിപ്പുകച്ചൂ നീയെന്നും.
കണ്ണീർ കറവറ്റാത്ത കറുത്തിന്ത്യൻ
ബാല്യവും, വെള്ളിച്ചില്ലുറഞ്ഞ്
കയറിയിട്ടും കണ്ണീരുറ്റാത്ത
സിറിയൻ ബാല്യവുമൊന്നു-
തന്നെയെന്നാരോ പിന്നിലുര-
യുന്നപോൽ മർമ്മരം..
പിന്തിരിഞ്ഞുള്ളോരോ
നോട്ടത്തിലും, ഓരോ
ബാല്യവുമെന്നോടാവർത്തിച്ചത്
ആസാദിയെന്നാണ്.,
ആസാദിയെന്ന് മാത്രം.
കറവീണ പല്ലുകാട്ടിയുമോരോ
ദളിതനും പറഞ്ഞതുമതുതന്നെ,
ആസാദി..,ആസാദിയെന്ന് മാത്രം..





മൂന്നാമത്തെ ഹോണിൽ അനുസരണയോടെ സൈഡ് സീറ്റ് പിടിച്ചവർക്ക്



# ഇടിമിന്നലിന്റെ അസ്ത്രങ്ങൾ ചേർത്തു തുന്നിയ കവിതയുടെ ഉടൽ

അതിതീവ്രമായ വിവാദ സ്വഭാവം സൂക്ഷിക്കുന്ന കണ്ടെത്തലുകളാണ് മീനയുടെ കവിതകൾ. അവ അധികാരത്തിനെതിരെയും മേൽക്കോയ്മകൾക്കെതിരെയും, അസഹിഷ്ണുതകൾക്കെതിരെയും, അടിച്ചമർത്തലുകൾക്കെതിരെയും ശബ്ദമുയർത്തുന്നു. എഴുത്തിന്റെ ഏറെ വ്യത്യസ്തമായ ഇടങ്ങൾ സ്വായത്തമാക്കാനുള്ള സാധ്യതയുണ്ടായിരുന്നിട്ടും മീന കവിത തന്നെ തന്റെ മാധ്യമമായി തെരഞ്ഞെടുത്തു.

“ അധികാരം ഉടൽ കലാപം
എന്റെ ജീവിത ലക്ഷ്യം
ഏതെങ്കിലും വിധത്തിൽ
അതിജീവിക്കുകയെന്നല്ല
തഴച്ചുവളരുകയെന്നതു കൂടിയാണ്.
അത്യാഹ്ളാദത്തോടെ, അഭിനിവേശത്തോടെ
സഹാനുഭൂതിയോടെ എന്തെങ്കിലും ചെയ്യുകയെ
താണ്;
അതു എന്റേതായ എഴുത്താണിയിലൂടെ ”

ജീവിതത്തിൽ തറച്ച അസ്ത്രങ്ങളിൽ നിന്നാണ് മീനാക ന്ദസാമി തന്റെ കവിതയുടെ വിത്ത് നനച്ചെടുക്കുന്നത്. അതി തീവ്രമായ സ്വാതന്ത്ര്യലംഘനങ്ങളിൽ നിന്നാണ് മീന, തന്റെ എഴുത്താണിയുടെ മുന കൂർപ്പിച്ചെടുക്കു ന്നത്.

അതിതീവ്രമായ വിവാദ സ്വഭാവം സൂക്ഷിക്കു ന്ന കണ്ടെത്തലുകളാണ് മീനയുടെ കവിതകൾ. അവ അധികാരത്തിനെതിരെയും മേൽക്കോയ്മകൾ ക്കെതിരെയും, അസഹിഷ്ണുതകൾക്കെതിരെയും, അടിച്ചമർത്തലുകൾക്കെതിരെയും ശബ്ദമുയർത്തുന്നു. എഴുത്തിന്റെ ഏറെ വ്യത്യസ്തമായ ഇടങ്ങൾ സ്വായത്ത മാക്കാനുള്ള സാധ്യതയുണ്ടായിരുന്നിട്ടും മീന കവിത തന്നെ തന്റെ മാധ്യമമായി തെരഞ്ഞെടുത്തു.പ്രതിരോ ധത്തിന്റെ ഏറ്റവും ശക്തമായ ഉപകരണമെന്ന രീതി യിൽ ഭാഷയോട് ഏറ്റവും അടുത്തുനിൽക്കാനാവുക കവിതക്കാണെന്നവർ വിശ്വസിക്കുന്നു. നിലനിൽപ്പിന്റെ ഏറ്റവും സൂക്ഷ്മമായ അംശങ്ങളോട് കലഹിച്ചുനിൽ ക്കാനുള്ള ഊർജ്ജം കവിതക്കുണ്ടെന്നവർ പറയുന്നു. കവിത ഒരേസമയം ഭാഷയെ വെല്ലുവിളിക്കുന്നു. എല്ലാ അസമത്വങ്ങളെയും പ്രത്യക്ഷവത്കരിക്കുന്ന ഭാഷയുടെ പ്രതിഷ്ഠാപന സ്വഭാവത്തെയും മുൻ വി ധികളെയും സാരാംശവൽക്കരണ സ്വഭാവത്തെയും വെല്ലുവിളിക്കാൻ ഭാഷക്കുള്ളിൽ നിന്നുതന്നെ കവിത യെ ആയുധമാക്കുകയാണ് താൻ എന്ന് ഒരിക്കൽ മീന പറഞ്ഞു. മിക്കപ്പോഴും സമാധാന ലംഘനമെന്നത് പ്രശ്നങ്ങളുണ്ടാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് എന്നവർ ഒരിക്കൽ കവിതയിലെഴുതി.ലോകത്തിലെ എല്ലാ അധികാരങ്ങളെയും ഒറ്റക്കു ചെറുക്കാനുള്ള നിശബ്ദത കവിതക്കുള്ളിലുണ്ടെന്നും, അതിന്റെ പ്രതിക രണ സ്വഭാവം, ലോകാവസാനം വരെ കാത്തുനിൽ ക്കാൻ പ്രാപ്തയാണെന്നും മീനയെഴുതി.

ഇന്ത്യയിലെ വർത്തമാന സാഹചര്യത്തിൽ, എല്ലാ വിധത്തിലുമുള്ള അധികാരമേധാവിത്വ, അവസ്ഥക




ളെ ചെറുക്കാൻ ഭാഷയാണ് ഏറ്റവും ശക്തമായ മാധ്യമമെന്ന് മീന വിശ്വസിക്കുന്നു. പ്രത്യേകി ച്ച് സ്ത്രീകളോടും ദളിതരോടും സമകാലിക സമൂഹം നിവർത്തി ക്കുന്ന നിലപാടുകൾ തികച്ചും ഭയാനകമാണ്. ഇതിനെതിരെ ഒരെഴുത്തുകാരിയെ നിലയിൽ സ്വന്തം കവിതകൾ തന്നെയാ ണവർ ഉയർത്തിപ്പിടിക്കുന്നത്. യാഥാർത്ഥ്യങ്ങളിൽ വിശ്വസി ക്കുന്ന ഒരു കവിക്ക് രാഷ്ട്രീയ ത്തൽ നിന്ന് മാറിനിന്നുകൊണ്ട്

ചിന്തിക്കാനിവില്ലെന്നും ,സ്വന്തം കവിതയാണ് കവിക ളുടെ രാഷ്ട്രീയമെന്നും മീന വിശ്വസിക്കുന്നു.

അഗ്നിപർവ്വതം പൊട്ടിയൊലിക്കുന്ന ലാവപോലുള്ള വരികളാണ് മീനയുടേത്. ആദ്യകാല കവിതകളായ ദളിത്, സ്പർശം തുടങ്ങിയവയിലൊക്കെത്തന്നെ സ്വയം ഒരു ആക്ടിവിസത്തിന്റെ ഭാഗമാകാനുള്ള ത്വരകൾ കാണാൻ സാധിക്കും. ആത്മഭാഷണങ്ങളുടെ സ്വഭാവമാണ് മീനയുടെ മിക്ക കവിതകൾക്കും. തമിഴ് വംശജയായതിൽ അഭിമാനിക്കുന്നുവെന്നു പറയുന്ന മീനയ്ക്ക് തലകുനിയ്ക്കാതെ തന്നെ ആകാശത്തോളം പടരാമെന്ന ആഗ്രഹത്തിന് ഊർജ്ജം നൽകിയത് തമിഴ് ഭാഷയാണെന്ന് പറയുന്നു.

1 . സമാധാനലംഘനം

അവസാന നിമിഷംവരെ
സമാധാനപരമായി
കാത്തുനിൽക്കാൻ കെൽപ്പുള്ള
ഒരു നിശ്ശബ്ദതയാണ് നമ്മുടേത്.

പക്ഷേ, അത് സഹിക്കാനെളുപ്പമല്ല.
ഏതൊക്കെ വഴിയിലൂടെയായാലും
അത് നിലവിളികളിലേക്ക്
ഉടഞ്ഞുവീഴും; തീർച്ച.

പക്ഷേ, എല്ലാ അടിച്ചമർത്തലുകളും
നമ്മുടെ ദുരന്തപൂർണ്ണമായ
വിലാപങ്ങളായി
പ്രതിഫലിപ്പിക്കുകയില്ല.

ചിലപ്പോൾ
ഭീമാകാരം പൂണ്ട നമ്മുടെ ഉൾവേദനകൾ
പുറത്തേക്ക് ചിതറുമ്പോൾ,
നമ്മുടെ സ്വപ്നങ്ങൾ പുറത്തേക്ക്
പൊട്ടിത്തെറിച്ചൊഴുകുമ്പോൾ
വിപ്ലവം സംഭവിച്ചേക്കാം.

മിക്കപ്പോഴും
സമാധാനലംഘനമെന്നത്
പ്രശ്നങ്ങളുണ്ടാക്കാനുള്ള
ഏറ്റവും നല്ല മാർഗ്ഗമാകുന്നു.

**ഒരു ബോംബേറിനോ, ഒരു തോക്കിൻ കാഞ്ചി വലിക്കാനോ ഇടതു തള്ളവിരൽ മതി എന്ന് കവി ഏകലവ്യനോടു പറയുന്നു. സമഗ്രാധിപത്യങ്ങൾക്കെതിരെ ഉയരേണ്ട പ്രതിരോധത്തിന്റെ വിരലിനെക്കുറിച്ച് ആവർത്തിച്ചോർമ്മിപ്പിക്കുക തന്നെയാണ് കവി.**

സംസ്കൃതത്തിനോട് പോരടിച്ചുനിൽക്കുന്ന തമിഴിന്റെ പ്രതിരോധാത്മകതയിലാണ് മീന വിശ്വസിക്കുന്നത്. ദേശം, കാലം, വർണ്ണം തുടങ്ങിയ ഘടകങ്ങളെ മറികടക്കുകയാണ് മീന തന്റെ കവിതകളിലൂടെ.

ഏകലവ്യൻ എന്ന കവിതതന്നെ ഇതിനുദാഹരണമാണ്. വർത്തമാനകാലവുമായി ഏകലവ്യനെന്ന ദളിത് സ്വത്വത്തെ ചേർത്തുവച്ച് വായിക്കുകയാണ് മീന.

ലോകത്തോടുള്ള പ്രതിരോധാഗ്നിയാണയാളിൽ എരിയുന്നത്. ഏകലവ്യന്റെ വിരൽ മുറിച്ചെടുത്തത് നമ്മൾ അടങ്ങുന്ന വരേണ്യസമൂഹമാണ്. പക്ഷേ, മീന അയാളെ ഇടതുവശത്തിന്റെ ശക്തിയെക്കുറിച്ച് ബോധവാനാക്കുന്നു. അറിവ് അന്വേഷിക്കുന്നവനെ ഞെരിച്ചുകളയുന്ന മേൽവർഗ്ഗത്തിന്റെ അധികാരത്തിനെതിരെ മീനയുടെ ഏകലവ്യൻ, ഇടതുപക്ഷത്ത് നിൽക്കുകയാണ്, ഉള്ളിൽ എരിയുന്ന അഗ്നിയുമായി. ഒരു ബോംബേറിനോ, ഒരു തോക്കിൻ കാഞ്ചി വലിക്കാനോ ഇടതു തള്ളവിരൽ മതി എന്ന് കവി ഏകലവ്യനോടു പറയുന്നു. സമഗ്രാധിപത്യങ്ങൾക്കെതിരെ ഉയരേണ്ട പ്രതിരോധത്തിന്റെ വിരലിനെക്കുറിച്ച് ആവർത്തിച്ചോർമ്മിപ്പിക്കുക തന്നെയാണ് കവി. ഏകലവ്യനിലെ പ്രതിരോധാത്മകതയെ പുറത്തേക്കെടുക്കുന്ന കവിതയാണിത്. ഏറ്റവും പുതിയ കാലത്ത് – വിദ്യാഭ്യാസം കച്ചവടവും അധികാരവുമായി, പ്രതിലോമകരമായി പരിവർത്തനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഏകലവ്യന്റെ പ്രസക്തി

2. ബ്രാഹ്മണനാകാൻ

ഒരു ശൂദ്രനെ ബ്രാഹ്മണനാക്കാ
നുള്ള നടപടിക്രമങ്ങൾ

ഒന്ന് – സുന്ദരിയായ ഒരു ശൂദ്ര
സ്ത്രീയെ തെരഞ്ഞെടുക്കുക

രണ്ട് – അവളെ ഒരു ബ്രാഹ്മണന്
വിവാഹം ചെയ്തു കൊടുക്കുക

മൂന്ന് – ഒരു പെൺകുഞ്ഞിനെ
പ്രസവിക്കാനവളെ അനുവദിക്കുക

നാല് – ഈ കുട്ടിയെ ഒരു ബ്രാഹ്മ
ണനെക്കൊണ്ട് വിവാഹം കഴിപ്പിക്കുക

അഞ്ച് – മൂന്നുനാലു തലമുറവരെ
ഈ പ്രക്രിയ ആവർത്തിക്കുക

– അങ്ങനെ ഒരു ബ്രാഹ്മണ
കുലം ജനിക്കുന്നു.




യേറുന്നു. മീന പറയുന്നു, യഥാർത്ഥ ഇന്ത്യയിൽ ജാതീയ അസമത്വങ്ങൾക്കും, കാപട്യങ്ങൾക്കും വഞ്ചനകൾക്കും അടിയിൽപ്പെട്ടുപോകുന്ന, വളരെ ചെറിയ സംഖ്യവരുന്ന ആളുകളാണ് മുഖ്യധാര എന്നു വിളിക്കപ്പെടുന്ന ഗണത്തിലുള്ളത്. സമാന്തരം, മുഖ്യധാര എന്നീ മുഖക്കുറിപ്പുകളിൽപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ കവിതകൾ മുഖ്യധാരാ ആഖ്യാനങ്ങളെ വെല്ലുവിളിക്കുന്നുണ്ട്. നമ്മളിൽ നിന്ന് നിഷ്കാസിതമാക്കപ്പെട്ട ചരിത്രത്തെ തിരിച്ചുപിടിക്കാൻ ആത്മഭാഷണങ്ങളുടെ ഭാഷയാണ് ഞാൻ എന്റെ കവിതയ്ക്കു നൽകുന്നത്. ജാതിയുടെയും അധികാരത്തിന്റെയും പേരിലുണ്ടാവുന്ന പ്രശ്നങ്ങൾക്ക് രണ്ടായിരമോ അയ്യായിരമോ വർഷത്തെ ചരിത്രമുണ്ടെങ്കിൽ അതിനെതിരെയുള്ള പ്രതിരോധങ്ങളുടെയും പോരാട്ടങ്ങളുടെയും ചരിത്രത്തിനും അത്രതന്നെ പഴക്കമുള്ള ആഴങ്ങളുണ്ട്. ഇത് മനഃപൂർവ്വം മായ്ച്ചുകളയപ്പെടുകയാണ്.

യഥാർത്ഥത്തിൽ ഇത്തരം മാറ്റിനിർത്തലുകളിൽ നിന്നാണ് അയ്യങ്കാളിയെക്കുറിച്ചൊരു പുസ്തകം മീന രചിക്കുന്നതുതന്നെ. പൊതുവഴികളും പൊതുഇടങ്ങളും ദളിതർക്കുവേണ്ടി തുറന്നുകൊടുക്കണമെന്ന് ആഹ്വാനം ചെയ്ത അയ്യങ്കാളിയെ, ചരിത്രത്തിന്റെ മൂലക്കല്ലായിത്തന്നെ മീന ആ പുസ്തകത്തിൽ വരച്ചുകാട്ടുന്നു.

നമ്മളെയെല്ലാവരെയും സംബന്ധിച്ച് സമൂഹത്തെക്കുറിച്ചെഴുതുക ശ്രമകരമാണ്. തമിഴ്സ്ത്രീ, ദളിത് ഫെമിനിസ്റ്റ് എന്നീ സ്വത്വങ്ങളൊക്കെത്തന്നെ നമ്മൾ പങ്കുവെയ്ക്കുന്നത് ഒരേ സമൂഹത്തിലാണ്. ഒരു തമിഴ് ദളിത്സ്ത്രീ എന്നതിൽ ഞാനേറെ അഭിമാനിക്കുന്നു. ഞാനെഴു




തുന്നത് ഇംഗ്ലീഷിലാണ് കാരണം തമിഴ് ദളിത് സ്ത്രീ
സ്വത്വത്തിന്റെ ശബ്ദം ദേശീയതലത്തിലും അതിനപ്പുറം
മുഴങ്ങിക്കേൾക്കണം എന്നു ഞാനാഗ്രഹിക്കുന്നു.
ചരിത്രത്തിൽ സവർണ്ണദേശീയതയ്ക്കും, ജാതീയ ഉന്മൂ
ലനങ്ങൾക്കുമൊക്കെ എതിരെ ശക്തമായ പ്രതിരോ
ധമുയർത്തിയ അടയാളങ്ങളെ ഞാനെന്റെ ഉടലിലും
ഉയിരിലും ആവാഹിക്കുകയാണ്.

ഈ ആവാഹനത്തിന്റെ ശക്തി മീനയുടെ
പലകവിതകളിലും കണ്ടെത്താൻ കഴിയും. ശൂദ്രനെ
ബ്രാഹ്മണനാക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്ന
കവിതയിൽ ഇത് പ്രകടമാണ്. അസ്തിത്വത്തിന്റെ പരി
ണാമങ്ങൾ ആരാണ് ആഗ്രഹിക്കുന്നത് എന്ന വലിയ
ചോദ്യം കവി മുന്നോട്ടു വയ്ക്കുന്നുണ്ട്.

എഴുത്തുകാർക്ക് വാക്കിന്റെ ശക്തിയാൽ
സമൂഹത്തെയും, ആളുകളുടെ മനസ്സുകളെയും
മാറ്റിമറിക്കാൻ സാധിക്കുമെന്ന് മീന കന്ദസാമി വി
ശ്വസിക്കുന്നു. സംവരണമെന്ന ആശയം ഒരിക്കൽ
ഉയർന്നിരുന്നില്ലായെങ്കിൽ ഇന്ത്യയിൽ വിപ്ലവം എന്നേ
നടന്നേനെ എന്നവർ വിശ്വസിക്കുന്നു. സ്വാർത്ഥ താ
ൽപര്യങ്ങളാണ് ജാതിവ്യവസ്ഥയിൽ നിലനിൽക്കുകയെ
ന്ന് അവർ ഉറപ്പിച്ചു പറയുന്നുണ്ട്.
സാമൂഹ്യ അനീതികൾ എന്നെ ദേഷ്യംപിടി
പ്പിക്കുന്നു. എന്തുകൊണ്ട് പാടില്ല? അത്തരത്തിലുള്ള
പ്രതികരണങ്ങൾ കവിതയാവാറുണ്ട്.

**ചരിത്രത്തിൽ സവർ
ണ്ണദേശീയതയ്ക്കും,
ജാതീയ ഉന്മൂലന
ങ്ങൾക്കുമൊക്കെ
എതിരെ ശക്തമായ
പ്രതിരോധമുയ
ർത്തിയ അടയാ
ളങ്ങളെ ഞാനെന്റെ
ഉടലിലും ഉയിരിലും
ആവാഹിക്കുക
യാണ്.**

മോഹൻദാസ് കരംച
ന്ദ് ഗാന്ധി എന്ന കവിതയിൽ
മീന കന്ദസാമി എഴുതുന്നു:
ഒരിക്കലും ഒരു വി
ശുദ്ധനെപ്പോലെ നടിക്കരുത്.
ഞങ്ങൾക്ക് നിന്നിൽ കാണാൻ
കഴിയും കലർപ്പുകൾ
ഓർക്കുക–നീയെങ്ങനെയാണ്
നിന്റെ പാവം ഭാര്യയോട്
പെരുമാറിയിരുന്നതെന്ന്!
പക്ഷേ, അവർ നിന്റെ പുസ്ത
കങ്ങളെഴുതി നിന്റെ ജീവിതം
മെനഞ്ഞു

ഒട്ടേറെ സന്നിഗ്ദ്ധത
കൾ സാധ്യമാക്കിയ കവിതയാ
യിരുന്നു ഇത്. വസ്തുതകളുടെ
മറുഭാഗംകൂടി താൻ കാണാൻ
ശ്രമിക്കുന്നു എന്നു മാത്രമാണ്
മീനയുടെ മറുപടി.

സമൂഹത്തിൽ മാ
റ്റങ്ങൾ വരുന്നത് അധികാരം
ആരുടെ കയ്യിലാണ് എന്നതി
നനുസരിച്ചാണ്. അതാകട്ടെ
പിതൃമേധാവിത്വ, ആണധികാര
കേന്ദ്രങ്ങളെ നാം എത്രത്തോളം
പ്രതിരോധിച്ച് ചെറുത്തു തോൽ
പ്പിക്കുന്നു എന്നതിലടിസ്ഥാന
പ്പെട്ടിരിക്കുന്നു. ഇത് അധികാ
രവുമായി മാത്രം ബന്ധപ്പെട്ട
വസ്തുതയല്ല. സമൂഹത്തിന്റെ
നിലപാടുകളും മനോഭാവവും
കൂടിക്കലർന്നതാണ്. കൂട്ടക്കൊ
ലകളും, അസഹിഷ്ണുതകളും,
അടിച്ചമർത്തലുകളുമെല്ലാം ഈ
അധികാരത്തിന്റെ ദുരുപയോഗ
ങ്ങളാണ്.

എന്റെ കാളി കൊല്ലുന്നവളാണ്
എന്റെ ദ്രൗപദി വിവസ്ത്രയാണ്
എന്റെ സീത ഒരപരിചിതന്റെ
മടിയിലേക്ക്
കയറുന്നവളാണ്.

എന്റെ സ്ത്രീകളെല്ലാം എതിർക്കുന്നവരാണ്.
അവർ ബോംബുകളെ എതിരിടുന്നവരാണ്
രാജാക്കന്മാരെ ഇടിച്ചുതാഴ്ത്തുന്നവരാണ്
എന്നേക്കാൾ മുമ്പേ സൂര്യനെ പിടിച്ചടക്കുന്നവരാണ്.

ഈ നിതാന്ത ജാഗ്രതയാണ് മീന കന്ദസ്വാമിയെന്ന എഴുത്തുകാരിയെ വ്യത്യസ്തയാക്കുന്നത്. ആത്മസ്വത്വത്തിനെതിരെ നിലനിൽക്കുന്ന ഒരധികാരത്തെയും താൻ പരിഗണിക്കുന്നില്ലയെന്ന രാഷ്ട്രീയ സന്ദേശമാണ് മീനയ്ക്ക് സമൂഹത്തിലേക്ക് പകരാനുള്ളത്. ഏറ്റവും മൂർച്ചയുള്ള വാളിനേക്കാൾ വാക്കുകൾക്ക് ചിതറിത്തെറിക്കാനാവുമെന്ന സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങളാണ് മീനയുടെ വാക്കും മൊഴിയും ജീവിതവും.മീന പറയുന്നു – "കവിതയിലൂടെ എന്റെ കവിത വരണ്ടതാണ്.
എന്റെ കവിത യാഥാർത്ഥ്യമാണ്.അതിന് കുണ്ടും കുഴിയുമുള്ള ഒരുപാട് മുനമ്പുകളുണ്ട്.
എന്റെ കവിത നഗ്നമാണ്
എന്റെ കവിത കണ്ണുനീരിലാണ് സ്ഥിതിചെയ്യുന്നത്.
എന്റെ കവിത കുപിതയായി അലറിവിളിക്കാറുണ്ട്.
എന്റെ കവിത പുളയുന്നത് തീവ്രവേദനയിലാണ്.
എന്റെ കവിതയെ ചോരമണക്കും
എന്റെ കവിത ത്യാഗങ്ങളെ നമസ്കരിക്കും
എന്റെ കവിത എന്റെ ആളുകളെപ്പോലെ സംസാരിക്കും എന്റെ കവിത എന്റെ ആളുകൾക്കുവേണ്ടി ശബ്ദമുയർത്തും.

**ഏറ്റവും മൂർച്ചയുള്ള
വാളിനേക്കാൾ
വാക്കുകൾക്ക് ചിതറി
ത്തെറിക്കാനാവുമെന്ന
സ്വാതന്ത്ര്യത്തിന്റെ
ആകാശങ്ങളാണ്
മീനയുടെ വാക്കും
മൊഴിയും ജീവിതവും.**



# അവൾ + അവൻ = രാത്രി

സൃഷ്ടികർമ്മത്തിൽ  ഏർപ്പെടാനിരിക്കെ ബ്രഹ്മാവ് വിധിയുടെ കണക്കുപുസ്തകമെടുത്തു പരിശോധിച്ചു. വായിച്ച് പഠനറിപ്പോർട്ട് എഴുതിസമർപ്പിക്കാൻ ശിവൻ തന്നുവിട്ടിട്ട് മാസം ഒന്നുകഴിഞ്ഞു, ഇനിയെങ്കിലും ചെയ്തുകെടുത്തില്ലെങ്കിൽ ശിവന്റെ മൂന്നാംകണ്ണിൽ വെന്തുരുകുമെന്ന ഭയമാണ് താത്പര്യമില്ലങ്കിൽപോലും ഈ സാഹസത്തിനുമുതിരാൻ ബ്രഹ്മാവിനെ പ്രേരിപ്പിച്ചത്.

ദിവസങ്ങളോളം കെട്ടിമറഞ്ഞിരുന്നിട്ടും വിധിയുടെ കാൽഭാഗംപോലും വായിച്ചുതീർക്കാൻ ബ്രഹ്മാവിനു കഴിഞ്ഞിട്ടില്ല. തന്നെയുമല്ല ഒന്നും രണ്ടും അദ്ധ്യായങ്ങൾ പിന്നിട്ടപ്പോഴേക്കും മനംമടുപ്പിക്കുന്ന വിധിവിവരങ്ങൾ മനസിൽകിടന്നുതികട്ടാൻ തുടങ്ങി.

മൂന്നാം അദ്ധ്യായത്തിൽ ചടഞ്ഞിരിക്കുന്ന ബ്രഹ്മാവിനോട് സരസ്വതി

എന്തേ ഇനിയും കഴിഞ്ഞില്ലേ.

അതുകേട്ട് പുച്ഛത്തോടെ ബ്രഹ്മാവ് പറഞ്ഞു

ഹും കഴിയാനോ? ഞാൻ മരിച്ചാലും ഇതു കഴിയില്ല.

ബെഡ്ഷീററ് നീട്ടിവിരിച്ചുകൊണ്ട് സരസ്വതി ആകുലപ്പെട്ടു.

അതിനങ്ങേക്ക് മരണമില്ലല്ലോ

കനത്ത നിരാശയോടെ ബ്രഹ്മാവ്

ഇതിലും ഭേദം മരിക്കുന്നതാ

മറുപടിക്കേട്ട് എന്തുപറയണമെന്നറിയാതെ നിൽക്കുന്ന സരസ്വതിയോട് ബ്രഹ്മാവുപറഞ്ഞു.

'നീ കിടന്നോ ഞാൻ വന്നേക്കാം'

വിധിയുടെ മൂന്നാം അദ്ധ്യായത്തിലേക്കു നോക്കാതെ ബ്രഹ്മാവ് ആ സമയം ഭൂമിയിലെ മനുഷ്യരെക്കുറിച്ചോർത്ത് അസൂയപ്പെടുകയായിരുന്നു.വിധിയുടെ കണക്കുപുസ്തകത്തിലേക്കു തലനീട്ടി, അദ്ധ്യായത്തിന്റെ തുടക്കത്തിൽ തന്നെ എഴുതിച്ചേർത്ത പേര് കണ്ടൊന്നു പകച്ചു. അവൻ,അവൾ, രാത്രി, ഇനി ശരിക്കും അവൾക്ക് പേരില്ലേ? യഥാർത്ഥപേര് രേഖപ്പെടുത്താത്തതാണോ. അതോ പേരെഴുതാൻ വിട്ടുപോയതാകുമോ. എന്തായാലും ആലോചിച്ചു നിൽക്കാൻ സമയമില്ല മൂന്നാം അദ്ധ്യായത്തിലെ ആദ്യഭാഗമെങ്കിലും ഇന്ന് തീർക്കണം. ബ്രഹ്മാവ് വായനതുടങ്ങി.

അവൾ

പത്രങ്ങളിൽ നിറഞ്ഞുനിൽക്കുന്ന പീഡനവാർത്തകൾ കണ്ടപ്പോഴാണ് അവൾ നഖംനീട്ടിവളർത്താൻ തുടങ്ങിയത്. അയൽപക്കത്തെ പെൺകുട്ടി പീഡിപ്പിക്കപ്പെട്ടപ്പോഴാണ് അവൾ കോമ്പല്ലുകൾ രാകിമൂർച്ചപ്പെടുത്തിയത്. പീഡനത്തിന് ഇരയാവുന്നതുകണ്ട് ഞെട്ടിയുണർന്ന് ഉറക്കം നഷ്ടപ്പെട്ടപ്പോഴാണ് അവളൊരു രാക്ഷസിയാവാൻ കൊതിച്ചത്.

ഒളിഞ്ഞും തെളിഞ്ഞും നോക്കുന്ന കഴുകൻ കണ്ണുകൾ കണ്ടപ്പോഴാണ് കൗമാരത്തിലെ ശരീരവളർച്ചയെ അവൾ ശപിച്ചുതുടങ്ങിയത്.

വീട്ടിൽനിന്നൊരു ചെറുപ്പക്കാരന്റെ കണ്ണുകൾ മേലിടുപ്പും കടന്ന് പച്ചയിറച്ചിയിലേക്ക് ചൂഴ്ന്നിറങ്ങിയപ്പോഴാണ് മുന്നിലെത്തുന്ന ഓരോ പുരുഷനേയും അവൾ സംശയിച്ചു തുടങ്ങിയത്.

രാത്രികാലങ്ങളിൽ ഉറങ്ങാതെ സ്വന്തംശരീരത്തിന് കാവൽനിന്ന നിമിഷങ്ങൾ വർഷങ്ങളുടെ കാലപ്പഴക്കത്തിലും മറക്കാത്ത വെറുപ്പ് സൃഷ്ടിച്ചതുകൊണ്ടാണ് അവളിന്നും അവനെ ശത്രുവായിക്കാണുന്നത്.

അവൾ എന്നഭാഗം വായിച്ചുകഴിഞ്ഞപ്പോഴേക്കും ബ്രഹ്മാവിന്റെ ഇടതു വശത്തെ തലച്ചോറിലേക്ക് സഹ



താപത്തിന്റെയും കരുണയുടെയും രക്തങ്ങൾ പമ്പുചെയ്യാൻ തുടങ്ങി. അതു വകവെയ്ക്കാതെ ബ്രഹ്മാവ് വീണ്ടും വായന തുടങ്ങി.

അവൻ

കാമനകളെ അടക്കിവെയ്ക്കാൻ കഴിയാതെ അലഞ്ഞു നടക്കുന്ന ഭീകരസത്വമായിരുന്നു അവൻ. പൂനിലാവിലും രതിലയത്തിലും വായിച്ചറിഞ്ഞ അനുഭൂതികളെ തൊട്ടറിയാൻ അവൻ തക്കംപാർത്തിരുന്നു.

അവന്റെ നോട്ടം പതിയാത്ത ഒരുപെണ്ണുപോലും അന്നാട്ടിൽ  ഉണ്ടായിരുന്നില്ല. അയൽപക്കത്തെ പെണ്ണുങ്ങൾ അവനെക്കുറിച്ച് പരാതിപ്പെട്ടുക്കൊണ്ടിരുന്നു. അങ്ങനെയാണ് അടുത്തവീട്ടിലെ നബീസുമ്മയുടെ തൂങ്ങിയാടുന്ന മുലകളെ അവൻ കയറിപ്പിടിച്ചു എന്ന വാർത്ത അവൾ അറിഞ്ഞത്.

അവന്റെ വശീകരണത്തിൽ വീഴാത്തതുകൊണ്ട്,വീട്ടുക്കാർ ഞെട്ടിയുണരാത്ത രാത്രിക്കുവേണ്ടി അവൻ കാത്തിരുന്നു.

വായനകഴിഞ്ഞപ്പോഴേക്കും ബ്രഹ്മാവിന്റെ ശരീരത്തിൽ നിന്നു ദേഷ്യം ഇരച്ചുകയറി വലത്തേതല ചൂടാവാൻ തുടങ്ങി. ചൂടുകൂടി തന്റെ തലയിലെ മുടിയത്രയും പൊഴിഞ്ഞുപോവുമെന്ന് ഭയന്ന് ബ്രഹ്മാവ് വീണ്ടും വായനയിലേക്ക് മടങ്ങി.

രാത്രി

ചന്ദ്രൻ ഭൂമിയിലേക്ക് ഒന്നെത്തിനോക്കുകപോലും ചെയ്യാത്തരാത്രി. ചുററും ഇരുട്ട് നിശ്ശബ്ദമായി പടർന്നിരുന്നു. അടുത്തമുറികളിൽനിന്നും കൂർക്കംവലികൾമാത്രം ഉയർന്നുകേൾക്കാം

വീടാകെ നീണ്ട ഉറക്കത്തിൽ തളച്ചിടപ്പെട്ടു എന്നറി

ഞ്ഞമാത്രയിൽ അവൾ തന്റെ മുറിവിട്ട് പുറത്തിറങ്ങി. തന്റെ ചലനങ്ങൾ ആരും അറിയാതിരിക്കാൻ അവൾ കിലുങ്ങുന്ന ആഭരണങ്ങൾ ഉപേക്ഷിച്ചു. പിന്നെ, അവന്റെ മുറി ലക്ഷ്യമാക്കി നടന്നു. മലർന്നുകിടന്നുറങ്ങുന്ന അവന്റെ ശരീരം കണ്ടപ്പോഴേക്കും അവളിൽ പക ഇരമ്പികയറാൻ തുടങ്ങി. വർഷങ്ങളായി അവളിൽ ഉറങ്ങികിടന്ന രാക്ഷസി പുറത്തുചാടി.

അവന്റെ ചലനങ്ങളെ കട്ടിലിൽ പിടിച്ചുകെട്ടി, ഇരുട്ടിനെ തിരിച്ചറിയാത്ത വിധം അവന്റെ കണ്ണുകൾ മൂടികെട്ടി. നേർത്ത ശബ്ദം പോലും പുറത്തുവരാതെ വായിൽ തുണി തിരുകിക്കയറ്റി.

അവന്റെ ശരീരത്തിലെ രോമകൂപങ്ങൾക്കിടയിലേക്ക് അവളുടെ വിരലുകൾ ആഴ്നിറങ്ങി, മുടികൾ അവന്റെ കഴുത്തിനെ വരിഞ്ഞുമുറുക്കി,അവളുടെ കോമ്പല്ലുകളിൽ കുരുങ്ങി അവന്റെ ചുണ്ടുകളിൽ രക്തം കിനിഞ്ഞു.

അവളുടെ കൈകൾ അവന്റെ അരക്കെട്ടിനെ ഞെരിച്ചമർത്തി, മുറിവേറ്റ് അവന്റെ ലിംഗം ഉറക്കെ കരഞ്ഞു. അവൾ കൊടുങ്കാറ്റായിമാറി. ശീഘ്രഭോഗം ചെയ്ത് വലിച്ചെറിഞ്ഞ അവന്റെ ശരീരത്തിലെ ചോരയുടെ പച്ചമണം നിറഞ്ഞ മുറിയിൽനിന്നുമവൾ പുറത്തിറങ്ങി.

വായന പൂർത്തിയാക്കി ബ്രഹ്മാവ് തന്റെ നാലുതലകളും അവിടത്തന്നെ ഉണ്ടോ എന്നുറപ്പുവരുത്തി. വിധിയുടെ കണക്കുപുസ്തകം മടക്കിവെച്ച്, കിടക്കയിലേക്കു നടന്നു.



# കാലികത

ഒരു കൂട്ടം
അവന്റെ പിറകെ ഓടുന്നതുകണ്ടു
അവരോടുകയല്ല.
അവനവരെ ഓടിക്കുകയാണ്.
ഓടിത്തളർന്നവൻ
മൺമെത്തയിൽ വീണപ്പോൾ
കൂട്ടവും ഓട്ടം നിർത്തി.
നീണ്ടുകിടക്കുന്ന
അവന്റെ ചെറിയ നിഴലിൽ
ഓടിത്തളർന്നവരുടെ കയ്യിലെ
വാളുകൾ മൂർച്ചകൂട്ടുന്നതും
നോക്കിനിന്നു.നിശബ്ദമായി,നിർവികാരമായി.
ഞാനും എന്നെപ്പോലെ എല്ലാവരും.
ഒടുവിലവന്റെ  വിശുദ്ധ മാംസം  പേറുന്ന
മൃതശരീരം
ഒരിറ്റു ദയയാഗ്രഹിച്ചപ്പോൾ
വയറൊട്ടിയൊരു തെരുവു പശുമാത്രം
അവനു വേണ്ടി നിലവിളിച്ചു.



# ബാക്കിയായത്.

വാക്കുകൾ പണയം വച്ച്
ഞാനൊരു ഫ്ളാറ്റുവാങ്ങി
ചൂണ്ടു പലകകൾ മാത്രം
വഴിതെളിക്കുന്നു
ആംഗ്യം നിരോധിച്ച്
സർക്കാർ ശാസനം.
ചീവീടുകൾ ചിലച്ച
ഇരുണ്ട രാത്രികൾ
ശബ്ദ വിഹീനതയിൽ
കുളിച്ചുകേറി

ശബ്ദമില്ലാത്തവന്റെ
പെൻഷൻ
കാശിനായി കച്ചേരിപ്പടിക്കൽ
ജനം ക്യൂ പാലിച്ചു.
കണ്ണീരൂറ്റി വിൽക്കുന്ന
കമ്പനിയിൽ പണിയെടുത്ത്
അന്തിയിൽ പറ്റമായി
കൂടണയുന്ന പെണ്ണുങ്ങൾ.
രക്തം വിൽക്കുന്ന
ലാബിന്റെ വരാന്തയിൽ
മുറുകെ പിടിച്ച ചില്ലറ തുട്ടുമായി
അവൻ...
മൈക്കുകൾ ഉപേക്ഷിച്ച്
കവല പ്രസംഗം ഉപേക്ഷിച്ച്
കാവ്യ വസന്തത്തെ
തിരസ്ക്കരിച്ച്
കാഴ്ച്ചയുടെ 'സെൽഫി'
കൂട്ടായ്മ മാത്രം.
ജനം.



# നേര്

ഇരുട്ടു ചുറ്റിലും പച്ചപിടിക്കുകയായിരുന്നു
ഇങ്ങനെതുടങ്ങിയതാണ്
സ്വപ്നങ്ങളെയെല്ലാം ബലാൽക്കാരം
ചെയ്തുതീർത്തു
എന്നിട്ടും ആവർത്തനത്തിന്റെ പുളിച്ചുതികട്ടൽ
ശബ്ദത്തിനു നിറമില്ലാത്തതു–
നന്നായി
ഇല്ലെങ്കിൽ പറയാൻ രഹസ്യങ്ങളില്ലാതെ
ഉത്തരം മുട്ടിയേനെ
ഹരിച്ചും ഗുണിച്ചും എഴുതിവച്ചതാണ്
നേരംമ്പോക്കിന്റെ കുത്തിക്കുറിക്കലുകൾ
ഓർത്തോർത്തു വരുമ്പോൾ
ഓർമപിശകുപറ്റിമറന്നുപോയി
അതിലുണ്ടായിരുന്നു
ജലം  നീറി നീറി തീയ്യാവുമ്പോൾ
കുടലുപൂക്കുന്ന കുളിര്





# ഞങ്ങൾ ഞങ്ങളെത്തന്നെ ഉടച്ചുവാർത്തകഥ

ക്യാമ്പസ്സിലാണ് ഞങ്ങളെങ്കിലും, പൊതുസമൂഹത്തിലെ ഏതൊരു പ്രശ്നവും ഞങ്ങളെ അലട്ടുന്നുണ്ട്. ചില വാക്കുകൾ ഉച്ചരിക്കുമ്പോൾ, ചില ശബ്ദങ്ങളുയർത്തുമ്പോൾ, ചില ഓർമ്മകൾ, ചില മുറിവുകൾ തുടക്കുമ്പോൾ, നാമൊന്നു ശങ്കിക്കുന്നു.

എന്റെ രാഷ്ട്രീയം ഭൗമികമാണ്. ഭൂമിയിലെ അവസാനത്തെ പുഴുവിനുവേണ്ടി അത് നിലനിൽക്കും എന്നു പറഞ്ഞ ഓട്ടോറെനെ കാസ്റ്റലേയെ ഓർമ്മിക്കട്ടെ. ഞങ്ങൾ ഇരുപതുപേരുണ്ട്. പേരുകൾക്ക് പ്രസക്തിയില്ലെന്നറിയാം. പക്ഷേ പേരുകൾ ഇക്കാലത്ത് പലതും ഓർമ്മിപ്പിക്കുന്നുണ്ട്. പൂക്കളെയും പൂമ്പാറ്റകളേയും പുസ്തകങ്ങളേയും പ്രണയിച്ച്, മനസ്സിൽ മനുഷ്യസ്നേഹം കാത്തുനടന്ന ഒരുപറ്റം വിദ്യാർത്ഥികളാണു ഞങ്ങൾ. ഞങ്ങൾക്കിടയിൽ വേലിക്കെട്ടുകളോ, മതിലുകളോ, നിറമോ, ജാതിയോ ഒന്നുമില്ല. ഉന്നതവിദ്യാഭ്യാസരംഗത്തും, ഇന്ത്യൻ സമൂഹത്തിലും കീഴാളവിഭാഗങ്ങളോടു പ്രകടിപ്പിക്കുന്ന സ്പർദ്ധകളെക്കുറിച്ച് ഞങ്ങൾ കലഹിക്കാറുണ്ട്. തത്ത്വശാസ്ത്രം ആരംഭിക്കുന്നത് ഒരാൾ സംശയിച്ചു തുടങ്ങുമ്പോഴാണ് എന്നതിന് പകരം തത്ത്വശാസ്ത്രം ആരംഭിക്കുന്നത് ചിന്തയുടെ ചരിത്രത്തിൽ ഒരാൾ വിമർശനാത്മകമായി ഇടപെടുമ്പോഴാണ് എന്നു മാറ്റി പറിയേണ്ടിവരും. പലപ്രശ്നങ്ങളെക്കുറിച്ചും ഞങ്ങളുടെ മരത്തണലുകളിലിരുന്ന് ചർച്ച ചെയ്യുമ്പോഴും, ഉള്ളിൽ ഒരഗ്നിപർവ്വതം പുകയുന്നത് ഞങ്ങൾ കാണാതിരിക്കാൻ ശ്രമിച്ചു. അരാഷ്ട്രീയമായിക്കൊണ്ടിരിക്കുന്ന ക്യാമ്പസ്സ് രാഷ്ട്രീയത്തെക്കുറിച്ച് ഞങ്ങൾക്കൊരുപാടു പറയാനുണ്ടായിരുന്നു.

സങ്കൽപരഹിതമായ ബോധത്തിൽ
ഈ പ്രപഞ്ചം കണ്ണാടിയിലെന്നപോലെ
ഒരു പ്രയോജനവുമില്ലാതെ
പ്രതിബിംബിച്ചു കാണുന്നു

എന്ന് യോഗവാസിഷ്ഠത്തിൽ പറയുന്നതുപോലെ, ഞങ്ങളിൽ ചില ഓർമ്മകളും മറവികളും പ്രതിഫലിച്ചു. നിരന്തരമായി വിവിധ ക്യാമ്പസുകളിൽ അരങ്ങേറുന്ന ആത്മഹത്യകളുടെ കനം ഞങ്ങളെ മൂടി. അടച്ചുവച്ച ഉടലുകളേയും മനസ്സുകളേയും തുറന്ന് പറത്താൻ ഞങ്ങൾ ആഗ്രഹിച്ചു. തെരുവിൽ പട്ടിയെപ്പോലെ തല്ലിച്ചതയ്ക്കപ്പെട്ടവനും, സ്വപ്നങ്ങൾ കണ്ട് ജീവൻ വെടിഞ്ഞവനും ഞങ്ങളുടെ ആത്മാവ് മോഷ്ടിച്ചു.

ഭാവനയ്ക്കും സങ്കൽപത്തിനും തന്നെയാണ് ഞങ്ങളിൽ പ്രാധാന്യം. അടിസ്ഥാനപരമായി മനുഷ്യന്റെ ഓർമ്മയെ നിലനിർത്തലാണ് മരണത്തെ അതിജീവിക്കൽ. ആത്മഹത്യ മറവിയിൽനിന്നുള്ള ഒരൊളിച്ചോട്ടമാണ്. അത് ജീവിതത്തിൽ നിന്ന് മരണത്തിലേക്കുള്ള യാത്ര കൂടിയാവുന്നു. ഇരുട്ടിലാണ് എല്ലാ ഉത്തരങ്ങളും വഴിയും വിജനതകളും നിശബ്ദതയും വ്യർത്ഥതയും ക്രൂരതയും ജന്മങ്ങളും ജന്മാന്തരങ്ങളും അടങ്ങിയ ജീവചക്രം. ഇരുട്ടിലേക്കല്ലേ നമ്മൾ എല്ലായ്പ്പോഴും ഒളിഞ്ഞുനോക്കുന്നത്?

‘

**ഞങ്ങളിൽ ചില ഓർമ്മകളും മറവികളും പ്രതിഫലിച്ചു. നിരന്തരമായി വിവിധ ക്യാമ്പസുകളിൽ അരങ്ങേറുന്ന ആത്മഹത്യകളുടെ കനം ഞങ്ങളെ മൂടി. അടച്ചുവച്ച ഉടലുകളേയും മനസ്സുകളേയും തുറന്ന് പറത്താൻ ഞങ്ങൾ ആഗ്രഹിച്ചു. തെരുവിൽ പട്ടിയെപ്പോലെ തല്ലിച്ചതയ്ക്കപ്പെട്ടവനും, സ്വപ്നങ്ങൾ കണ്ട് ജീവൻ വെടിഞ്ഞവനും ഞങ്ങളുടെ ആത്മാവ് മോഷ്ടിച്ചു.**

ക്യാമ്പസ്സിലാണ് ഞങ്ങളെങ്കിലും, പൊതുസമൂഹത്തിലെ ഏതൊരു പ്രശ്നവും ഞങ്ങളെ അലട്ടുന്നുണ്ട്. ചില വാക്കുകൾ ഉച്ചരിക്കുമ്പോൾ, ചില ശബ്ദങ്ങളുയർത്തുമ്പോൾ, ചില ഓർമ്മകൾ, ചില മുറിവുകൾ തുടക്കുമ്പോൾ, നാമൊന്നു ശങ്കിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെ എന്ന ചോദ്യം ഉന്നയിക്കുമ്പോൾ ഞങ്ങൾക്ക് ആദ്യം നോക്കേണ്ടിവരുന്നത് ഞങ്ങളുടെ ഉള്ളിലേക്കു തന്നെയാണ് എന്നു ഞങ്ങൾ തിരിച്ചറിയുകയായിരുന്നു. ഇന്ത്യൻ സമൂഹ മനസ്സ് മറ്റൊരിക്കലുമില്ലാത്ത വിധത്തിൽ കുറ്റവാളിവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ പാഠരൂപങ്ങൾ സമീപകാല സാംസ്കാരിക വ്യവഹാരങ്ങളിൽനിന്ന് ഞങ്ങളെ നോക്കി പുച്ഛിച്ചു. നമ്മുടെ പൊതുസമൂഹം, നമ്മുടെ യുവാക്കൾ, നമ്മുടെ ക്യാമ്പസ്സുകൾ, നമ്മൾ വായിക്കുന്ന പത്രങ്ങൾ... എല്ലാംതന്നെ ക്രിമിനൽവൽക്കരിക്കപ്പെടുന്നു.

നവോത്ഥാനമൂല്യങ്ങൾ പകർന്നുതന്ന ഊർജ്ജത്തെ പാടെ നിരാകരിക്കുന്ന സിനിമകൾ, വാർത്തകൾ, അരാഷ്ട്രീയത... അങ്ങനെയിരിക്കെ ഞങ്ങളിലൊരുവൻ ആത്മഹൂതി ചെയ്തു. അവന്റെ നിറമോ ജാതിയോ ഭാഷയോ ദേശമോ അല്ല ഞങ്ങളെ അലട്ടിയത്. അവൻ ഞങ്ങൾക്കിടയിലുള്ളവനായിരുന്നുവെന്നതാണ്. അങ്ങനെയാണ് അരങ്ങ് സ്വപ്നം കാണാതെ ഞങ്ങൾ ഒരു നാടകമൊരുക്കാമെന്ന തീരുമാനത്തിലെത്തിയത്.



ഇനിയുമുണ്ട് ഞങ്ങളിൽ ഇവിടെ എഴുതപ്പെടാത്ത പേരുകൾ. ഞങ്ങളുടെ ക്യാമ്പസിന് കടലിന്റെ മണമുണ്ട്. സ്വപ്നത്തിനും ഭ്രമാത്മകതയ്ക്കും ജീവിതത്തിനും മരണത്തിനുമിടയിൽ ഒഴുകുന്ന ഒരു കടൽ ഞങ്ങളെ നനയ്ക്കുന്നു. ഞങ്ങൾക്കറിയാം. ഒരിക്കൽ ആ കടൽ ഞങ്ങളുടെ മനസ്സുകളിൽ മാത്രമായിരുന്നു. ഞങ്ങളുടെ സ്വപ്നങ്ങളുടെയും വിയർപ്പിന്റെയും ചോരയുടെയും മണമുള്ള അസഹിഷ്ണുതകളുടെ ആ കടൽ ഞങ്ങളെ ഭ്രമിപ്പിച്ചു. ഞങ്ങളുടെ ആത്മാവും ശരീരവും കാറ്റിനും ജലത്തിനുമൊപ്പം പൂമ്പാറ്റകളെപോലെ പാറിക്കളിക്കുന്നത്, കടൽ മീനിനെപ്പോലെ തിരകളിലൂടെ ചാട്ടുളിപ്പാച്ചിൽ പായുന്നത് ഞങ്ങൾ സ്വപ്നം കണ്ടിരുന്നല്ലോ! ആ സ്വപ്നം ഉണങ്ങാതിരിക്കാൻ, ആ കടൽ വറ്റാതിരിക്കാൻ ഞങ്ങൾ ഭൂമിയുടെ ഓരോ അറ്റങ്ങളിൽ കൺപോളകളടയ്ക്കാതെ ഇരുന്നിരുന്നു.

ലോകം മുഴുവൻ ഫാസിസ്റ്റ് വിരുദ്ധപ്രവർത്തനങ്ങളാണ്, ലിംഗ അസമത്വ ചർച്ചകളാണ്, സ്വാതന്ത്ര്യലംഘനങ്ങൾക്കെതിരെ, ആൺ/പെൺ വകഭേദങ്ങൾക്കെതിരെ പ്രതിരോധങ്ങളാണ്.

ഞങ്ങൾ പരസ്പരം ചുബിക്കുന്ന മേഘങ്ങളെപ്പോലെ ഞങ്ങളുടെ മണ്ണിലൊന്നിച്ചു. കെട്ടുകാഴ്ചകളോ ആരവങ്ങളോ ഇല്ലാത്ത, പ്രതിരോധത്തിന്റെ വ്യത്യസ്തപാഠചിന്തയോടെ, ഒരു സർവകലാശാലയിൽ പഠിക്കുന്ന

**സ്വപ്നത്തിനും ഭ്രമാത്മകതയ്ക്കും ജീവിതത്തിനും മരണത്തിനുമിടയിൽ ഒഴുകുന്ന ഒരു കടൽ ഞങ്ങളെ നനയ്ക്കുന്നു. ഞങ്ങൾക്കറിയാം. ഒരിക്കൽ ആ കടൽ ഞങ്ങളുടെ മനസ്സുകളിൽ മാത്രമായിരുന്നു. ഞങ്ങളുടെ സ്വപ്നങ്ങളുടെയും വിയർപ്പിന്റെയും ചോരയുടെയും മണമുള്ള അസഹിഷ്ണുതകളുടെ ആ കടൽ ഞങ്ങളെ ഭ്രമിപ്പിച്ചു.**

വിദ്യാർത്ഥികൾ എന്ന നിലയിൽ ഞങ്ങൾക്ക്, ഞങ്ങളോടുതന്നെയുള്ള ഉത്തരവാദിത്തങ്ങൾ ഏറുകയാണെന്നുതോന്നി. എന്നിട്ടും ഉച്ചനേരങ്ങളിൽ ആളുകൾ, വിശപ്പാറ്റി ഒന്നു നിശ്ശബ്ദമാകുന്ന കാലത്ത്/ സമയത്ത് ഞങ്ങൾ എഴുത്തച്ഛൻ ബ്ലോക്കിനുമുന്നിലെ തണലിലേക്കു പോകും. വെയിൽക്കാറ്റ് കവിതകൂട്ടിക്കുടിച്ച ഞങ്ങളുടെ അധ്യാപിക രോഷ്നി ടീച്ചർക്കൊപ്പം. ക്ലാസ്സ്മുറിയിൽ പ്രാവിൻ കുഞ്ഞുങ്ങളെപ്പോലിരുന്ന ഞങ്ങൾക്കപ്പോൾ ആയിരം ചിറകുകൾ.... കടൽത്തിരപോലെ ഉടലുകൾ..

ചരിത്രത്തിലെ ആത്മഹത്യകളെക്കുറിച്ച് പറഞ്ഞായിരുന്നു ഞങ്ങളാരംഭിച്ചത്. പോസ്റ്റ്ഡ്രാമാറ്റിക് നാടകകൃത്ത് സാറാകെയ്ൻ, സിൽവിയാ പ്ലാത്ത്, വെർജീനിയ വുൾഫ്, മയക്കോവ്സ്കി, സുബ്രമണ്യദാസ്..

നാടകത്തിന്റെ ഓരോ അടരും ഓരോ അക്ഷരവും ഉള്ളിലേക്കുകടന്നപ്പോൾ, ഞരമ്പിലേക്കു പടർന്നപ്പോൾ, ഒരു വാക്കുപോലും വെറുതെ പറയരുതെന്ന്, പരസ്പരം ചോര ഞരമ്പിൽപ്പിടിച്ച് അറിയുന്നവരായി ഞങ്ങൾ. മെക്സിക്കൻ തെരുവുകളിൽ നിറങ്ങളുടെ പ്രതിരോധാഗ്നി പടർത്തിയ ഫ്രിഡാകാഹ്ലോയെന്ന മുറിവ് ഞങ്ങളും ഞങ്ങളുടെ ഉടലിലനുഭവിച്ചു.

സാറാകെയ്നിന്റെ നാടകങ്ങളിൽ നിന്നും, സിൽവിയാ പ്ലാത്തിന്റെ കവിതകളിൽ നിന്നും, ഫ്രിഡാകാഹ്ലയുടെ ചിത്രങ്ങളിൽ നിന്നും കാലം ഞങ്ങളെ വർത്തമാനകാലത്തിലേ

ക്ക് കുടഞ്ഞിട്ടു. ഞങ്ങൾക്കിടയിൽ നീയോ ഞാനോ, ആണോ പെണ്ണോ എന്ന വേഗങ്ങളും വളവുകളുമില്ല. ലോകം മുഴുവൻ അസ്പൃശ്യതകളുടെയും ബന്ധനങ്ങളുടെയും കഥകൾ കൊട്ടിപ്പാടുമ്പോൾ ഞങ്ങൾ കൈകൾ, കൈവിരലുകൾ കോർത്തു. അവളിൽ നിന്നും അവനിലേക്കും, അവനിൽ നിന്നും അവളിലേക്കും പടർന്ന രക്തത്തിന്റെ ചൂട് ഞരമ്പുകൾ കോർത്തനുഭവിക്കാൻ ഞങ്ങൾക്കായി. വന്നവർ വന്നവർ ഞങ്ങളുടെ നാടകത്തിന്റെ ഭാഗമായി. തുടക്കം മുതൽ ഞങ്ങൾ കണ്ടുകൊണ്ടിരുന്ന ഒരു സ്വപ്നമുണ്ട്. സംസ്കാരത്തിന്റെ കേന്ദ്രസ്ഥാനമെന്നോണം അടയാളപ്പെടുത്തപ്പെടേണ്ട ഒരു സർവകലാശാലയെ പ്രതിരോധത്തിന്റെ ജൈവസാന്നിധ്യത്തിൽ നൈരന്തര്യ ക്രമത്തിലേക്ക് പരിവർത്തിപ്പിക്കുക, സാമ്പ്രദായിക പരിമിതാർത്ഥത്തിൽ നിന്ന് നിരന്തര വിദ്യാഭ്യാസത്തിന്റെയും സാംസ്കാരിക പോഷണത്തിന്റെയും ചലിക്കുന്ന ഒരിടമാക്കി നിലനിർത്തുക.

പാമ്പും പുഴുവും നായ്ക്കുട്ടികളും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ഉച്ചഭക്ഷണ സമയത്തെ മോഷ്ടിച്ചെടുത്താണ് ഞങ്ങൾ ഗവേഷണബ്ലോക്കിനു മുന്നിൽ പരിശീലനത്തിനെത്തിയത്. ഞങ്ങളിൽ പലരും ജീവിതത്തിലാദ്യമായി ഞങ്ങൾക്കുള്ളിൽ ഒളിഞ്ഞു കിടന്ന ചലനശക്തിയെ തിരിച്ചറിഞ്ഞത്, ഞങ്ങളുടെ ശരീരത്തെക്കുറിച്ച് ബോധ്യമുള്ളവരായത് ഈ ദിവസങ്ങളിലാണ്. കൊളുത്തിട്ടടച്ചുചേർത്ത ഉടലുകളായിരുന്നു ഞങ്ങളുടേത്. ചൊല്ലിത്തന്ന രാഷ്ട്രീയപാഠങ്ങളുടെ വിത്തുഭൂമിയായിരുന്നു ഞങ്ങളിൽ ചിലർ. തുരുമ്പിച്ച കൊളുത്തുകൾ കരകരാശബ്ദത്തോടെ തുറന്നത് 5000 സ്വപ്നങ്ങൾ എന്ന് ഞങ്ങൾ പേരിട്ടുവിളിച്ച ഈ നാടകത്തിലൂടെയും നാടകം ഇഷ്ടപ്പെട്ട രാഷ്ട്രീയത്തിലൂടെയുമായിരുന്നു. ഞങ്ങളിലൊരുവന്റെ ആത്മഹത്യയുടെ വർത്തമാനത്തിലേക്ക് ഞങ്ങളെ തള്ളിവിട്ട ചരിത്രത്തെ നേർക്കുനേർ നിർത്തി ഞങ്ങൾ സംസാരിച്ചു തുടങ്ങി. മരിച്ചവരുടെ തെരുവിൽ നിന്ന്, അവൻ രോഹിത് വെമുല എന്ന ഞങ്ങളിലൊരുവൻ ഞങ്ങൾക്കുവേണ്ടി ഇറങ്ങിവന്നു. ഞങ്ങൾക്ക് സമരം ചെയ്യേണ്ടിവരുക ഞങ്ങളോട് തന്നെയെന്ന് ഓർമിപ്പിച്ചു. ഞങ്ങളുടെ ഉടലുകൾ അവന്റെ ആത്മഹത്യയ്ക്ക് കാരണം കണ്ടെത്താൻ കുതിക്കുംപോലെ ഞങ്ങൾക്ക് അവനെ കണ്ണാടിയിൽ കാണാനായി. ഭാവിയിൽ ഞങ്ങളിലൊരാൾ അവന്റെ സ്ഥാനത്തുണ്ടാകുമെന്ന യാഥാർത്ഥ്യം അരങ്ങിൽ ഞങ്ങളെ തീപ്പന്തങ്ങളാക്കി. ഞങ്ങളിൽ നിന്ന് മണ്ണിലേക്ക് മറഞ്ഞുപോയ വേരുകൾ ഞങ്ങളിലേക്ക് തിരിച്ചു പറക്കുന്നത് ഞങ്ങൾ അറിഞ്ഞു. 5000 ഡ്രീം

**‘**

**ഞങ്ങളിലൊരുവന്റെ ആത്മഹത്യയുടെ വർത്തമാനത്തിലേക്ക് ഞങ്ങളെ തള്ളിവിട്ട ചരിത്രത്തെ നേർക്കുനേർ നിർത്തി ഞങ്ങൾ സംസാരിച്ചു തുടങ്ങി. മരിച്ചവരുടെ തെരുവിൽ നിന്ന്, അവൻ രോഹിത് വെമുല എന്ന ഞങ്ങളിലൊരുവൻ ഞങ്ങൾക്കുവേണ്ടി ഇറങ്ങിവന്നു. ഞങ്ങൾക്ക് സമരം ചെയ്യേണ്ടിവരുക ഞങ്ങളോട് തന്നെ**

സ് വേദിയിലെത്തിയപ്പോൾ, കാണുന്ന ഓരോരുത്തരിലും അവന്റെ ആത്മഹത്യയുടെ കൊളുത്തുകൾ മുറുകുന്നത് ഞങ്ങളറിഞ്ഞു. എല്ലാ അധികാര വാഴ്ചകൾക്കുമെതിരെ ഊരും പേരും ജാതിയും മറന്ന് ഞങ്ങൾ നീട്ടിപ്പിടിച്ച കയർക്കുരുക്കുകൾ നിങ്ങളുടെ കഴുത്തിന് പാകമാണെന്ന് ഞങ്ങൾ പ്രേക്ഷകരോട് വിളിച്ചു പറഞ്ഞു.

അവന്റെ ആത്മഹത്യാക്കുറിപ്പ് നീട്ടിപ്പിടിച്ച് ഓരോ കാഴ്ചക്കാരനോടും അതിനടിയിൽ ഒപ്പുവെക്കാൻ ഞങ്ങളാവശ്യപ്പെട്ടു. ഇതിലുമപ്പുറം രാഷ്ട്രീയ ജാഗ്രത പുലർത്തേണ്ടതെങ്ങനെയെന്നറിയില്ല.

ഒരുറപ്പുമാത്രം

ഞങ്ങൾ ഒരു തോറ്റ ജനതയല്ല.



# ചിന്താചരിത്രത്തിലെ വിപരീതങ്ങൾ

ചിന്തയുടെ അടിസ്ഥാനങ്ങൾ ആപേക്ഷികങ്ങളാണ്. കാലദേശപരിധിക്കനുസരിച്ച് അത് മാറിക്കൊണ്ടിരിക്കുന്നു. ചിന്തയുടെ അടിസ്ഥാനങ്ങളായി വ്യത്യസ്ത സന്ദർഭങ്ങളിൽ ഉയർന്നുവരാറുള്ള വസ്തുതകൾ നെടുനാളത്തെ ചിന്താചരിത്രത്തിൽ പലവിധത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾ തന്നെയായിരിക്കാം. ചിന്തയുടെ വ്യാപ്തിക്കും പരിധിക്കും ഉള്ള ഭേദങ്ങൾ സാംസ്കാരികമാണ്. എന്തുകൊണ്ട് ഒരു ജനസമൂഹത്തിന് ചിന്തയുടെ മണ്ഡലത്തിൽ അധികം സംഭാവനകൾ നൽകാൻ കഴിയുന്നുവെന്നും മറ്റൊരു ജനതയ്ക്ക് ഇങ്ങനെ കഴിയുന്നില്ല എന്നതും സാംസ്കാരികമാനങ്ങളിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇങ്ങനെ ചിന്തയുമായി ബന്ധപ്പെട്ട് ഉയർന്നുവരാറുള്ള അനവധി ചോദ്യങ്ങളെ ചിന്തയുടെ ചരിത്രത്തേയും അതുമായി ബന്ധപ്പെട്ട സാമൂഹിക ചരിത്രത്തേയും മുൻനിർത്തിമാത്രമേ വിശദീകരിക്കാനാവൂ.

**തത്ത്വശാസ്ത്രം ആരംഭിക്കുന്നത് ഒരാൾ സംശയിച്ചു തുടങ്ങുമ്പോഴാണ് എന്നതിന് പകരം തത്ത്വശാസ്ത്രം ആരംഭിക്കുന്നത് ചിന്തയുടെ ചരിത്രത്തിൽ ഒരാൾ വിമർശനാത്മകമായി ഇടപെടുമ്പോഴാണ് എന്നുമാറ്റി പറിയേണ്ടിവരും.**

### ചിന്തയിലെ വഴികൾ

പ്രാചീനരുടെ ചിന്തകൾ പ്രകൃതിയുമായി അഭേദ്യമായ ബന്ധമുള്ളവയായിരുന്നു. ഡയനീഷ്യൻ എന്ന് വിളിക്കപ്പെടുന്ന പ്രസ്തുതകാലഘട്ടത്തിൽ പ്രകൃതിക്ക് കൽപ്പിക്കപ്പെട്ട അനിയന്ത്രിതമായ സ്ഥാനം പ്രകൃത്യാരാധനരീതികളിലേക്കു വികസിച്ചു. പ്രകൃതിയെ സൂക്ഷ്മമായി മനസ്സിലാക്കുന്നതിനുവേണ്ടി പ്രപഞ്ചത്തിലെ വിശേഷ വസ്തുക്കൾ പ്രാചീനചിന്ത പഠനവിഷയമാക്കി ജലവും വായുവും ഈ രീതിയിൽ പ്രപഞ്ചവിജ്ഞാനത്തിനുള്ള ഉപാധികളായി. വിജ്ഞാനതലത്തിൽ വൈവിധ്യമുണ്ടായിരുന്ന പ്രാചീനകാലം വൈജ്ഞാനികപദ്ധതി എന്ന നിലയിൽ പ്രാചീനശാസ്ത്ര വസ്തുതകളെ പ്രപഞ്ചവുമായി ചേർത്തുവച്ചാണ് മനസ്സിലാക്കിയത്. വസ്തുക്കളിലോ വിജ്ഞാനമണ്ഡലങ്ങളിലോ കേന്ദ്രീകരിച്ചു നടന്ന പ്രാചീനചിന്ത ചുറ്റുപാടിനെ അതിഭൗതികസാന്നിധ്യമായാണ് തിരിച്ചറിഞ്ഞത്. അതിഭൗതികസാന്നിധ്യത്തെ ദൈവികപ്രതിരൂപങ്ങളായി മനസ്സിലാക്കുകയും ദൈവാരാധന വികസിക്കുകയും ആരാധനാക്രമങ്ങളും ജീവിതവ്യവസ്ഥയും മതപരമായി സംഘടിപ്പിക്കപ്പെടുകയും ചെയ്ത കാലമാണ് മധ്യകാലം. മതചിന്തകൾ ആരാധനാലയങ്ങൾക്ക് ഭേദങ്ങളും ക്രമങ്ങളും നിർദ്ദേശിച്ചു. മധ്യകാലത്തെ ഭരണവ്യവസ്ഥകൾ ഈ ക്രമങ്ങളെ പ്രോത്സാഹിപ്പിച്ചും വികസിപ്പിച്ചും നിലനിന്നു. മതവിശ്വസങ്ങളുടെയോ, സ്ഥാപനങ്ങളുടെയോ വിശ്വാസലോകങ്ങളെ യുക്തിപരമായി സംശയിച്ചു തുടങ്ങുന്നകാലമാണ് നവോത്ഥാനകാലം. പിറക്കാനിരിക്കുന്ന ലോകത്തെ അത് ചിന്തയിൽ വരച്ചുകാട്ടി.

### ആധുനികചിന്ത

നവോത്ഥാനത്തിനു ശേഷം നിലവിൽവന്ന ആധുനികചിന്ത ദൈവത്തിനു പകരം മനുഷ്യനെ കേന്ദ്രമാക്കുകയും മാനുഷികമായ അറിവുക്രമങ്ങൾക്ക് അപ്രമാദിത്യം നൽകുകയും ചെയ്തു. ശാസ്ത്രം പ്രക്ഷേപിപ്പിച്ച യുക്തിചിന്ത അതിന് അനുഗുണമായ ലോകബോധത്തെയും സാമൂഹികജീവിതത്തെയും നിർമ്മിച്ചു. മനുഷ്യനെ കേന്ദ്രീകരിച്ചുവന്ന ആധുനികചിന്തയിലെ ഒരു ധാര മനുഷ്യനെ വ്യക്തിയെന്നതിലുപരി സാമൂഹികജീവി എന്ന നിലയിൽ അടയാളപ്പെടുത്താൻ ശ്രമിച്ചു. തത്ത്വശാസ്ത്രം ആരംഭിക്കുന്നത് ഒരാൾ സംശയിച്ചു തുടങ്ങുമ്പോഴാണ് എന്നതിന് പകരം തത്ത്വശാസ്ത്രം ആരംഭിക്കുന്നത് ചിന്തയുടെ ചരിത്രത്തിൽ ഒരാൾ വിമർശനാത്മകമായി ഇടപെടുമ്പോഴാണ് എന്നുമാറ്റി പറിയേണ്ടിവരും. ആധുനികതയ്ക്കുശേഷമുള്ള ചിന്തയിലെ സൂക്ഷ്മസന്ദർഭങ്ങളാവട്ടെ ആധുനികതവരെയുള്ള ചിന്താസന്ദർഭങ്ങളെ പ്രശ്നവൽക്കരിച്ചു ഈ നേട്ടങ്ങളെയെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് പ്രസ്തുത സന്ദർഭം വർത്തമാനകാല ചിന്തയിൽ സംഭവിക്കുന്നത്.ആധുനികതവരെ നിർവചിക്കപ്പെട്ട ചിന്തയിലെ ആധികാരികതകളേയും ഉറപ്പുകളെയും സംശയിക്കാനുതകുന്ന ഘടന–ഘടനാവാദാനന്തരചിന്തയുടെ സാന്നിധ്യവും പുതിയകാലത്തെ ചിന്തയിൽ കാണാം. ഇതോടൊപ്പംതന്നെ ആധുനികത കൈയ്യൊഴിഞ്ഞ വിഭാഗങ്ങൾ

നിർമ്മിച്ചെടുക്കുന്ന ചിന്തയുടെയും പ്രയോഗത്തിന്റെയും പുതിയ തലങ്ങളും, വർത്തമാനകാല ചിന്തയിൽ പ്രബലമാണ്. ദളിത്, പരിസ്ഥിതി, സ്ത്രീ സംവർഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് പ്രസ്തുത ചിന്തകൾ പ്രധാനമായും മുന്നേറുന്നത്.

**ചിന്താചരിത്രത്തിന്റെ വിമർശനം**

സാമാന്യമായി ചിന്തയുടെ ചരിത്രത്തെ ഇങ്ങനെ അടയാളപ്പെടുത്താൻ ശ്രമിക്കുമ്പോൾത്തന്നെ അവ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അനവധിയാണ്. ചരിത്രത്തെ സംബന്ധിച്ച ഏതു മാനദണ്ഡങ്ങളിലാണ് തത്ത്വചിന്തയുടെ ചരിത്രം ഇന്നുവരെ അടയാളപ്പെടുത്തപ്പെട്ടത്?ചിന്തയുടെചരിത്രംവ്യക്തിപരമായാണോ, സങ്കല്പനപരമായാണോ അടയാളപ്പെടുത്തേണ്ടത്?. ചിന്തയുടെ ചരിത്രത്തിൽ സാമൂഹിക ചരിത്രത്തിനുള്ള പ്രാധാന്യം എന്തുകൊണ്ട് വിലയിരുത്തപ്പെടാതെപോയി ?. ഓരോ സാമൂഹിക സന്ദർഭങ്ങളിലും മെച്ചമായതും/മോശമായതും,നെഗറ്റീവ്/പോസറ്റീവ് എന്നിങ്ങനെ ചിന്തകൾക്ക് വഴിപിരിയേണ്ടിവരുന്നത് എന്തുകൊണ്ട് ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ നിലനിലനിൽക്കുന്ന ചിന്താചരിത്രത്തിനുനേരെ ഉന്നയിക്കാനാകും.

**വൈപരീത്യങ്ങൾ**

നിലനിൽക്കുന്ന ചിന്താചരിത്രത്തെ ആഴത്തിൽ മനസ്സിലാക്കുകയും വിമർശനപരമായി അപഗ്രഥിക്കുകയും ചെയ്യുമ്പോഴാണ് ഒരു ജനത ശരിയായി ചിന്തിച്ചുതുടങ്ങുന്നത് എന്നു പറയാം. ചിന്തിക്കുന്നതുകൊണ്ട് ജനതയ്ക്കു ചിന്തിക്കാൻ കഴിയുന്നില്ല; മറിച്ച് നിലനിൽക്കുന്ന ചിന്തകളെ ആശയതലത്തിലും രീതിശാസ്ത്രതലത്തിലും ആക്രമിക്കുമ്പോൾ ജനത ചിന്തിച്ചു തുടങ്ങുന്നു എന്ന് സാരം. ഒരു ജനതയുടെ ഭൗതിക പ്രതിസന്ധി അഴിഞ്ഞു കിട്ടുന്നത് ചിന്താചരിത്രത്തെ കേവലമായി നിഷേധിക്കുമ്പോഴല്ല; മറിച്ച് അതുമായി ആരോഗ്യപരമായ സംവാദത്തിൽ ഏർപ്പെടുമ്പോഴാണ്. ചിന്തയുമായി ബന്ധപ്പെട്ട് തുടക്കത്തിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ എല്ലാം തന്നെ ഇങ്ങനെ ചിന്തയുടെ വിമർശനാത്മക ചരിത്രത്തിൽവച്ചു വേണം പരിശോധിക്കാൻ.

ചിന്തയുടെ ചരിത്രത്തെ മനസ്സിലാക്കുകയും അതിൽ വിമർശനപരമയി ഇടപെടുകയും ചെയ്യുമ്പോൾ അവയിലെ ആധികാരികതകളും ആപ്തവാ



**ചരിത്രത്തെ സംബന്ധിച്ച ഏതു മാനദണ്ഡങ്ങളിലാണ് തത്ത്വചിന്തയുടെ ചരിത്രം ഇന്നുവരെ അടയാളപ്പെടുത്തപ്പെട്ടത്?**

ക്യങ്ങളും ചിന്താരീതികളും തന്നെ കീഴ്മേൽമറിയുന്നത് കാണാം.

തത്ത്വശാസ്ത്രം ആരംഭിക്കുന്നത് ഒരാൾ സംശയിച്ചു തുടങ്ങുമ്പോഴാണ് എന്നതിന് പകരം തത്ത്വശാസ്ത്രം ആരംഭിക്കുന്നത് ചിന്തയുടെ ചരിത്രത്തിൽ ഒരാൾ വിമർശനാത്മകമായി ഇടപെടുമ്പോഴാണ് എന്നുമാറ്റി പറിയേണ്ടിവരും. ഞാൻ ചിന്തിക്കുന്നു;അതുകൊണ്ട് ഞാനുണ്ട് എന്നല്ല, ജനത ചിന്തിക്കുന്നു; അതിൽ ഞാനില്ല എന്നു തിരുത്തിയെഴുതേണ്ടിവരും. ചിന്തയൊരു തന്ത്രമാണെന്നും, ലോജിക്ക് ശരിയായ ചിന്താരീതി എന്നതിനു പകരം, ചിന്ത നിലനിൽപ്പിന്റെ അനവധിമാതൃകളിൽ ഒന്നാണെന്ന് ജനാധിപത്യപരമായി തിരിച്ചറിയേണ്ടിവരും. ആഴത്തിലുള്ള ചിന്ത വിജ്ഞാനങ്ങളുടെ അതിരുകളെ ഇല്ലാതാക്കും എന്നതുപോലെ, ആഴത്തിലുള്ള ചിന്ത തത്ത്വചിന്തയുടെ അതിരുകളേയും അതിവർത്തിക്കും എന്നും മനസ്സിലാക്കേണ്ടിവരും. ആകെത്തുകയിൽ, ചിന്താചരിത്രത്തിൽ സംഭവിക്കുന്ന ഈ വൈപരീത്യങ്ങൾ സൂചിപ്പിക്കുന്നത് പ്രസ്തുത മണ്ഡലത്തിന് മേലുള്ള സാംസ്കാരിക സമ്മർദങ്ങളെയാണ്. ചിന്തയെയോ ചിന്താസന്ദർഭങ്ങളെയോ അമൂർത്തമോ, അരാഷ്ട്രീയമോ ആയല്ല; മറിച്ച് സാംസ്കാരിക–രാഷ്ട്രീയമാനങ്ങളിൽ മനസ്സിലാക്കേണ്ടതുണ്ടെന്ന് ഇത് ബോധ്യപ്പെടുത്തുന്നു.



> **ഞാൻ ചിന്തിക്കുന്നു; അതുകൊണ്ട് ഞാനുണ്ട് എന്നല്ല, ജനത ചിന്തിക്കുന്നു; അതിൽ ഞാനില്ല എന്നു തിരുത്തിയെഴുതേണ്ടിവരും.**

# അലാറം.

**ഞാനടക്കമുള്ള എല്ലാവരും നിന്നെ വേശ്യയെന്ന് വിളിക്കുന്നു.പക്ഷെ, എന്റെ ഭർത്താവ് മാത്രം നിന്റെ  കഴിവിൽ ആശ്ചര്യപ്പെടുന്നു, നിന്നെ സ്മരിക്കുന്നു. ഇതിന് മാത്രം എന്താ നിനക്ക് കൂടുതലുള്ളത്, എനിക്ക് കൂടി പറഞ്ഞു താ...**



അതിശക്തമായ കിതപ്പിന്ശേഷം യാതൊന്നും സംഭവിക്കാത്ത പോലെ അയാൾ തന്റെ അടിവസ്ത്രങ്ങൾ വാരിച്ചുറ്റി,തലയിണ നേരെയാക്കാനെന്നോണം രണ്ടടിയുമടിച്ച്,ഒരു കൈക്ക്മുകളിൽ തലവച്ച്,മറ്റെകൈകൊണ്ട് നെഞ്ചുമുഴിഞ്ഞ് സീലിഗ്ഫാനും നോക്കി കിടന്നു.

മൂന്ന്

ഇന്നത്തെ രതികഴിഞ്ഞു.
ഇനിവീണ്ടും നാളെരാത്രി 10.50ന് തുടങ്ങും –11.05ന് തീരും.
അവളൊന്ന് മൂത്രമൊഴിച്ചുവരും,അയാളൊരു സിഗരറ്റ് വലിക്കും.പിന്നെ 11.40 മുതൽ 12.05 വരെയും.12.15 മുതൽ 12.30 വരെയും.(ചിലപ്പോൾ അഞ്ചോപത്തോ മിനിറ്റ് അങ്ങോട്ടോ ആവാം) അത് കഴിഞ്ഞാൽ പതിവ്പോലെ അഞ്ചരക്ക് അലാറംവച്ച് കിടന്നുറങ്ങും.അവൾ ഉറങ്ങിയെന്ന് അയാളും അയാളുറങ്ങിയെന്ന് അവളും ആശ്വസിച്ച് രണ്ടുപേരും കണ്ണുംപൂട്ടിയുറങ്ങും.

കാലങ്ങൾ കഴിയുംതോറും മനുഷ്യനൊരു ടൈംപീസായിമാറുന്നു. തീർത്തും യാന്ത്രികമായി, പതിവുസമയങ്ങളിൽ എന്താണോ ചെയ്യാറുള്ളത് അതുതന്നെ ചെയ്തുകൊണ്ട് അവൻ സ്വയം സമയമായി മാറുന്നു. പുലർച്ചയിലെ ബെല്ലോടുകൂടി പതിവുനാടകം ആരംഭിക്കുന്നു!

ഒൻപതുവർഷങ്ങളായി യാതൊരു പരാതിയോ പരിഭവമോ ഇല്ലാതെ, ബന്ധുവീട്ടിൽ ഗിഫ്റ്റുമായി കല്ല്യാണത്തിന് പോയും, പിറന്നാളിന് പായസം വെച്ചും അവർ സസുഖം ജീവിക്കുന്നു. ഇടയ്ക്ക് മാത്രം അലാറം അടിക്കാത്തത് കാരണം ഉണരാൻ വൈകുന്നു, ടൈംടെബിൾ



തെറ്റുന്നു, ചെറുതായി–വളരെ ചെറുതായി മാത്രം വഴക്കുണ്ടാക്കുന്നു; അല്ലാതെ യാതൊരുവിധ അല്ലലുമില്ല, അലട്ടലുമില്ല.

അയാൾ പണിക്ക് പോകുന്നു, സാധനം വാങ്ങുന്നു, ബില്ല് സഹിതം ഭാര്യയെ ഏല്പ്പിക്കുന്നു. ഭാര്യയാകട്ടെ കൊണ്ടുവന്ന മെനുവിലുള്ള വിഭവങ്ങൾ പാകംചെയ്ത് മൂന്ന് നേരവും വിളമ്പികൊടുക്കുന്നു. സന്തോഷത്തിന്റെ തിരയിളക്കമോ, വെറുപ്പിന്റെ കൊടുങ്കാറ്റോ ഇല്ലാത്ത രണ്ട് ജീവികൾ.

സരോജിനീ നീയൊരു ഉന്മാദിനിയാണ്, ഞാനിനിയുംവരും, ദിവസത്തിലെ അവസാനത്തെ കിതപ്പുംകഴിഞ്ഞ് മലർന്നുകിടക്കെ, അവളുറങ്ങിയെന്ന ഉറച്ചവിശ്വാസത്തൊടെ അയാൾ കുറച്ചുറക്കെ പറഞ്ഞു. ഇടയ്ക്കിടെ കേൾക്കാറുള്ള ഈ വാക്കുകൾ അവളെ ഒട്ടും വേദനിപ്പിച്ചില്ല. ശ്വാസനാളത്തിൽ തങ്ങികിടന്ന നിശ്വാസത്തെ ക്രമമായി പുറത്തുവിട്ട് അവൾ അനങ്ങാതെ കിടന്നു;

സരോജിനി.

ഞാനടക്കമുള്ള എല്ലാവരും നിന്നെ വേശ്യയെന്ന് വിളിക്കുന്നു.പക്ഷെ, എന്റെ ഭർത്താവ് മാത്രം നിന്റെ കഴിവിൽ ആശ്ചര്യപ്പെടുന്നു, നിന്നെ സ്മരിക്കുന്നു. ഇതിന് മാത്രം എന്താ നിനക്ക് കൂടുതലുള്ളത്, എനിക്ക് കൂടി പറഞ്ഞു താ...

അന്നും അവൾക്ക് അലാറം വെക്കാൻ മറന്നുപോയി.

# വിദ്യാർത്ഥിയൂണിയൻ റിപ്പോർട്ട് 2015-2016

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ പ്രബുദ്ധരായ വിദ്യാർത്ഥികളാൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി യൂണിയന് ലഭിച്ച കാലാവധി പരിമിതമായിരുന്നു. എന്നാൽ ആ പരിമിതിക്കുള്ളിൽ നിന്നല്ല മറിച്ച് ആ പരിമിതികളെ സർഗാത്മകമായും സാമ്പത്തികമായും അതിജീവിച്ചാണ് 2015-2016 അധ്യയന വർഷത്തെ വിദ്യാർത്ഥി യൂണിയൻ അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്തിയിരിക്കുന്നത്.

മതനിരപേക്ഷ ക്യാമ്പസ്സിനുവേണ്ടി മുദ്രാവാക്യമുയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിച്ച ക്യാമ്പസ്സിന്റെ തുടിപ്പുകളായ പുരോഗമന വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പ്രവർത്തകരെ സർവകലാശാല യൂണിയന്റെ അമരക്കാരായി തെരഞ്ഞെടുത്തതിന് മുഴുവൻ വിദ്യാർത്ഥികളെയും വിദ്യാർത്ഥിയൂണിയനുവേണ്ടി അഭിവാദ്യം ചെയ്തു കൊള്ളുന്നു.

തികച്ചും സമാധാനപരമായ അന്തരീക്ഷത്തിലൂടെയാണ് ഈ അക്കാദമിക വർഷം കടന്ന് പോയത്.

---

വിദ്യാർത്ഥിയൂണിയൻ 2015-2016
ചെയർമാൻ : **വിനീഷ് എ കെ**
വൈ.ചെയർമാൻ(ജനറൽ) : **ഭാവന ഭാഗ്യനാഥ്**
വൈ.ചെയർമാൻ(സംവരണം) : **അർച്ചന പി എസ്**
ജനറൽ സെക്രട്ടറി : **അനുഗ്രഹ എ ജി**
ജോ.സെക്രട്ടറി(ജനറൽ) : **ബേസിൽ തങ്കച്ചൻ**
ജോ.സെക്രട്ടറി(സംവരണം) : **ശ്രീലക്ഷ്മി. പി**
ഫൈൻ ആർട്സ് സെക്രട്ടറി : **സുധരേശൻ പി എസ്**
മാഗസിൻ എഡിറ്റർ : **സഞ്ജൂബ് എം എം**
ജനറൽ ക്യാപ്റ്റൻ : **ബിഥുൻ കെ നാരായൺ**

ബഹുമാനപ്പെട്ട വൈസ്ചാൻസിലറിന്റെ അധ്യക്ഷതയിൽ നടന്ന പ്രഥമയോഗത്തിൽ സ്റ്റാഫ് അഡ്വൈസറായി **ഡോ. സതീഷ് പാലങ്കി**, സ്റ്റാഫ് എഡിറ്ററായി **ഡോ. രോഷ്നി സ്വപ്ന** എന്നിവരെ തെരഞ്ഞെടുത്തു.

ഈ വർഷത്തെ സർവകലാശാല യൂണിയൻ സത്യപ്രതിജ്ഞ മാർച്ച് 1 ന് രംഗശാലയിൽ വെച്ച് നടന്നു. ബഹുമാനപ്പെട്ട വൈസ്ചാൻസിലർ കെ.ജയകുമാർ യൂണിയൻ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**വിദ്യാർത്ഥിയൂണിയൻ –**
**ഫൈൻ ആർട്സ് ഉദ്ഘാടനം**

2015-2016 അധ്യയന വർഷത്തെ വിദ്യാർത്ഥിയൂണിയൻ ഉദ്ഘാടനം മാർച്ച് 3 ന് **മുൻ വിദ്യാഭ്യാസ മന്ത്രി എം എ ബേബി** നിർവഹിച്ചു.
ഒപ്പം ഈ വർഷത്തെ ഫൈൻ ആർട്സ് ഉദ്ഘാടനം **ശ്രീജ ആറങ്ങോട്ടുകര** നിർവഹിച്ചു. ശേഷം അവരുടെ തന്നെ നേതൃത്വത്തിൽ അവതരിപ്പിച്ച നാടകത്തിന് വേദി സാക്ഷ്യം വഹിച്ചു. ജാതി മത വർഗ്ഗീയ ഫാസിസം ഉറഞ്ഞുതുള്ളുന്ന സമൂഹത്തെ തന്റെ നാടകത്തിലൂടെ അവർ വരച്ചുകാട്ടി. തുടർന്ന് വേദിയിൽ വിദ്യാർത്ഥികളുടെ വർണ്ണാഭമായ കലാപരിപാടികൾ അരങ്ങേറി. ശേഷം നടന്ന വയനാട് പടയണി നാടൻപാട്ട് സംഘത്തിന്റെ നാടൻപാട്ട് വിരുന്ന് യൂണിയൻ ഉദ്ഘാടനത്തിന്റെ മാറ്റ് കൂട്ടി.

**ഒ എൻ വി അനുസ്മരണം**

മലയാളി മനസ്സിൽ ജീവിതാവബോധവും വിപ്ലവാവേശവും നിറച്ച കാവ്യ സൗന്ദര്യത്തിന്റെ മഹാപ്രവാഹമായിരുന്നു ഒ എൻ വി. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഫെബ്രുവരി 2 ന് വിദ്യാർത്ഥിയൂണിയന്റെയും സർവകലാശാലയുടെയും നേ

ത്യത്വത്തിൽ ഒ എൻ വി അനുസ്മരണയോഗം സംഘടിപ്പിച്ചു. ചടങ്ങിൽ ബഹു.വൈസ്ചാൻസില റും അധ്യാപകരും യൂണിയൻ ഭാരവാഹികളും, മറ്റു വിദ്യാർത്ഥികളും അദ്ദേഹത്തെ അനുസ്മരിച്ച് കൊണ്ട് സംസാരിക്കുകയും അദ്ദേഹത്തിന്റെ പാട്ടുകളും കവിതകളും വേദിയിൽ ആലപിക്കു കയും ചെയ്തു.

**അക്ബർ കക്കട്ടിൽ  അനുസ്മരണം**

മലയാളത്തിൽ  അധ്യാപക കഥകൾ   എന്ന പ്രസ്ഥാനത്തിന് രൂപം നൽകുന്നതിൽ മുഖ്യ പങ്കുവഹിച്ച, ചെറുകഥാകൃത്തും, നോവലിസ്റ്റുമാ യിരുന്ന അക്ബർ കക്കട്ടിലിന്റെ വിയോഗത്തിൽ ഫെബ്രുവരി 17 ന് വിദ്യാർത്ഥിയൂണിയന്റെയും സർവകലാശാലയുടെയും ആഭിമുഖ്യത്തിൽ അനുസ്മരണയോഗം സംഘടിപ്പിച്ചു. ബഹു.വൈ സ്ചാൻസിലറും അധ്യാപകരും യൂണിയൻഭാര വാഹികളും മറ്റു വിദ്യാർത്ഥികളും അനുസ്മരണ പ്രഭാഷണം നടത്തി.

**വനിതാദിനാചരണം**

വിദ്യാർത്ഥിയൂണിയന്റെ നേതൃത്വത്തിൽ മാർച്ച് 8 ന് ലോകവനിതാദിനം വിപുലമായ രീതിയിൽ ആചരിച്ചു. പരിപാടിയിൽ സർവകലാശാലയിലെ അധ്യാപകയും കവിയുമായ ഡോ. രോഷ്നി സ്വപ്ന ഉദ്ഘാടനം ചെയ്ത് കൊണ്ട് സംസാരി ച്ചു.ക്യാമ്പസ്സിൽ വലിച്ചുകെട്ടിയ ബാനറിൽ വിദ്യാർ ത്ഥികൾ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

**കലാഭവൻ മണി അനുസ്മരണം**

ഒരു മിമിക്രി ആർടിസ്റ്റ് എന്ന രീതിയിൽ കടന്ന് വരികയും പിന്നീട് മലയാളസിനിമാലോകം കയ്യ ടക്കുകയും ചെയ്ത അതുല്യ കലാകാരനായ കലാഭവൻ മണിയുടെ വിയോഗത്തിൽ മാർച്ച് 7 ന് വിദ്യാർത്ഥി യൂണിയൻ അനുസ്മരണയോഗം സംഘടിപ്പിച്ചു. യോഗത്തിൽ സർവകലാശാലയി ലെ വിവിധ അധ്യാപകരും യൂണിയൻ ഭാരവാഹി കളും വിദ്യാർത്ഥികളും അനുസ്മരണ പ്രഭാഷ ണം നടത്തി. അദ്ദേഹത്തിന്റെ നാടൻപാട്ടുകൾ ഒരിക്കൽക്കൂടി വേദിയിൽ ആലപിക്കപ്പെട്ടു.

**മെഡിക്കൽ ക്യാമ്പ്**

സർവകലാശാല വിദ്യാർത്ഥി യൂണിയന്റെയും തിരൂർ ജില്ലാ ആശുപത്രിയുടെയും സംയുക്താഭി മുഖ്യത്തിൽ മാർച്ച് 14 ന് വിദ്യാർത്ഥികൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്ന് വിതരണവും നടത്തി. ദിവസം മുഴുവൻ നീണ്ടു നിന്ന ക്യാമ്പ് ബഹു. വൈസ് ചാൻസിലർ കെ. ജയകുമാർ ഉദ് ഘാടനം ചെയ്തു.

**ഫാസിസ്റ്റ് വിരുദ്ധ സെമിനാർ**

മാർച്ച് 22 ന് വിദ്യാർത്ഥി യൂണിയന്റെ നേതൃ ത്വത്തിൽ സർവകലാശാലയിൽ  ബഹുസ്വരത, ജനാധിപത്യം, ഇന്ത്യൻ പശ്ചാത്തലത്തിൽ  എന്ന തലക്കെട്ടോടുകൂടി ഫാസിസ്റ്റ് വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. ഇടതുപക്ഷ ചിന്തകനും എഴുത്തുകാ രനും പ്രഭാഷകനുമായ കെ. ഇ. എൻ വിഷയത്തിൽ സംസാരിച്ചു. ജാതി, മത, വർഗ്ഗീയ ശക്തികൾ ഇന്ത്യ യിൽ നടത്തിവരുന്ന വെറിപിടിച്ച രാഷ്ട്രീയത്തിന്റെ കൃത്യവും വ്യക്തവും ആയ വരച്ചുകാട്ടലുകളായിരു ന്നു അദ്ദേഹത്തിന്റെ വാക്കുകൾ. കക്ഷി രാഷ്ട്രീയ ഭേതമന്യെ ഒരേ മനസ്സോടും ശരീരത്തോടും കൂടി ഒരുമിച്ച് നിന്ന് കൊണ്ട്  മാത്രമെ ഈ അവസ്ഥയെ ചെറുക്കുക സാധ്യമാവുകയുള്ളു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശേഷം നടന്ന ചർച്ചയിൽ നിരവധി വി ദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു.

**കായികമേള**

2015–2016 അധ്യയന വർഷത്തെ കായികമേള മാർച്ച് അവസാനവാരം നടന്നു. ഒരാഴ്ചക്കാലം നീണ്ടുനിന്ന മേളയുടെ ഉദ്ഘാടനം 21 ന് രാവിലെ ബഹു. വൈസ്ചാൻസിലർ കെ. ജയകുമാർ നിർവ ഹിച്ചു. തുഞ്ചെൻ മെമ്മോറിയൽ കോളേജിലെ സ് പോർട്സ് അധ്യാപകനായ ഷുക്കൂർ പരിപാടിയിൽ പങ്കെടുത്ത് കൊണ്ട് സംസാരിച്ചു. വാശിയേറിയ മത്സരത്തിനൊടുവിൽ ആൺകുട്ടികളുടെ വിഭാഗ ത്തിൽ ഹിസ്റ്ററി ഒന്നാം വർഷ വിദ്യാർത്ഥി നന്ദനൻ പി. ആർ, പെൺകുട്ടികളുടെ വിഭാഗത്തിൽ രണ്ടാം വർഷ പരിസ്ഥിതി പഠന വിദ്യാർത്ഥി റിൻസി കെ യും വ്യക്തിഗത ചാമ്പ്യൻമാരായി. ഒന്നാം വർഷ പരിസ്ഥി തി പഠന വിദ്യാർത്ഥി സുഹൈർ ഏറ്റവും വേഗത യേറിയ താരാമായി തെരഞ്ഞെടുക്കപ്പെട്ടു.

**പരിസ്ഥിതി ദിനാചരണം**

ലോകത്താകമാനം കാലാവസ്ഥാ വ്യതിയാനവും തിന്റെ പ്രത്യാഘാതങ്ങളും രൂക്ഷമായി കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ഊട്ടി ഉറപ്പിച്ചു കൊണ്ട് ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ വിവിധ പരിപാടികളോടെ വിദ്യാർത്ഥി യൂണിയന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം ആചരിച്ചു. സർവകലാശാലയിലെ പരിസ്ഥിതിപഠന വിഭാഗം അധ്യാപകനും പരിസ്ഥിതി പ്രവർത്തകനും കൂടിയായ ടി. പി. കുഞ്ഞിക്കണ്ണൻ വൃക്ഷത്തൈ നട്ടുകൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. ശേഷം വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് അമ്പതോളം വൃക്ഷത്തൈകൾ സർവകലാശാലയിലെ വിവിധഭാഗങ്ങളിലായി നട്ടു.

**കലോത്സവമേള**

ഫൈൻ ആർട്സ് കലോത്സവം ജൂൺ, ജൂലൈ മാസങ്ങളിലായി നടന്നു. ജൂൺ അവസാന വാരത്തിൽ സ്റ്റേജ് ഇതര പരിപാടികളും ജൂലൈ 11, 12 തിയ്യതികളിലായി സ്റ്റേജ് ഇന മത്സരങ്ങളും നടന്നു. വിദ്യാർത്ഥികൾ തമ്മിൽ നടന്ന വാശിയേറിയ മത്സരം സർവകലാശാലയിലെ കലാപ്രതിഭകളെ കണ്ടെടുക്കുന്നതിന് വിദ്യാർത്ഥി യൂണിയനെ സഹായിച്ചു. മത്സരങ്ങൾക്കൊടുവിൽ സർഗ്ഗ പ്രതിഭയായി രണ്ടാം വർഷ പരിസ്ഥിതി പഠന വിദ്യാർത്ഥി റിൻസി കെ തെരഞ്ഞെടുക്കപ്പെട്ടു. ഒപ്പം മികച്ച നടനായി ഒന്നാം വർഷ ചലച്ചിത്ര പഠനവിദ്യാർത്ഥി സുധീഷ് മോഹനനും, മികച്ച നടിയായി രണ്ടാം വർഷ പരിസ്ഥിതി പഠന വിദ്യാർത്ഥി റിൻസി കെ യും തെരഞ്ഞെടുക്കപ്പെട്ടു.

**ആർട്സ് ഡേ**

അവസാന വർഷ വിദ്യാർത്ഥികളുടെ വിടവാങ്ങൽ നിമിഷങ്ങളെ കൂടുതൽ മനോഹരമാക്കാൻ വിപ്ലവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വിദ്യാർഥി യൂണിയന് സാധിച്ചു. സർവകലാശാലയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ ഒരു പരിപാടി സംഘടിപ്പിച്ചത്.

ഇന്ന് സമൂഹത്തിൽ ഒരു മനുഷ്യൻ എന്ന നിലയിൽ ജീവിക്കുന്നതിനുവേണ്ടി സമരം നയിക്കുന്ന ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട ശീതൾ ശ്യാം ആർട്സ് ഡേ ഉദ്ഘാടനത്തിനായി സർവകലാശാലയിലേക്കെത്തിയത് വിദ്യാർത്ഥിയൂണിയന്റെ രാഷ്ട്രീയ കാഴ്ചപ്പാടിനെ വ്യക്തമാക്കി. പരിപാടി ഉദ്ഘാടനം ചെയ്ത് കൊണ്ട് സംസാരിച്ച ശീതൾ ശ്യാം LGBTQ വിഭാഗത്തിൽപ്പെടുന്ന മനുഷ്യർ ഇന്ന് സമൂഹത്തിൽ അനുഭവിക്കുന്ന വിഷയങ്ങളെക്കുറിച്ചും ഇവരോടുള്ള സമൂഹത്തിന്റെ പെരുമാറ്റരീതി മാറേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിച്ചു.

ചടങ്ങിൽ വെച്ച് മുമ്പ് വിദ്യാർത്ഥി യൂണിയന്റെ നേതൃത്വത്തിൽ സർവകലാശാലയിൽ സംഘടിപ്പിച്ച സ്പോർട്സ്, ആർട്സ് മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം നടത്തി. ശേഷം നടന്ന സംഗീത സമന്വയ ട്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന സംഗീത വിരുന്നും, കുമാർ കോഴിക്കോട് എന്ന നാടക കലാകരൻ അവതരിപ്പിച്ച കള്ളൻ എന്ന ഏകാങ്കനാടകവും വിദ്യാർത്ഥികൾക്ക് കൂടുതൽ അനുഭൂതി പകർന്നു. തുടർന്ന് നടന്ന സംഗീതനൃത്തപരിപാടികളിൽ ചുവടുവെക്കാതവരായി ആരുംതന്നെ ഇല്ലായിരുന്നു.

**ഇഫ്താർ വിരുന്ന്**

ഇഫ്താർ വിരുന്ന് വിദ്യാർത്ഥിയൂണിയന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. പരിപാടിയോടനുബന്ധിച്ച് അന്നേദിവസം ഉച്ചക്ക് മെഹന്തിഫെസ്റ്റും നടത്തി. രണ്ടാം വർഷ പരിസഥിതിപഠനവിദ്യാർത്ഥി റിൻസി കെ ഒന്നാം സ്ഥാനത്തിന് അർഹയായി. വൈകീട്ട് നടന്ന ഇഫ്താർ വിരുന്നിൽ അധ്യാപകരും വിദ്യാർത്ഥികളുമടക്കം 200-ഓളം ആളുകൾ പങ്കെടുത്തു.

**ഫോട്ടോഗ്രാഫി പ്രദർശനം**

ലോകശ്രദ്ധ പിടിച്ചുപറ്റിയ വിവിധ ചിത്രങ്ങൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി വിദ്യാർത്ഥി യൂണിയന്റെ നേതൃത്വത്തിൽ സെപ്റ്റമ്പർ 6 ന് സർവകലാശാ

ലയിലെ ചിത്രശാലയിൽ വെച്ച് ഫോട്ടോഗ്രാഫി പ്രദർശനം സംഘടിപ്പിച്ചു. ബഹു.വൈസ്ചാൻസിലർ കെ.ജയകുമാർ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. പ്രശസ്ത വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ ഷെഫീഖ് ബഷീർ, BBC ഫോട്ടോഗ്രാഫി അവാർഡിന് അർഹനായ തോമസ് വിജയൻ, ഈ രംഗത്ത് പ്രഗൽഭനും സർവകലാശാലയിലെ പബ്ലിക്കേഷൻ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഷാനവാസ് എം. എ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**ഓണം – ബക്രീദ് ആഘോഷം**

ഈ വർഷത്തെ ഓണം–ബക്രീദ് ആഘോഷം സെപ്റ്റമ്പർ 8 ന് സംഘടിപ്പിച്ചു. പ്രശസ്ത നാടകനടിയും സാമൂഹിക പ്രവർത്തകയുമായ സജിത മഠത്തിൽ പരിപാടി ഉദാഘാടനം ചെയ്തു. തന്റെ കുട്ടിക്കാലത്തെ ഓണക്കാല ഓർമകൾ അവർ വിദ്യാർത്ഥികളുമായി പങ്കുവെച്ചു. ഓണാഘോഷ പരിപാടിയോടനുബന്ധിച്ച് നടത്തിയ ഡിപ്പാർട്ട്മെന്റ് തല പൂക്കള മത്സരത്തിൽ പരിസ്ഥിതി പഠന വിഭാഗം ഒന്നാംസ്ഥാനം നേടി. 200 ഓളം പേർക്ക് ഒരുക്കിയ ഓണസദ്യ കൊണ്ടും വിവിധ കലാകായിക പരിപാടികൾ കൊണ്ടും ഓണം–ബക്രീദ് ആഘോഷ പരിപാടി മികവുറ്റതാക്കി.

**ഇതര പരിപാടികൾ**

സർവകലാശാലയിലെ ഒരു വിദ്യാർത്ഥിയുടെ വീട് പണിയുന്നതിനുവേണ്ടി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടുകൂടി 15000 രൂപ ആ വിദ്യാർത്ഥിക്ക് നൽകുന്നതിന് ഈ വർഷത്തെ വിദ്യാർത്ഥി യൂണിയന് സാധിച്ചു.

സർവകലാശാല സ്ഥിതി ചെയ്യുന്ന വാക്കാട് പ്രദേശത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 50–ഓളം വിദ്യാർത്ഥികൾക്ക് ബാഗും പുസ്തകവുമടങ്ങുന്ന പഠന ഉപകരണങ്ങൾ നൽകുന്നതിന് വിദ്യാർത്ഥി യൂണിയന് സാധിച്ചു. ബഹു.തദ്ദേശ വകുപ്പ് മന്ത്രി കെ.ടി.ജലീൽ ജൂൺ 11 ന് 5 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി ഉദ്ഘാടനം ചെയ്തു.

സർവകലാശാലയിലെ വിവിധ വിഭാഗത്തിലെ വിദ്യാർത്ഥികൾ നേരിടുന്ന അക്കാദമിക വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നിർദ്ദേശങ്ങൾ അടങ്ങിയ പരാതി തദ്ദേശ വകുപ്പ് മന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും സ്പീക്കർക്കും നൽകാൻ യൂണിയന് സാധിച്ചു. ഇതിനോടനുബന്ധിച്ച് ഈ വർഷം കോഴ്സ് പൂർത്തിയാക്കിയ സംസ്കാര പൈതൃക പഠന വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 2017 ൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന പുരാവസ്തു മ്യൂസിയത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ജോലി ചെയ്യാനുള്ള സർക്കാർ അനുമതി ലഭ്യമാക്കി കൊടുക്കാൻ സാധിച്ചു എന്നത് വിദ്യാർത്ഥിയൂണിയന്റെ ഏറ്റവും വലിയനേട്ടമായി കാണുന്നു.

വരുംനാളുകളിലും സമൂഹത്തിലെ തെറ്റുകൾക്കെതിരെയും ജാതി–മത ഫാസിസത്തിനെതിരെയും സർഗാത്മക പ്രതിരോധം തീർക്കാൻ, കക്ഷിരാഷ്ട്രീയഭേദമന്യെ ഒറ്റക്കെട്ടായി പ്രതിരോധിക്കാൻ ഇനിയും നമുക്ക് സാധിക്കും എന്ന പ്രതീക്ഷയോടെ 2015–16 അധ്യയന വർഷത്തെ വിദ്യാർത്ഥിയൂണിയൻ റിപ്പോർട്ട് സാദരം സമർപ്പിക്കുന്നു.

**അനുഗ്രഹ എ. ജി**
**ജനറൽ സെക്രട്ടറി**

# ചെറുമീൻ ആക്ഷൻ കൗൺസിൽ



[illegible] [illegible]

[illegible] [illegible]

[illegible] [illegible]

[illegible] [illegible]

[illegible]





## ആശംസകളോടെ...

മലയാളസർവകലാശാലയിലെ വിദ്യാർത്ഥി യൂണിയൻ പുറത്തിറക്കുന്ന യൂണിവേഴ്സിറ്റി മാഗസിന് ഹൃദയം നിറഞ്ഞ ആശംസകൾ. വർത്തമാനകാല സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പ്രതികരിച്ച് കൊണ്ട് നമ്മുടെ കാലത്തെ അടയാളപ്പെടുത്താൻ മാഗസിന് കഴിയുമെന്ന് പ്രത്യാശിയ്ക്കുന്നു.

കെ. ജയകുമാർ
വൈസ് ചാൻസലർ
മലയാളസർവകലാശാല



# ഗാഥ



നെവാദയിൽ നിന്നും കാലിഫോർണിയ സ്റ്റേറ്റിലേക്ക് കടന്നു. ചുറ്റും ചെമന്ന് വിളർത്ത് കളിമണ്ണ് പൊത്തിയ പോലെ മലകൾ. അതിനോരത്തുകൂടി തിളച്ചുമറിയുന്ന റോഡിലൂടെ അവൻ കാറോടിച്ചു. അവൻ ഫോണെടുത്ത് ചെക്കുചെക്ക് ചെയ്തു. 510ഇ. ഡെത്ത്വാലി ഒരു സബ്ട്രോപ്പിക്കൽ കാലാവസ്ഥയാണിവിടെ .ശരീരം ഉരുകിപോകുന്ന അത്രയും ചൂടുള്ള പ്രദേശം.1849ൽ താഴ്വരയിലെ പ്രതികൂല പരിസ്ഥിതിയെ അതിജീവിച്ച ഒരു സംഘം സാഹസികരാണ് ഈ പ്രദേശത്തെ ഡെത്ത് വാലി എന്ന് വിശേഷിപ്പിച്ചത് .ഞാൻ അത്ര ആകാംക്ഷയോടെ പറഞ്ഞിട്ടും അവനോരു ഭാവവ്യത്യാസവും ഉണ്ടായിരുന്നില്ല. കേട്ടറിഞ്ഞപ്പോഴുണ്ടായ അത്യധികമായ ആകാംക്ഷയിലാണ് ഞാൻ അവനോട് ഈ വഴി തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടത്. തിരക്കില്ലാത്തതും ഒന്നിനോടും സംവദിക്കാൻ ആഗ്രഹിക്കാത്തതുമായ വഴികൾ. ഞാൻ അൽപം ഞെളിഞ്ഞിരുന്നുകൊണ്ട് പറഞ്ഞു ഈ വഴികൾ എന്നോട് സംവദിക്കുന്നുണ്ട് . നിർവികാരവദനനായി അവൻ പറഞ്ഞു.

കാർ ബാഡ് വാട്ടർ താഴ്വരയിലെത്തി. അസഹനീയമായ ചൂടാണെങ്കിൽ പോലും കാറു നിർത്തി പുറത്തിറങ്ങാൻ ഞാനാവശ്യപ്പെട്ടു. പക്ഷേ നിഷ്ഫലമായി അത്.

ഇവിടെയും ജനവാസമുണ്ടായിരുന്നു . അവൻ ദൂരെയുള്ള വറ്റിപ്പോയ ഉപ്പുകടലിനെ നോക്കുന്നതിനിടയിൽ പറഞ്ഞു. വണ്ടിനിന്നു. ഞാൻ പുറത്തിറങ്ങി. ചൂട് കാറ്റ് ദേഹമാസകലം വേദനിപ്പിക്കുന്നു. ഓരോ മിനിറ്റിലും ഞാൻ വെള്ളം കുടിച്ചുകൊണ്ടേയിരുന്നു.ഇവിടെല്ലാമുണ്ടായിരുന്ന ജനജീവിതമെത്ര ദുഷ്കരമായിരുന്നുവെന്നു നിമിഷങ്ങൾ കൊണ്ടു ഞാനറിഞ്ഞു.

തികഞ്ഞ സഞ്ചാരിയെന്ന് ഞാൻ കരുതുന്ന ഇവനെന്താണ് പുറത്തുപോലും ഇറങ്ങാത്തത്?

ഇവനൊരു യാത്രികനാണോ ?? ഞാൻ പുച്ഛി ച്ചു.

കണ്ണുമാത്രമുള്ള യാത്രികൻ .

അവന്റെ ഹൃദയത്തിന്റെ സങ്കടാവസ്ഥ ആശുപത്രിയിലെ മോണിറ്ററിൽ തെളിഞ്ഞു കാ ണുകയാണ്. ഗ്രാഫുകളും മീറ്ററുകളും എന്നെ നിരാശപ്പെടുത്തുന്നു. പമ്പു ചെയ്തുവരുന്ന ചോര അവന്റെ അറ്റുപോയ കൈകാലുകളി ലൂടെ പുറത്തേക്കൊഴുകുകയാണ്. സുന്ദ രമായിരുന്ന അവന്റെ മുഖത്തെ മാംസങ്ങൾ ചീന്തപ്പെട്ടിരിക്കുന്നു. നട്ടെല്ലൊടിഞ്ഞ് നുറുങ്ങി യിരിക്കുന്നു.വേദനയുടെ ഗന്ധം പുറത്തേക്ക് വമിച്ചുകൊണ്ടിരിക്കുന്നു.

കരഞ്ഞുകൊണ്ടാണവൻ വണ്ടിയോ ടിച്ചിരുന്നത്. കണ്ണിൽ വെള്ളം അല്പനേരം കുടുങ്ങിയതുകൊണ്ടാവണം വണ്ടി ആകെ തകർന്നുപോയി, ഒരു വാഹനമാണെന്ന് തിരി ച്ചറിയാനാവാത്തവണ്ണം വികൃതമായിത്തന്നെ. ഒടിഞ്ഞ സ്റ്റിയറിംഗിന്റെ ഒരുഭാഗം അവന്റെ വായയിൽ നിന്നാണ് അടർത്തിയെടുത്തത്.

അത് ഒരു ആക്സിഡണ്ടായിരുന്നു .

മുറിവുകളെല്ലാം ഡോക്ടറും സംഘവും വന്ന് എന്തൊക്കയോ ചെയ്ത് വെളുത്ത തുണികൊ ണ്ട് കെട്ടി. ആ മുറിവിലൂടെ മഞ്ഞനിറത്തിലും ചെമന്ന നിറത്തിലും എന്തോ പുറത്തുപനച്ചു വന്നു.

ഇപ്പോൾ അവന്റെ ജീവനൊപ്പം പുതിയൊരു ജീവനും കൂടിവന്നുചേർന്നു. വരുംദിവസം അതിനെ എടുത്തുമാറ്റുന്ന നേരവും കാത്ത് അവൻ ചോരയും ഗ്ലൂക്കോസും കുടിച്ചുകൊ ണ്ട് കിടന്നു.

അവനോടൊപ്പം യമനിലേയ്ക്കു പോകുവാനെനിക്ക് സാധിച്ചു. സിറിയയിലെ ഡമാസ്ക്കസിൽ നിന്നും ദുർഘടം പിടിച്ചയാത്ര. ഞാനെത്ര വിലക്കിയിട്ടും അവൻ പിന്തിരിയാത്ത യാത്ര. ഭൂകമ്പബാധിതപ്രദേശം പോലെ പൊ ട്ടിത്തകർന്ന വീടുകളാണ് വഴിക്കിരുവശവും. പാതയിൽ ബോംബ് പൊട്ടിയതിന്റെ വലിയകുഴി കൾ,ചോരക്കറകൾ. പക , പുകപോലെ ചുരു ളുകളായി ഉള്ളിലേക്ക് വലിഞ്ഞ് വായുവിലേക്ക്



ഉയർന്ന് അലിയുന്നതുകാണാം. കാതുകേടാകുന്ന തരത്തിലുള്ള വെടിയൊച്ചകൾ. വീടും കുടുംബവും തകർന്ന് തെരുവിൽ വെടിയുണ്ടകളെയും ടാങ്കുകളെയും പേടിച്ചുകഴിയുന്ന കുട്ടികളെയും പിന്നിട്ട് കാർ നീങ്ങി.

നിറഞ്ഞു തുളുമ്പിയ അവന്റെ കണ്ണിനും ഒരു വൈപ്പർ ഉണ്ടായിരുന്നെങ്കിൽ.

സനയിലെത്തിയ ദിവസം ശരാശരി 50 പേർ മരിച്ചുവീഴുന്ന സ്ഥലം. നഗരത്തിന്റെ മറഞ്ഞിരിക്കുന്ന മുഖത്തിന് ക്രൂരഭാവമാണെന്ന് കാണാൻ കിഴക്കേ അതിർത്തിയിലേയ്ക്ക് പോയാൽമതി. നഗരം അത്ര പരിചയമുള്ളതുപോലെ അവൻ കാറുവിട്ടു. വാഹനങ്ങൾ നിരത്തിലൂടങ്ങനെ പോകുന്നുണ്ട്. നടപ്പാതകളിൽ റസ്ക്യൂ സംഘം മൃതദേഹങ്ങൾ പരിശോധിച്ച് മാറ്റിയിടുന്നു. അത് ശ്രദ്ധിക്കുന്നതിനിടയിൽ ഒരു കൊച്ചു മുസ്ലീം ബാലന്റെ ചിതറിയ ജഡത്തിലൂടെ അവൻ കാറോടിച്ചു കയറ്റി. രക്തക്കറ പുരണ്ട ടയറുകൾ റോഡിൽ തെന്നി നിന്നു. വിറച്ചുകൊണ്ടവൻ പുറത്തേക്ക് ചാടിയിറങ്ങി. മുഖത്തെഭാവം എനിക്ക് കാണുന്നതിനു മുൻപേ അവൻ മുഖം പൊത്തി തല കുനിച്ചു..

തല പൊട്ടിച്ചിതറി ദുർഗന്ധം വമിക്കുന്ന ആ ശരീരത്തെ അവൻ പ്രണയിച്ചിരുന്നു. ചോരയെടുത്ത് തന്റെ കൈകളിലും ഷർട്ടിലും അവൻ തൂത്തു. ആകാശത്തേക്ക് നോക്കി കണ്ണുകളടച്ചു.

ഞാൻ അവന്റെ സഹോദരനാണ്. കുട്ടിയായിരുന്നപ്പോൾ നിന്റെ പുറത്തിരുന്ന് നാടുകണ്ടവൻ. ഭൂതകാലത്തിന്റെ പടികളിറങ്ങാൻ നിങ്ങൾ കണ്ണുമൂടിക്കെട്ടുമ്പോൾ നിങ്ങളുടെ കത്തിക്ക് മൂർച്ചകൂടും, കൈയ്യിൽ തടയുന്ന തന്റെ കത്തികൊണ്ട് തൊട്ടുനോക്കും.

അവന്റെ യാത്രകളെ അവളും അവളുടെ ചിത്രങ്ങളെ അവനും നിശ്ശബ്ദമായി സ്നേഹിച്ചിരുന്നു. പലപ്പോഴും സ്വപ്നങ്ങളിലൂടെയും അന്തർഗതങ്ങളിലൂടെയുമാണവർ മനസ്സ് പങ്കുവച്ചത്.

ഒരിക്കൽ, കിടക്കയിൽ വച്ച് അവനവളെ അമർത്തി ചുംബിച്ചപ്പോൾ കുലുങ്ങിച്ചിരിച്ചുകൊണ്ടവൾ പറഞ്ഞു. നിങ്ങൾ യാത്ര പോയ സമയം ഞാൻ വരയ്ക്കുന്ന ചിത്രങ്ങളാണ് എനിക്ക് ഏറ്റവും ഇഷ്ടം. വീണ്ടും ഗാഢമായ ചുംബനമായിരുന്നു. അവളുടെ ഭക്ഷണമോ, സുരക്ഷിതത്വമോ വകവയ്ക്കാതെയുള്ള അവന്റെ യാത്ര എന്നെയേറെ ചെടിപ്പിച്ചിട്ടുണ്ട്. പക്ഷേ, അവൾ ഒരിക്കൽപോലും അതിന് എതിർനിന്നതായി എനിക്ക് അറിവില്ല. അവരുടെ സാറ്റുകളിയിൽ അവൻ മാത്രമേ ഒളിക്കുമായിരുന്നുള്ളൂ. കുത്തിനിർത്തിയ ക്യാൻവാസിനുമുന്നിൽ നിറങ്ങളെ കൈയിലെടുത്ത് അവനെപ്പോഴും എണ്ണുന്നുണ്ടാവും.

തൊണ്ണൂറ്റെട്ട്, തൊണ്ണൂറ്റൊമ്പത്, തൊണ്ണൂറ്റൊമ്പതേ കാല്, തൊണ്ണൂറ്റിയൊമ്പതര.......

ഞാനിപ്പോഴും അവനോട് ചേർന്നുണ്ട്.

അവനില്ലാതെ ഞാനെവിടെ പോകാനാണ്.

വേദനയുടെ വേലിയേറ്റത്തിനിടയിൽ അവൻ ഇടയ്ക്കിടെ പിടയുന്നത് ഞാൻ കണ്ടു. നഷ്ടപ്പെട്ടുപോകുമെന്നുറപ്പുള്ള ജീവനെ തിരിച്ചുപിടിക്കാനുള്ള വിഫലശ്രമം കണ്ട് അവനോടെനിക്ക് പുച്ഛം തോന്നി.

സ്വാർത്ഥൻ

രണ്ടു ദിവസത്തിനുശേഷം അവൻ ഉണർന്നു. സി.സി.യു.വിലെ സി.എഫ്.എൽ വെളിച്ചത്തിൽ നോക്കി ഇമവെട്ടാതെ അവൻ കണ്ണുതുറന്നു.

നാലു കണ്ണുകളും ജോടി ചേർന്ന് കോർത്തു.

പോകാം. അവൻ പറയാതെ തന്നെ എന്നോട് സംസാരിക്കുന്നതായി എനിക്കുതോന്നി.

എങ്ങോട്ട് ? കണ്ണുകൾകൊണ്ടു തന്നെ ഞാൻ മറുപടി പറഞ്ഞു.

സാധാരണ യാത്രയ്ക്കുള്ളപോലത്തെ ശോകമുഖമല്ല മറിച്ച് ആകാംഷയുടെയും പ്രതീക്ഷയുടെയും സുഗന്ധപുഞ്ചിരിയിലാണവൻ സംസാരിച്ചത്.

പതിവുപോലെ അവൻതന്നെ കാറോടിക്കുന്നു.

ഞാനിപ്പോഴും ചേർന്നുണ്ട്. അവനി



ല്ലാതെ ഞാനെവിടെ പോകാനാണ്.

14/12/1995

Johanasberg

സുഹൃത്തിന്,

നിങ്ങൾ അയച്ചുതന്ന പണമാണ് ഇന്നിവിടുണ്ടായ മഹാസമ്മേളനത്തിനാധാരം. ജോഹനാസ്ബർഗിലും പ്രിക്ടോറിയയിലും നിങ്ങൾ ആഗ്രഹിച്ചതുപോലെ ക്യാമ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഡർബനിലും സെഞ്ചൂറിയനിലും സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച് ക്യാമ്പുകൾ ഉടൻ തുടങ്ങുന്നതാണ്. ഏറെ കുറ്റവാളികൾ ഈ സംഘത്തിലുണ്ട്. സർക്കാറിന്റെ സഹകരണവും എന്നെ ആവോളം സഹായിക്കുന്നു.

അന്നൊരിക്കൽ രാത്രി കേപ്ടൗണിൽ വച്ച് നിങ്ങളെ കത്തി ചൂണ്ടി പേടിപ്പിച്ച്, നിന്റെ വാച്ചും ക്യാമറയും കവർന്ന കഗിസോ എംപെംബ (Kagiso Mpemba) പ്രിട്ടോറിയ ക്യാമ്പിലുണ്ട്. നിങ്ങളുടെ വാച്ചിനും ക്യാമറയ്ക്കും എന്തു വിലവരുമെന്ന് പറയുക. ആ കടം അവൻ തന്നെ വീട്ടുന്നതായിരിക്കും.

എന്ന്

ടെക്കോ മൊാഡിസെ
സൗത്ത് ആഫ്രിക്കൻ

അവൻ പറഞ്ഞ ഒരാഗ്രഹമാണ് വീണ്ടുമൊരു യാത്ര ഇപ്രാവശ്യം പോകേണ്ട വഴി തെരഞ്ഞെടുത്തത് ഞാനാണ്. സുന്ദരമുഖമുള്ള നാലുവരിപ്പാതയിലൂടെ കാർ ചീറിപ്പാഞ്ഞു. ഇരു വശത്തെയും മലകൾ പൈൻ മരങ്ങളിൽ നിറഞ്ഞ്, താഴെ പലവർണ്ണ സമ്പുഷ്ടമായ കൃഷിയിടങ്ങൾക്ക് നടുവിലൂടെ ഗ്രാമങ്ങളോടു ചേർന്നുള്ള റെയിലിനു സമാന്തരമായി ഞങ്ങൾ നീങ്ങി. റഷ്യയെയോ, സ്വിറ്റ്സർലണ്ടിനെയോ വിസ്മരിപ്പിക്കും വിധമുള്ള വഴികൾ. അവൻ കാറിനുള്ളിൽ ആനന്ദനൃത്തം ചവിട്ടുന്നു.

അതൊരു യാത്ര തന്നെയായിരുന്നു. മുപ്പതു വർഷത്തെ നിർത്താത്ത സഞ്ചാരം. ഈ യാത്രയിൽ അവന്റെ, കാലുകൾ നിരുവന്ന് വീങ്ങിയിരുന്നു. കൈകളിൽ നീല ഞരമ്പുകൾ തെളിഞ്ഞൊഴുകി. സംസാരിക്കാനാവാതെ ചിന്തിച്ചുകൂട്ടിയതെല്ലാം നീളൻതാടിയായി അവന്റെ മുഖത്തു ചുരുണ്ടു കൂടിയിരിക്കുന്നു. അതൊന്നു കോതിയൊതുക്കാൻപോലും അവൻ മുതിർന്നില്ല. മുടികളോരൊന്നും ഇണപ്പാമ്പുകളായി പരസ്പരം ചുറ്റിവരിഞ്ഞിരിക്കുന്നു.

വണ്ടി ഒരു ചുരം കയറുകയാണ്. ശക്തമായ കോടയും കാറ്റും മനസ്സിനെ തിരിഞ്ഞോടാൻ പ്രേരിപ്പിക്കുകയാണ്. ചുറ്റുമുള്ള കാഴ്ചകൾ അവ്യക്തം. വെളുത്ത തിരശ്ശീലയിലേയ്ക്ക് കാറിടിച്ചു കയറുന്നതുപോലെ എനിക്ക് തോന്നി. ഞാൻ ഭയന്നു. പക്ഷേ, ഉന്മാദത്തിന്റെ പരമകോടിയിൽ നിൽക്കുന്ന അവനതൊരു ലഹരിയായി മാറുന്നതു ഞാൻ അറിഞ്ഞു. പൂർണ്ണചന്ദ്രന്റെ ശിങ്കിടിയായ നിലാവിനെ കോടമഞ്ഞ് തടഞ്ഞ് വഴിയിൽ വെളുത്ത ഇരുട്ടു സൃഷ്ടിച്ചിരിക്കുകയാണ്.

അവന്റെ കണ്ണുകൾ പതിയെ അടഞ്ഞുപോയി..

വണ്ടിനിയന്ത്രണം വിട്ട് ഒരു പാറയിൽ ചെന്ന് ചെറുതായിത്തട്ടി. വണ്ടിയുടെ മുൻവശത്തെ ഇടതു ടയർ ആണ് പൊട്ടിയത്.

എഞ്ചിനിൽ നിന്നു പുക–ഹെഡ്ലൈറ്റിന്റെ വെളിച്ചത്തിൽ ഒരു സ്വർഗകവാടം തീർക്കുന്നു.

കുറേനേരം ഞങ്ങൾ ഒന്നും മിണ്ടാതെ കാറിനുള്ളിൽത്തന്നെയിരുന്നു. ഞങ്ങൾ രണ്ടുപേരും മരവിച്ചുപോയി. ഈ മുപ്പതുവർഷത്തെ യാത്രയിൽ ആദ്യമായാണ് ടയർ പൊട്ടുന്നത്.

അവനെന്തു ചെയ്യണമെന്നറിയാതെ കാറിലിരുന്നു വിയർത്തു. ഞാൻ തട്ടിവിളിച്ചു. വിളറിയ കണ്ണുകളോടെ അവൻ ഞെട്ടിത്തിരിഞ്ഞെന്നെനോക്കി.

ചെല്ല്!! ഞാൻ തലകൊണ്ടാംഗ്യം കാട്ടി.

വലിയ ഹാളിലെന്നപോലെ അതു പ്രതിധ്വനികളായി ചുറ്റും അലയടിച്ചു.

അവനൊന്നും ചെയ്തേയില്ല.അവനിറങ്ങാൻ കഴിയില്ലെന്നെനിക്കറിയാമായിരുന്നു. എങ്കിലും ഞാനേറെ നിർബന്ധിച്ചു.

ഞാനിപ്പോഴും അവനോട് ചേർന്നുണ്ട് .

അവനില്ലാതെ ഞാനെന്ത് ചെയ്യാനാണ് .

നിസ്സഹായതയുടെയും നിഷ്ക്രിയയുടെയും കുറെ നിമിഷങ്ങൾ. അവനുകരയുവാനല്ലാതെ സ്റ്റിയറിങ്ങിൽ നിന്ന് കൈകൾ അനക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല.എഞ്ചിനുള്ളിലെ ചൂട് കാറിനുള്ളിലേയ്ക്ക് വന്നുകൊണ്ടിരുന്നു. ചില്ലിൽ നിന്നിരുന്ന മഞ്ഞുകണങ്ങൾ ഉരുകി താഴേക്കൂർന്നു. ഉള്ളിൽ വിയർത്തുകുളിച്ച് അവൻ ഇരിക്കുകയാണ്...

അവനെ നോക്കിക്കൊണ്ട് ഞാനും.

പുറത്തെ കൊടും തണുപ്പും അകത്തെ ചൂടും ആസന്നമായ ഇരുട്ടിന്റെ പടവെട്ടലായിരുന്നു .

സമയം ഏറുകയാണ്.

സഹികെട്ട് ഞാനവന്റെ നേർക്കലറി.ശക്തിയായി കുലുക്കിവിളിച്ചു. തല്ലിയുണർത്താൻ ശ്രമിച്ചു. അവന്റെ വിളറിയ കണ്ണുകൾ പോലും നിസ്സഹായതയുടെ തിരശ്ശീലയാൽ മൂടപ്പെട്ടിരുന്നു. ഒടുവിൽ ഞാൻ തന്നെ ഡോർ തുറന്ന് പുറത്തേക്കിറങ്ങി... അവിടം മുഴുവൻ ഇരുട്ട് പടർന്നിരുന്നു.

ആശുപത്രിയിൽ ...

ഒരു ദീർഘനിശ്വാസമെടുത്ത് അവൻ ഉയർന്നുപൊങ്ങി. അവന്റെ ഹൃദയം ആ നെഞ്ചിൻകൂട് പൊട്ടിച്ച് പുറത്തേക്ക് വരുമോ എന്നെനിക്കു തോന്നി.എന്തോഒന്നിനെ എത്തിപ്പിടിക്കാൻ ആ കണ്ണുകൾ വെമ്പുകയാണ്.എന്നിട്ട് പതിയെ കിടക്കയിൽ സർവ്വാംഗവും അയഞ്ഞ് കിടന്നു. അപ്പോഴേക്കും മുറിയിൽ ഇരുട്ട് പടർന്നിരുന്നു.എനിക്ക് എന്നെ തന്നെ കാണാൻ പറ്റാത്ത ഇരുട്ട്.



നിതാഖത്തിൽ പേരുമാറി വന്ന ഒമാൻ മത്തിക്ക്.



പെല്ലറ്റ് വെടിയുണ്ടകൾക്ക്
ഒന്നും പരിഹരിക്കാൻ
കഴിയില്ല.

ഒട്ടേറെ വിമർശനങ്ങൾക്ക് ശേഷവും കശ്മീരിൽ പ്രതിഷേധക്കാർക്കുനേരെ പെല്ലറ്റ് തോക്കുകൾ ഉപയോഗിക്കുന്നത് സർക്കാർ തുടരുകയാണ്. അടുത്തിടെ പെല്ലറ്റ് തോക്കുകൾ തകർത്ത ജീവിതങ്ങളിൽ ശ്വാസകോശം വിണ്ടുകീറിയ എട്ടു വയസ്സുകാരൻ ജുനൈദും അന്ധനായിത്തീർന്ന ആദിലും ഉൾപ്പെടുന്നു. ഓരോ ദിവസും 30പേരെങ്കിലും പെല്ലറ്റ് തോക്കുകളുടെ ഇരകളായിത്തീരുന്നു എന്നത് സർക്കാരിന്റെ കാർക്കശ്യത്തിൽ അയവുണ്ടായിട്ടില്ല എന്നതിന് തെളിവാണ്. തീവ്രവാദികളേയും കല്ലേറുകാരേയും ഇങ്ങെതന്നേയാണ് നേരിടേണ്ടതെന്നും അതിൽ ഒരുവിമുഖതയും കാണിക്കേണ്ടതില്ലെന്നും ജമ്മുവിലെ സാബയിൽ സന്ദർശനം നടത്തവെ കേന്ദ്രമന്ത്രി അരുൺ ജെയ്റ്റ്ലി കർക്കശമായി പറഞ്ഞതും അതു തന്നെയാണ് തെളിയിക്കുന്നത്. എന്നാൽ അടുത്ത ദിവസം പ്രതിപക്ഷനേതാക്കളുമായി നടത്തിയ ചർച്ചയിൽ കശ്മീരികളുടെ വേദന പങ്കുവെക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമേദി പറഞ്ഞു. യുവാക്കളോ, സുരക്ഷാ ഉദ്യോഗസ്ഥരോ, പോലീസോ ആകട്ടെ, അവർക്ക് ജീവൻ നഷ്ടമാകുന്നു എന്നത് ഏറെ വേദനാജനകമായ കാര്യമാണ്.
പക്ഷെ, സാഹചര്യങ്ങൾ അത്യന്തം ദുഷിക്കുകയും തന്റെ രാഷ്ട്രീയ വ്യക്തിത്വത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു എന്നുവന്നപ്പോഴാണ് അദ്ദേഹം പ്രശ്ന പരിഹാരത്തിനായി ശ്രമം തുടങ്ങിയത്.
കല്ലും കട്ടകളും തീപ്പന്തങ്ങൾക്കും പകരം പേനയും കമ്പ്യൂട്ടറും തൊഴിലുമാണ് കാശ്മീരികളുടെ കൈയിൽ ഞാൻ കാണാൻ ആഗ്രഹിക്കുന്നതെന്ന് രാജ്നാഥ് സിംഗും പറഞ്ഞു. എന്നാൽ ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗും അരുൺ ജെയ്റ്റ്ലിയും കാശ്മീരിൽ ഇപ്പോഴുണ്ടായ പ്രകോപനങ്ങൾക്ക് പാകിസ്ഥാനെയാണ് കുറ്റപ്പെടുത്തിയത്.
കാശ്മീർ പ്രശ്നത്തെകുറിച്ച് വളരെ സാധാരണമായ മനസ്സിലാക്കൽ മാത്രമാണ് ബി.ജെ.പി നേതക്കന്മാർക്കുള്ളത് എന്നത് എന്നെ ഞെട്ടിക്കുന്നുണ്ട്. ഈ സമീപനം പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നതിന് കാരണമായിത്തീരും.
വികസനമാണ് കാശ്മീർ പ്രശനത്തിന് പരിഹാരമെന്ന പറയുന്ന മോദിയും രാജ്നാഥ് സിംഗും സാമ്പത്തിക അഭിവൃദ്ധിയാണോ പ്രശ്നപരിഹാരമായി മുന്നിൽ കാണുന്നത്? സമ്പത്തിക അഭിവൃദ്ധി സന്തുഷ്ടി നൽകിയിരുന്നെങ്കിൽ പഞ്ചാബ് യുവത് മയക്കുമരുന്നിലേക്ക് തിരിയില്ലായിരുന്നു. കാശ്മീര് താഴ്വരയിൽ സമാധാനം പുനസ്ഥാപിക്കപ്പെടണമെങ്കിൽ ഭൗതികമായ സുസ്ഥിതിയേക്കാൾ മനസ്സികമായ സന്തുഷ്ടിയാണ് പുലരേണ്ടത്. കാശ്മീരികൾക്ക് സ്വീകാര്യമായ ഒരു രാഷ്ട്രീയ പരിഹാരം ഉരുത്തിരിഞ്ഞുവന്നാൽ മാത്രമേ അത് സംഭവിക്കുകയുള്ളൂ. പലരാഷ്ട്രീയ വിദഗ്ധരും അഭിപ്രായപ്പെടുന്നത് പോലെ സ്വയം ഭരണാവകാശം തന്നെയാകും ആ പരിഹാരം.
സ്ത്രീകളും കുട്ടികളും വരെ കല്ലേറിൽ പങ്കുചേരുന്നതിലാണ് അരുൺ ജെയ്റ്റ്ലി അത്ഭുതപ്പെടുന്നത്. അവർക്കുനേരെ സുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന ബലപ്രയോഗങ്ങൾക്ക് മറപടിയാണ് ആ കല്ലേറുകൾ. തോക്കെടുക്കാതെ ആത്മസംയമനം പലിക്കുന്ന കാശ്മീരിലെ ഒരു വലിയ വിഭാഗം ജനതയോട് നന്ദി പറയുകയാണ് അദ്ദേഹം ചെയ്യേണ്ടത്. ഒരു ചെറിയ വിഭാഗം മാത്രമാണ് സുരക്ഷാ ഉദ്യോഗസ്ഥരെ കൊല്ലുന്നത് അടക്കമുള്ള അക്രമങ്ങളിലേക്ക് വഴിമാറിയിട്ടുള്ളത്. കല്ലേറിൽ നിന്നും സ്വയരക്ഷ തരതമ്യേന എഴുപ്പത്തിൽ സാധ്യമാകുമെന്നിരിക്കെ സുരക്ഷാ ഉദ്യോഗസ്ഥർ എന്തുകൊണ്ടാണ് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പെല്ലറ്റ് തോക്ക് പ്രക്ഷോഭകർക്കു നേരെ പ്രയോ





ഗിക്കുന്നത്? രണ്ട് സുരക്ഷാ ഉദ്യോഗ
സ്ഥരാണ് ഇത്രയും ദിവസം നീണ്ടു
നിന്ന അക്രമങ്ങൾക്കിടിൽ കൊല്ല
പ്പെട്ടത്. പെല്ലറ്റ് ആക്രമണത്തിൽ
കൊല്ലപ്പെടുന്ന സാധാരണക്കാരുടെ
എണ്ണം ദിനംപ്രതി കൂടിവരുകയാണ്.
രാജ്യത്തെവിടേയും പ്രക്ഷോഭങ്ങൾക്ക്
നേരെ ഉപയോഗിക്കാത്ത പെല്ലറ്റ് വെ
ടിയുണ്ടകൾ തങ്ങൾക്കുനേരെ മാത്രം
പ്രയോഗിക്കപ്പെടുമ്പോൾ രണ്ടാംത
രം പൗരന്മാരായി കാശ്മീരികൾക്ക്
അനുഭവപ്പെടുന്നത് സ്വാഭാവികമാണ്.
ജനങ്ങളെ മനസ്സിലാക്കുന്ന ഒരു സർ
ക്കാരും ഇത്ര മനുഷ്യത്വവിരുദ്ധമായി
പൗരന്മാരോട് പെരുമാറില്ല. ഒരുപക്ഷെ
ഇസ്രയേൽ പലസ്തീനികളോട്
ഇതു ചെയ്യുന്നുണ്ടാകാം: എന്നാൽ
ഇസ്രയേലിന് പലസ്തീനുമായുള്ള
ബന്ധമല്ലല്ലോ ഇന്ത്യയ്ക്ക് കാശ്മീരുമ
യുള്ളത്.
സേനയെ കൂടുതൽ ശക്തിപ്പെ
ടുത്തുക എന്ന മാത്രമാണ് കാശ്മീർ
പ്രശ്നത്തിന് പരിഹാരമായി ബി.ജെ.പി
ക്ക് നിർദ്ദേശിക്കാനുള്ളത്. ജമ്മുകാശ്
മീര് ഇന്ത്യയുടെ ഭാഗമായി മാറിയതിന്
ശേഷമുണ്ടായ ഏറ്റവും കർഫ്യൂവാണ്
കഴിഞ്ഞ ഒന്നരമാസമായി അവിടെ
തുടർന്നു കൊണ്ടിരിക്കുന്നത്. പോലീ
സ് പിൻവലിഞ്ഞിരിക്കുന്നു. സൈനി
ക–അർദ്ധ സൈനിക വിഭാഗങ്ങ
ളെയാണ് ഇപ്പോൾ ജനങ്ങൾ നേരിട്ട്
അഭിമുഖീകരിക്കുന്നത്. അതിർത്തി
യിൽ ശത്രുക്കളെ മാത്രം നേരിടാൻ
പരിശീലിക്കപ്പെട്ട സുരക്ഷാസേനയിലെ
ഉദ്യോഗസ്ഥർ ജനങ്ങളെ ശത്രുക്കളാ
യി കരുതുന്നത് സ്വാഭാവികമാണ്.
സുരക്ഷാ ഉദ്യോരസ്ഥരുടെ ഉയർന്ന
തോതിലുള്ള സാന്നിദ്ധ്യം കാര്യങ്ങൾ
സാധാരണ നിലയിലേക്ക് തിരിച്ചു
കൊണ്ടുവരാൻ പ്രയാസമാകും എന്ന
തരത്തിലുള്ള ഒരു അന്തരീക്ഷമാണ്
കാശ്മീരിൽ സൃഷ്ടിച്ചിരിക്കുന്നത്. 13
വർഷത്തിന് ശേഷം ബി.എസ്.എഫിലെ
സുരക്ഷാസഹായത്തിനായി വിളി
ച്ചതും ഒരു ശുഭസൂചനയല്ല.
താഴ്വാരയിലെ സമാധാനം പുലര
ണമെന്ന് മോദി ആത്മാർത്ഥമായി
ആഗ്രഹിക്കുന്നുണ്ടെങ്കിൽ ചർച്ചകൾ
ഉടനെ തുടങ്ങുകയാണ് വേണ്ടത്.
കല്ലേറുകാരായ പ്രതിഷേധക്കാരാണ്
സമാധാന ലംഘകർ എന്നാണ് അരുൺ
ജെയ്റ്റ്ലി കരുതുന്നത്. യാഥാർത്ഥ്യ
ത്തിൽ യുദ്ധോപകരണങ്ങളാൽ
അധികാരം നൽകപ്പെട്ട സുരക്ഷാ
ഉദ്യോഗസ്ഥരാണ് മുഖ്യസമാധാനലം
ഘകർ. താഴ്വരയിൽ സമാധാനം
എത്തുകയെന്നത് പൂർണ്ണമായും
സർക്കാരിന്റെ ചുമതലയാണ്. അതിന്
ശ്രമിക്കുന്നതിന്ന പകരം പാകിസ്ഥാ
നാണ് ഈ കല്ലേറുകൾക്ക് പിന്നിലെന്ന്
ധ്വനിപ്പിക്കുന്നതരത്തിലുള്ള പ്രസ്താവ
നകളിറക്കുന്നത് ഒരു ഫലവും ചെയ്യില്ല.
പാകിസ്ഥാനെ നരകത്തനോട് സാ
ദൃശ്യപ്പെടുത്തിയ കേന്ദ്ര പ്രതിരോധ
മന്ത്രി മനോഹർ പരീക്കാറിന് നടിയും
മുൻ കോൺഗ്രസ്സ് എം.പിയുമായ രമ്യ
നൽകിയ മറുപടി തീർത്തും യുക്തി
സഹമായിരുന്നു. അതിന്റെ പേരിൽ
അവർക്കെതിരെ ശക്തമായ പ്രതിഷേ

ധമുണ്ടാവുകയും രാജ്യദ്രോഹക്കുറ്റത്തിന് കേസ് ചുമത്തുകയും ചെയ്തു. ഹിന്ദുത്വവാദികളുടെ ഒരു തനത് തന്ത്രമാണിത്. അവർ തന്നെ ആദ്യമൊരു വിവാദം സൃഷ്ടിക്കും. അതിനെതിരെ ആരെങ്കിലും സംസാരിച്ചാൽ ഉടൻ തെരുവിലിറങ്ങി അത് ആളിക്കത്തിക്കും. അവർ ചെയ്യുന്നതിനെ ആരും ചോദ്യം ചെയ്യാൻ പാടില്ല; ആരെങ്കിലും പ്രതികരിച്ചാലോ, അവർ വീണ്ടും തെരുവിൽവച്ച് അതിനെ നേരിടും. ഒരു ഉദാഹരണത്തിന്, ദാദ്രിയിൽ കൊല്ലപ്പെട്ട അഖ്ലാകിന്റെ കുടുംബത്തിനെതിരെ ഗോമാംസം കൈവശം വച്ചതിന് കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് അവർ തെരുവിലിറങ്ങി. അതേസമയം അയാളെ കൊന്നവർക്കെതിരെ കേസെടുക്കുന്നതിനെക്കുറിച്ച് മൗനം പാലിക്കുകയും ചെയ്തു.

എന്നാൽ നടി രമ്യ അവരുടെ നിലപാടിൽ ഉറച്ചുനിന്നു എന്നത് ശ്ലാഘനീയമാണ്. എന്തു വിലകൊടുത്താലും സംഘപരിവാർ അനുബന്ധസംഘടനകളുടെ യുക്തിരാഹിത്യത്തെ തുറന്നുകാണിക്കുകയെന്ന തീരുമാനത്തിൽ അവർ ഉറച്ചുനിന്നു. ഹിന്ദു ദേശീയതയാണ് ഇന്ത്യൻ ദേശീയതയെന്ന് തെറ്റിദ്ധരിപ്പിക്കാനാണ് അവർ ശ്രമിക്കുന്നത്. ദേശീയതയെക്കുറിച്ച് സ്വാതന്ത്ര്യസമരഭടന്മാർക്കുണ്ടായിരുന്ന സങ്കൽപ്പങ്ങൾക്ക് ഘടകവിരുദ്ധമാണ് അവർ മുന്നോട്ട് വയ്ക്കുന്ന ദേശീയത. ബി.ജെ.പി. അധികാരത്തിലെത്തിയ ശേഷം ദേശീയതയുടെ പേരുപറഞ്ഞുള്ള അക്രമവും അഴിഞ്ഞാട്ടവും ഇന്ത്യയിൽ വല്ലാതെ പ്രകടമായിട്ടുണ്ട്. സാമുദായിക മൈത്രിയാണ് നമ്മുടെ ദേശീയതയുടെ പൈതൃക സമ്പത്ത്. ന്യൂനപക്ഷപ്രീണനമാണെന്ന് പറഞ്ഞതിനെ തകർക്കാൻ ശ്രമിക്കരുത്.

രമ്യ പറഞ്ഞതാണ് ശരി. പാകിസ്ഥാനിലെ ജനങ്ങൾ തങ്ങളെപ്പോലെ തന്നെയാണ്. അതുകൊണ്ടുതന്നെ അവരെ വെറുക്കേണ്ടകാര്യമില്ല. സർക്കാരാണ് ശത്രുതാപരമായ അന്തരീക്ഷം ജന



ങ്ങൾക്കിടയിൽ നിലനിർത്തുന്നത്. ജനങ്ങൾ എന്തുകൊണ്ടാണ് അതിൽ വശംവദരാകുന്നത്? പാകിസ്ഥാനിലെ 48 ശതമാനം ജനങ്ങൾക്ക് ശൗചാലയ സൗകര്യങ്ങളുള്ളപ്പോൾ ഇന്ത്യയിലത് 34 ശതമാനം മാത്രമാണ്. ഇന്ത്യയിൽ ജനിക്കുന്ന കുട്ടികളിൽ 43 ശതമാനം പേർ തൂക്കക്കുറവുള്ള കുട്ടികളായിരിക്കുമ്പോൾ പാകിസ്ഥാനിൽ അത് 31 ശതമാനം മാത്രമാണ്. ആ സ്ഥിതിക്ക് പാകിസ്ഥാനിലെ പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ച് അവിടം അത്രത്തോളം നരകമായി അനുഭവപ്പെടാനിടയില്ല.



# ചേറ്റുമണക്കുന്ന തെയ്യങ്ങൾ

ജാത്യാചാരങ്ങൾ ഉണ്ടാക്കിത്തീർത്ത സാമൂഹികവ്യവസ്ഥയിൽ ജനിക്കുകയും അതേ അവസ്ഥയിൽതന്നെ കൊല്ലപ്പെടുകയും ചെയ്തവരുടെ കഥ.

ഉത്തരകേരളത്തിന്റെ സാമൂഹിക സാംസ്കാരികജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ അനുഷ്ഠാന നിർവഹണമാണ് തെയ്യം. അനുഷ്ഠാനം എന്നത് ദേവപ്രീതിക്കുവേണ്ടി മനുഷ്യർ ചെയ്യുന്ന കർമ്മമായതിനാൽ തെയ്യത്തെ സംബന്ധിച്ചിടത്തോളം ആരാണ് ദേവനെന്നും അവരെങ്ങനെ ദൈവക്കരുവായി മാറിയതെന്നും ചർച്ചചെയ്യേണ്ടതുണ്ട്. വടക്കൻ കേരളീയരെ സംബന്ധിച്ച് തെയ്യം അവരുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങിയ രക്തബന്ധങ്ങളാണ്. അതുകൊണ്ടുതന്നെയാണ് അമ്മയായും അച്ഛനായും മകനായും മകളായും മുത്തപ്പനായും തൊണ്ടച്ചനായും അവർ ഉറഞ്ഞാടുന്നത്. രക്തബന്ധങ്ങൾക്കപ്പുറത്ത് ഭൂതകാലത്തിലേക്ക് വെളിച്ചംവീശുന്ന ചെഞ്ചൂട്ട്കറ്റയുടെ പ്രഭയുള്ള ചെങ്കുരുതിയുടെ നിറമുള്ള മഞ്ഞളിൻ മണമുള്ള നിരവധി നിരവധി ഓർമ്മകളാണ്. തെയ്യവും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ ആഴം അടയാളപ്പെടുത്താൻ വാക്കുകളില്ല. മനുഷ്യനോടും പ്രകൃതിയോടും ഇത്രമേൽ ചേർന്നുനിൽക്കുന്ന മറ്റൊരു അനുഷ്ഠാനം കേരളത്തിന്റെ പശ്ചാത്തലത്തിലില്ല. ഒരുപക്ഷേ തങ്ങളുടെ പൂർവികർ എന്ന ബോധമായിരിക്കാം വടക്കൻ കേരളത്തിന്റെ മനസ്സിനെ തെയ്യത്തോട് ചേർത്തുവെച്ചത്.

സാമൂഹികവ്യവസ്ഥ നിർമ്മിച്ച അനീതിക്കെതിരെ ശബ്ദമുയർത്തിയ കീഴാളൻ തന്നെയാണ് ഓരോ തെയ്യങ്ങളും. അനീതിക്കെതിരെ പ്രതികരിച്ച അടിസ്ഥാനവർഗ്ഗത്തിന്റെ ഉയർത്തെഴുന്നേൽപ്പ്. ജാതിമതവർഗ്ഗവർണ്ണങ്ങൾക്കപ്പുറത്ത് മനുഷ്യപക്ഷത്ത് നിലയുറപ്പിച്ച ഒരുപിടി മനുഷ്യസ്നേഹികൾ. അതുകൊണ്ടുതന്നെയാണ് കാരിഗുരുക്കളായും ഐപ്പള്ളിത്തെയ്യമായും മുച്ചിലോട്ട് ഭഗവതിയായും പൊട്ടൻതെയ്യമായും മുക്രിപോക്കറായും ആലിതെയ്യമായും അവർക്ക് ഉറഞ്ഞാടാൻ കഴിയുന്നത്. തെയ്യം ജാതിമതവർണ്ണവർഗ്ഗങ്ങൾക്കപ്പുറത്ത് ഒരു മഹത്തായ സംസ്കാരമാണെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ കഴിയുന്നത്.

എന്റെ കുന്നത്തൂർ ആളടിയാത്തിക്ക് പേറ്റിച്ചിയില്ല, വിഷഹാരിയില്ല, ഞാൻ തന്നെ പേറ്റിച്ചിയായും വിഷഹാരിയായും നിലനിന്നിട്ടുണ്ട്. സാക്ഷാൽ മുത്തപ്പന്റെ വാചാലാണിത്. ഏത് സവർണ്ണദൈവങ്ങളാണ് അടിയാത്തിയുടെ പേറെടുക്കാൻ നിൽക്കുന്നത്? മുത്തപ്പനും തൊണ്ടച്ചനും (വയനാട്ടുകുലവൻ) അവശതയനുഭവിച്ച ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടവരാണ്. അതുകൊണ്ടുതന്നെയാണ് അവർ ദൈവക്കരുവായപ്പോൾ അഷ്ടബന്ധങ്ങളുടെ ബന്ധനങ്ങൾ പൊട്ടിച്ചെറിയുന്നതും.



**തെയ്യവും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ ആഴം അടയാളപ്പെടുത്താൻ വാക്കുകളില്ല. മനുഷ്യനോടും പ്രകൃതിയോടും ഇത്രമേൽ ചേർന്നുനിൽക്കുന്ന മറ്റൊരു അനുഷ്ഠാനം കേരളത്തിന്റെ പശ്ചാത്തലത്തിലില്ല.**

തെയ്യങ്ങളുടെ പുരാവൃത്തങ്ങൾ പരിശോധിക്കുമ്പോൾ അതിൽ ഭൂരിഭാഗവും അധഃസ്ഥിത വിഭാഗം അനുഭവിച്ച ദുരിതങ്ങളായിരുന്നു. ജാത്യാചാരങ്ങൾ ഉണ്ടാക്കിത്തീർത്ത സാമൂഹികവ്യവസ്ഥയിൽ ജനിക്കുകയും അതേ അവസ്ഥയിൽ തന്നെ കൊല്ലപ്പെടുകയും ചെയ്തവരുടെ കഥ. വ്യവസ്ഥയും വ്യവസ്ഥിതികളും തെറ്റാണെന്നു തിരിച്ചറിഞ്ഞപ്പോൾ അതിനെതിരെ പ്രതികരിച്ചവർ മരണത്തെ ഏറ്റുവാങ്ങുന്നു. ദളിതരും സ്ത്രീകളും അറിവ് നേടുന്നതുതന്നെയാണ് അക്കാലത്തും ഇക്കാലത്തും ആക്രമിക്കപ്പെടാൻ കാരണം. ദൈവക്കരുവായ ഓരോ തെയ്യവും ദളിതരോ സ്ത്രീകളോ ആയിരിക്കും.സവർണ്ണ ഫാസിസം ഉണ്ടാക്കിയ ഈ സിദ്ധാന്തത്തെ തന്നെയല്ലേ രാജ്യത്ത് ഇന്ന് നടക്കുന്ന ദളിത് പീഡനങ്ങളുടെ അടിത്തറ.



ജാതിവ്യവസ്ഥിതിക്കെതിരെ ശക്തമായി നിലകൊണ്ട പൊട്ടൻതെയ്യത്തെ സംബന്ധിച്ച് നിരവധി പുരാവൃത്തങ്ങൾ നിലനിൽക്കുന്നുണ്ട്. അനുഷ്ഠാനത്തെയും ഐതീഹ്യത്തെയും മാറ്റി നിർത്തിയാൽ അലങ്കാരൻ എന്ന പുലയന്റെ കഥയ്ക്ക് പ്രാധാന്യമുണ്ട് പൊട്ടൻതെയ്യത്തിന്. കണ്ണൂർ ജില്ലയിലെ പുളിങ്ങോം എന്ന പ്രദേശത്ത് ഇന്നും അലങ്കാരന്റെ കഥയാണ് പാടിപൊലിപ്പിക്കുന്നത്.

സർവ്വജ്ഞപീഠം കയറാൻപോയ ശങ്കരാചാര്യരോട് ജാതിചിന്തയും ജാത്യാചാരങ്ങളും അനാവശ്യമാണെന്നും മനുഷ്യരെല്ലാം തുല്യരാണെന്നും പറഞ്ഞ് സമർത്ഥിച്ചു. പക്ഷേ അലങ്കാരൻ പറഞ്ഞ ആശയങ്ങൾ കീഴാള ഉന്നതിക്ക് കാരണമാകുമെന്നതിനാൽ സവർണ്ണക്കോമരങ്ങൾ അലങ്കാരനെന്ന പുലയനെ ചുട്ടുകൊന്നു. പക്ഷേ അലങ്കാരന്റെ പിൻമുറ അദ്ദേഹം ഉയർത്തിയ അദ്വൈതത്തിന്റെ വേദാന്തം ഏറ്റുപാടി.

നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര...
നീങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോരാ...

പൊട്ടൻതെയ്യം ജാതീയതയ്ക്കെതിരെ പ്രതിരോധംതീർത്ത കീഴാളനാണെങ്കിൽ ഐപ്പള്ളിത്തെയ്യം സമത്വമെന്ന പാഠമാണ് നമ്മളെ പഠിപ്പിക്കുന്നത്. ഐക്കോട്ടരമനയിലെ നമ്പൂതിരിയുടെ വയലിലെ കാവൽക്കാരനായിരുന്നു പിത്താരി എന്ന പുലയൻ, നമ്പൂതിരിക്ക് പിത്താരിയോട് സ്നേഹമായിരുന്നു. കോലത്തിരിയും പരിവാരങ്ങളും ചേലാട്ട് വയലിലൂടെ പോകുമ്പോൾ അവിടെ ഞണ്ടിനെ പിടിച്ചുകൊണ്ടിരിക്കുന്ന പിത്താരിക്ക് വഴിമാറാൻ കഴിഞ്ഞില്ല. തന്നെ പുലയൻ തീണ്ടിയെന്നുപറഞ്ഞ് വെടിവെച്ചുകൊന്നു. വെടിയൊച്ചകേട്ട് ഓടിയെത്തിയ നമ്പൂതിരിയുടെ തലയും കോലമുടിമന്നന്റെ നിറതോക്കിനാൽ ചിന്നിച്ചിതറി. പിത്താരിയുടെ ശവശരീരത്തിൽ പഴയതുണിയും നമ്പൂതിരിയുടെ ശവശരീരത്തിൽ പട്ടും പുതപ്പിച്ചു. പക്ഷേ രണ്ട് ശവശരീരങ്ങ

**കോലത്തിരിയും പരിവാരങ്ങളും ചേലാട്ട് വയലിലൂടെ പോകുമ്പോൾ അവിടെ ഞണ്ടിനെ പിടിച്ചുകൊണ്ടിരിക്കുന്ന പിത്താരിക്ക് വഴിമാറാൻ കഴിഞ്ഞില്ല. തന്നെ പുലയൻ തീണ്ടിയെന്നുപറഞ്ഞ് വെടിവെച്ചുകൊന്നു.**

ളും ഉയർത്താൻ കഴിഞ്ഞില്ല. അവസാനം പിത്താരി യുടെ ശരീരത്തിൽ പട്ടു പുതപ്പിച്ചപ്പോൾ ആണത്രേ മൃതദേഹങ്ങൾ ഉയർത്താൻ കഴിഞ്ഞത്. നമ്പൂതിരിയും പുലയനും ഒന്നാണെന്ന മഹത്തായ സന്ദേശം ഓർമ്മി പ്പിക്കുമ്പോഴെക്കും വർണ്ണവ്യവസ്ഥ ഉണ്ടാക്കിത്തീർത്ത ബോധമാണിവരെ കൊന്നുതള്ളാൻ കോലമുടിമന്നനെ പ്രേരിപ്പിച്ചതെന്ന വസ്തുത വിസ്മരിക്കുന്നില്ല.

ആണധികാരത്തിന്റെ സവർണ്ണകരങ്ങളിൽ ഒതുങ്ങിനിൽക്കാതെ താൻ നേടിയ വിജ്ഞാനത്തെ പൊതുസഭയിൽ അവതരിപ്പിച്ചവളാണ് പെരിഞ്ചെല്ലൂ രിലെ ഉച്ചില. ഏറ്റവും വലിയ വേദന പ്രസവവേദനയാ ണെന്നും ഏറ്റവും വലിയ സുഖം രതിസുഖമാണെന്നും പറഞ്ഞ ബ്രാഹ്മണകന്യകയായ ഉച്ചിലയാണ് മുച്ചിലോട്ട് ഭഗവതിയായത്. രാമായണം പാരായണം ചെയ്ത് തീയ്യത്തിയെ നഗ്നയാക്കി മുലയറുത്ത് തലമുണ്ഡനം ചെയ്ത് തലയിൽ നെരിപ്പോട്‌വെച്ച് നാടുകടത്തിയ കഥയാണ് തോട്ടുംകര ഭഗവതിയുടേത്. അധികാര ത്തിന്റെ അഹങ്കാരത്തിൽ ദളിതരേയും സ്ത്രീകളേയും നിഷ്കരുണം കൊലചെയ്ത ഒരു ബദൽ ചരിത്രമുണ്ട് തെയ്യങ്ങൾക്ക്.

മലക്കംകയറിവന്ന ആര്യന്മാർ തദ്ദേശീയ രായ തങ്ങളെ അടിമകളാക്കിയതിനോടുള്ള പ്രതി ഷേധമല്ലേ മാരിതെയ്യങ്ങളുടെ ഉറഞ്ഞാട്ടം. തങ്ങളുടെ അധിവാസകേന്ദ്രമായ മാടായി പ്രദേശത്തുനിന്നും ആട്ടിയകറ്റിയതിന്റെ പ്രതിഷേധം. കോലോത്തെ ചത്ത പശുവിനെ കുഴിച്ചിടേണ്ടിവന്ന കീഴാളൻ അതിന്റെ തോലുകൊണ്ട് തുടിയുണ്ടാക്കിയിട്ടുണ്ടാകും. മധുകു ടിച്ച് മത്തവിലാസം പൂണ്ടപ്പോൾ ഉള്ളിലുറഞ്ഞ പ്രതി ഷേധം പാട്ടായി തികട്ടി വന്നിട്ടുണ്ടാകും തുടികൊട്ടി തൊണ്ടകീറി പാടിയിട്ടുണ്ടാകും. അതിന്റെ പ്രതിബിം ബം തന്നെയല്ലേ മാരിക്കലിയനും മാമാരിക്കലിയനും മാരിക്കലിച്ചിയും മാമായക്കലിച്ചിയും മാരിക്കുളിയനും മാമായക്കുളിയനും ഉറഞ്ഞാടുമ്പോൾ കാണുന്നത്.

വെള്ളൂർ ഗുരുകളും മാടായിഗുരുക്കളും എരമത്തെ തൊണ്ടച്ചൻ പൊന്ന്യനും കതിരുകളേ യും എരുതുകളേയും സ്വപ്നം കണ്ട് വിഷംവിതച്ച കണ്ടത്തിലൂടെ നടന്നുപോകുന്ന നമ്പോലനെയും അഷ്ടബന്ധങ്ങൾകൊണ്ട് പ്രതിഷ്ഠിക്കാൻ ശ്രമിച്ചുകൊ ണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ നിന്ന്കൊണ്ട് ഉറക്കെ പ്രഖ്യാപിക്കേണ്ടതുണ്ട് ഇവർ ദളിതരായിരുന്നുവെന്ന്. ഹൈന്ദവ ഫാസിസം തെയ്യങ്ങളുടെ ജനാധിപത്യത്തിലേ ക്ക് കടന്നുവരുമ്പോൾ അതിന്റെ അടിത്തറ ഇളകാ



**ഏറ്റവും വലിയ വേദന പ്രസവവേദ നയാണെന്നും ഏറ്റ വും വലിയ സുഖം രതിസുഖമാണെന്നും പറഞ്ഞ ബ്രാഹ്മണക ന്യകയായ ഉച്ചില യാണ് മുച്ചിലോട്ട് ഭഗവതിയായത്.**

തിരിക്കുന്നത് തെയ്യങ്ങളായി പരിണമിച്ചവർ അടിച്ചമർത്തപ്പെട്ട വർ ആയതുകൊണ്ട് തന്നെ യാണ്. അധികാരംകൊണ്ട് അടിച്ചമർത്തിയ കീഴാളരുടെ പ്രതിനിധികളായി പുനർജനിച്ച വരാണ് തെയ്യങ്ങൾ. അവരുടെ ജനാധിപത്യ ഇടങ്ങളിൽ ഏതു ഫാസിസം ഇടപെട്ടാലും അവർ പകരം ചോദിക്കും.

# ഓർമകൾക്കും മറവികൾക്കും മേൽ ഭാഷ നടത്തുന്ന യുദ്ധങ്ങൾ ( അഭിമുഖം- പത്മശ്രീ എൻ ഗണേഷ് ദെവി)



"വാക്കുകൾക്കുമേൽ പുൽക്കൊടികൾ പോലും അഗ്നിയാകുന്നു. എന്തിന് മഴത്തുളുകൾ പോലും രക്തവും. ഞാനെന്റെ കാലടികൾക്കു കാതോർക്കുകയാണ്. ചക്രവാളത്തിനുനേരെ ഒരു പുതിയ വാക്ക് ഉരുവിടാൻ. ചരിത്രം നിന്റെ ഓർമ്മയിലല്ല ജീവൻ ഉയിർപ്പിക്കുന്നത്. മറിച്ച് വിസ്മൃതമായതിന്റെ ശബ്ദത്തിലാണ്."

- *വില്യം ബ്ലേക്ക്*

ഭൂമുഖത്തു നിന്ന് ഭാഷകൾ നഷ്ടപ്പെടുന്നതിൽ ആകുലനായ ഒരു മനുഷ്യൻ!. വില്യം ബ്ലേക്കിന്റെയും നെരൂദയുടെയും കവിതകളിലെ അഗ്നി ഏറ്റുവാങ്ങുന്ന ഒരു മനസ്സ്. പുഴയ്ക്കു നേരെ മേൽ പിടിച്ച കല്ലുകളാണ് വാക്കുകൾ എന്ന ഭർതൃഹിരിയുടെ മൊഴിയെ ഓർമിപ്പിക്കുന്ന ഒരെഴുത്തുകാരൻ. ഇരുപത് വർഷത്തോളം ആദിവാസി സംസ്കാരത്തിനിടയിലും, അവരുടെ ഭാഷകളെ സംരക്ഷിക്കുന്നതിലും ജീവിതം ഉഴിഞ്ഞു വച്ച സാമൂഹിക പ്രവർത്തകൻ. 2014ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ച ഗണേഷ് എൻ. ദെവി എന്ന അതുല്യ പ്രതിഭയുടെ ജീവിതത്തിന് പല മുഖക്കുറിപ്പുകൾ വേണ്ടി

വരും. 1950ൽ ജനിച്ച് മഹാരാജ സയാജി റാവു സർവകലാശാല( ബറോഡ)യിൽ നിന്ന് ഇംഗ്ലീഷ് പ്രൊഫസറായി റിട്ടയർ ചെയ്തു സാഹിത്യ നിരൂപകൻ, ആക്ടിവിസ്റ്റ് എന്നതിലുപരി, ലോകമെമ്പാടുമുള്ള ആദിവാസി സംസ്കാരങ്ങളെയും, ഭാഷയെയും സാഹിത്യത്തെയും സമന്വയിപ്പിക്കാനും വീണ്ടെടുക്കാനുമായി നടത്തുന്ന പ്രവർത്തനങ്ങൾ അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. 2010ൽ ഇന്ത്യയിൽ നടന്ന ഭാഷാ സർവേയുടെ പ്രധാന മേധാവിയായിരുന്നു അദ്ദേഹം. ശിവജി യൂണിവേഴ്സിറ്റി കൊൽഹാപുർ, യൂണിവേഴ്സിറ്റി ഓഫ് ലീഡ്സ് എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം, ലീഡ്സ് യൂണിവേഴ്സിറ്റി, യെയിൽ യൂണിവേഴ്സിറ്റി, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ഫെലോഷിപ്പ് മേധാവിയായിരുന്നു. ഭാസ അക്കാദമിയുടെ സ്ഥാപനത്തിന് നേതൃസ്ഥാനത്ത് നിന്ന് പ്രവർത്തിച്ചു.

2002 വരെ ദീരുഭായ് അംബേദ്കർ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസർ ആയിരുന്നു. പത്മശ്രീ കൂടാതെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, സാർക്ക് റൈറ്റേഴ്സ് ഫൗണ്ടേഷൻ അവാർഡ്, പ്രിൻസ് ക്ലോസ് അവാർഡ്, ദുർഗ്ഗ ഭഗത് അവാർഡ് എന്നിങ്ങനെ പ്രമുഖ പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി. 2011ൽ ലിംഗ്വാപാക്സ് പ്രൈസ് അദ്ദേഹത്തെ തേടിയെത്തി. ഭാഷാ ശാസ്ത്ര പരമായ നാനാത്വങ്ങളെ സംരക്ഷിക്കുന്നതിനായിരുന്നു ഈ ബഹുമതി. the denotified and nomadic tribes rights action group' ന്റെ സ്ഥാപകനായ ഗണേഷ് എൻ. ദെവി പത്തോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ലോകത്തിലെ തൊഴിലാളി വർഗ്ഗത്തെ ഒന്നിപ്പിച്ച കാറൽ മാർക്സിനെപ്പോലെ, ലോകത്തിലെ എല്ലാ ആദിവാസി സമൂഹങ്ങളെയും ഒന്നിപ്പിക്കണം എന്ന് സ്വപ്നം കാണുന്ന അദ്ദേഹത്തിന്റെ മുഴുവൻ സമയ പ്രവർത്തനങ്ങളും ആദിവാസി ഭാഷയുടെയും സംസ്കാരങ്ങളുടെയും സാഹിത്യത്തിന്റെയും വീണ്ടെടുപ്പുകൾക്കു വേണ്ടി നീക്കിവച്ചിരിക്കുന്നു.മലയാളസർവ്വകലാശാലയുടെ രണ്ടാം വാർഷിക സമ്മേളനത്തിൽ മുഖ്യ പ്രഭാഷകനായി കേരളത്തിലെത്തിയതായിരുന്നു അദ്ദേഹം. ഭാഷകളെ കുറിച്ചും, അവയുടെ നിലനിൽപ്പിനെക്കുറിച്ചും അദ്ദേഹം സംസാരിക്കുന്നു.

ചോദ്യം ?

സ്ഥലം, കാലം, ഓർമ്മ, ചരിത്രം. ഭാഷകളെയും അവയുടെ നിലനിൽപ്പിനെയും പ്രതിരോധത്തെയും കുറിച്ചുപറയുമ്പോൾ ഈ ഘടകങ്ങളെ സ്പർശിക്കാതെ കടന്നുപോകാനാവില്ലാലോ! പ്രത്യേകിച്ച് പ്രതീതിയാഥാർത്ഥ്യത്തിന്റെ വർത്തമാനകാലത്ത്. ഭാഷയുടെ നിലനിൽപ്പും പ്രതിരോധവും എത്തരത്തിലാണ് മേൽപ്പറഞ്ഞ ഘടകങ്ങളുമായി ബന്ധപ്പെടുന്നത് ?

ഉത്തരം:

ഓർമ്മകൾക്കും മറവികൾക്കും മേൽ ഭാഷ നടത്തുന്ന യുദ്ധങ്ങളാണ് ഇന്നത്തെ ഏറ്റവും ഭീതിതമായ പ്രശ്നം. പ്രതീതിയാഥാർത്ഥ്യത്തിന്റെ space ൽ നമുക്ക് എവിടെയും ആയിരിക്കാം. സമയകാലങ്ങളുടെ വിടവുകൾ നിലനിൽപ്പിനെ ബാധിക്കുന്നില്ല. അത് അടരുകളായിമാറി നിൽക്കുന്നു.ഭാഷയുപയോഗിക്കുന്തോറും എന്താണോ മൗലികമായത് അതിനെ പുനഃ പ്രകാശനം(re-expression)ചെയ്യുകയാണ് ചെയ്യുന്നത്.യഥാത്ഥ്യലോകവും പ്രതീത ലോകവും നിലനിൽക്കന്ന ഇന്ത്യ പോലൊരു രാജ്യത്ത് ഭാഷയുമായി ബന്ധപ്പെട്ട ചരിത്രത്തിന് വ്യത്യസ്ത നിർവചനമുണ്ട്. അത് രേഖപ്പെടുത്തലിന്റെതാകാം, മാഞ്ഞു പോകലിന്റെതാകാം. നിശബ്ദമാ





ക്കപ്പെട്ട നിലവിളികളുടെതുമാകാം. ഇത് ചരിത്രത്തിൽ സംഭവിച്ച പാകപ്പിഴയാണ്. നാം നമ്മുടെ ഓർമ്മകളെ മനപ്പൂർവ്വം മറവിയിലേക്ക് തള്ളിവിടുകയാണ്. ഓർമ്മ ഇല്ലാതാകുമ്പോൾ ചരിത്രം ഇല്ലാതാകുന്നുണ്ട്. ഭാഷയുടെ ആദ്യ സ്പർശങ്ങൾ ഇല്ലാതാകുന്നുണ്ട്. അപ്രത്യക്ഷമാകലുകൾ അങ്ങനെയാണ് സംഭവിക്കുന്നത്.

ഭാഷകൾ അപ്രത്യക്ഷമാവുകയെന്ന അപൂർവ്വ പ്രതിഭാസം ഇന്ത്യയിൽ മാത്രമെ ഉള്ളു. അതോടൊപ്പം അപ്രത്യക്ഷമാകുന്ന പലതുമുണ്ട്. വാക്കുകൾ, സംസ്കൃതി, സംസ്കാരം, എന്തിന് മനസ്സും... ആത്മാവും... എന്നിങ്ങനെ പലതും. ഇവയെല്ലാം എങ്ങനെ തിരിച്ചെടുക്കുമെന്നതാണ് ഏറ്റവും വലിയ പ്രശ്നം. അതെന്നെ നിരന്തരം അലട്ടുന്നുണ്ട്. നൈജീരിയയിലും ഇന്തോനേഷ്യയിലും 600/ 700 ഓളം ഭാഷകൾ നിലനിന്നിരുന്നു. അതിപ്പോൾ നൂറായി കുറയുന്ന കാഴ്ചയാണ്. ഇത് മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന ഒരു പ്രശ്നമാണ്. ആഗോളതലത്തിൽ നമുക്ക് ഒരുമാറ്റത്തിന്റെ ഗതി ആവശ്യമാണ്. അനുദിനം കാണാതായിക്കൊണ്ടിരിക്കുന്ന/ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഭാഷകളെ കുറിച്ചുള്ള ആശങ്കകൾ ആകുലതകളും പങ്കുവച്ചുകൊണ്ടേ മുന്നോട്ടു പോകാനാവൂ. ഭാവിയെ സ്നേഹിക്കുന്നവർക്കുള്ള ഏറ്റവും സർഗാത്മകമായ ഇടം ഭാഷയാണ്. ഭൂമിയിലെ ഏതൊരു ചെറിയ ജീവിയുടെയും പ്രാണിയുടെയും ഭാഷയെയും ശബ്ദത്തെയും നാം സംരക്ഷിക്കണം. അത് സർക്കാറിനെ കാത്തു നിൽക്കേണ്ട ഒരു പ്രവർത്തിയല്ല. മനുഷ്യൻ എന്ന നിലയിൽ നമ്മളോരോരുത്തരുടെയും ഉത്തരവാദിത്തമാണ്. ഞാൻ അങ്ങനെ വിശ്വസിക്കുന്നു. തകർന്നുടഞ്ഞ അവശിഷ്ടങ്ങൾക്കിടയിൽ അവശേഷിച്ച ജീവന്റെ തുടിപ്പുകളെ പുനരവധിവസിപ്പിക്കും പോലെയാണത്.

ചോദ്യം ?

ഏകദേശം 860 ഓളം ഇന്ത്യൻ ഭാഷകളിലെ ഭാഷാപരമായ പ്രത്യേകതകളും സവിശേഷതകളും ഭാഷാശാസ്ത്ര ഘടകങ്ങളും ഉൾപ്പെട്ട ഒരു സർവേ വളരെ വിജയകരമായി താങ്കൾ പൂർത്തിയാക്കിയല്ലോ...? ഇത്തരമൊരു സർവേയിലേക്ക് എങ്ങനെയാണ് എത്തിപ്പെട്ടത്...? പ്രത്യേകിച്ച് സർക്കാറിന്റെയോ മറ്റേതൊരു സംഘടനകളുടെയോ സാമ്പത്തിക സഹായത്തിന്റെ അഭാവത്തിൽ ഈ സർവേ പുറത്തിറക്കുകയെന്നതിൽ ആശങ്കയുണ്ടായിരുന്നോ...? സർവേയെക്കുറിച്ച് വിശദമായൊന്നു പറയാമോ...?

ഉത്തരം:

ഈ സർവ്വേ എന്നെ സംബന്ധിച്ച് ഏറെ വിലമതിക്കുന്ന ഒന്നാണ്, ഇന്ത്യയിലെ പല പ്രദേശങ്ങളിലും വിസ്മൃതമായിക്കൊണ്ടിരിക്കുന്ന ഭാഷകൾ ഉണ്ട്. സംസ്കാരത്തെ ബാധിക്കുന്ന മറവി ഭാഷകളെയും ബാധിക്കും. 1961 –ലെ കണക്കെടുപ്പു പ്രകാരം 1600 ഓളം മാതൃഭാഷകളെക്കുറിച്ചുള്ള വിവരങ്ങൾ നമുക്കു ലഭ്യമാണ്. ഇതൊരു ചെറിയ കാര്യമല്ല. പക്ഷേ, 1971 ആയപ്പോഴക്കും ഈ 1600 എന്ന എണ്ണം 108 ഭാഷകൾ എന്നായി ചുരുങ്ങുന്ന പേടിപ്പിക്കുന്ന കാഴ്ചയാണ് കണ്ടത്. ഇത് നമുക്കു തടയിടാനാവുന്നതിലപ്പുറം നിൽക്കുന്ന അവസ്ഥയാണ്. 1000 ആളുകൾക്കു കീഴിൽ ആളുകൾ സംസാരിക്കുന്ന ഭാഷകൾ പൊതുധാരയിലേക്ക് നീക്കി നിർത്തേണ്ടതല്ല എന്നായിരുന്നു സർക്കാറിന്റെയും നയം. പുതിയ നിയമമനുസരിച്ച് ഇവിടെ ഇരുപത്തിരണ്ടോളം ഷെഡ്യൂൾഡ് ഭാഷകൾ ഉണ്ടെന്നും , നോൺ–ഷെഡ്യൂൾഡ്

ചെയ്യപ്പെടാത്ത മറ്റ് എല്ലാ ഭാഷകൾക്കും കീഴിലേക്ക് നീക്കിനിർത്തപ്പെടുകയാണ് ചെയ്തത്.

സ്വാതന്ത്ര്യലബ്ധി വരെ കുറഞ്ഞത് 300 ഓളം ഭാഷകൾ നിരീക്ഷണ പരിധിക്കപ്പുറമായിരുന്നു. അവയിൽ മിക്ക ഭാഷകളും പൊതുധാരക്ക് പരിചതമായിരുന്നില്ല.മാത്രമല്ല, സംസ്ഥാനങ്ങളുടെ അതിരുകളിലുള്ള ആദിവാസികളുടെ ശബ്ദങ്ങളായിരുന്നു അവ. നിരന്തരം അമർച്ച ചെയ്യപ്പെട്ട ചരിത്രത്തിന്റെയും വർത്തമാനത്തിന്റെയും ഇരകളായിരുന്നു അവർ. 2007-ൽ ഹ്യൂമൺറിസോർസ് ഡെവലപ്മെന്റ് (HRD യൂണിയൻ ) നോൺഷെഡ്യൂൾഡ് ഭാഷകൾക്കുവേണ്ടി ഒരു കമ്മറ്റി രൂപീകരിച്ചു. അവർ അതിന്റെ ചെയർപേഴ്സണായി എന്നെയാണ് തെരഞ്ഞെടുത്തത്. വലിയ പ്രതീക്ഷയായിരുന്നു ഈ കമ്മറ്റിയിൽ. ഭാരത് ഭാഷാ വികാസ് യോജനയിലൂടെ 240 കോടി രൂപ പ്ലാനിംഗ് കമ്മീഷൻ അതിനുവേണ്ടി അനുവദിക്കുകയും ചെയ്തു. പക്ഷേ, സർക്കാരിന്റെ ഭാഗത്തുനിന്ന് ഇത് അനുവദിച്ചു കിട്ടാൻ ഒരു വഴിയും ഉണ്ടായിരുന്നില്ല. കാരണം അവർക്ക് ഈ ഭാഷകളുടെ ആധികാരികമായ പ്രാമാണിക രേഖകളോ സൂചകങ്ങളോ കൈമുതലായുണ്ടായിരുന്നില്ല. ഏറെ നിരാശ തോന്നിയ ഒരു സമയമായിരുന്നു അത്.

ചോദ്യം ?

തുടർന്ന് താങ്കളുടെ ഭാഗത്തു നിന്ന് എങ്ങനെയാണ് ഈ പ്രതിസന്ധി നേരിട്ടത് ? സർവേ മുന്നോട്ടു കൊണ്ടുപോകുകയെന്നത് ആവശ്യമായിരുന്നല്ലോ?

ഉത്തരം: എന്തും ചെയ്ത് സർവ്വേ മുന്നോട്ട് കൊണ്ട്



പോകുകയായിരുന്നു തീരുമാനം. പക്ഷെ എങ്ങിനെ എന്ന ചോദ്യം കുഴക്കി. തുടർന്ന് ചില ചരിത്ര രേഖകൾ വിശദമായി പഠിക്കുകയും ഉറച്ചതീരുമാനത്തിലെത്തുകയും ചെയ്തു.ഏഴാം പഞ്ചവത്സര പദ്ധതി (1985-1990) ഒരു ഭാഷാസർവ്വേക്ക് തുടക്കം കുറിച്ചിരുന്നു.പക്ഷേ അതിന്റെ പ്രവർത്തന പരിധി സംസ്ഥാനങ്ങളിൽ ഒതുങ്ങിപ്പോവുകയായിരുന്നു. 2007-12 ൽ നടന്ന പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ മൈസൂർ ആസ്ഥാനമാക്കി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഇന്ത്യൻ ഭാഷകളുടെ ഒരു സർവ്വേ തുടങ്ങിവെക്കാൻ ആലോചന നടന്നു.അതിനായി തുടർന്നുള്ള പത്തുവർഷങ്ങളിലേക്ക് 2000 ഓളം ഭാഷാ ശാസ്ത്രജ്ഞരെ സർക്കാരിനോട് ആവിശ്യപ്പെടുകയും ചെയ്തു.600 കോടി രൂപ മുടക്കുമുതലോടെ സർക്കാർ ഈ പദ്ധതിക്കു അനുവാദം തന്നു. പക്ഷേ ആന്തരികമായ ചില കാരണങ്ങളാൽ ഇത് 2010 ൽ പാതിവഴിയിൽ ഉപേക്ഷിക്കുകയാണുണ്ടായത്. അങ്ങനെയാണ് സ്വതന്ത്രമായ രീതിയിൽ ഒരിടപെടൽ എന്ന ആശയം മനസിൽ വന്നത്. അതേ സർവ്വേ,ഇന്ന് 3500 ഓളം ആളുകളെ ഉൾക്കൊള്ളിച്ച് ഞങ്ങൾ പൂർത്തിയാക്കി.ഇവരിൽ 2000 ഭാഷാ വിദഗ്ദരും , സാമൂഹ്യ ചരിത്രകാരന്മാരും,എഴുത്തുകാരും നിരീക്ഷകരും ഗവേഷകരുമൊക്കെ ഉൾപ്പെടുന്നു.ഒരു കോടിക്കു താഴെ മാത്രമേ സർവേക്ക് ചിലവും വന്നുള്ളു.

ചോദ്യം ?

ഈ സർവ്വേയുടെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു?

ഉത്തരം: ഞങ്ങളുടെ സർവ്വേ ലോകത്തിലെ ഏറ്റവും വലിയ സർവ്വേ എന്ന് പറയാമായിരുന്നു. കാരണം അത്രയേറെ ആളുകളുടെ ആത്മാർത്ഥമായ സഹകരണം അതിലുണ്ടായിരുന്നു.ചിതറികിടക്കുന്ന ഒരു ഭൂമിയെ പെറുക്കിയെടുക്കും പോലെയോ, ഓർമ്മയെ ചേർത്തുവെക്കും പോലെയോ ഒക്കെയായിരുന്നു അത്. മുമ്പ് 1923ലാണ് ഇതുപോലൊരു ഭാഷാശാസ്ത്ര സർവ്വേ ഇന്ത്യയിൽ പൂർത്തിയായത്. സർ ജോർജ്ജ് എബ്രഹാം ഗ്രിയേർസൺ



എന്ന ഐറിഷ് ഭാഷാശാസ്ത്രകാരനാണ് അത് നടത്തിയത്.ഞങ്ങൾ ചെയ്തത് ഗവേഷകരും, പണ്ഡിതരും എഴുത്തുകാരും, സാമൂഹ്യ പ്രവർത്തകരും വാമൊഴി പാരമ്പര്യങ്ങളറിയുന്നവരുമായ ആളുകളും അടങ്ങിയ കൂട്ടത്തെ സൃഷ്ടിച്ചു. വഡോദരയിൽ നിന്ന് ഭാഷയിൽ വൈദഗ്ദ്യമുള്ള കുറച്ചാളുകളെ വിളിച്ചു.ഞങ്ങളാ സ്ഥലത്തെ വിളിച്ചത് ഗ്രൗണ്ട് സീറോ എന്നായിരുന്നു.ഒരുപാട് ഭാഷകൾ വിസ്മൃതിലേക്ക് കുഴിച്ച് മൂടപ്പെട്ട സ്ഥലമായിരുന്നു ഇന്ത്യ.അങ്ങോട്ടാണ് ഒരു പോരാട്ടം പോലെ ഞങ്ങൾ കടന്നുചെന്നത്.സർവ്വേ കഠിനാധ്വാനത്തിന്റെ ഫലമായിരുന്നു.കണ്ടെത്തിയ വസ്തുതകൾ 50 വോള്യമുകളാക്കി ഒരൊറ്റ വർഷം കൊണ്ടുതന്നെ ഞങ്ങൾ പ്രസിദ്ധപ്പെടുത്തി.ഏകദേശം 60 ഭാഷകളുള്ള അരുണാചൽ പ്രദേശും 50 ഭാഷകളുള്ള ആസ്സാം ഗുജറാത്ത് മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളും സർവ്വേക്ക് ഉപാദാനമാക്കിയിരുന്നു.

ചോദ്യം ?

രേഖപ്പെടുത്തിയ ഭാഷയും , ലിപികളുമില്ലാത്ത ഭാഷയും ഈ സർവ്വേയുടെ ഭാഗമായിട്ടുണ്ടോ?പ്രത്യേകിച്ച് ലിപികളില്ലാത്ത ഭാഷകൾ എങ്ങിനെ റെക്കോഡ് ചെയ്യപ്പെട്ടു?

ഉത്തരം: ലിപി എന്നത് ഒരിക്കലും ഒരു ഭാഷയല്ല. അതൊരു മിഥ്യയാണ്.ഇംഗ്ലീഷ് ഭാഷക്കോ ഫ്രഞ്ച് ഭാഷക്കോ സ്വന്തമായ ലിപിയുണ്ടോ ? റോമൻ ലിപിയല്ലേ അവരുപയോഗിക്കുന്നത് ? ഒരു ഭാഷ സംസാരിക്കുന്ന നേരം ആ ഭാഷക്ക് അതേ സ്ഥലത്തുവെച്ച് ഒരു ലിപി രൂപപ്പെടുന്നുണ്ട്.വ്യതിരിക്തതകളെ അത് ഇഷ്ടപ്പെടുത്തുന്നു.ഞങ്ങളുടെ അന്വേഷണത്തിൽ 22 ഷെഡ്യൂൾഡ് ഭാഷകളുണ്ടായിരുന്നു. മറ്റ് 480 ഓളം വരുന്ന ഭാഷകൾ ആദിവാസികളും , അലഞ്ഞുതിരിയുന്നവരും സംസാരിക്കുന്ന ഭാഷയായിരുന്നു.ബാക്കിയുള്ള ഭാഷകൾ ഇന്ത്യയിലെ മറ്റു വിഭാഗങ്ങൾ സംസാരിക്കുന്നവയുമായിരുന്നു.ഏറ്റവും ജനകീയ ഭാഷയായി ഹിന്ദി കണക്കാക്കപ്പെട്ടു.40കോടിയോളം ആളുകളാണ് അത് സംസാരിക്കുന്നത്. ആറു വർഷം മുൻപത് 37 കോടി ആളുകൾമാത്രം സംസാരിക്കുന്ന ഭാഷയായിരുന്നു.വർഷങ്ങൾക്ക് മുൻപ് 14 കോടിയുടെ ഭാഷയായിരുന്നു.ഈ വ്യത്യാസം അത്ഭുതപ്പെടുത്തുന്ന ഒന്നല്ലേ?

ചോദ്യം ?

പിന്നോക്കം നിൽക്കുന്ന ഭാഷകളല്ലാത്തവയെയും ( non scheduled languages ) പിന്നോക്ക ഭാഷകളെയും തിരിച്ചറിയുന്നതിൽ എന്തെങ്കിലും പ്രത്യേക അളവുകോലുകൾ ഉപയോഗിച്ചിരുന്നോ...? അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ പ്രാധാന്യമെന്തായിരുന്നു...?

ഉത്തരം: ഒരേ സവിശേഷത രണ്ടു ഭാഷകൾക്ക് ഉണ്ടാവില്ല. ഒരു ഭാഷ ഒരു പ്രത്യേക പ്രാപഞ്ചിക ബോധം തരുന്നുണ്ട്. ഒരാൾ സമയത്തെയും സ്നേഹബന്ധങ്ങളെയും അവനവനെത്തന്നെയും പ്രകൃതിയെയും സമൂഹത്തെയും, ദൈവത്തേയും നോക്കിക്കാണുന്ന ഒരു പ്രത്യേക പ്രാപഞ്ചികബോധം. ഈ ബോധത്തെ ഓരോ ഭാഷയും ഉത്പാതിപ്പിക്കുന്നത് പലതരത്തിലാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക എന്നിവിടങ്ങളിൽ താമസിക്കുന്ന ആഫ്രിക്കൻ പേരുകളുള്ള സിദി സമുദായക്കാർ, സ്വന്തം ഭാഷയായ സിദി സംസാരിക്കുന്നത് നിർത്തിയിരിക്കുന്നു. സംസ്കൃതവും ഈ ഭീഷണിക്കു കീഴിലാണ്. പലഭാഷകളിൽ വാക്കുകളെ പ്രതിനിധീകരിക്കാൻ ഒരുപാട് അധിവ പദങ്ങളുണ്ട്. സിവിലൈസേഷന്റെയും ചരിത്രത്തിന്റെയും സാധ്യതകൾക്ക് ഈ ഭാഷാ പർവങ്ങൾ ഏറെ

സഹായകമായിരിക്കും. ഞങ്ങളുടെ സർവേ ഭാഷകളുടെ വിശാല ചരിത്രവും, പാട്ടുകളുടെയും കഥകളുടെയും നാടോടി വിജ്ഞാനീയത്തിന്റെയും നിറങ്ങളുടെയും നാമധേയങ്ങളുടെയും മാസങ്ങളുടെയും പേരുകളുടെയും ഋതുക്കളുടെയും നിറപ്പകർച്ചകളുടെയും വ്യത്യസ്ഥ അടയാളങ്ങളെക്കുറിച്ചുള്ള അറിവടയാളങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

ഭാഷയെ സംബന്ധിക്കുന്ന മറ്റെന്തുതരം അന്വേഷണങ്ങൾക്കും ഉപകാരപ്രദമാകും വിധമാണ് ഈ സർവേ ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. 2012ൽ ഈ റിപ്പോർട്ട് ഞങ്ങൾ സമർപ്പിച്ചിരുന്നു. ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് ഭാഷയ്ക്ക് നേട്ടമോ കോട്ടമോ ഉണ്ടാകാമെന്നും 2011ലെ കണക്കനുസരിച്ച് ഇംഗ്ലീഷിൽ മാതൃഭാഷയും ഒന്നാം ഭാഷയുമായി കരുതുന്നവരുടെ എണ്ണം1.87 ലക്ഷത്തിൽ നിന്ന് (1971) ഒരു കോടിയായിരിക്കുമെന്നും, ജീവന സാധ്യതകൾക്കനുസരിച്ച് ഭോജ്പുരി ഭാഷ നേടിയെടുക്കുന്ന ജനസമ്മതി, ഭാഗതി, ഭാഗ്വാലി ഭാഷകളെക്കാൾ കൂടുതലാണെന്നും ഈ സർവ്വേ കണ്ടെത്തുകയുണ്ടായി. കൂടാതെ പരിഷ്കൃതമല്ലാത്ത ഒരുപാട് സമൂഹങ്ങളെ നവീകരിക്കേണ്ടതുണ്ടെന്നും, ഞങ്ങൾ കണ്ടെത്തി. 2001ൽ 87 ലക്ഷം ആളുകൾ സംസാരിച്ച ഭാഷയായ ഭില്ലി ഭാഷയെ സംരക്ഷിക്കാനായതും അഭിമാനിക്കത്തക്കതാണ്. പിന്നീടാണ് യുനസ്കോയുടെ ഭാഷാനയം വന്നത്.

ചോദ്യം ?

യുനസ്കോ എന്താണ് ഈ സർവ്വേയിൽ ചെയ്യാനുണ്ടായിരുന്നത്? ആഗോളതലത്തിൽ ഭാഷക്കൊരു സംക്ഷിപ്തത എന്ന ആശത്തിൽ താങ്കൾക്കും താങ്കളുടെ നിരീക്ഷണ സംഘത്തിനുമുണ്ടായിരുന്ന കാഴ്ചപ്പാട് എന്തായിരുന്നു?

ഉത്തരം: യുനസ്കോ ഇൻസ്റ്റിറ്റ്യൂട്ടിലെ സമ്മേളനത്തിൽ ആദ്യപടിയായി പ്രാഥമിക കാര്യങ്ങളാണ് സംസാരിച്ചത്. ഏകദേശം 215കോടി രൂപയുടെ മുതൽമുടക്കുള്ള ഒരു ഭാഷാപഠനകേന്ദ്രത്തിന് അനുമതി ലഭിച്ചു. ഭാഷാസംരക്ഷണമായിരുന്നു ഇതിന്റെ മുഖ്യലക്ഷ്യം. പതിനാറ് രാജ്യങ്ങൾ ഈ സ്ഥാപനത്തോട് താദാത്മ്യം പ്രകടിപ്പിക്കുകയുണ്ടായി. നിർഭാഗ്യവശാൽ ഇന്ത്യ ഇതുവരെ ഈ കാര്യത്തിൽ യാതൊരു താത്പര്യവും പ്രകടിപ്പിച്ചു കണ്ടില്ല. അത് നമ്മെ സംബന്ധിച്ച് വലിയൊരു നഷ്ടമായിരുന്നു. ഉറപ്പാണ് തീരുമാനമെന്നത് വലിച്ചുനീട്ടാനുള്ളതല്ല.

ഏകദേശം 6000 ഭാഷകളാണ് ഇന്ന് ലോകത്തുള്ളത്. അവയിൽ 300 ഭാഷകൾ ഈ നൂറ്റാണ്ടിന്റെ അവസാനംവരെ പ്രതിരോധിച്ചുനിന്നേക്കാം. ഇവ സംവേദനമാധ്യമമായി ഉപയോഗിക്കപ്പെടും എന്ന ഉറപ്പിന്റെ പുറത്താണ് ഈ അഭിപ്രായം. ഇന്ത്യയിലെ പ്രകൃത്യാരാധനകളുമായി ബന്ധപ്പെടുന്ന ഒരുപാട് ഭാഷകളുണ്ട്. പപുവാന്യൂഗ്യുനിയയിൽ 1100 ഭാഷകളുണ്ട്, ഇന്തൊനേഷ്യയിൽ 700 ഉം, കാമറൂണിൽ 300 ഉം, സ്പെയിനിൽ 5 ഉം ഭാഷകളുണ്ട്. ഇത്തരം മേഖലകളിൽ ഉപയോഗിക്കുന്നത്. ഇന്ന് മാനുഷികഭാഷയിലേക്ക് വെല്ലുവിളികളായി കമ്പ്യൂട്ടറുകളും സൈബർസ്പേസുകളും നിലനിൽക്കുന്നുണ്ട്. സൈബർലോകത്തിന്റെ പരിധിയിലൊതുങ്ങാത്ത സമയം നിലനിൽക്കുന്നുണ്ട്. കമ്പ്യൂട്ടറുകളുടെ കൃത്രിമ ധൈഷണികത ഭൂതകാലത്തേയും ഭാവിയേയും കലർത്തുകയാണ്. ഇത് സ്വാഭാവികഭാഷയ്ക്കും ഭാഷയുടെ സ്വാഭാവികതയ്ക്കും വലിയ വെല്ലുവിളിതന്നെയാണ്.

ചോദ്യം ?





ഭാഷയെക്കുറിച്ചും വിവർത്തനത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമെല്ലാം പറയുമ്പോൾ വാക്കി ന് വിവിധമാനങ്ങളും അനുഭവപരിസരങ്ങളുമുണ്ടാകുന്നു. എന്താണ് ആത്യന്തികമായി വാക്ക് (ണീറ) എന്ന സംജ്ഞയോട് താങ്കളുടെ സമീപനം?

ഉത്തരം: എന്നെ സംബന്ധിച്ച് വാക്കിന് മൂന്നു വഴികൾ ഉണ്ട്. ഒന്ന് സാഹിത്യത്തിന്റേത്, രണ്ട് ഭാഷാശാസ്ത്രത്തിന്റേത്, മൂന്ന് നരവംശശാസ്ത്രത്തിന്റേത്. മൂന്നിലും പരിപ്രേക്ഷ്യങ്ങൾ വ്യത്യസ്തമാണ്. നരവംശശാസ്ത്രമനുസരിച്ച്, വിവിധ കാലങ്ങളിൽ, സംസ്കൃതികളിൽ വാക്കിന്റെ വ്യാപനത്തെ അന്വേഷിക്കുന്നു. ഭാഷാശാസ്ത്രത്തിൽ ആ വാക്കിന്റെ ആഖ്യാനത്തെ പഠിക്കുന്നു; ശാസ്ത്രീയമായിത്തന്നെ. സാഹിത്യത്തിലാകട്ടെ വാക്കിന്റെ ആന്തരികലോകങ്ങളെ വെളിപ്പെടുത്തുന്നു. ഞാൻ ഈ മൂന്നുവഴികളിലൂടെയും വാക്കിലേക്ക് നോക്കുന്ന ആളാണ്. എന്നെ സംബന്ധിച്ച് വാക്ക് ലോകമാണ്. പലായനങ്ങൾക്കെതിരെയുള്ള പ്രതിരോധമാണ്. ഭാഷ മരിച്ചാലും വാക്കിന്റെ അസ്ഥിത്വം നിലനിൽക്കും. ഒരിക്കൽ നാം ഒരു വാക്കുച്ചരിക്കുമ്പോൾ, അതിനിടയിൽ അദൃശ്യമായ മറ്റൊരുവാക്കുണ്ട്. ആരും ഉപയോഗിച്ചില്ലെങ്കിലും വാക്ക് നിലനിൽക്കും. വാക്ക് കടന്നുവരിക മനസ്സിലേക്കാണ്. ഒരാൾ കടന്നുപോകുമ്പോൾ അയാളുടെ ഭാഷയിൽ നിലനിൽക്കുന്ന എല്ലാ വാക്കുകളും അയാളോടൊപ്പം ഇറങ്ങിപ്പോകുന്നു. ഇംഗ്ലീഷുകാർ നമ്മെ വിട്ടുപോയെങ്കിലും അവരുപേക്ഷിച്ച വാക്കുകൾ ഇപ്പോഴും നമ്മോടൊപ്പമുണ്ട്. സംസ്കൃതിയുടെ വ്യാപനവും അതുപോലെയാണ്. ആദിവാസി ഭാഷകളിൽ നിലനിൽക്കുന്ന വാക്കുകളുടെയും പ്രയോഗങ്ങളുടെയും വ്യാപനവും സംരക്ഷണത്തിന്റെ പ്രസക്തി അവിടെയാണ് നാം തിരിച്ചറിയേണ്ടത്. എൻഡെയ്ഞ്ചർ എന്ന വാക്ക് ഞാൻ ഉപയോഗിച്ചത് ഇവിടെയാണ്. ഒരു സംസ്കാരമില്ലാതെയാകുമ്പോൾ കൂടെയില്ലാതാകുന്നത് ആ സംസ്കാരത്തിന്റെ നിലനിൽപ്പും കൂടിയാണ്. വാക്കിന്റെ അസ്ഥിത്വം ഈ നിലനിൽപ്പിനെ നിലനിർത്തും. അതിനെ തകർക്കാൻ നമുക്കാവില്ല.

ചോദ്യം ?

ഭാഷ അപകടത്തിലാവുമ്പോൾ സംസ്കാരവും അപകടത്തിലാവുന്നു എന്ന് താങ്കൾ പറയുകയുണ്ടായല്ലോ? ഭാഷയുടെയും സംസ്കാരത്തിന്റെയും ഈ വിനിമയഇടങ്ങളെ ഒന്നുകൂടി വിശദീകരിക്കാമോ?

ഉത്തരം: യുനസ്കോയുടെ ഒരു നിർവ്വചനമുണ്ട്. 2000ൽ താഴെ ആളുകൾ സംസാരിക്കുന്ന ഭാഷയെ എൻഡേഞ്ചർ ലാംഗ്വേജസ് എന്നു വിളിക്കുന്നു. മുത്തശ്ശന്മാർ പറയുന്ന ഭാഷ ഒരുപക്ഷെ പേരക്കുട്ടിയുടെ തലമുറയ്ക്ക് മനസ്സിലാവുന്നില്ലയെങ്കിൽ അത് അപകടഭീഷണി നേരിടുന്ന ഭാഷയാണ് എന്ന് കണക്കാക്കാം. രണ്ടുപേർ സംസാരിക്കുന്നിടത്തേക്ക് ഒരു മൂന്നാമൻ വരുമ്പോൾ, നാം അയാളുടെ ഭാഷയിൽ സംസാരിക്കേണ്ടിവരുമ്പോൾ നമ്മുടെ ഭാഷ എൻഡേഞ്ചർ ലാംഗ്വേജ് ആയി മാറുന്നു. ഭാഷ ഇന്ന് അപകടകരമാംവിധം ഭീഷണി നേരിടുന്ന ഒന്നാണ്. യുനസ്കോയുടെ കണക്കനുസരിച്ച് ഇരുന്നൂറോളം ഭാഷകൾ അപകടത്തിലാണ് എന്നുകാണിക്കുന്നു. ഇന്ത്യയിൽത്തന്നെ മൃതഭീഷണി നേരിടുന്ന ഇരുന്നൂറോളം ഭാഷകളുണ്ട്. പക്ഷെ ആളുകൾ ആളുകൾ സംസാരിക്കുന്ന ഭാഷകൾ മറ്റുഭാഷകളിലേക്ക് കുടിയേറാൻ ഒരുങ്ങുന്നു. വർദ്ധിച്ചുവരുന്ന കുടിയേറ്റങ്ങൾ ഭാഷകളേയും ബാധിക്കുന്നു. ഈ കുടിയേറ്റസംസ്കാരങ്ങളേയും ബാധിക്കുന്നുണ്ട്.

ചരിത്രം മറ്റൊരു ജീവിതമാണ്

ചോദ്യം 10

ചരിത്രത്തിന്റെ വലിയൊരു ഭാഗം അദൃശ്യമാണല്ലോ! നാഗരികതകളും, നഗരചരിത്രങ്ങളും ചരിത്രത്തിന്റെ മുഴുവൻ പ്രകാശത്തെയും വെളിവാക്കുന്നില്ല. ആദിവാസികളുടെ ചരിത്രബോധവും അവരുടെ ചരിത്രവും എങ്ങനെയാണ് സിവിലൈസേഷനുമായി ബന്ധപ്പെടുന്നത്?

ഉത്തരം: ആദിവാസികൾ നമ്മളേക്കാൾ പരിഷ്കൃതരാണ്. നാം അവരിൽനിന്ന് പഠിക്കുകയാണ് വേണ്ടത്. ഇംഗ്ലീഷുകാർ നമ്മെ ഭരിച്ചപ്പോൾ അവർ കരുതിയത് അവർ നമ്മെ സിവിലൈസ് ചെയ്യിക്കുകയാണെന്നായിരുന്നു. അതുപോലെ തന്നെയാണ് നമ്മൾ ആദിവാസികളുടെ സംസ്കാരത്തിൽ നടത്തുന്ന ചില ഇടപെടലുകളും, അത് അവരെ സംബന്ധിച്ച് സിവിലൈസേഷൻ അല്ല. നമ്മുടെ കാഴ്ചപ്പാട് നാം മാറ്റിയേതീരൂ. ആദിരൂപങ്ങളും, ഭാഷയുടെ ആദിസ്വരൂപങ്ങളും നിലനിന്നിരുന്ന ആദിവാസി സംസ്കാരത്തെ ചരിത്രത്തിൽനിന്ന് മാറ്റിനിർത്തപ്പെട്ടതാണ്. ഇറ്റലിയിൽനിന്ന് വന്ന സബാൾട്ടേൺ(കീഴാളജനത) ഒരൊറ്റവാക്കുകൊണ്ട് ആദിവാസികളുൾപ്പെടുന്ന ഒരു സമൂഹത്തെ നാം മാറ്റിനിർത്തി. അന്റോണിയോ ഗ്രാംഷി സബാൾട്ടേൺ എന്ന വാക്കു പ്രയോഗിച്ചതിന്റെ മുഴുവൻ  അർത്ഥവും ആർക്കും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെ ചരിത്രകാരന്മാർ അത് ഏറ്റുപിടിക്കുകയാണ് ചെയ്തത്.നമ്മുടെ നാട്ടിലെ ആദിവാസികൾ ബ്രിട്ടീഷുകാർക്കെതിരെ, സ്വാതന്ത്ര്യസമരത്തിൽ പോരാട്ടം നടത്തിയിരുന്നു. പക്ഷെ അവരുടെ പേരോ, രേഖകകളോ ചരിത്രത്തിലില്ല. അത്തരത്തിൽ നോക്കുമ്പോൾ അവർ പുറത്തുനിർത്തപ്പെട്ടവരെന്ന അർത്ഥത്തിൽ സബാൾട്ടാൻ ആണ്.

എവിടെയും പേരില്ലാത്തവർ! പക്ഷെ, നമ്മുടെ ചരിത്രത്തെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കുമ്പോൾ നാം അവരുടെ ശബ്ദം കൂടികേൾക്കേണ്ടിവരും.ചരിത്രമെന്നത് മറ്റൊരു ജീവിതമാണ്. ലഭ്യമായ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടലിൽ മാത്രം വിശ്വാസിക്കാം. അല്ലെങ്കിൽ, ചരിത്രത്തിനപ്പുറം മറഞ്ഞുകിടക്കുന്ന സാന്നിധ്യങ്ങളെക്കൂടി തിരിച്ചറിയാൻ ശ്രമിക്കുക. നമ്മളാണ് ചരിത്രത്തെ ഏതുരീതിയിൽ സ്വായത്തമാക്കണമെന്ന് തീരുമാനിക്കേണ്ടത്. ആദിവാസികളെയും, അലഞ്ഞുതിരിയുന്നവരേയും ഉൾപ്പെടുത്താത്ത, അവരുടെ ഭാഷയ്ക്കും, മൊഴിക്കും, ഒച്ചകൾക്കും ഇടം കൊടുക്കാത്ത ചരിത്രമല്ല നമുക്കുവോണ്ടത്. അത്തരം ചരിത്രത്തിൽനിന്ന് സിവിലൈസേഷൻ ഉണ്ടാവില്ല.





# അധിനിവേശവും പ്രതിരോധവും. ചില പ്രാഥമിക ചിന്തകൾ..

ഒരു രാഷ്ട്രത്തിനുമേൽ മറ്റൊന്നിന്റെ സാമ്പത്തികവും സൈനികവുമായ നിയന്ത്രണം സാധുവാണെന്നു സിദ്ധാന്തിക്കുന്ന ഒരു പ്രത്യയശാസ്ത്രപരികൽപ്പനയാണ് സാമ്രാജ്യത്വം അഥവാ ഇംപീരിയലിസം.

അധിനിവേശവും പ്രതിരോധവും എന്ന നമ്മുടെ സംവാദശീർഷകം പ്രത്യക്ഷത്തിൽ സരളമാണെങ്കിലും വർത്തമാന ചരിത്രസന്ദർഭം അതിന്റെ പൂർവ്വപദത്തിനും ഉത്തരപദത്തിനും ഒരുപോലെ ഗഹനതയും സങ്കീർണ്ണതയും നൽകുന്നുണ്ട്. അധിനിവേശോത്തരതയെക്കുറിച്ചുള്ള സൈദ്ധാന്തിക ചർച്ചകളുടെ സമഗ്രപശ്ചാത്തലം, ആഗോളവത്കരണത്തിന്റെയും മതപുനരുത്ഥാരണവാദത്തിന്റെതുമായ ഭാരതീയ സന്ദർഭം, അധിനിവേശം മിക്കവാറും പരോക്ഷരൂപങ്ങളിൽ സന്നിഹിതമാകുന്ന കേരളീയ സന്ദർഭം; ഇവ മൂന്നു മാണ് ഈ വിഷയത്തെ സങ്കീർണമാക്കുന്ന രാഷ്ട്രീയ–സൈദ്ധാന്തിക ഘടകങ്ങൾ ;ചർച്ച സാഹിത്യത്തെക്കുറിച്ചാകുമ്പോഴാകട്ടെ അത് ഒന്നുകൂടി സൂഷ്മമാകുന്നു. കാരണം, ഇവിടെ രണ്ടു സംജ്ഞകളുടെയും സാമ്പത്തികരാഷ്ട്രീയ വശത്തെക്കാൾ സാംസ്കാരികരാഷ്ട്രീയം പ്രധാനമാകുന്നു. സംസ്കാരത്തിൽ രാഷ്ട്ട്രീയം പ്രവർത്തിക്കുന്നത് മിക്കപ്പോഴും പരോക്ഷവും അദ്യശ്യവുമായാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. അദ്യശ്യമായ അതിനെ ദ്യശ്യമാക്കുന്നതിന് സൂഷ്മദർശനങ്ങളായ പാരായണ സാമഗ്രികൾ ആവശ്യമായി വരുന്നു.

**അധിനിവേശോത്തരതയെക്കുറിച്ചുള്ള സൈദ്ധാന്തിക ചർച്ചകളുടെ സമഗ്രപശ്ചാത്തലം,ആഗോളവത്കരണത്തിന്റെയും മതപുനരുത്ഥാരണവാദത്തിന്റെതുമായ ഭാരതീയ സന്ദർഭം, അധിനിവേശം മിക്കവാറും പരോക്ഷരൂപങ്ങളിൽ സന്നിഹിതമാകുന്ന കേരളീയ സന്ദർഭം.**

അധിനിവേശത്തിന്റെ നിർവചനം മുതൽ തന്നെ പ്രശ്നമാരംഭിക്കുന്നുണ്ടെന്നു പറയാം. ഇൻഡ്യയുടെ ചരിത്രത്തിൽ ബ്രിട്ടീഷുകാരുടെ ആഗമനത്തിനു മുമ്പുണ്ടായ ആക്രമണങ്ങളും അധിനിവേശങ്ങളും കൊളോണിയലിസത്തിന്റെ പരിധിയിൽ വരുമൊ?. ഫ്രഞ്ചുകാരുടെയും പോർത്തുഗീസുകാരുടെയും അധിനിവേശത്തെ കൊളോണിയൽ കണ്ടുപോന്നിരുന്നത്. അതിനും പുറകിലേക്ക്, മുകിലരുടെ വരവിലേക്കും ഈ സംജ്ഞയെ വ്യാപിപ്പിക്കാനാഗ്രഹിക്കുന്നവരാണ് ഹൈന്ദവപുനരുത്ഥാരണവാദികളെപ്പോലുള്ള ചില വിഭാഗങ്ങൾ. അതിനും ഏറെപ്പിറകിലുള്ള ആര്യൻ അധിനിവേശത്തിന്റെ കഥയാണ് ദ്രാവിഡതത്വവാദികൾക്ക് പറയാനുള്ളത്. ആദിവാസികളുടെ കാഴ്ച്ചപ്പാടിൽ നോക്കിയാലാകട്ടെ ദ്രാവിഡരുടെ ആഗമനം മുതൽ തന്നെ അധിനിവേശത്തിന്റെയും ചൂഷണത്തിന്റെയും ചരിത്രം ആരംഭിക്കുന്നുവെന്നു പറയാം. എന്നാൽ 15ഉം 16ഉം നുറ്റാണ്ടുകളിലെ സാഹസികമായ കപ്പൽ യാത്രകളുടെ ആദ്യഘട്ടത്തി നു ശേഷം 17ഉം 18ഉം നൂറ്റാണ്ടുകളിലുണ്ടായ പാശ്ചാത്യവാണിജ്യ പരിശ്രമങ്ങളിൽനിന്ന് ആദ്യം അധീശത്വവും പിന്നെ ഭരണവുമായി മാറിയ അധിനിവേശ സമ്പ്രദായമാണ് ഇന്ന് പൊതുവെ കൊളോണിയലിസ മെന്നു വിശേഷിപ്പിക്കപ്പെടുന്നത്. ചെലവുകുറഞ്ഞ അധ്വാനം, ഉത്പാദനത്തിനാവശ്യമായ പ്രക്യതിവിഭവം, പാശ്ചാത്യ ഉത്പന്നങ്ങൾക്ക് വിദേശവിപണി, ഇവ മൂന്നുമന്വേഷിച്ചാണ് പാശ്ചാത്യശക്തികൾ അധിനിവേശത്തിനു തുടക്കമിട്ടത്. ഇതര രാജ്യങ്ങളുടെ സാമ്പത്തിക ചൂഷണത്തിലൂടെ സ്വന്തം രാജ്യങ്ങളെ സമ്പന്നമാക്കാനായി പാശ്ചാത്യർ നടത്തിയ വാണിജ്യ സംരംഭമാണ് രാഷ്ട്രീയ–സാംസ്കാരിക രംഗങ്ങളെ ഉൾക്കൊണ്ട് അധിനിവേശമായി വികസിച്ചത്. അതിന്റെ കാതൽ ലാഭാന്വേഷണമായതുകൊണ്ടാണ് മുതലാളിത്തവുമായി അതു കണ്ണിചേർന്നിരിക്കുന്നത്. മുതലാളിത്ത ഘട്ടത്തിനു മുമ്പുള്ള വൈദേശികാക്രമണങ്ങളിലും അധിനിവേശങ്ങളിലും നിന്ന് ഗുണപരമായി വ്യത്യസ്തമാണ് കൊളോണിയലിസം . ഇന്ത്യാചരിത്രത്തിൽതന്നെ പാശ്ചാത്യ ശക്തികൾക്കുമുമ്പ് ഇവിടെയെത്തിയവരെല്ലാം ക്രമേണ ഇന്ത്യൻ ജനതയുടെ ഭാഗമായി മാറുകയും അവരുടെ സംസ്കൃതി ഇന്ത്യൻ സംസ്കാരത്തിൽ ലയിച്ചു ചേരുകയുമാണുണ്ടായത്. കൊളോണിയലിസം സാമ്രാജ്യത്വ പ്രത്യയശാസ്ത്രത്തിലേക്കു നയിക്കുന്ന ഒരു പ്രയോഗവിധമായിരിക്കെത്തന്നെ സാമ്രാജ്യത്വത്തെ അതിൽനിന്നു ഭിന്നമായി നിർവ്വചിക്കേണ്ടതുണ്ട്. ഒരു രാഷ്ട്രത്തിനുമേൽ മറ്റൊന്നിന്റെ സാമ്പത്തികവും സൈനികവുമായ നിയന്ത്രണം സാധുവാണെന്നു സിദ്ധാന്തിക്കുന്ന ഒരു പ്രത്യയശാസ്ത്രപരികൽപ്പനയാണ് സാമ്രാജ്യത്വം അഥവാ ഇംപീരിയലിസം. ഒരു കൂട്ടമാളുകൾ പുതിയ ഒരു പ്രദേശത്ത് അധിവാസമുറപ്പിക്കുന്നത് സാമ്രാജ്യത്വത്തിന് അത്യാവശ്യമല്ല. അപ്പോൾ കൊളോണിയലിസം – ഒരു രാജ്യത്ത് ചെന്ന് അവിടെ വസിച്ച് അതിനെ നിയന്ത്രിച്ച് കൊള്ളയടിക്കുന്നത് സാമ്രാജ്യത്വത്തിന്റെ പല സാധ്യതകളിലൊന്നു മാത്രമാണെന്നു വരുന്നു. ഈ തിരിച്ചറിവ് ഇല്ലാതിരുന്നാൽ 1947–നുശേഷവും ഇന്ത്യ കോളണി യാണെന്നു പറയേണ്ടിവരും. മറിച്ച് ഇന്ത്യയിൽ കൊളോണിയൽ ഭരണം അവസാനിക്കുകയും സാമ്രാജ്യത്വചൂഷണം തുടരുകയും ചെയ്തുവെന്നു പറയുകയാവും ശരി. ആഗോളവത്ക്കരണത്തിലെത്തിനിൽക്കുന്ന ഈ സാമ്രാജ്യത്വചൂഷണത്തെ നിയോകൊളോണിയലിസം എന്നു വിളിക്കുന്നതുകൊണ്ടാകാം, കൊളോണിയലിസവും സാ

മ്രാജ്യത്വവും തമ്മിലുള്ള വ്യവച്ഛേദം നമ്മുടെ സംവാദ ങ്ങളിൽ വ്യക്തമാകാത്തത്. കൊളോണിയലിസത്തെ ഏറെ പിന്നിലേയ്ക്കു വ്യാപിപ്പിക്കുന്നതും ഏറെ മുന്നിലേയ്ക്കാനയിക്കുന്നതും ഒരുപോലെ അവ്യക്തത യ്ക്കു കാരണമാകാം. മറ്റു നിലപാടുകളുടെ സാധ്യത യെ അംഗീകരിക്കെത്തന്നെ കൊളോണിയലിസമെന്ന സംജ്ഞയുടെ അതിരുകൾ നിർവചിക്കാതെ നമുക്ക് സാർഥകമായ ചർച്ചകൾ സാദ്ധ്യമാവില്ലെന്നു തോന്നു ന്നു;ഇതു തന്നെയും ചർച്ചാവിഷയമാകാമെങ്കിലും.

**കൊളോണിയലി സത്തെ ഏറെ പിന്നി ലേയ്ക്കു വ്യാപിപ്പി ക്കുന്നതും ഏറെ മുന്നിലേയ്ക്കാനയി ക്കുന്നതും ഒരുപോ ലെ അവ്യക്തതയ് ക്കു കാരണമാകാം.**

സാംസ്കാരികാധിനിവേശത്തിന്റെ രണ്ട് മുഖ്യായുധങ്ങൾ പ്രേക്ഷണവിധങ്ങളും ആവിഷ്കരണ രീതികളുമാണ് (modes of perception,representa-tions) കൊളോണിയൽ വ്യവഹാരങ്ങൾ ഇവയെ മാറ്റുന്നതിലൂടെ ജനതകളുടെ ലോകവീക്ഷണത്തെ ത്തന്നെ തങ്ങൾക്കനുകൂലമാക്കുന്നു. തന്റെ ഒരു കറുത്ത നാട്ടുകാരൻ വെള്ളക്കാരനായ ഒരാളെ ഭൃത്യനാക്കിവെച്ചതു കണ്ടപ്പോൾ കറുത്തവനായ തനിക്കുണ്ടായ അമ്പരപ്പും കോപവും എത്രയായിരു ന്നുവെന്ന് ട്രിനിഡാഡിലെ എഴുത്തുകാരൻ സാം സെൽവോൺ പറയുന്നുണ്ട്. സ്കൂളിലോ വീട്ടിലോ വെള്ളക്കാരെ ബഹുമാനിക്കണമെന്ന് തന്നെ ആരും പ ഠിപ്പിച്ചതായി അദ്ദേഹം ഓർക്കുന്നില്ല. എന്നിട്ടും ഉച്ഛ്വാസവായുവിൽ നിന്നേ ലഭിച്ചതു പോലെ ഈ ആശയം കറുത്തവരുടെയെല്ലാം അബോധത്തില്ലുണ്ടായിരുന്നു. ലോകക്രമത്തിൽ തങ്ങളുടെ താഴ്ന്ന സ്ഥാനം അംഗീകരി ക്കാൻ പ്രജകളെ പ്രേരിപ്പിക്കുക യാണ് അധിനിവേശത്തിന്റെ രീതി; യജമാനന്റെ ലോകവീക്ഷ ണം സ്വാംശീകരിക്കുന്നതോടെ തന്റെ നിറം, ആകാരം , സംസ്കാരം, പാരമ്പര്യം, ചരിത്രം, ഇതിനെക്കുറിച്ചെല്ലാം അധമത്വ ബോധവും പ്രജ ഉൾക്കൊള്ളു ന്നു. കൊളോണിയൽ വ്യവഹാരങ്ങളിൽ ഭാഷയും അധികാരവും ഒന്നിക്കുന്നു. ഭാഷ, യാഥാർത്ഥ്യത്തെ ക്രമപ്പെടുത്തുന്ന ലോകവീക്ഷ ണം കൂടിയായതുകൊണ്ട് ഭാഷയിലൂടെയുള്ള അധികാര പ്രയോഗം , പ്രയോഗവിധേയരാ കുന്നവരുടെ വീക്ഷണത്തെയും അതുവഴി അവരുടെ യാഥാർ ത്ഥ്യത്തെതന്നെയും ബാധിക്കു ന്നു. കെനിയൻ നോവലിസ്റ്റ് എന്ഡഗുഗി വാതിയാങ്കേൽ പറയും പോലെ, ഭാഷ സംസ് ക്കാരത്തിന്റെ വാഹനമാണ് . സംസ്കാരം വിശേഷിച്ചും വാമൊഴിയിലും വരമൊഴിയിലു മുള്ള സാഹിത്യത്തിലൂടെ നാം നമ്മെത്തന്നെയും ലോകത്തിൽ നമ്മുടെ സ്ഥാനത്തെയും എങ്ങനെ കാണുന്നുവെന്ന് നിർണ്ണയിക്കുന്ന സമഗ്രമായ മൂല്യബോധത്തിന്റെ വാഹനവും . ജനങ്ങൾ തങ്ങളെത്തന്നെ കാണുന്ന രീതി, അവർ സ്വന്തം സംസ്കാരം ,രാഷ്ട്രീയം അവരുടെ ബന്ധം ഇവയെല്ലാം നോക്കികാണുന്ന രീതിയെ ബാധിക്കുന്നു. അങ്ങനെ സവിശേഷമായ ഒരു രൂപവും സ്വഭാവവും , സവിശേഷമായ ചരിത്രവും ,ലോകവുമായി സവിശേഷമായ ഒരു ബന്ധവു



മുള്ള മനുഷ്യരുടെ ഒരു സമൂഹമെന്നുള്ള നിലയിൽ ഭാഷ നമ്മുടെ അവിഭാജ്യമായ അംശമാവുന്നു. (De colonify the min-d : The politician of language in African Litrature , James Curvy, 1986) ഒരു ഭരണകൂടവും ഭരണവും ഭരണം നടത്തുന്നത് ഭൗതികശക്തിയും സൈനികശക്തിയും കൊണ്ട് മാത്രമല്ലെന്ന് നമുക്കറിയാം. ഭരണകൂട പ്രത്യയശാസ്ത്രത്തെ സ്വന്തം ലോകവീക്ഷണമാക്കി , അതിന്റെ ഭാഷയെ സ്വന്തം ഉൾമൊഴിയാക്കിയാണ് പ്രജകൾ വ്യവസ്ഥയിൽ പങ്കാളികളാകുന്നത് . ഇത്തരമൊരു സ്വാംശീകരണത്തിലൂടെയാണല്ലോ . അധിനിവേശത്തിന്റെ മാനസിക പ്രത്യാഘതങ്ങളെ തീവ്രപരിശോധനയ്ക്കു വിധേയനാക്കിയ ഫ്രാന്റ്സ് ഫാനൺ (Black skin , White marks , Pluto 1986 ,The wretches of the Earth ,Penguin ,1967) ഫ്രാൻസിൽ നിറത്തിന്റെ പേരിൽ അപമാനിക്കപ്പെട്ട സന്ദർഭത്തെ തന്റെ സാന്നിദ്ധ്യത്തിൽ നിന്ന് തന്നെ ഏറെ ദൂരയ്ക്ക് നയിച്ച് സ്വയം വെറുമൊരു വസ്തുവാക്കി മാറ്റിയ മുഹൂർത്തമെന്നാണ് വിശേഷിപ്പിക്കുന്നത്.തന്റെ ഉടലാകെ കറുത്ത രക്തം ചിതറിയ ഒരു ധമനീസ്ഫോടനവും അവയവവിച്ഛേദവുമാണ് അന്നു നടന്നതെന്നദ്ദേഹം പറയുന്നു . തനിക്കും മനുഷ്യർക്കിടയിൽ മനുഷ്യനായാൽ മതിയെന്ന് , സ്വന്തം ലോകത്തിലേക്ക് ,യുവത്വം വിടാതെ പ്രവേശിച്ചാൽ മതിയെന്ന് , മറ്റുള്ളവർക്കൊപ്പം ആ ലോകം നിർമ്മിക്കാൻ സഹായിച്ചാൽ മതിയെന്ന്, ഫാനൺ തുടർന്നെഴുതുന്നു. വിഷയിയുടെ നിലയിൽ നിന്ന് വിഷയമായിത്താഴുന്ന ഈ അനുഭവം സ്വാതന്ത്ര്യബോധം നേടിയ ഇന്ത്യയിലെ മനുഷ്യർ പൊതുവേയും, സമുദായത്തിന്നകത്തു ദളിതർ വിശേഷിച്ചും നേരിട്ടിട്ടുള്ളതാണ്. അപരന്റെ മൂല്യങ്ങൾ സ്വാംശീകരിച്ച് ആത്മഹന്താവായി മാറുകയാണ് കറുത്തവരെന്നപോലെ കൊളോണിയലിസത്തിന്റെ അടിമകളും ചെയ്യുന്നത്. ഇത് തീഷ്ണമായ സ്വത്വപ്രതിസന്ധിയിലേക്കു നയിയിക്കുന്നു. പടിഞ്ഞാറിന്റെയും കിഴക്കിന്റെയും കൊളോണിയൽ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രതിസന്ധിയെ വിശകലനം ചെയ്യുന്ന എഡ്വേഡ്സയ്ദ് (Orientalism, penguin 1978) പാശ്ചാത്യലോകം അധികാരത്തിലൂടെ ഉത്പാദിപ്പിക്കുകയും അധികാരം നിലനിർത്താനായി ഉപയോഗിക്കുകയും ചെയ്ത പൗരസ്ത്യലോകജ്ഞാനത്തിന്റെ ഏകപക്ഷീയത എടുത്തുകാട്ടിയിട്ടുള്ളത് പ്രസിദ്ധമാണല്ലോ.ഇതും ജ്ഞാനസിദ്ധാന്തപരമായ ഒരു അവയവവിച്ഛേദം തന്നെ.സാമ്രാജ്യം ഭാവനയെ എങ്ങനെ  കോളനൈസ്  ചെയ്യുന്നുവെന്ന പരിശോധനയാണ് സയ്ദ് നടത്തുന്നത്. കിഴക്കും പടിഞ്ഞാറും എന്ന് ലോകത്തെ രണ്ടായി വിഭജിക്കുകയും കിഴക്കിനെ നിഷേധാത്മകമായി അവതരിപ്പിച്ച് പടിഞ്ഞാറിന്റെ മേന്മ സ്ഥാപിക്കുകയും ചെയ്യുന്ന ഈ വ്യവഹാരം , അതു വിവരിക്കുന്ന വിഷയങ്ങളെക്കാൾ വിവരിക്കുന്നവരെത്തന്നെയാണ് വെളിപ്പെടുത്തുന്നതെന്ന് ഡേവിഡ് റിച്ചാർഡ്സിന്റെ (Marks of Differece: Culturel Representa-tions in Litrature , Anthropology and Art) പ്രസ്താവം സമീപകാലത്ത് പാശ്ചാത്യരുടെ സ്ഥലവിവരങ്ങളും ജനവിവരങ്ങളും നാം വായിച്ചെടുക്കുന്ന രീതിയുടെ തന്നെ അടിസ്ഥാനമാണ്

> **തനിക്കും മനുഷ്യർക്കിടയിൽ മനുഷ്യനായാൽ മതിയെന്ന് , സ്വന്തം ലോകത്തിലേക്ക് ,യുവത്വം വിടാതെ പ്രവേശിച്ചാൽ മതിയെന്ന് , മറ്റുള്ളവർക്കൊപ്പം ആ ലോകം നിർമ്മിക്കാൻ സഹായിച്ചാൽ മതിയെന്ന്, ഫാനൺ തുടർന്നെഴുതുന്നു.**

വെളിപ്പെടുന്നത് . നിരീക്ഷണത്തെക്കാൾ നിരീക്ഷകന്റെ സ്ഥാനം , പ്രത്യശാസ്ത്രം ,മാനസികാവസ്ഥ ഇവയെല്ലാമാണ് ഈ വിവരങ്ങൾ വെളിപ്പെടുത്തുന്നത്. ശാസ്ത്രത്തെയും ചരിത്രത്തെയും ഉപയോഗിച്ചു കൊണ്ട് , പണ്ഡിതർക്കു പഠിക്കാനും കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കാനും മനുഷ്യനെയും പ്രപഞ്ചത്തെയും കുറിച്ചുള്ള നരവംശശാസ്ത്രപരവും ജീവശാസ്ത്രപരവും ഭാഷാപരവും വംശീയവും ചരിത്രപരവുമെല്ലാമായ ഗവേഷണപ്രബന്ധങ്ങൾ രചിക്കാനുള്ള വിഷയമായി പൗരസ്ത്യലോകത്തെ പുനരുത്പാദിപ്പിക്കാനുള്ള പരിശ്രമത്തിന്റെ വിശദമായൊരപഗ്രഥനം റാനാ ഖബാനിയുടെയും മറ്റും(Imperi-al Fictions: Europes myths of the orient, pandora, 1994) പഠനങ്ങളിലുണ്ട്. കൊളോണിയൽ ഭരണത്തെ ന്യായീകരിക്കുവാനായി കിഴക്കിന്റെ വാർപ്പുമാതൃകകൾ സൃഷ്ടിക്കുന്ന ഒരു സ്ഥാപനമാണ് ഓറിയന്റലിസമെന്നു  പറയാം. മാറ്റമില്ലാതെ നിൽക്കുന്ന കിഴക്കിനെപ്പറ്റിയുള്ള സങ്കൽപം കാൾമാർക്സ് പോലും പങ്കിട്ടിരുന്നു: ഹെഗലിനാകട്ടെ കിഴക്കൻ ലോകം കാടത്തത്തിന്റേയും ക്രൂരതയുടെയും ആഭിചാരത്തിന്റേയും അന്തവിശ്വാസത്തിന്റേയും ലോകകമായിരുന്നു. കൊലപാതകിയായ അറബി, അലസനായ ഇന്ത്യക്കാരൻ, രഹസ്യവാദിയായ ചീനക്കാരൻ, ഇങ്ങനെ പൗരസ്ത്യരെ വംശാടിസ്ഥാനത്തിൽ തിരിച്ചു ലേബലൊട്ടിക്കുക, പൗരസ്ത്യലോകത്തെ വിചിത്രവും ഭ്രമാത്മകവുമായ ഒരു ഭാവനാ

ലോകമായി അവതരിപ്പിക്കുക, അവിടെ യാത്ര ചെയ്യുമ്പോൾ തങ്ങൾ സ്ഥലത്തിലല്ല കാലത്തിലാണ് യാത്ര ചെയ്യുന്നതെന്നും അങ്ങനെ തങ്ങൾ എത്തിനിൽക്കുന്ന വികസിതാവസ്ഥയിൽ നിന്ന് യുഗങ്ങൾപിന്നോട്ട് തള്ളി മനുഷ്യർ കാടന്മാരായിരുന്ന ഒരു കാലത്തിൽ തങ്ങൾ എത്തിച്ചേരുന്നുവെന്നുള്ള പ്രതീതി ജനിപ്പിക്കുക, കിഴക്കൻ സ്ത്രീകളെക്കുറിച്ച് വിചിത്രമായ ലൈംഗികഭാവനകൾ നെയ്തെടുക്കുക, പൗരസ്ത്യ ലോകംതന്നെയും നിഷ്ക്രിയവും നിഗൂഢവുമായി അനുസരിക്കാനും കീഴടക്കപ്പെടാനും കാത്തുകിടക്കുന്ന ഒരു സ്ത്രീയാണെന്നു സങ്കൽപ്പിക്കുക. ഇങ്ങനെ പുരുഷമേധാവിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും വീക്ഷണത്തിലൂടെ പാശ്ചാത്യരെ യുക്തിമതികളും , ജ്ഞാനികളും , പരിഷ്കൃതരും ദൃഢചിത്തരും, കർമ്മനിരതരുമായി ഉയർത്തിക്കാട്ടുന്നതാണ് കൊളോണിയൽ വ്യവഹാരം. എന്നാൽ ഓറിയന്റലിസമെന്ന   പരികൽപ്പന സൃഷ്ടിക്കുന്നതിലൂടെ എഡ്വേഡ് സെയ്ദ് പടിഞ്ഞാറിനെക്കുറിച്ചുള്ള ഒരു വാർപ്പുമാതൃകയും സൃഷ്ടിക്കുകയാണെന്ന വിമർശനം കൂടി ഇന്നു നമുക്ക് പരിഗണിക്കേണ്ടതുണ്ട്. ദാന്തേ മുതൽ ഇ. എം ഫോർസ്റ്റർ വരെയുള്ള എഴുത്തുകാരെ മുഴുവൻ ഒരു കാഴ്ചപ്പാടിലൂടെ കാണുന്നതിനുള്ള ന്യൂനീകരണവും രണ്ടായിരം വർഷത്തെ പാശ്ചാത്യവ്യവഹാരം മുഴുവനും ചരിത്രസ്വാധീനമില്ലാത്ത ഒരൊറ്റ പ്രത്യേയശാസ്ത്രത്താലും ജ്ഞാനോപാധിയാലും നിർണ്ണയിക്കപ്പെടുകയാണെന്ന അയാഥാർഥ്യം വിമർശനവിധേയമായിട്ടുണ്ട്. മാറ്റമില്ലാത്ത ഒരു പടിഞ്ഞാറിനെ സെയ്ദ് നിർമ്മിക്കുന്നുവെന്ന ആരോപണം – ഓക്സിഡെന്റലിസത്തെക്കുറിയ്യുള്ള ആരോപണം–ഉയർന്നുവന്നിട്ടുണ്ട്. ജോൺ മാക്കെൻസി , സാറാമിൽസ്,ഐജാസ്  അഹമ്മദ്,പാട്രിക് വില്യംസ്, ലോറാ ക്രിസ്മാൻ തുടങ്ങിയവരുടെ വിമർശനങ്ങളാണ് ഞാനുദ്ദേശിക്കുന്നത്. പൗരസ്ത്യസംസ്കാരത്തെ ആത്മാർത്ഥമായി ബഹുമാനിച്ചിരുന്ന പണ്ഡിതരെക്കുറിച്ചുള്ള മാക്കെൻസിയുടെ (Orientalism: History, Theory and Arts,  Manchester University press, 1995) പരാമർശത്തെ ഒരു പാരായണ പ്രശ്നമായി മാറ്റി നിർത്തിയാൽ തന്നെ കൊളോണിയൽ പ്രജകൾ തങ്ങളെക്കുറിച്ചുള്ള പാശ്ചാത്യവ്യവഹാരങ്ങളെ സ്വീകരിക്കുകയും മാറ്റുകയും വെല്ലുവിളിക്കുകയും നിരാകരിക്കുകയും ,ചെയ്തരീതികളെക്കുറുച്ച് സെയ്ദ് മൗനം ദീക്ഷിക്കുന്നുവെന്ന അയ്ജാസ് അഹമ്മദിന്റെ ധാവലീ്യ: രഹമലൈ,ിമശേീ,ഹശല്യേമ ൃേൗല്മ്യീ,1992പ പ്രജകളുടെ രാഷ്ട്രീയ പ്രതിരോധശേഷി സെയ്ദ് അവഗണിക്കുന്നുവെന്ന പാട്രിക് വില്യംസ്–ലോറ ക്രിസ്മാൻ വിമർശനവും (colonial discourse and post colonial theory, harvester, 1993) പടിഞ്ഞാറൻ സ്ത്രീകൾ കിഴക്കൻ സ്ത്രീകളെക്കുറിച്ചുള്ള പുരുഷവിഭ്രാന്തികൾ പങ്കിട്ടിരുന്നോ എന്ന് സെയ്ത് അന്വേഷിക്കുന്നില്ലെന്നും, കൊളോണിയലിസവുമായുള്ള ഈ സ്ത്രീകളുടെ ബന്ധം പുരുഷന്മാരുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നുവെന്നുമുള്ള സാറാമിൽസിന്റെ കണ്ടെത്തലും( Discourses of difference: An Analysis of women's Travel Writing and colonialism Routledge,1992) അവഗണിക്കു വാൻ വയ്യ. സ്ത്രീകളെ ഒരുതരത്തിൽ കൊളോണിയലിസം അധികാരപാത്രമാക്കിയെന്ന് (Empower) മിൽസ് ഉപദർശിക്കുന്നുണ്ട്.

**പുരുഷമേധാവിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും വീക്ഷണത്തിലൂടെ പാശ്ചാത്യരെ യുക്തിമതികളും , ജ്ഞാനികളും , പരിഷ്കൃതരും ദ്വഢചിത്തരും, കർമ്മനിരതരുമായി ഉയർത്തിക്കാട്ടുന്നതാണ് കൊളോണിയൽ വ്യവഹാരം.**

ഈ നിരീക്ഷണത്തിന് ഇന്ത്യയിൽ മറ്റൊരുതരം പ്രാധാന്യമുണ്ടെന്ന എനിക്കു തോന്നുന്നു; കീഴജാതിക്കാരായി അവഗണിക്കപ്പെടുന്നവർ കൊളോണിയലിസത്തെ എങ്ങനെ കണ്ടു എന്ന് അന്വേഷിക്കേണ്ടതുണ്ട്. അംബേദ്കർ മുതൽ കാഞ്ചാ ഇളയ്യാവരെയുള്ള ദളിത് ചിന്തകർ കൊളോണിയലിസത്തിന്റെ ചില ഗുണഗണങ്ങളെക്കുറിച്ച് ബോദ്ധ്യമുള്ളവരാണ്. സെക്യുലറിസം  വ്യക്തിയെന്ന സങ്കല്പം,വ്യക്തികളോടുള്ള പെരുമാറ്റത്തിലുള്ള തുല്യത ഇത്തരം ലിബെറൽ ആശയങ്ങളിലൂടെ, അവരറിയാതെയാണെങ്കിലും കീഴളരുടെ കണ്ണു തുറക്കാൻ പാശ്ചാത്യസംസ്കാരസമ്പർക്കം കാരണമായി  വെള്ളക്കാരാണ് നമുക്ക് സന്യാസം തന്നത് എന്ന അർത്ഥഗർഭമായ പ്രസ്താവനയുലൂടെ ശ്രീനാരായണഗുരു ഇക്കാര്യം അംഗീകരിക്കുന്നതു ശ്രദ്ധിക്കുക. കീഴളർ തങ്ങളുടെ സഹദേരീയരായ നാടുവാഴിത്തയജമാനന്മാരെ കൂടുതൽ നിർദ്ദയരായ പീഢകരായാണ് കാണ്ടത്. ഒരുകാലത്തും സ്വാതന്ത്രമനുഭാവിച്ചിട്ടില്ലാത്ത ദളിതരെയും ആദിവാസികളെയും സംബന്ധിത്തിച്ചെടുത്തോളം അധിനിവേശം പുതിയ അനുഭാവമായിരുന്നില്ല; വ്യക്തികളുടെ പദവിയെയും തുല്യതയെയും കുറിച്ച് അത് അവർക്ക് പുതിയ ബോധങ്ങൾ നൽകി. അധിനിവേശം അതുദ്ദേശിക്കാതെ തന്നെ അതിന്നെതിരെ പൊരുതാനുള്ള ആയുധങ്ങളും നൽകുന്നതി



നെക്കുറിച്ച് പീറ്റർ ചൈൽഡ്സും പാട്രിക്ക് വില്യംസും പ്രതിപാദിക്കുന്നത് ശ്രദ്ധിക്കുക (An introdution to postcolonial theory, prenthice hall 1977).ഇംഗ്ലീഷ് ഭാഷയും അതിലൂടെ  വന്ന സാഹിത്യവും ഇന്ത്യയിലും നവോത്ഥാനങ്ങൾക്കും വിമോചന സംരഭങ്ങൾക്കും അറിയാതെ തന്നെ പ്രേരകാമായിത്തീർന്നുവല്ലോ. കുമാരനാശനെപ്പോലൊരു കവി അധിനിവേശത്തോടു പ്രതികരിച്ച രീതി വള്ളത്തോളിനെപ്പോലൊരു കവിയുടേതിൽനിന്ന്  എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്നന്വേഷിച്ചാൽ തന്നെ രണ്ടുതരം പ്രതികരണ രീതികളെക്കുറിച്ച് നമുക്ക് പുതിയ അറിവുകൾ ലഭിക്കുമെന്നു തോന്നുന്നു. ആശാനിലേക്കുള്ള ബുദ്ധസ്വാധീനത്തേയും ജാതിവ്യവസ്ഥയ്ക്കെതിരായ പ്രതിരോധത്തെയും സ്നേഹാന്വേഷണത്തെയും സമത്വാകാംക്ഷയേയും കാരുണ്യത്തിലും നശ്വരതയിലുമുള്ള ഊന്നലിനെയുമെല്ലാം ഈ പശ്ചാതലത്തിൽ കാണാവുന്നതാണ്. കീഴാളരിൽപ്പെട്ട ഒരു കവിയെ സംബന്ധിച്ച് മുഖ്യശത്രുക്കൾ നാടുവാഴിത്തവും ജാതിവ്യവസ്ഥയും അവകാരണമുണ്ടാകുന്ന സ്വത്വലോപവും ആത്മച്യുതിയും തന്നെയാണ്. എന്നല്ല ഈ സമരത്തിനുള്ള ആയുധങ്ങൾ അധിനിവേശം അറിയാതെ അങ്കുരിപ്പിച്ച ചില നവബോധങ്ങളിൽ അയാൾ പരതിയെന്നും വരാം. ദളിതജനതയെസ്സംബന്ധിച്ചെന്ന പോലെ സ്ത്രീകളെസ്സംബന്ധിച്ചും ഇതുനേരാകാം:ഇന്ദുലേഖയുടെ നവജാഗ്രത, അതെത്ര ദുർബ്ബലമാണെങ്കിലും, ആംഗവിദ്യാഭ്യാസവുമായി ബന്ധപ്പെട്ടിരിക്കുന്നതു ശ്രദ്ധിക്കാവുന്നതാണ്.

**കീഴാളരിൽപ്പെട്ട ഒരു കവിയെ സംബന്ധിച്ച് മുഖ്യശത്രുക്കൾ നാടുവാഴിത്തവും ജാതിവ്യവസ്ഥയും അവകാരണമുണ്ടാകുന്ന സ്വത്വലോപവും ആത്മച്യുതിയും**

പ്രണയം, വിവാഹം, കുടുംബം ഇവയെക്കുറിച്ചെല്ലമുള്ള നവസങ്കല്പങ്ങൾ, അവ ഉപരിവർഗ്ഗസങ്കല്പങ്ങളായാൽപോലും, പുരുഷമേധാവിത്ത സമൂഹത്തിൽ സ്ത്രീകൾക്ക് തുണകളായിത്തീരുന്ന സന്ദർഭങ്ങളുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദുർവ്യവസ്ഥകളും ആദ്യമായി ദൃശ്യമാക്കുന്നതിൽ പശ്ചാത്യ സമ്പർക്കത്തിന്നു പങ്കുണ്ടായിരുന്നുവെന്നു നമുക്കറിയാം; ദളിതനെയും സ്ത്രീയേയും സംബന്ധിച്ചിടത്തോളം സ്വന്തം ശരീരത്തെക്കുറിച്ചുള്ള പുതിയ ബോധം പോലും വിമോചകമായിത്തീർന്നു; ശരീരങ്ങളുടെയും ജൈവപ്രക്രിയകളുടെയും തുല്യത കീഴാളവ്യവഹാരത്തിലുടനീളം പ്രതിരോധത്തിലുടനീളം പ്രതിരോധത്തിന്നായി വിളിച്ചുണർത്തപ്പെടുന്ന ഒരു സങ്കല്പമാണല്ലോ; സ്ത്രീയെ ആകട്ടെ സ്വന്തം ലൈംഗികത തിരിച്ചറിയാൻ അതു സഹായിച്ചു.  ഒന്നാം ലോകത്തിന്റെ വിശുദ്ധസ്ഥലങ്ങളിലേക്കും കടന്നുകയറാൻ മുന്നാംലോകന്റെ ചില പ്രക്രിയകൾ (Third worlding) തന്നെ മൂന്നാം ലോകത്തെ സഹായിച്ചിട്ടുണ്ടെന്നും ശ്രദ്ധിക്കുക.

നാം പറഞ്ഞുവരുന്നത് അധിനിവേശവും പ്രതിരോധവും തീർത്തും പരസ്പര വിരുദ്ധങ്ങളായ സംജ്ഞകളല്ല എന്നാണ്, അവ തമ്മിലുള്ള ബന്ധം വൈരുദ്ധ്യാത്മകമാണ്. അധിനിവേശം പ്രതിരോധത്തിന്റെ കേന്ദ്രങ്ങളും രീതികളും നിർണ്ണയിക്കുന്നുണ്ട്; പ്രതിരോധം തിരിച്ച് അധിനിവേശത്തിന്റെ വ്യവഹാരത്തെ നിയന്ത്രിക്കുന്നുമുണ്ട്. സെയ്ദിന്റെ വലിയ പരിമിതികളിലൊന്ന് ഒരേ കൃതിക്ക് പല പാഠങ്ങളുണ്ടാകാ

മെന്നും, പാരായണരീതിക്കനുസരിച്ച് പാഠങ്ങൾ മാറാ മെന്നും, എല്ലാ കൃതികളും ബഹുസ്വരങ്ങളാണെന്നും, അതിലെത്തന്നെ മുഖ്യസ്വരത്തിന്നെതിരായി പ്രവർത്തിക്കുന്ന ഒരു സ്വരം അതിലുണ്ടാകാമെന്നുമുള്ള ലളിതമായ തിരിച്ചറിവ് അദ്ദേഹത്തിന്നു നഷ്ടപ്പെടുന്നു എന്നതാണ്. ഈ തിരിച്ചറിവാകട്ടെ സാമൂഹ്യപരിവർത്തനത്തെ സംബന്ധിച്ചെന്നപോലെ വിമോചനോന്മുഖമായ സാഹിത്യനിരൂപണത്തെ സംബന്ധിച്ചും പ്രധാനമാണ്. ഗീതയും ഖുർആനും ബൈബിളും പോലെ ഏകസ്വര മെന്നുതോന്നിക്കുന്ന തോന്നിക്കുന്ന മതഗ്രന്ഥങ്ങൾപോലും തീർത്തും അന്യോന്യവിരുദ്ധമായ ലക്ഷ്യങ്ങൾക്ക് ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്നു നമുക്കറിയാം. മൗലികവാദികളും വിമോചനവാദികളും ഇതേ കൃതികളുപയോഗിച്ച് സ്വന്തം നിലപാടുകൾ സമർത്ഥിച്ചിട്ടുണ്ട്. അപ്പോൾ പിന്നെ സാഹിത്യകൃതികളുടെ കാര്യം പറയാനില്ല. ശ്രീനാരായണഗുരുവിന് ബ്രാഹ്മണവ്യവഹാരത്തെ തിരിച്ചിടുകയും ഈഴവ ശിവനെന്ന പ്രതി–ദേവതയെ നിർമ്മിക്കുകയും ചെയ്യാമെങ്കിൽ, ടി.ഇ ലോറൻസിന്റെയോ റഡ്യാഡ് കിപ്ലിങ്ങിന്റെയോ ഇ.എം. ഫോർസ്റ്ററുടെയോ കൃതികൾക്ക് കൂടുതൽ അർഥസ്ഥിരതയുണ്ടെന്നു കരുതേണ്ടതില്ല. ഹോമി. ജെ.ഭാഭായുടെ ദ്വയാർത്ഥ (ambivalence), കവലാനുകരണം (mimicry) എന്നീ സംജ്ഞകൾ(The location of culture, routledge, 1994) ഈ സന്ദർഭത്തിൽ പ്രയോജനകരമാണ്. പ്രജകളെ ടൈപ്പുകളാക്കാനും സംസ്കാരഹീനരാക്കാനുമുള്ള സാമ്രാജ്യത്വതന്ത്രം ഒരിക്കലും പൂർണ്ണമായും സഫലമാവുകയില്ല, കൊളോണിയലിസത്തിന്റെ വ്യവഹാരങ്ങൾ വിരുദ്ധഭാഗങ്ങളിലേക്ക് പിൻവലിക്കുന്നതുകൊണ്ടാണ്

**ഗീതയും ഖുർആനും ബൈബിളും പോലെ ഏകസ്വര മെന്നുതോന്നിക്കുന്ന തോന്നിക്കുന്ന മത ഗ്രന്ഥങ്ങൾപോലും തീർത്തും അന്യോന്യ വിരുദ്ധമായ ലക്ഷ്യങ്ങൾക്ക് ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്നു നമുക്കറിയാം.**

കൊളോണിയൽ പദ്ധതികൾ പൂർത്തിയാകാത്തത്. ഈ പാഠ–പ്രതിപാഠ ദ്വന്ദ്വത്തെയാണ് ഭാഭാ ദ്വയാർത്ഥം കൊണ്ടുദ്ദേശിക്കുന്നത്. പ്രജകൾ ഇവിടെ ഒരേ സമയം പാശ്ചാത്യജ്ഞാനത്തിന് പുറത്തുമകത്തുമാണ്. അധിനിവേശിതനായ വിഷയി അപരനായി സങ്കൽപ്പിക്കപ്പെടുന്ന എന്നാൽ അവളെ മെരുക്കിയെടുക്കാനുള്ള ശ്രമത്തിൽ യജമാനൻതന്നെ ആ അപരത്വത്തെ ഹനിക്കുകയും ചെയ്യുന്നു. കാടത്തിയെ കാടത്തിയായി നിർത്താനാഗ്രഹിക്കെത്തന്നെ വിദ്യാഭ്യാസത്തിലൂടെ അവളെ പരിഷ്കൃതയാക്കാനും കൊളോണിയൽ പദ്ധതി പ്രതിജ്ഞാബദ്ധമാണ്. മെക്കാളെയുടെ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ വീക്ഷണങ്ങളും ആചാരങ്ങളും പുലർത്തുകയും ഇംഗ്ലീഷ് സംസാരിക്കുകയും ചെയ്യുന്ന ഒരു കൂട്ടമാളുകളെ ഉൽപ്പാദിപ്പിക്കുകയായിരുന്നുവല്ലോ. ഇംഗ്ലീഷുകാരുടെ അധികാരമോ പാരമ്പര്യമോ ഇല്ലാതെ അവരെ സാമൂഹ്യമായി അനുകരിക്കുന്ന ഈ പക്രിയയാണ് കേവലാനുകരണം. പക്ഷേ ഈ മനുഷ്യരും കൊളോണിയൽ പദ്ധതിയുടെ ദ്വന്ദ്വസ്വഭാവം തന്നെയാണ് വെളിപ്പെടുത്തുന്നത്. ഒരു വശത്ത് ഈ മനുഷ്യർ, സാമ്രാജ്യത്വം തന്നെ സൃഷ്ടിച്ച വാർപ്പുമാതൃകകളെത്തന്നെ വെല്ലുവിളിക്കുന്നു; സ്വന്തം ഭാഷ പ്രജകളുടെ വായിൽനിന്നുകേൾക്കുന്ന യജമാനന്മാർക്ക് തങ്ങളുമായുള്ള സാമ്യത്തെക്കുറിച്ച് ഉത്കണ്ഠാകുലരാകുന്നു. ക്രമേണ അനുകർത്താക്കളാകാൻ വിധിക്കപ്പെട്ടവർ സ്വാതന്ത്ര്യബോധം നേടി തങ്ങളുടെ സ്രഷ്ടാക്കൾക്കെതിരെ



തിരിയുന്നു. ഇങ്ങനെ കൊളോണിയൽ വ്യവഹാരത്തിന്റെ ലക്ഷ്യം നിരന്തരം അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഒന്നാണ്; അതു സൃഷ്ടിക്കുന്ന ആയുധങ്ങളെല്ലാം അതിനെതിരെ തിരിയുന്നു. ഫാനന്റെയും നായ്പോളിന്റെയും കൃതികളിലെ പരാജയബോധത്തെ ഭാഭ ചോദ്യം ചെയ്യുന്നത് ഇവിടെയാണ്.

എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നാം അധിനിവേശവും പ്രതിരോധവും എന്ന പ്രമേയം ചർച്ചചെയ്യുമ്പോൾ പ്രതിരോധ പ്രയോഗങ്ങളിൽ വന്നിട്ടുള്ള പ്രതിസന്ധിയും കാണാതിരിക്കാൻ വയ്യ. ദേശീയവാദവും വംശീയവും പ്രാദേശികവുമായ തനിമാവാദവും ഒരേ പോലെ വെല്ലുവിക്കപ്പെട്ടിരിക്കുന്നു.ബെനഡിക്ട് ആന്റേഴ്സന്റെ ബഹുചർച്ചിതമായ കല്പിത സമൂഹങ്ങൾ (Imaginer communitsi: Reflection on the Origin and spreer of Natinalism,vers o,1983) എന്നീ കൃതികളുടെ കാലം മുതലെങ്കിലും ദേശം എന്നത് സ്വാഭാവികമോ പ്രകൃതിദത്തമോ അല്ല എന്നും, ഭാവനയിലൂടെ നിർമ്മിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നതാണെന്നുമുള്ള ബോധം ദേശീയതാചർച്ചകളെ സംബന്ധിച്ച് നിർണായകമായിട്ടുണ്ട്. അംഗങ്ങളെല്ലാം തങ്ങളുടെ വ്യത്യാസങ്ങൾക്കെല്ലാം കുറുകെ പങ്കിടുന്ന ഒരു സമുദായബോധമാണ് ദേശീയബോധം; എറിക്ക് ഹോബ്സ് ബോം (The invention of Tradition, cambridge,1983) പ്രസ്താവിക്കും പോലെ അനുസ്യൂതിയുടെ പ്രതീതിയുളവാക്കുന്ന ഒരുപാരമ്പര്യം, പൊതുയുവായ ചരിത്രം, തങ്ങൾ ഒരിടത്തുനിന്നു വന്നവരും ഒരിടത്തേക്ക് സഞ്ചരിക്കുന്നവരുമാണെന്ന ബോധം ഇവയെല്ലാം ദേശീയബോധത്തിന്റെ ഭാഗമാണ്. ദേശത്തെ വ്യക്തിയായികാണുക (ഭാരതമാത)യും സ്വന്തമായ ദേശീയചിഹ്നങ്ങൾ (രാഷ്ട്രഭാഷ, ദേശീയഗനം, ദേശീയ പതാക,ദേശത്തിന്റെ പക്ഷി–മൃഗാദികൾ) വികസിപ്പിക്കുകയുമാണ് അടുത്തപടി. അവർത്തനങ്ങളിലൂടെ ഇവയ്ക്ക് പാവനത കൈവരുന്നു, പിന്നീട് നിയമ നിർമ്മാണത്തിലൂടെ അവയ്ക്ക് സ്ഥിരത നൽകുന്നു. ദേശീയചരിത്ര നിർമ്മാണവും ഈ പരിശ്രമത്തിന്റെ പ്രധാനഭാഗം തന്നെ. ഒപ്പം ഭൂമിശാസ്ത്രവുമുണ്ട്, ലംഘിക്കാനാകാത്ത അതിർത്തികൾ ഈ ഭൂമിശാസ്ത്രത്തിന്റെ സൃഷ്ടിയാണ്. വിദേശയാത്ര കവിഞ്ഞ് ദേശാതിർത്തിയിലെത്തുമ്പോഴുള്ള ആഹ്ലാദാനുഭവം– അത് ഹിമാലയമാകട്ടെ വെറും കുന്നുകളാകട്ടെ അതിന്റെ വൈകാരിക തീക്ഷ്ണത വെളിവാക്കുന്നു. വീട് , അമ്മ തുടങ്ങിയ സങ്കല്പങ്ങളുമായി ബന്ധപ്പെട്ടാണ് ദേശീയബോധം വ്യക്തിതലത്തിൽ പ്രവർത്തിക്കുന്നത്. കുടുംബാംഗങ്ങൾ എന്നനിലയിൽ വ്യക്തികൾ ജനതയായി രൂപപ്പെടുകയും തങ്ങളുടെ മണ്ണ് സ്വന്തം പുരയിടമാണെന്ന ബോധം ഉറയ്ക്കുകയും ചെയ്യുന്നു. ദേശീയാഖ്യാനങ്ങൾ സ്ഥല–കാലങ്ങളെ ഐക്യപ്പെടുത്തി ദേശീയഭാവന വീണ്ടും വികസിപ്പിക്കുന്നു.

ദേശീയവാദം ഇന്ത്യയുടെതുൾപ്പെടെയുള്ള സ്വാതന്ത്ര്യസമരങ്ങളിൽ ഗണ്യമായപങ്കുവഹിക്കുകയും ജനമനസ്സുകളെ ഉത്തേജിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നു നമുക്കറിയാം. അധിനിവേശിത ജനങ്ങളെ സ്വയം നിർവചിക്കാനും അങ്ങനെ അധികാരിയുടെ നിർവ്വചനങ്ങളെ ചെറുക്കാനും സഹായിക്കുന്ന ഒരുപാധിയെന്ന നിലയ്ക്ക് സാഹിത്യവും ദേശീയവാദത്തിന്റെ പ്രചോദനമുൾക്കുണ്ട്. സാംസ്കാരികവും വർഗ്ഗപരവുമായ വ്യത്യാസങ്ങളെ മറികടന്ന് സംഘബോധം വളർത്താനും, പാരമ്പര്യത്തെ വിപ്ലവകരമായി വിനിയോഗിക്കാനും കൊളോണിയൽ വ്യവഹാരങ്ങൾക്ക് ബദലായ ചരിത്രങ്ങളും സാംസ്കാരിക പാരമ്പര്യങ്ങളും ജ്ഞാനങ്ങളും കണ്ടെത്താനും സാഹിത്യം സഹായകമാകുന്നു. ചുരുക്കത്തിൽ അധിവിവേശിത ജനങ്ങളിൽ ആരോപിതമായ അധമത്ത്വത്തെ ചെറുക്കാനും സ്വയം ഭരിക്കാനും തങ്ങൾക്കു കഴിവുണ്ടെന്ന് അവരെ ബോധ്യപ്പെടുത്താനും സാസ്കാരിക സ്വത്വം ബലികഴിക്കാതെ തന്നെ രാഷ്ട്രത്തിന് ആധുനികതയിലേക്കു നീങ്ങാനാവുമെന്നു തെളിയിക്കാനും ദേശീയവാദത്തിന് കഴിയുന്നുണ്ട്. അതേ സമയം, വിമോചനാനന്തര വർഷങ്ങളിൽ ദേശീയവാദം അമർത്തിവെച്ചിരുന്ന ഭിന്നതകൾ പുറത്തുവരികയും പ്രശനങ്ങളായി മാറ്റുകയും ചെയ്യുന്ന അനുഭവം എല്ലാ രാഷ്ട്രങ്ങൾക്കുമുണ്ട്. ഉൽപത്തിയെക്കുറിച്ചുള്ള ഐതീഹ്യങ്ങളും മുഖ്യധാര വീക്ഷണങ്ങളുമെല്ലാം മത–വംശന്യൂനപക്ഷങ്ങളും സ്ത്രീകൾ, ദളിതർ, തൊഴിലാളികൾ,കർഷകർ,കൈവേലക്കാർ മുതലായ കീഴാള വിഭാഗങ്ങളും ചോദ്യചെയ്യുന്ന കാലമാണിത്. ഒപ്പം തന്നെ പുറനാടുകളിൽ താമസ്സിക്കുന്ന വൻജനവിഭാഗങ്ങൾ(Diaspora) നിരന്തരം രാഷ്ട്രാതിർത്തിരകളുടെ സ്ഥിരതയേയും ഭദ്രതയേയും ചോദ്യം ചെയ്യുന്നു. ഇന്ത്യയിലെ ഹൈന്ദവപുനരുത്ഥാനവാദം പോലുള്ള

> **ദേശീയവാദവും വംശീയവും പ്രാദേശികവുമായ തനിമാവാദവും ഒരേ പോലെ വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു.**

നിഷേധാത്മക പ്രത്യയശാസ്ത്രങ്ങളും ഊർജ്ജം സ്വീകരിക്കുന്നത് ദേശീയതയുടെ ദുർവ്യാഖ്യാനങ്ങളിൽ നിന്നുതന്നെയാണല്ലോ. അതിന്റെ പലഘട്ടങ്ങളും സ്വാതന്ത്ര്യസമരഘട്ടത്തിൽ രൂപപ്പെട്ടതാണെന്നും പരിശോധനയിൽ ബോധ്യപ്പെടും.

ദേശ സങ്കല്പം ഇന്ന് ചോദ്യപ്പെടുന്നുണ്ടെങ്കിൽ അതിന് സൈദ്ധാന്തികം മാത്രമല്ലാത്ത ഏറെ കാരണങ്ങളുമുണ്ട്. സ്വാതന്ത്ര്യസമ്പാദനോത്തരകാലഘട്ടത്തിൽ ഇന്ത്യയുൾപ്പെടെയുള്ള നാടുകളിലെ ഭൂരിപക്ഷം ജനങ്ങൾക്കും തങ്ങൾ വഞ്ചിതരായി എന്നുബോധ്യപ്പെട്ടതാണ് ഒന്ന്. ഒരുചെറിയ സവർണ്ണ ഉപരിവർഗ്ഗ–പുരുഷവിഭാഗമാണ് തങ്ങളെ ഭരിക്കുന്നതെന്നും അവരുടെ ദേശീയതാ സങ്കല്പം തങ്ങളുടേതിൽനിന്നു വ്യത്യസ്തമാണെന്നും അവർണ്ണർക്കും കീഴ്‌വർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും മത–വംശ–ലൈംഗിക ന്യൂനപക്ഷങ്ങൾക്കും മനസ്സിലായതോടെ ദേശീയതയെ ഭാവന ചെയ്യുന്ന ഭിന്നരീതികൾ തമ്മിൽ ഏറ്റുമുട്ടാനാരംഭിച്ചു.ഒപ്പം തന്നെ ഫെഡറൽഘടനയുടെ അനുക്രമമായ അപചയം പ്രാദേശികതകളുടെ ഉയർത്തെഴുന്നേൽപ്പിലേക്കു നയിച്ചു.ഏകവും ഏകശിലാരൂപവുമായി തോന്നിപ്പിച്ചിരുന്ന പ്രതിരോധത്തിന്റെ ആഭ്യന്തര വൈവിധ്യ–വൈരുദ്ധ്യങ്ങൾ പ്രതിരോധം ബഹുമുഖവും ബഹുരൂപിയുമായി; പ്രതിരോധം ആഭ്യന്തരമായ അധിനിവേശമായിത്തോന്നിച്ച പുത്തൻ അധീശശക്തികൾ, നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങൾ, അധിനിവേശത്തിന്റെ നവരൂപങ്ങൾ–ഇവയിലേക്കു തിരിഞ്ഞു. ദേശീയതയും പ്രാദേശികതകളും തമ്മിലും, പുരുഷമേധാവിത്തവും സ്ത്രീസ്വത്വബോധവും തമ്മിലും, ഭൂരിപക്ഷസമുദായത്തിന്റെ ദേശിയതാ സങ്കൽപ്പവും ന്യൂനപക്ഷങ്ങളുടെ ജനാധിപത്യാവകാശബോധവും തമ്മിലും, നഗരവത്ക്കരണവും ഗ്രാമീണസമുദായങ്ങളും തമ്മിലും വൻവികസന മാതൃകയും ബദൽവികസന സങ്കൽപ്പങ്ങൾ തമ്മിലും പ്രതിലോമപൗരോഹിത്യശക്തികളും ജനസാമാന്യവും തമ്മിലും, എതിർലിംഗാഭിമുഖമായ ലൈംഗികതയും സ്വലിംഗ–ദ്വിലിംഗാഭിമുഖ്യവും തമ്മിലും മൂലധന ഉടമകളും അധ്വാനിവർഗ്ഗവും തമ്മിലും, ഭരണകൂടവും പൗരാവകാശവും തമ്മിലും ജനാധിപത്യത്തിൽ തങ്ങളുടേതായ ഇടമന്വേഷിച്ചുള്ള സംഘർഷങ്ങൾ വർധിച്ച ഒരു കാലഘട്ടമാണ് സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷമുള്ള വർഷങ്ങൾ. കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ ഇന്ത്യൻ ആഖ്യാനസാഹിത്യം മുഴുവൻതന്നെ ഈ പുതിയ സംഘർഷങ്ങളുടെയും അഭിവാഞ്ഛകളുടെയും ആവിഷ്കാരം കൂടിയാണ്, ഭാവാത്മകസാഹിത്യമാകട്ടെ ഇവയിൽനിന്നുത്പന്നമാകുന്ന രോഷാഹ്ലാദനൈരാശ്യങ്ങളുടെ വാങ്മയം കൂടിയാണെന്നും കൂട്ടിച്ചേർക്കാം. പാർശ്വവത്കൃതരുടെയും പീഡിതരുടെയും നിന്ദിതരുടെയും ശബ്ദം ജനാധിപത്യത്തിന്റെ ഘടനയ്ക്കകത്തു മുഴങ്ങിക്കേൾക്കുന്ന തിന്നായുള്ള സ്ഥൂലവും സൂക്ഷ്മവുമായ സമരങ്ങളുടെയും പരിശ്രമങ്ങളുടെയും ആവിഷ്കാരമാണ് ഈ കാലയളവിൽ സാഹിത്യത്തെ ഒരു ജനാധിപത്യവ്യവഹാരമായി പരിണമിപ്പിക്കയും നിലനിർത്തുകയും ചെയ്തിട്ടുള്ളത്. ഒപ്പം, ദേശീയതപോലെ തന്നെ പ്രാദേശികതയും ഇക്കാലത്തു പ്രശ്നവത്ക്കരിക്കപ്പെട്ടിട്ടുണ്ടെന്നും നാം കാണാതിരുന്നുകൂടാ. അയ്മേസെസയറും, ലിയോപ്പോൾഡ്‌സെങ്കോറും മറ്റും ഉയർത്തിപ്പിടിച്ച നീഗ്രോത്വ (negritde)ത്തിന്റെ പ്രത്യയശാസ്ത്രം, വംശത്തെയും വർണ്ണത്തെയും തന്നെ നിർണ്ണായകമായി വാഴിച്ചുകൊണ്ടും, ഭൂതകാലത്തെ അന്ധമായാരാധിച്ചുകൊണ്ടും, ലിംഗാസമത്വമുൾപ്പെടെയുള്ള ഇതര അസമത്വങ്ങളെ അവഗണിച്ചുകൊണ്ടും ദ്വന്ദ്വാത്മകമായ വൈരുദ്ധ്യങ്ങളിലൂടെ(കറുപ്പ്–വെളുപ്പ്, ആഫ്രിക്കൻ–യൂറോപ്യൻ മുതലായവ; binary oppositions) വിഘടനവാദത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടും ഒരടഞ്ഞ പ്രത്യയശാസ്ത്രമായി മാറി എന്ന് നമുക്കറിയാം: അതുകൊണ്ടാണ് വർത്തമാന പ്രസക്തിയുള്ള ഒരു സംക്ഷോഭതന്ത്രം രൂപീകരിക്കാനായി ഫ്രന്റ്സ് ഫാനന്നെപ്പോലുള്ളവർക്ക് ആ ഗൃഹാതുരമിഥകത്തെ ഉപേക്ഷിക്കേണ്ടി വന്നത്. തനിമാവാദങ്ങളിൽ പൊതുവേ അടങ്ങിയ അപകടത്തിലേയ്ക്കാണ് നീഗ്രോത്വത്തിന്റെ പരാജയം വിരൽ ചൂണ്ടുന്നത്. സവർണ്ണ ദേശീയതയുടെ തത്വചിന്തയെ നേരിടാൻ സവർണ്ണപ്രാദേശികതമതിയാവില്ല. ദളിതരേയും സ്ത്രീകളേയും ഒഴിച്ചു നിർത്തിക്കൊണ്ട് ഒരു കേരളീയത നിർമ്മിച്ചെടുത്താൽ അത് സവർണ്ണ ഗൃഹാതുരത്വത്തെ മാത്രമാവും സേവിക്കുക. എന്നല്ല വികലവും അപൂർണ്ണവുമായ ഇത്തരം സ്വത്വബോധങ്ങളാണ് ആഗോളവത്ക്കരണത്തിന്റെ വിപണിയിൽ ഇന്ന് ഏറ്റവും ചെലവുള്ള ചരക്കുകളിലൊന്ന്. ദേശത്തോടെന്നപോലെ പ്രദേശത്തോടും ആരുടെ പ്രദേശം, ആരുടെ സംസ്കാരം, ആരുടെ ലോകവീ

> **സ്വാതന്ത്ര്യസമ്പാദനോത്തരകാലഘട്ടത്തിൽ ഇന്ത്യയുൾപ്പെടെയുള്ള നാടുകളിലെ ഭൂരിപക്ഷം ജനങ്ങൾക്കും തങ്ങൾ വഞ്ചിതരായി എന്നുബോധ്യപ്പെട്ടതാണ്.**

ക്ഷണം എന്ന് നാം നിരന്തരം ചോദിച്ചേ തീരൂ.

നമ്മുടെ ചർച്ചകളുടെ പൊതുസന്ദർഭം സംക്ഷേപിക്കാനാണ് ഞാനിതുവരെ ശ്രമിച്ചത്. ഈ സംവാദവേദിയുടെ മുന്നിൽ ഒട്ടേറെ ചോദ്യങ്ങളുണ്ട്: അധിനിവേശം എങ്ങനെയാണ് അധിനിവേശിതജനങ്ങളുടെ സംസ്കാരത്തെയും സാഹിത്യത്തെയും ബാധിക്കുന്നത്? ഏതെല്ലാം രീതികളിലാണ് അധീശവ്യവഹാരത്തിലെ അബോധവൈരുദ്ധ്യങ്ങൾ ജനവിമോചനത്തിന് പുതിയ ഉപാധികൾ നല്കുന്നത്? സാഹിത്യരൂപങ്ങളിലും ശൈലികളിലും ഗണങ്ങളിലും അധിനിവേശവും പ്രതിരോധവും എഴുതിച്ചേർക്കപ്പെടുന്ന (Inscribe) രീതികളേതെല്ലാമാണ്? അധിനിവേശശക്തികളെ ഭിന്നജനവിഭാഗങ്ങൾ എങ്ങനെയാണ് നോക്കിക്കാണുന്നത്? വർഗ്ഗസമരവും അധിനിവേശവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവമെന്താണ്? ന്യൂനപക്ഷങ്ങളും ദളിതരും സ്ത്രീകളും ആദിവാസികളും മറ്റും ദേശീയതാസങ്കൽപ്പത്തെ ചോദ്യം ചെയ്യുന്ന രീതികളെന്താണ്? സ്വത്വബോധത്തിന്റെ ഏതേതു മാനങ്ങളിലാണ് ദേശവും പ്രദേശവും മതവും ജാതിയും ലിംഗവും വർഗ്ഗവും പ്രവർത്തിക്കുന്നത്? അധിനിവേശ പൂർവ്വകാലത്തേയ്ക്ക് നമുക്ക് ലളിതമായി തിരിച്ചുനടക്കാനാവുമോ; എങ്കിൽ തന്നെ അത് അഭിലഷണീയമാണോ? അധിനിവേശവും ആഗോളവത്കരണവും തമ്മിലുള്ള സമാനതകളും അന്തരങ്ങളും എന്തെല്ലാമാണ്? ഹൈന്ദവദേശീയതയെ ചെറുക്കാനാവുന്ന വ്യവഹാരരൂപങ്ങളേതെല്ലാമാണ്? അധിനിവേശവും മാധ്യമങ്ങളും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? അധിനിവേശോത്തരത എന്തിന്ന് ഉത്തരമാണ്, അത് അധിനിവേശത്തെ ചെറുക്കുകയാണോ അതോ ചരിത്രത്തെ അധിനിവേശപൂർവ്വവും അധിനിവേശോത്തരവും എന്നു വകതിരിക്കുകവഴി അധിനിവേശത്തിന്റെ തന്നെ യുക്തിയിൽ വിമർശനവ്യവഹാരത്തെ മുഴുവൻ കുരുക്കിയിടുകയാണോ? കേരളീയനവോത്ഥാനത്തെയും അതിന്റെ സാഹിത്യത്തെയും എങ്ങനെയാണ് കൊളോണിയൽ ആധുനികത സ്വാധീനിച്ചത്? ആദ്യകാലനോവലുകൾ മുതൽ ഇന്നോളമുള്ള നമ്മുടെ ആഖ്യാനങ്ങളിൽ, ശരീരം, ലൈംഗികത, വിദ്യാഭ്യാസം, ലോകവീക്ഷണം, ഭാഷ, ഘടന ഇവയെല്ലാം എങ്ങനെ അധിനിവേശത്തിന്റെയും വിമോചനത്തിന്റെയും ഭിന്നരീതികൾ പ്രതിഫലിപ്പിച്ചു? ജീവത് സാഹിത്യം, ആധുനികത, എഴുപതുകളിലെ രാഷ്ട്രീയ ആധുനികത, തുടർന്നുവന്ന പരിസ്ഥിതി, ദളിതമോചനം, സ്ത്രീമുക്തി, മനുഷ്യാവകാശം തുടങ്ങിയ പ്രമേയങ്ങളുമായി ഉയർന്നുവന്ന അവാന്തു–ഗാദുകൾ: ഇവയെല്ലാം അധിനിവേശ സങ്കൽപ്പത്തെയും ദേശീയതയെയും വിമോചന കല്പനകളേയും എങ്ങനെയെല്ലാം പൊളിച്ചെഴുതി? ഒടുവിൽ, അധിനിവേശത്തെയും പ്രതിരോധത്തെയും കുറിച്ചുള്ള ഈ ചർച്ചയിൽ തന്നെ പാശ്ചാത്യസങ്കല്പനങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഉപയോഗത്തെ നിർണ്ണയിക്കുന്ന ജ്ഞാനവ്യവസ്ഥ എന്താണ്? നാം സ്വതന്ത്രരായി നടത്തുന്ന ഒരു തിരഞ്ഞെടുപ്പാണോ അത്, അതോ ഗായത്രി ചക്രവർത്തി സ്പിവാക്ക് പറയുംപോലെ അതൊരു കല്പനയാണോ? ഈ ചോദ്യങ്ങളിൽ പ്രമുഖമായ ചിലതെങ്കിലും ചർച്ചാവിഷയമായാൽ ഈ സംവാദം സാർത്ഥകമാകും.

(അധിനിവേശവും പ്രതിരോധവും എന്ന സെമിനാറിൽ ചെയ്ത ആമുഖപ്രസംഗം.)

**ന്യൂനപക്ഷങ്ങളും ദളിതരും സ്ത്രീകളും ആദിവാസികളും മറ്റും ദേശീയതാസങ്കൽപ്പത്തെ ചോദ്യം ചെയ്യുന്ന രീതികളെന്താണ്? സ്വത്വബോധത്തിന്റെ ഏതേതു മാനങ്ങളിലാണ് ദേശവും പ്രദേശവും മതവും ജാതിയും ലിംഗവും വർഗ്ഗവും പ്രവർത്തിക്കുന്നത്?**




**മീസാൻ കല്ലുകൾ**

ജീവിക്കുന്നവയാണ്
അടയാളങ്ങളാണ്
ഇവിടെ ജീവിച്ചിരിക്കുന്നവരിലുമപ്പുറം.

വിശ്വാമിത്രം ച ചണ്ഡാലി - വിനീഷ് എ.കെ / ഝോഡാ ധ്യാൻ സേ ആല രമൂലളൗഹഹ സൂക്ഷിക്കണേ മാഗസീൻ സമിതി / നിങ്ങൾ ഞങ്ങളെ എന്തുവിളിക്കും ?(അഭിമുഖം)-അനുഗ്രഹ എ.ജി,ഐശ്വര്യ വി.എൽ ,അനിൽ. വി.എസ് / കാലാവസ്ഥാമാറ്റവും പ്രാദേശിക ഇടപെടലുകളും - പ്രൊഫ. ടി.പി കുഞ്ഞിക്കണ്ണൻ / കറുത്ത ടാൽക്കം പൗഡറിന്റെ കാലം -ഹരിത എൻ എസ്. / നായക്കൊതി- അഖിൽ പി.ഡി. / ദൈവത്തിന്റെ നിറം- പ്രൊഫ.ഡോ. അശോക് ഡിക്രൂസ് / ശീവോതിപ്പാട്ടുകാരി-പ്രൊഫ.ദേശമംഗലം രാമകൃഷ്ണൻ / മലബാർ വെരുക്- ലിജിഷ. എ.ടി / ഇഷ- നൗഷദ് (ജെ.എൻ.യു) / ആസാദിയെന്ന് മാത്രം- ബിഥുൻ നാരായണൻ / ഇടിമിന്നലിന്റെ അസ്ത്രങ്ങൾ ചേർത്തു തുന്നിയ കവിതയുടെ ഉടൽ-മാഗസീൻ സമിതി / അവൾ + അവൻ = രാത്രി-ജാൻസി / കാലികത- നീതു.എം / ബാക്കിയായത്- ഗോപിക.എൽ / നേര്- മേഘ കെ / ഞങ്ങൾ ഞങ്ങളെത്തന്നെ ഉടച്ചുവാർത്തകഥ- തിയറ്റർ ക്ലബ്ബ് അംഗങ്ങൾ / ചിന്താചരിത്രത്തിലെ വിപരീതങ്ങൾ-പ്രൊഫ.ഡോ. രാധാകൃഷ്ണൻ ഇളയിടത്ത് / അലാറം- റിൻസി കെ / ഗാഥ- അനിൽ. വി.എസ് / ചേറ്റുമണക്കുന്ന തെയ്യങ്ങൾ- രാഗേഷ് കെ / ഓർമകൾക്കും മറവികൾക്കും മേൽ ഭാഷ നടത്തുന്ന യുദ്ധങ്ങൾ (അഭിമുഖം)- ഡോ. രോഷ്നി സ്വപ്ന / അധിനിവേശവും പ്രതിരോധവും. ചില പ്രാഥമിക ചിന്തകൾ.(അധിനിവേശവും പ്രതിരോധവും എന്ന സെമിനാറിലെ ആമുഖപ്രഭാഷണം) / കെ. സച്ചിദാനന്ദൻ / സിനിമ ആരുടേതാണ്?- ഐ.ഷണ്മുഖദാസ് / വേണം നമുക്കൊരു ട്രാൻസ്ജൻഡർ നയം- ബിൻഷ ബി അഷറഫ്, സായ്കൃഷ്ണ / വൈഡർസ്റ്റാന്റ് പറയുന്നത്(പഠനം)- മാഗസീൻ സമിതി / എഴുത്തുകാരനും ജനാധ്യപത്യത്തിന്റെ ഭാവിയും- ശിവ് വിശ്വനാഥ് / ‘ശരീര’-ഉടൽ രാഷ്ട്രീയത്തിന്റെ വ്യത്യസ്ത മുഖം-മാഗസീൻ സമിതി / കറ- ശ്രീലക്ഷ്മി പി / വിലക്കുകളുടെ താക്കോൽ- വിനീതി.പി.വി / യുക്തിപർവം- സുമേഷ് കാരാട്

---

**നാവറുക്കപ്പെട്ടവന്റെ വാക്കിനോളം ഭാരം മറ്റെന്തിനുണ്ടാകും**





# സിനിമ ആരുടേതാണ്?

മലയാള സിനിമയിൽ സംവിധായകന്റെ ഉടമസ്ഥതാബോധത്തിന്റെ അടയാളമായി ആദ്യമായി ഈ പ്രവണത തുടങ്ങിവെച്ചത് ഭരതനായിരിക്കും...

ചോദ്യം ലളിതമാണ്. ഉത്തരവും അതീവ ലളിതം എന്ന് എന്ന് ചിന്തിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്ന ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. വിശേഷിച്ച് പുതിയ കേരളത്തിൽ. എന്റെ, എന്റെ , എന്ന് മൂന്നുവട്ടം ഉറപ്പിച്ച് വിളിച്ചുപറയാനും ഇപ്പോൾ ആളുകൾ നിരവധിയാണ്. എന്നാൽ, ഈ വിളിച്ചു പറയുന്നവരെല്ലാം ഒരേ കൂട്ടക്കാരാണെന്നതാണ് വിചിത്രം. ചലച്ചിത്ര സംവിധായകരാണ് ഇവർ. തീർച്ചയായും ഇതൊരു പുതിയ പ്രവണതയൊന്നുമല്ല. സിനിമയുടെ ചരിത്രത്തോളം തന്നെ അതിന് പഴക്കമില്ല എന്നുമാത്രം.

ചാപ്ളിനെക്കുറിച്ചെന്തോ ചോദിച്ചപ്പോഴാണ് ഒരഭിമുഖത്തിൽ രണ്ടുവർഷം മുമ്പ് സ്വതസിദ്ധമായ കുപിത തീഷ്ണതയോടെ നസറുദ്ദിൻ ഷാ തന്റെ നിലപാട് വ്യക്തമാക്കിയത് 'എ ഫിലിം ബൈ' എന്ന് അവകാശപ്പെടാൻ ഒരു സംവിധായകന് മാത്രമെ അർഹതയുള്ളു എന്നും അത് ചാപ്ളിനാണെന്നും അനൂപ് കുര്യൻ സംവിധാനം ചെയ്ത 'ദ ഹണ്ടിൽ' അഭിനയിക്കാൻ വാഗമണ്ണിലെത്തിയ ഷാ പറഞ്ഞു. എന്നിട്ടും ചാപ്ളിനതു ചെയ്തില്ല . ആരാണ് കഴിവുകുറഞ്ഞ സംവിധായകർ എന്ന് പിന്നീട് വിശദീകരിച്ചതിങ്ങനെ: "കഴിവുകുറഞ്ഞ ചലച്ചിത്രകാരന്മാരാണ് എ ഫിലിം ബൈ എന്ന് തങ്ങളുടെ ചിത്രങ്ങളെ വിശേഷിപ്പിക്കുന്നത് ". മികച്ചനടനുള്ള ദേശീയ അവാർഡ് മൂന്നുവട്ടവും ഫിലിം ഫെയർ അനാർഡ് ആറുവട്ടവും മികച്ച സഹനടനുള്ള ഫിലിം പേയർ അവാർഡ് എട്ടുവട്ടവും മികച്ച വില്ലനുള്ള ഫിലിം ഫെയർ അവാർഡ് നാലുവട്ടവും വെനിസ് ചലച്ചിത്രമേളയിൽ നിന്ന് മികച്ച നടനുള്ള വോൽപീ കപ്പും നേടിയ നസിറുദ്ദീൻ ഷാ, എന്റെ ,എന്റെ , എന്റെ എന്ന് അതിരുകടന്ന അവകാശപ്പെടുന്ന സംവിധായകരെ വീണ്ടും ഓർമ്മിപ്പിക്കുന്നു. ചലച്ചിത്രത്തിന്റെ രചയിതാവ് നിങ്ങളല്ല. ഒരുതരത്തിലും നിങ്ങളല്ല രചയിതാവ്, നിങ്ങളൊറ്റക്കല്ല അതുണ്ടാക്കുന്നത്, ഒരു ക്രൂവിനൊപ്പമാണ്. അവരുടെ കൂടെ ആ സംഘമില്ല അവർക്കതുണ്ടാക്കാൻ പറ്റില്ല. തങ്ങളോടല്ല നടൻ ഇതെല്ലാം പറയുന്നത് എന്നും കേരളത്തിന് പുറത്തുള്ള സംവിധായകരെയാണ് അഭിസംബോധന ചെയ്യുന്നത് എന്നും ഉത്തമബോധ്യമുള്ള യുവമലയാള സംവിധായകർ തങ്ങളുടെ സിനിമ സ്വപ്നം കാണുന്നതിന് വളരെ മുമ്പുതന്നെ അന്ത്യരംഗം ഇംഗ്ളീഷിൽ എഴുതിക്കഴിഞ്ഞരിക്കുന്നത്. A film by ....

മലയാള സിനിമയിൽ സംവിധായകന്റെ ഉടമസ്ഥതാബോധത്തിന്റെ അടയാളമായി ആദ്യമായി ഈ പ്രവണത തുടങ്ങിവെച്ചത് ഭരതനായിരിക്കും പിന്നീട് പത്മരാജനും ഈ വഴി പിൻതുടർന്നു. ധആംഗലേയത്തിൽ തന്നെ വ്യത്യസ്തമായൊരു പാത, ഇംഗ്ലീഷുപേക്ഷിക്കുന്നില്ല എങ്കിലും മലയാളസിനിമയിൽ തുടങ്ങിവച്ചത്, രഞ്ജിത്താണ്. 2001 ൽ ഇറങ്ങിയ രാവണ പ്രഭു വിന്റെ അന്ത്യദൃശ്യത്തിൽ. അ ളശഹാ യ്യ ൃലിഷശവേ & ഠലം. സംവിധായകനായ രഞ്ജിത്തിന്റെ ആദ്യ ചിത്രമായിരുന്നു അത്. ലാൽ ജോസ് തന്റെ നാലാമത്തെ ചിത്രത്തിന്റെ അന്ത്യശ്രമത്തിലാണ് സമാനമായ രീതിയിൽ ഇംഗ്ലീഷിൽ തന്നെ, സംവിധായകന്റെ മാത്രം സ്വന്തമല്ല സിനിമയെന്നു സൂചിപ്പിച്ചു തുടങ്ങുന്നത്. മീശമാധവന്റെ (2002) അന്ത്യയത്തിൽ a film by lal jose and team. എ ഫിലിം ബൈ എന്നുപയോഗിക്കുന്നതിൽ തെല്ലും തൽപ്പരനല്ലാതിരുന്ന ഒരു ആസ്ട്രേലിയൻ സംവിധായകനുണ്ട്. ഫിലിപ്പ് നോയിസ്. ആസ്ട്രേലിയയിലെ ആദിവാസി ജനതയുടെ ജീവിതാവസ്ഥ ചിത്രീകരിക്കുന്ന റാബിറ്റ് പ്രൂഫ് ഫെൻസി ന്റെയും ദി ബോൺ കലക്ടർ തുടങ്ങിയ ഹോളിവുഡ് സിനിമകളുടെയും സംവിധായകനായ നോയ്സ് വാദിക്കുന്നത് എ ഫിലിം ബൈ എന്നുവെക്കാൻ, സംവിധായകർക്കെന്നല്ല, താരങ്ങൾക്കും തിരക്കഥാകൃത്തുകൾക്കും എഡിറ്റർമാർക്കും ഛായാഗ്രാഹകർക്കും, ആർക്കും തന്നെ അർഹതയിലെന്നാണ്.

> **ആസ്ട്രേലിയയിലെ ആദിവാസി ജനതയുടെ ജീവിതാവസ്ഥ ചിത്രീകരിക്കുന്ന റാബിറ്റ് പ്രൂഫ് ഫെൻസി ന്റെയും ദി ബോൺ കലക്ടർ തുടങ്ങിയ ഹോളിവുഡ് സിനിമകളുടെയും സംവിധായകനായ നോയ്സ് വാദിക്കുന്നത് എ ഫിലിം ബൈ എന്നുവെക്കാൻ, സംവിധായകർക്കെന്നല്ല, താരങ്ങൾക്കും തിരക്കഥാകൃത്തുകൾക്കും എഡിറ്റർമാർക്കും ഛായാഗ്രാഹകർക്കും, ആർക്കും തന്നെ അർഹതയിലെന്നാണ്.**

കഥാചിത്രങ്ങളിലെ സംവിധായകനായ ദൈവം ഹോളിവുഡ് ലാൻഡിൽ എവിടെയായിരുന്നു ഒരുകാലത്ത് എന്ന് ദൃശ്യതലത്തിലും ശബ്ദപഥത്തിലും വ്യക്തമാക്കുന്ന ചലച്ചിത്രമാണ് 2012ൽ

പ്രധാനപ്പെട്ട അഞ്ചു ഓസ്കാർ അവാർഡുകൾ നേടിയ  ദ ആർട്ടിസ്റ്റ്  (ഇന്റർനെറ്റിൽ ഡേവിഡ് ജർമെയ്ൻ എന്ന പത്രപ്രവർത്തകൻ കൊടുത്തിരിക്കുന്ന വാർത്തയിൽ ആദ്യമായി ഹോളിവുഡിലെ ഏറ്റവും ഉന്നത അംഗീകാരങ്ങൾ നേടിയ നിശബ്ദ ചിത്രം  എന്നാണ് വിശേഷിപ്പിച്ചിരുന്നത്. യഥാർത്ഥത്തിൽ ഏറ്റവും സർഗാത്മകമായി ശബ്ദപദം ഉപയോഗിച്ചിരിക്കുന്ന , നിശബ്ദ സിനിമയുടെ പരിചരണ രീതി പിന്തുടരുന്ന , ഒരു ചിത്രമാണ് ശബ്ദം സിനിമയിലേക്ക് വരുന്ന കാലം ചിത്രീകരിച്ചിരിക്കുന്ന  കലാകാരൻ  എന്ന ശബ്ദസിനിമ). ചലച്ചിത്രകലയിലും ചലച്ചിത്രമെന്ന വ്യവസായത്തിന്റെ ചരിത്രത്തിലും തൽപ്പരയായ എല്ലാവരും കണ്ടിരിക്കേണ്ട ഈ സിനിമ.ിൽ പ്രൊഡ്യൂസറാണ് ഒരു തരത്തിൽ താരം. താരങ്ങളുടെ ഉദയാസ്തമയ കഥയും പറയുന്ന ഈ സിനിമയിലെ പ്രധാന താരങ്ങൾ തീർച്ചയായും അഭിനേതാക്കൾ തന്നെയാണ്. എന്നാൽ പ്രൊഡ്യൂസർ തൊട്ട് താഴെ ചിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. സംവിധായകനാകട്ടെ, 1927 മുതൽ 1932 വരെയുള്ള ഹോളിവുഡ് അവതരിപ്പിക്കുന്ന ഈ സിനിമയിൽ തീർത്തും അപ്രധാനമായ ഒരു കഥാപാത്രമാണ്.  ഒരു സന്ദർഭത്തിൽ ഒഴിഞ്ഞ കസേര നാം കാണുന്നുണ്ട്. സിനിമയിൽ അഭിനയിക്കുന്ന താരങ്ങൾ , ഇരിക്കുന്നതിന് തൊട്ടുള്ള ഈ ഒഴിഞ്ഞ കസേരയിൽ  ഡയറക്ടർ  എന്ന് എഴുതി വച്ചിരിക്കുന്നു. മറ്റൊരു രംഗത്തിൽ പേരിനുമാത്രമുള്ള ഈ ഡയറക്ടറെ നാം കാണുന്നത് തീർത്തും നിസ്സഹായനായ ഒരു കഥാപാത്രമായാണ്. താരവും പ്രൊഡ്യൂ സറും ചേർന്ന് ഒരു എക്സട്രാ നടിയുടെ ഭാവി നിശ്ചയിക്കുന്ന് മുഹൂർത്തത്തിൽ പാവം സംവിധായകൻ   പശ്ചാത്തലത്തിൽ ഉരിയാടാനൊന്നുമില്ലാതെ , ഉരിയാടാനൊന്നുമില്ലാതെ , തിരക്കഥയും നെഞ്ചോട് ചേർത്ത് വെച്ച് നിസ്സഹായനായി നിൽക്കുന്നു. ചിത്രത്തിന്റെ അവസാനഭാഗത്തായി ഈ പാവം സംവിധായകന് കൂടുതൽ അഭിനയിക്കാനായി ഒരവസരം ലഭിക്കുന്നു. ശബ്ദസിനിമസിലെ താരമായിത്തീർന്ന യുവതിയുടെ സഹായത്തോടെ ശബ്ദം വന്നതോടുകൂടി അപ്രസക്തനായിപ്പോയ നിശബ്ദസിനിമയിലെ താരം നർത്തകനായി അഭിനയിക്കുന്ന രംഗം . പുതിയ താരത്തിന്റെ നർത്തക ജോടിയായി പഴയതാരം ചുവടുവെച്ച് മുന്നേറുന്നത് കണ്ട് പ്രൊഡ്യൂസർ സന്തുഷ്ടനായി. തൊട്ടടുത്ത് കൈയിൽ പഴയ മെഗാഫോണും പിടിച്ച് പഴയ സംവിധായകൻ വായും പൊളിച്ചിരിക്കുകയാണ്. പ്രൊഡ്യൂസർ തന്റെ കൈ കൊണ്ട് സംവിധായകന്റെ വാ തുറക്കുന്നു, ആദ്യമായി ചിത്രത്തിന്റെ ശബ്ദപഥത്തിൽ ഒരു സംഭാഷണമായിരുന്നു–  കട്ട്. സംവിധായകൻ സ്റ്റുഡിയോ



**ആർക്കും സംവിധായകനാകാം എന്ന് സങ്കൽപ്പിക്കുന്ന ഒരു ഡിജിറ്റൽ സുവർണ യുഗത്തിലാണ് കേരളം ഇന്ന് .**

വ്യവസ്ഥയിൽ പ്രൊഡ്യൂസറുടെ വെറും കൂലിക്കാർ മാത്രമായിരുന്ന ഒരുകാലത്തിന്റെ ദയനീയ ചിത്രമാണ് ഇത്.ആർക്കും സംവിധായകനാകാം എന്ന ് സങ്കൽപ്പിക്കുന്ന ഒരു ഡിജിറ്റൽ സുവർണ യുഗത്തിലാണ് കേരളം ഇന്ന് . സിനിമയുടെ നൂറാം വർഷത്തിൽ, 1995ൽ, ഇംഗ്ല ണ്ടിൽ നിന്നിറങ്ങിയ ബ്രൂവറുടെ ചലച്ചിത്രനിഘണ്ടുവിലാണ് ഒരു ആപ്തവാക്യം വായിച്ചത്:  നിങ്ങൾക്ക് ഒരു കാറോടിക്കാൻ കഴിയുമെങ്കിൽ  , ഒരു സിനിമ സംവിധാനം ചെയ്യാൻ കഴിയും. ( If u can drive a car , you can direct a movie). അഞ്ചുവർഷം മുമ്പിറങ്ങിയ  ഫിലിം ഇയർ ബുക്കിലെ   ജോൺ ലാന്റിസ് ആണ് 1983 ൽ ഇറങ്ങിയ പതിനാറു മിനിറ്റിന്റെ മൈക്കൽ ജാക്സൺ ചിത്രമായ  ത്രില്ലർ സംവിധാനം ചെയ്തത്.  നമ്മെ പോലുള്ള ചാരന്മാർ  (Spise like us) എന്ന 1985ലെ ചിത്രത്തിൽ ഈ സംവിധായകൻ ഒമ്പതു സംവിധായകരെ നൈമിഷക കഥാപാത്രങ്ങളായി അവതരി

ഷിക്കുകയും ചെയ്തു. ലോകചരിത്രത്തിലെ എറ്റവും മികച്ച വീഡിയോയ്ക്കുള്ള വീഡിയോ വാങ്ഗാർഡ് ലഭിച്ച ത്രില്ലർ എം.ടി. വിയെയും മ്യൂസിക് വീഡിയോ എന്ന സങ്കൽപ്പത്തെയും വലിയതോതിൽ സ്വാധീനിച്ചു എന്നാണ് കരുതപ്പെടുന്നത്. ഈ പതിമൂന്ന് മിനിറ്റ് ചിത്രം സംവിധാനം ചെയ്ത ലാന്റിസ് 1979ലാണ് ദ ബ്ലൂസ് ബ്രദേഴ്സ് എന്ന ചിത്രം സംവിധാനം ചെയ്തത്. സ്പീൽബർഗിന്റെ 1941 എന്ന ചിത്രവുമായി മുതൽമുടക്കിന്റെ കാര്യത്തിൽ മത്സരിക്കുകയായിരുന്ന ഈ മുപ്പതുകോടി ഡോളർ ചിത്രത്തിൽ സ്പീൽബർഗും ഒന്ന് മിന്നിമറഞ്ഞ് പ്രത്യക്ഷപ്പെടുന്നുണ്ട്. ഇങ്ങനെ ചെറുതും വലുതും സിനിമകളെടുത്ത ലാന്റിസ് തന്റെ എട്ടാമത്തെ വയസ്സിലായിരുന്നു സിൻബാദിന്റെ ഏഴാമത്തെ കപ്പൽ യാത്ര എന്ന സിനിമ കണ്ടത്. ആ സിനിമയായിരുന്നു സംവിധായാകനാകാൻ അദ്ദേഹത്തെ പ്രചോദിപ്പിച്ചത്. വീട്ടിലെത്തിയ കുട്ടി അമ്മയോട് ചോദിച്ചു : ആരാണത് ചെയ്തത്? ആരാ സിനിമയുണ്ടാക്കുന്നത് ? ഇരുപത്തിയൊന്നാമത്തെ വയസ്സിൽ തന്നെ ആദ്യത്തെ സിനിമ സംവിധാനം ചെയ്ത , പിന്നീട് ബിഗ് ബജറ്റ് സംവിധായകനായി തീർന്ന ലാന്റിസ് , സംവിധായകന്റെ ജോലിയെക്കുറിച്ച് സരസമായോ അർഥവത്തായോ പറഞ്ഞ വാക്യങ്ങൾ ചേർത്തുവായിക്കാവുന്ന മറ്റൊരു വസ്തുതയും പറയുകയുണ്ടായി. ഡിജിറ്റൽ കാലത്ത് അപ്രസക്തമായേക്കാവുന്ന ആ വാക്കുകൾ ഇങ്ങനെ. : എന്തുകൊണ്ടോ ആളുകൾ കരുതുന്നത്, എനിക്ക് വേണമെന്ന് തോന്നുന്നത് ചെയ്യാൻ കഴിവുള്ള ഒരാളാണ് ഞാൻ എന്നാണ്.അതങ്ങനെയല്ല.അതിന് പണമിറക്കാൻ കഴിവുള്ള ഒരാളെ എനിക്ക് വേണം.

കഴിഞ്ഞവർഷം ജൂൺ മാസത്തിലാണ് ആൻഡ്രൂ സാരിസ് എന്ന പ്രശസ്ത അമേരിക്കൻ ചലച്ചിത്രനിരൂപകൻ അന്തരിച്ചത്. യൂറോപ്പിലെ രചയിതാ സിദ്ധാന്തത്തിന്റെ (Acteur theory) അമേരിക്കയിലെ പ്രമുഖ വക്താവായിരുന്നു അദ്ദഹം. ഫെമിനിസ്റ്റ് ചലച്ചിത്ര നിരൂപകനായ മോളി ഹാസ്കലിന്റെ ഭർത്താവായിരുന്ന അദ്ദേഹത്തിന്റെ അമേരിക്കൻ സിനിമ (The American cinema: Di rectors and Dirctions 1929–1968)എന്ന കൃതിയാണ് അമേരിക്കൻ സിനിമയുടെ ചരിത്രത്തെ സംവിധായകരുടെ സംഭാവന മാത്രമായി ചുരുക്കിയെഴുതിയത് എന്ന് പൊതുവെ വിലയിരുത്തപ്പെട്ടു. അമേരിക്കൻ തിരക്കഥാ രചനയുടെ ഒരു ചിത്രമെഴുതാൻ ഇനി എന്തു സംഭവിക്കുന്നു (What happends next) എന്ന പുസ്തകത്തിലൂടെ സാരിസ് ഉണ്ടാക്കി എന്നാണ് . എന്നാൽ രസകരമായ ഒരു വസ്തുത , രചയിതാ സിദ്ധാന്തത്തിന്റെ കൊലയാളി (Auteur killer) എന്ന് സ്വയം വിശേഷിപ്പിക്കുന്ന ജോ എസ്റ്റർഹാസിന്റെ തിരക്കഥാകൃത്തിനെ ദൈവമായി വാഴിക്കുന്ന പുസ്തകത്തിൽ , എന്തുകൊണ്ടോ സാരിസിന്റെ പേര് ഒരിടത്തും ഇല്ല(Devil's guide to hollywood Script writer is God). അതേ സമയം , അമേരിക്കൻ സിനിമാ നിരൂപകരായ റോജർ എബർട്ട്, പോളിൻ കെയ്ൽ , ജാനറ്റ് മസ്ലിന്റ എന്നിവരുടെ പേരുകൾ എടുത്തു പറഞ്ഞിട്ടുമുണ്ട്. അമേരിക്കൻ സംവിധായകരെ പിന്താങ്ങി അവർക്ക് രചയിതാ പട്ടം ചാർത്തിക്കൊടുത്തിരിക്കുന്നു ഈ നിരൂപകർ എന്നാണ് അടിസ്ഥാന ചോദ

**എന്തുകൊണ്ടോ ആളുകൾ കരുതുന്നത്, എനിക്ക് വേണമെന്ന് തോന്നുന്നത് ചെയ്യാൻ കഴിവുള്ള ഒരാളാണ് ഞാൻ എന്നാണ്.അതങ്ങനെയല്ല.അതിന് പണമിറക്കാൻ കഴിവുള്ള ഒരാളെ എനിക്ക് വേണം.**

ന (Basic Instinct) തുടങ്ങിയ ചിത്രങ്ങളുടെ തിരക്കഥാകാരനായ എസ്റ്റർഹാസ് ആരോപിക്കുന്നത്. സംവിധായകൻ തന്നെയല്ല സിനിമയുടെ എഴുത്തുകാരനും എന്നല്ല എങ്കിൽ, രചയിതാ സിദ്ധാന്തം കപടമാണ് എന്നും അദ്ദേഹം കരുതുന്നു. സർഗാത്മകത തിരക്കഥാകാരന്റേതാണ് എന്നും സംവിധായകന്റേത് വ്യാഖ്യാനം മാത്രമാണ് എന്നും എസ്റ്റർഹാസ് വാദിക്കുന്നു. Yours is a Creative art, the director's is interpretative.

സംവിധായകന്റെ താരപദവിയെക്കുറിച്ച് ഒരു സംശയവുമില്ലാത്ത ഒരു സംവിധായകൻ പോളണ്ടുകാരനായ റോമൻ പൊളാൻസ്കി പിയാനനിസ്റ്റി ന്റെ ചലച്ചിത്രകാരനെന്ന നിലയിൽ മികച്ച സംവിധായകനുള്ള ഓസ്കാറും ചൈനാടൗണി ന്റെ പേരിൽ മികച്ച സംവിധായകനുള്ള ഗോൾഡൻ ഗ്ലോബ്, ബാഫ്റ്റ അവാർഡുകളും നേടിയ പൊളൻസ്കിയുടെ ആത്മകഥയായ റോമൻ അവസാനിക്കുന്നത്, പതിമൂന്നു വയസ്സുകാരിയായ ഒരു പെൺകുട്ടിയെ അമേരിക്കയിലായിരിക്കുമ്പോൾ പീഡിപ്പിച്ചതിന്റെ വിവാദകഥ വിശദീകരിച്ചുകൊണ്ടാണ്. മാക്ബെത്ത്, ടെസ്സ്, റിപ്പൽഷൻ, റോസ്മേരീസ് ബേബി, കുൽ ദ സാക്ക്, നൈഫ് ഇൻ ദ വാട്ടർ തുടങ്ങിയ നിരവധി ചിത്രങ്ങളുടെ സംവിധായകനായ പൊളൻസ്കി ഉറച്ചുവിശ്വസിക്കുന്നത്, സംവിധായകനാണ് എപ്പോഴും താരം എന്ന ബോധ്യത്തിലാണ്. 16 സംവിധായകരുമായി ജോസഫ് ജെൽമിസ് എന്ന ചലച്ചിത്ര നിരൂപകൻ നടത്തിയ അഭിമുഖ

ങ്ങളുടെ പുസ്തകമാണ് ചലച്ചിത്ര സംവിധായകൻ എന്ന സൂപ്പർ താരം (The film director as superstar) 1970ൽ പുറത്തിറങ്ങിയ ഈ പുസ്തകത്തിൽ നിരൂപകൻ പൊളൻസ്കിയെ വിശേഷിപ്പിക്കുന്നത്, കാഫ്കയുടെയും ചലച്ചിത്രങ്ങളുടെയും മകൻ (Child of Kafka and the movies)എന്നാണ്. പുതിയ സൂപ്പർതാരം സംവിധായകനാണോ? എന്ന നിരൂപകന്റെ ചോദ്യത്തിന് സംവിധായകൻ സംശയലേശമന്യേ മറുപടി പറയുന്നു: സംവിധായകൻ എന്നെ സംബന്ധിച്ചിടത്തോളം എപ്പോഴും ഒരു സൂപ്പർ സ്റ്റാറാണ്. മികച്ച ചിത്രങ്ങൾ അതാകുന്നതിന്റെ കാരണം സംവിധായകനല്ലാതെ മറ്റാരുമല്ല. സിറ്റിസൺ കെയ്നിനെക്കുറിച്ചോ 81/2 നെക്കുറിച്ചോ സെവൻ സമുറായിയെക്കുറിച്ചോ നിങ്ങൾ സംസാരിക്കുമ്പോൾ, നിങ്ങൾ നന്ദിപറയേണ്ടത്, അതിന്റെ താരമായ സംവിധായകനോടാണ്. അയാളാണ് സിനിമയുണ്ടാക്കുന്നത്, അയാളാണ് അത് സൃഷ്ടിക്കുന്നത്. അതെ ഫ്രഞ്ചുകാരനും പോളണ്ടുകാരനും ഇംഗ്ലണ്ടുകാരനും അമേരിക്കക്കാരനും ഇപ്പോൾ സ്വിറ്റ്സർലൻഡുകാരനുമൊക്കെയായ പൊളൻസ്കിയുടെ കാഴ്ച്ചപ്പാടിൽ ഉദയനാണ് താരം, ഉദയൻ തന്നെയാണ് താരം.

2013 ഏപ്രിലിൽ അർബുദബാധിതനായി അന്തരിച്ച റോജർ എബർട്ട് മഹത്തായ സിനിമകളുടെ തന്റെ പട്ടികയിൽ ഉൾപ്പെടുത്തിയ ഒരു ചിത്രമാണ് 12 കുപിതരായ മനുഷ്യർ (12 Angry Men). ഏഴാമത് ബർലിൻ ചലച്ചിത്രമേളയിൽ നിന്ന് മികച്ച ചിത്രത്തിനുള്ള സ്വർണ്ണക്കരടിക്കർഹത നേടിയെങ്കിലും തുടക്കത്തിൽ ചിത്രം ഒരു സാമ്പത്തിക പരാജയമായിരുന്നത്രെ. ഈ ആദ്യചിത്രംതന്നെ മികച്ച സംവിധായകനുള്ള ഓസ്കാറിന് ചലച്ചിത്രകാരനായ സിഡ്നി ലുമറ്റിനെ അർഹനാക്കിയെങ്കിലും പിന്നെയും മൂന്നുവട്ടംകൂടി ഇതേ നോമിനേഷൻ ലഭിച്ചുവെങ്കിലും ഒരിക്കലും അദ്ദേഹത്തിന് ഈ ഓസ്കർ ചെറുപ്രതിമ നേടാനായില്ല. സിനിമാരംഗത്ത് പ്രവർത്തിക്കുന്നവരും സിനിമയെക്കുറിച്ചെഴുതുന്നവരും നിശ്ചയമായും വായിച്ചിരിക്കേണ്ട ചലച്ചിത്രസംബന്ധിയായ ഒരു ആത്മകഥ അദ്ദേഹം എഴുതിയിട്ടുണ്ട്– സിനിമയുണ്ടാക്കുന്നത്. സംവിധായകരാകാനും എ ഫിലിം ബൈ എന്നെഴുതാനും എന്ന് എഴുതാനും മോഹിച്ചുനടക്കുന്നവരെ ചെറിയതോതിലെങ്കിലും ഉദ്ബുദ്ധരാക്കാൻ വലുതല്ലാത്ത ഈ പുസ്തകം ഉപകരിക്കാനിടയുണ്ട്. 45ചിത്രങ്ങൾ സംവിധാനം ചെയ്ത ലുമറ്റിന്റെ പതിനാറധ്യായങ്ങളുള്ള പുസ്തകം തുടങ്ങുന്നത്, സംവിധായകൻ:ലോകത്തിലെ ഏറ്റവും നല്ല ജോലി (The director:The best job in the world)

**സംവിധായകൻ എന്നെ സംബന്ധിച്ചിടത്തോളം എപ്പോഴും ഒരു സൂപ്പർ സ്റ്റാറാണ്. മികച്ച ചിത്രങ്ങൾ അതാകുന്നതിന്റെ കാരണം സംവിധായകനല്ലാതെ മറ്റാരുമല്ല.**

എന്ന അധ്യായത്തോടുകൂടിയാണ്. ഈ അധ്യായത്തിന്റെ അവസാന ഭാഗത്തായി ഈ ഹോളിവുഡ് സംവിധായകൻ, ഇന്ത്യക്കാരനായ സത്യജിത് റായിക്കിഷ്ടമില്ലാത്ത തന്റെ ആദ്യ ചിത്രമായ കുപിതമനുഷ്യരുടെ നിർമാണക്കഥ വിവരിക്കുന്നത്, താൻ ചിത്രം പത്തൊൻമ്പത് ദിവസത്തിനുള്ളിൽ, ബജറ്റിൽ നിന്ന് ആയിരം ഡോളർ ചെലവ് കുറച്ച്, പൂർത്തിയാക്കി എന്നെഴുതിക്കൊണ്ടാണ്.

ഈ ചിത്രത്തെക്കുറിച്ചൊരു പാരിസ് അനുഭവവും ഒന്നാം അധ്യായത്തിലുണ്ട്. ലോകത്തിലെ ഏറ്റവും പ്രശസ്തമായ പാരിസിലെ ഷാൻസെലീസെ(Champs Elysees) തെരുവിലൂടെ ഒരു രാത്രിയിൽ ഒറ്റയ്ക്ക് നടക്കുകയായിരുന്നു ലുമെറ്റ്. ഒരു സിനിമാശാലയ്ക്ക് മുന്നിലെത്തിയപ്പോൾ കണ്ടത് തന്റെ ആദ്യചിത്രമാണ് അവിടെ പ്രദർശിപ്പിക്കുന്നത് എന്നാണ്. നിയോൺ വെളിച്ചത്തിൽ ഫ്രഞ്ച് ഭാഷയിൽ തന്റെയും തന്റെ ചിത്രത്തിന്റെയും പേരുകൾ. Douze Hommes en Colereun Film de Sidney Lumet(12 Angry Men A Film by Sidney Lumet). കപടമായ എളിമകൊണ്ട് പറയുന്നു എന്ന് തെറ്റിദ്ധരിക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, A Film by Sidney Lumet എന്ന ഒരു സങ്കൽപ്പത്തിൽ ഒരിക്കലും താൻ വിശ്വസിച്ചിട്ടില്ലെന്ന് ലുമെറ്റ് വ്യക്തമാക്കുന്നു. ലോകത്തിലെ ഏറ്റവും മികച്ച ജോലിയെന്ന് താൻ കരുതുന്ന സംവിധായകന്റെ ജോലി എന്താണെന്ന് വിശദീകരിക്കുന്ന ഈ ഒന്നാം അധ്യായത്തിലൊരിടത്ത്, ഒരു പരിധിവരെ മാത്രമാണ് താൻ



മേധാവിയായിരിക്കുന്നതെന്നും തനിക്ക് അത്യാവശ്യമായിരിക്കുകയും തന്നെ അത്യാവശ്യമായിരിക്കുകയും ചെയ്യുന്ന ഒരു സംഘത്തിന്റെ ചുമതലക്കാരനാണ് താൻ എന്ന് വിശദീകരിക്കുന്നുണ്ട്. എല്ലാവരും പങ്കാളികളാകുന്ന ഒരു അനുഭവത്തിൽ ഭാഗഭാക്കാവുക എന്നതാണ് ആനന്ദം സംവിധായകൻ എന്ന പദത്തിന്റെ വിശദീകരണം അവതരിപ്പിക്കുമ്പോൾ ബ്രൂ വേർസ് സിനിമ (Brewer's Cinema) എന്ന ചലച്ചിത്ര നിഘണ്ടുവിൽ ലുമെറ്റിന്റെ ഒരു പ്രസ്താവനകൊടുത്തിട്ടുള്ളത്, തികഞ്ഞ ഔചിത്യത്തോടുകൂടിത്തന്നെ, സംവിധായകന്റെ സൂപ്പർസ്റ്റാർ പദവിയെക്കുറിച്ചുള്ള പൊളൻസ്കിയുടെ പ്രസ്താവനയ്ക്ക് തൊട്ടുതാഴെയായാണ്. ഒരേയൊരു വ്യക്തിയുടെ മാത്രം പ്രവർത്തനഫലമല്ല സിനിമയെന്ന് ലുമെറ്റ് പ്രഖ്യാപിക്കുന്നു. നിങ്ങൾതന്നെ തിരക്കഥാകൃത്തായാലും നിങ്ങൾതന്നെ ഛായാഗ്രാഹകനായാലും നിങ്ങൾതന്നെ നായകനായിട്ട് അഭിനയിച്ചാലും നിങ്ങൾ തന്നെ സംവിധാനം ചെയ്താലും സ്ഥിതി ഇതുതന്നെയാണ്. ഇത് മാധ്യമത്തിന്റെ സ്വഭാവത്തിലുള്ളതാണ്.

ലോകസിനിമയിലെ അതികായനും പോളിഷ് സംവിധായകനുമായ ആന്ദ്രെ വയ്ദയുടെ ആത്മകഥാപരമായ ചലച്ചിത്രകൃതിയായ ഇരട്ടക്കാഴ്ച സിനിമയയിൽ എന്റെ ജീവിതവും (Double vision my life in film) അവതരിപ്പിക്കുന്നത് സമാനമായ ഒരു കാഴ്ചപ്പാടാണ്. പുസ്തകം എഴുതിക്കൊണ്ടിരുന്നപ്പോൾ തന്നോടുതന്നെ പലപ്പോഴും സംവിധായകൻ ചോദിച്ചുകൊണ്ടിരുന്ന ഒരു ചോദ്യമാണ്, ഒന്നാം അധ്യായത്തിന് തലക്കെട്ടായി കൊടുത്തിരിക്കുന്നത്. ആർക്കുവേണ്ടിയാണ് ഈ പുസ്തകം? തനിക്കുവേണ്ടിതന്നെ എന്ന ഉത്തരവും ഒന്നാം അധ്യായത്തിൽ കൊടുത്തിരിക്കുന്നു. ലുമെറ്റിന്റെ കൃതിയെക്കാൾ ചെറുത് എങ്കിലും മുപ്പെത്തിയെട്ട് അധ്യായങ്ങളുണ്ട് വയ്ദയുടെ കൃതിയിൽ. പുസ്തകത്തിലെ പതിനെട്ടാം അധ്യായം ശ്രദ്ധേയമാകുന്നതും ശീർഷകം കൊണ്ടുതന്നെ. നമ്മുടെ സിനിമ–എന്റെ സിനിമ! Our filmmy film. ഇരുപത്താറ് വർഷം മുമ്പിറങ്ങിയ പുസ്തകത്തിലെ ഒന്നര ഏട് മാത്രമുള്ള ഈ ചെറു അധ്യായത്തിൽ കേരളത്തിലെ ഇന്നത്തെ ആംഗല മലയാളി യുവ സംവിധായകരെയല്ല, തന്നെത്തന്നെ ഓർമ്മിപ്പിക്കുന്നത് താൻ പഠിച്ച ഒരു പാഠമാണ്. സംവിധായകരിൽ നിന്ന് വീണ്ടും വീണ്ടും കേൾക്കാറുള്ള വാക്കുകൾ എടുത്തെഴുതിക്കൊണ്ടാണ് അധ്യായം ആരംഭിക്കുന്നത്. എന്റെ ഫിലിം, എന്റെ സ്ക്രിപ്റ്റ്, മൗലികമായ എന്റെ ഒരു ആശയത്തിൽ നിന്ന് രൂപപ്പെടുത്തിയ സ്ക്രിപ്റ്റ് എന്നിങ്ങനെയുള്ള ആവർത്തിക്കപ്പെടുന്ന അവകാശവാദങ്ങളിലെ എന്റെ , എന്റെ , എന്റെ .....

ഏതൊരു ചിത്രവുമെടുക്കുമ്പോഴും ഊന്നേണ്ടുന്നതെന്ത് എന്ന് വയ്ദ പറയുന്നു. കഴിയാവുന്നത്ര ഞാൻ എന്നതിനെ ചുരുക്കുക, കഴിയാവുന്നത്ര നമ്മൾ എന്നതിൽ ഊന്നൽ നൽകുക. മുഴുവൻ പ്രവർത്തകരുടെയും ഐക്യവും സഹകരണവും ഒരു ചിത്രത്തിന്റെ വിജയത്തിന് ആവശ്യമാണ്. ഒരുപടികൂടി മുന്നോട്ട് പോയി അദ്ദേഹം പറയുന്ന വസ്തുത സംവിധായകർ പ്രത്യേകം ശ്രദ്ധി

**ഒരേയൊരു വ്യക്തിയുടെ മാത്രം പ്രവർത്തനഫലമല്ല സിനിമയെന്ന് ലുമെറ്റ് പ്രഖ്യാപിക്കുന്നു. നിങ്ങൾതന്നെ തിരക്കഥാകൃത്തായാലും നിങ്ങൾതന്നെ ഛായാഗ്രാഹകനായാലും നിങ്ങൾ തന്നെ നായകനായിട്ട് അഭിനയിച്ചാലും നിങ്ങൾതന്നെ സംവിധാനം ചെയ്താലും സ്ഥിതി ഇതുതന്നെയാണ്.** ,

ക്കേണ്ടതാണ്. സംവിധായകനായ നിങ്ങൾ നമ്മുടെ ചിത്രം എന്ന് എപ്പോഴും പറഞ്ഞു കൊണ്ടിരുന്നാലും, ചിത്രം വിജയിക്കുകയാണ് എങ്കിൽ പ്രേഷകരും നിരൂപകരും കരുതുക, ചിത്രം സംവിധായകന്റെ തന്നെ എന്നായിരിക്കും. അതൊരു പരാജയമായി തീർന്നാലോ? പൂർണ്ണ ഉത്തരവാദിത്തം നിങ്ങളിലായിരിക്കും. നിങ്ങൾക്കതിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, അത് വീണ്ടും എന്റെ ഫിലിം തന്നെ ആയിത്തീരും.

ആരാണ് സിനിമയുണ്ടാക്കുന്നത്? പതിനേഴാം അധ്യായവും അധ്യായശീർഷകവും ഒരർഥത്തിൽ ഈ ചോദ്യത്തിനുള്ള ഉത്തരമാണ് നൽകുന്നത്. ഒരുകൂട്ടം ചങ്ങാതിമാരാണ് സിനിമയുണ്ടാക്കുന്നത്, നിങ്ങൾക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, വയ്ദ നിർദ്ദേശിക്കുന്നു, ക്രൂവിലെ എല്ലാവരുമായും നിങ്ങൾ സൗഹൃദത്തിലായിരിക്കണം. ഈ ചങ്ങാതികളുടെ സംഘത്തിൽ ഛായാഗ്രഹണ സംവിധായകരും രംഗാലങ്കാര വിദഗ്ധരും വസ്ത്ര സംവിധായകരും മാത്രമല്ല, ക്രെയിൻ കൈകാര്യം ചെയ്യുന്ന ഓപറേറ്റർമാരും ക്യാമറ ചുമക്കുകയും നീക്കുകയും ചെയ്യുന്ന ഗ്രിപ്പുകളും എല്ലാം ഉണ്ടായിരിക്കണം. അപ്പോൾ സംവിധായകരുടെ ജോലി എന്താണ്? വയ്ദയുടെ കാഴ്ചപ്പാടിൽ എല്ലാത്തിന്റെയും പൂർണ്ണമായ ഉത്തരവാദിത്തം, അന്തിമമായ ഉത്തരവാദിത്തം, അത് സംവിധായകരുടെതാണ്. ഒരുപക്ഷേ, എന്റെ ഫിലിം എന്ന് പറയാനുള്ള അവകാശം ഒരുപരിധിവരെ ആദ്യമായി ഉന്നയിക്കാനുള്ള അർഹത സംവിധായകർക്കാണ് എന്ന് വേണമെങ്കിൽ വയ്ദയുടെ ഈ കാഴ്ചപാടിനെ മുൻ നിർത്തി വ്യാഖ്യാനിക്കാം. എന്നാൽ, ഈ പതിനേഴാം അധ്യായത്തെ അടിസ്ഥാനമാക്കി മറ്റൊരു വസ്തുതയും സംവിധായകർ ഉൾക്കൊള്ളേണ്ടതുണ്ട്. വായിക്കുന്ന തൊഴിലാളിയുടെ ചോദ്യങ്ങൾ എന്ന കവിതയിൽ, അലക്സാണ്ടർ ചക്രവർത്തിയുടെ വിജയങ്ങളെക്കുറിച്ച് പരാമർശിക്കുന്ന സന്ദർഭത്തിൽ ബർത്തോൾഡ് ബ്രെഹത്തിന്റെ തൊഴിലാളി ചോദിച്ച ഒരു ചോദ്യമുണ്ട്: ഒരു കുശിനിക്കാരൻപോലും കൂടെയുണ്ടായിരുന്നില്ലെ? നിങ്ങൾ ഒരു കൂട്ടം ചങ്ങാതിമാരൊത്താണ് സിനിമകൾ ഉണ്ടാക്കുന്നതെങ്കിൽ, അവരുടെയെല്ലാം മാനുഷികമായ സർഗാത്മകതയെയും പ്രചോദിപ്പിക്കുന്നതരം സർഗാത്മക സംവിധായക പ്രതിഭയാണ് നിങ്ങൾക്ക് ഉള്ളത് എങ്കിൽ , നമ്മുടെ ഫിലിം എന്ന് പറയാൻ മാത്രമുള്ള പക്വതയും വിനയവും നിങ്ങൾക്ക് വളർത്തിയെടുക്കാൻ സാധിക്കും.

ഫിലിം എഡിറ്റർമാരുമായുള്ള അഭിമുഖങ്ങളുടെ ഒരു പുസ്തകത്തിൽ നിന്ന് ഹങ്കേറിയൻ സംവിധായകനായ ബേലാ താറുമായുള്ള അഭിമുഖം വായിക്കാനിടയായതാണ്, എ ഫിലിം ബൈ എന്ന മലയാള സിനിമയിലെ അവസാനത്തെ അവകാശവാദത്തെക്കുറിച്ചും സിനിമ ആരുടേതാണ്? എന്ന ചോദ്യത്തെക്കുറിച്ചും ആലോചിക്കാൻ കാരണമായത്. തന്റെ പാർടനറും എഡിറ്ററുമായ ആഗ്നസ് റാനിറ്റ്സ്കിയെ സഹരചയ്താവ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. അവരുമായി ചർച്ച ചെയ്യാതെ ഒരു തീരുമാനവും താൻ എടുക്കാറില്ല എന്നും അദ്ദേഹം അഭിമുഖ




**വായിക്കുന്ന തൊഴിലാളിയുടെ ചോദ്യങ്ങൾ എന്ന കവിതയിൽ, അലക്സാണ്ടർ ചക്രവർത്തിയുടെ വിജയങ്ങളെക്കുറിച്ച് പരാമർശിക്കുന്ന സന്ദർഭത്തിൽ ബർത്തോൾഡ് ബ്രെഹത്തിന്റെ തൊഴിലാളി ചോദിച്ച ഒരു ചോദ്യമുണ്ട്**

,




സിനിമ ഒന്നിൽകൂടുതൽ പേരുടേതാണെന്ന് അംഗീകരിക്കാൻ മടിയില്ലാത്ത ബേലാതാറിന്റെ രണ്ടു ചിത്രങ്ങളുടെ ക്രഡിറ്റ് ദൃശ്യങ്ങളുടെ അവസാന ഭാഗവും സംവിധായകന്റെ തന്നെ കലയാണ് എങ്കിലും സിനിമ സംവിധായകന്റെ മാത്രമല്ല എന്ന ചിന്തയെ ദീപ്തമാക്കുകയുണ്ടായി. നൂറ്റമ്പതോളം ഷോട്ടുകളുള്ള ഏഴു മണിക്കൂർ ചിത്രമായ  സാറ്റാൻ ടാങ്കോയുടെ തുടക്കത്തിലും മുപ്പത് ഷോട്ടുകളുടെ രണ്ടര മണിക്കൂർ ചിത്രമായ,  ടൂറിൻ ഹോഴ്സിന്റെ  തുടക്കത്തിലും A film by എന്ന് ഉപയോഗിക്കുന്നു. ദീർഘ ഷോട്ടുകളുടെ സംവിധായകനായ ബേലാതാർ എങ്കിലും, സ്വന്തം പേരിനോട് ചേർത്ത്, കഥാകാരന്റെ, എഡിറ്ററുടെ, സംഗീത സംവിധായകന്റെ പേരുകളെല്ലാം എഴുതി,  സിനിമ എന്റെ മാത്രമല്ല,  നമ്മുടെ  ആണ് എന്ന് പ്രഖ്യാപിക്കുന്നു.

ത്തിൽ വ്യക്തമാക്കുന്നു.  കുടുംബത്തിലെ മറ്റൊരു പ്രധാനപെട്ട അംഗം  എന്ന് വിശേഷിപ്പിച്ചാണ് തന്റെ സംഗീതസംവിധായകനായ വിഗ് മിഹാലിയെക്കുറിച്ച് സംവിധായകൻ സംസാരിക്കുന്നത്.  അദ്ദേഹം ഷൂട്ടിംഗ് തുടങ്ങുന്നതിനും ഒരുമാസം മുമ്പ് സ്റ്റുഡിയോയിലേക്ക് പോകുന്നു, സംഗീതം രചിക്കുന്നു, അത് ഞങ്ങൾക്ക് തരുന്നു, ഞങ്ങൾ അത് ഷൂട്ടിംഗ് സമയത്ത് ഉപയോഗിക്കുന്നു. അതു കൊണ്ട്, അഭിനേതാക്കൾക്കും സീനുകൾക്കും കഥക്കും ഉള്ള അതേ പ്രാധാന്യം സംഗീതത്തിനും ഉണ്ടാകുന്നു .

**നൂറ്റമ്പതോളം ഷോട്ടുകളുള്ള ഏഴു മണിക്കൂർ ചിത്രമായ  സാറ്റാൻ ടാങ്കോ  യുടെ തുടക്കത്തിലും മുപ്പത് ഷോട്ടുകളുടെ രണ്ടര മണിക്കൂർ ചിത്രമായ,  ടൂറിൻ ഹോഴ്സിന്റെ  തുടക്കത്തിലും** A film by **എന്ന് ഉപയോഗിക്കുന്നു.**




# വേണം നമുക്കൊരു ട്രാൻസ്ജന്റർ നയം

കഴിഞ്ഞ അഞ്ചുവർഷമായി ട്രാൻസ്ജെഡർ വിഷയങ്ങളിൽ എഴുത്തിലൂടെ വ്യക്തമായ ഇടപെടൽ നടത്തിയ രണ്ടുപേരാണ് കേരളസർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികളായ ജി. രശ്മിയും കെ. എസ്. അനിൽ കുമാറും. തിരുവനന്തപുരം മാനവീയംവീഥിയിൽ നടന്ന ട്രാൻസ്ജെൻഡർ ഫെസ്റ്റിൽ രശ്മിയും അനിലും ട്രാൻസ്ജെൻഡറുകളെപ്പറ്റി എഴുതിയ രണ്ടു പുസ്തകങ്ങളുടെ (ട്രാൻസ്ജെൻഡർ; ചരിത്രം സംസ്കാരം പ്രതിനിധാനം, വിമതലൈംഗികത; ചരിത്രം സിദ്ധാന്തം രാഷ്ട്രീയം) പ്രകാശനം സക്കറിയ നിർവഹിച്ചു. ഈ പുസ്തകം പ്രസിദ്ധീകരിച്ചതിലൂടെ ചരിത്രപരമായ ഇടപെടലാണ് ചിന്താ പബ്ലിക്കേഷൻ നടത്തിയിരിക്കുന്നതെന്ന് സക്കറിയ അഭിപ്രായപ്പെടുകയുണ്ടായി. രശ്മിയും അനിലുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്.....

**ശരീരത്തിന്റെ രാഷ്ട്രീയം...**

ഭാരതീയ പശ്ചാത്തലത്തിലെ വ്യവസ്ഥാപിത കാഴ്ച്ചപ്പാടനുസരിച്ച് ശരീരത്തെ സ്ത്രീയുടേത് അല്ലെങ്കിൽ പുരുഷന്റേതായാണ് സമൂഹം വീക്ഷിക്കുന്നത്. ആരോഗ്യദൃഢഗാത്ര–അധികാരബോധമുള്ളത് പുരുഷശരീരവും, അടക്കവും ഒതുക്കവുമുള്ള ശരീരഭാഷയും മൃദുലവും ദുർബലവും ആകർഷണീയവുമായതാണ് സ്ത്രീശരീരമെന്നു കൽപ്പിച്ചുവയ്ക്കുന്നു.

എന്നാൽ ഒരേ സമയം സ്ത്രീ പുരുഷനെന്ന ശരീരസങ്കല്പത്തിനപ്പുറം അവയെ പാടെ തള്ളികളയുന്ന തരത്തിലുള്ള ശരീര ശാസ്ത്രം കാണിക്കുന്നവരാണ് ട്രാൻസ്ജെഡറുകൾ. ട്രാൻസ്ജെൻഡറുകളെ വിവിധങ്ങളായ വിഭജനത്തിൻ വിധേയമാക്കിയിരിക്കുന്നു. സ്ത്രീശരീരത്തിൽ നിന്നും പുരുഷനാകാൻ ആഗ്രഹിക്കുന്നവരെ ട്രാൻസ്മെൻ എന്നും പുരുഷ ശരീരം വിട്ട് സ്ത്രീയാകാൻ ആഗ്രഹിക്കുന്നവരെ ട്രാൻസ് വിമൻ എന്നും വിളിക്കുന്നു. ഒരു ശരീരത്തിൽ സ്ത്രീയുടെയും പുരുഷന്റേയും ലൈംഗികാവയവം ഒരുമിച്ചു വരുന്നവർ ഇന്റർ സെക്ഷ്വൽ വിഭാഗത്തിൽ ഉള്ളവരാണ്.ഇത് ശരീരഘടനയുമായി ബന്ധപ്പെട്ടതാണ്.

ലൈംഗികതയുമായി ബന്ധപ്പെട്ട് സ്ത്രീയോടും പുരുഷനോടും താൽപര്യമുള്ളവരെ ബൈസെക്ഷ്വൽ (By sexual) എന്ന് പറയുന്നു. ഇങ്ങനെയുള്ളവർ ശാരീരികമായി പൂർണമായും സ്ത്രീ/പുരുഷനായിരിക്കും. ഇതൊന്നും പുതിയതായി സംഭവിച്ചതല്ല പണ്ടും ഇത്തരം വിഭാഗക്കാരുണ്ടായിരുന്നു. പക്ഷെ അവരെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തിയിരുന്നു. ഇത്തരം അവസ്ഥകളെ ഒളിച്ചുവെക്കാൻ വീട്/സമൂഹം അവരെ നിർബന്ധിച്ചിരിക്കുന്നു. ഇതിന്റെ പേരിൽ കൊന്നുകളയുമെന്ന അവസ്ഥവരെ നിലനിന്നിരുന്നു. ചേരാത്ത മനസും ശരീരവുമായി ജീവിക്കേണ്ട അവസ്ഥയായിരുന്നു അവർക്ക്. ഇത് അവരിൽ വലിയ സമ്മർദ്ദങ്ങൾ സൃഷ്ടിക്കുകയും ആത്മഹത്യപോലുള്ള ഗതികേടിലേക്ക് അവർ ചെന്നെത്തുന്നതും പതിവായിരുന്നു. ആണാവുക അല്ലെങ്കിൽ പെണ്ണാവുക എന്ന സമൂഹത്തിന്റെ നിർബന്ധത്തെയാണവർ നിലവിൽ ചോദ്യം ചെയ്തു തുടങ്ങിയിരിക്കുന്നത്. നിലവിൽ നടക്കുന്ന പ്രതിഷേധ സമരങ്ങൾ കേവല ട്രാൻസ്ജെഡർ അവകാശപ്രഖ്യാപനത്തിനു മാത്രമായിട്ടുള്ളതല്ല. ഈ സമരമുഖത്ത് ലെസ്ബിയൻ, ഗേ, ഇന്റർ സെക്ഷ്വൽ, അസെക്ഷ്വൽ തുടങ്ങി എല്ലാത്തരം ആളുകൾക്കും കൂടി വേണ്ടിയാണ്. ഇവരും സജീവമായി സമരരംഗത്തുണ്ട് എന്നത് അവകാശപ്പോരാട്ട സമരപോർമുഖങ്ങൾ കൂടുതൽ കരുത്തുറ്റതാക്കുന്നു.

“

**ട്രാൻസ്ജെഡറുകളെ വിവിധങ്ങളായ വിഭജനത്തിൻ വിധേയമാക്കിയിരിക്കുന്നു. സ്ത്രീശരീരത്തിൽ നിന്നും പുരുഷനാകാൻ ആഗ്രഹിക്കുന്നവരെ ട്രാൻസ്മെൻ എന്നും പുരുഷ ശരീരം വിട്ട് സ്ത്രീയീകാൻ ആഗ്രഹിക്കുന്നവരെ ട്രാൻസ് വിമൻ എന്നും വിളിക്കുന്നു.**

**മാധ്യമങ്ങൾ ചെയ്തിരുന്നത്.**

ഒറ്റകാഴ്ചയിൽ തന്നെ ഏതൊരാൾക്കും തിരിച്ചറിയാൻ സാധിക്കുന്ന ശരീരരൂപഘടനയാണ് ട്രാൻസ്ജെന്ററുകളുടേത്. എന്നാൽ ലെസ്ബിയൻ/ഗേ അത്തരത്തിൽ തിരിച്ചറിയാൻ മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ല. അതുകൊണ്ട് തന്നെ എൽ.ജി.ബി.ടി.വിഭാഗത്തിലുള്ളവരുടെ ഏത് പ്രശ്നം വന്നാലും മാധ്യമങ്ങൾ ട്രാൻസ്ജെഡൻ

റുകളുടെ ചിത്രങ്ങളാണ് ഉപയോഗിച്ചായിരുന്നത്. അതുകൊണ്ടുതന്നെ ഭിന്നലൈംഗികതാരാഷ്ട്രീയം എന്നാൽ ട്രാൻസ്ജെഡേഴ്സ് മാത്രമെന്ന പൊതുബോധം സമൂഹത്തിലുണ്ടായി. ഏകദേശം 2000 വരെ മാധ്യമങ്ങിലൂടെ തങ്ങൾ ഗേ/ലെസ്ബിയനാണെന്ന തുറന്നുപറച്ചിൽ ആരുംതന്നെ നടത്തിയിരുന്നില്ല. ഇതിന്റെ പ്രധാനപ്പെട്ട കാരണം സമൂഹത്തിന്റെ വേട്ടയാടൽ തന്നെയാണ്.



**എൽ.ജി.ബി.ടി വിഷയം ചർച്ചചെയ്യപ്പെട്ടു തുടങ്ങുന്നു...**

ആഗോളതലത്തിൽ ട്രാൻസ്ജെഡറിനോടുള്ള സമീപനത്തിൽ മാറ്റം വന്നു തുടങ്ങിയിരിക്കുന്നു. അവർക്കായി നിയമത്തിന്റെ സംരക്ഷണവും അംഗീകാരവും ലഭിച്ചു തുടങ്ങിയിരിക്കുന്നു. പക്ഷെ ക്രൈസ്തവ–ഇസ്ലാമിക രാഷ്ട്രങ്ങളിൽ ഇതിനുള്ള തടസ്സങ്ങൾ ഏറെയാണ്. പലരാജ്യങ്ങളിൽ ഇത്തരം വിവാഹങ്ങൾക്ക് നിയമ സാധുത നൽകുന്നു. ഇതിലൂടെ മാധ്യമങ്ങളിൽ ഇവർ പരാമർശിക്കപ്പെടുന്നു. ട്രാൻസ്ജെഡഴ്സുകൾ മുന്നോട്ടു വന്നു തുടങ്ങിയതിന്റെ പ്രധാന കാരണം 2009ലെ ദില്ലി ഹൈക്കോടതിയായിരുന്നു. നാസ് ഫൗണ്ടേഷൻ 2010 മുതൽ നടത്തിയ പോരാട്ടത്തിനൊടുവിലാണ് ട്രാൻസ്ജെന്റേഴ്സിനെ അംഗീകരിക്കാനും ഉഭയസമ്മതപ്രകാരമുള്ള സ്വവർഗലൈംഗികത നിയമവിധേയമാക്കണമെന്നുള്ള വിധി വന്നത്. നമ്മുടെ ഭരണഘടനയിൽ ഐ.പി.സി 377 പറയുന്നത് സ്വവർഗലൈംഗികത ക്രിമിനൽ  കുറ്റമല്ലെന്നാണ്. ദില്ലി ഹൈക്കോടതിയുടെ വിധി ഏറ്റവും പ്രകോപിതരാക്കിയത് രാജ്യത്തെ ജാതിമത സംഘടനകളെയാണ്. എന്നാൽ ട്രാൻസ്ജെഡേഴ്സ് ഈ വിധി ആഘോഷമാക്കി കൊണ്ട് തങ്ങളുടെ ലൈംഗിക–ശാരീരിക പ്രത്യേകതകൾ തുറന്നുപറയാൻ തുടങ്ങി. അവർക്കു ജീവിക്കാനുള്ള അവകാശമുണ്ടെന്ന് അംഗീകരിക്കപ്പെട്ടതിന്റെ സന്തോഷം പങ്കുവയ്ക്കാനുമാണ് അക്കാലത്ത് എൽ.ജി.ബി.ടി.സംഘടനയെ അവർ പ്രയോജനപ്പെടുത്തിയത്. ദില്ലി ഹൈക്കോടതി ഒരു ആരോഗ്യ സർവ്വേ നടത്തി ഐ.പി.സി 377നെ പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു.എന്നാൽ പിന്നീട് ദില്ലി ഹൈക്കോടതി വിധി തള്ളികളഞ്ഞുകൊണ്ട് 2011–ൽ സുപ്രീംകോടതി ഇവരെ ക്രിമിനൽ കുറ്റവാളികളായി മുദ്രകുത്തി. തുടർന്ന് തങ്ങളെ കുറ്റവാളികളാക്കുന്നതിന്റെ പ്രതിഷേധമെന്നോണം അവർ സംഘടിക്കുകയും  അതിനായി മറ്റു വിഭാഗക്കാരെക്കൂടി സംഘടിപ്പിക്കുകയും ചെയ്തു. തന്റെ ലൈംഗികത തന്റെ സ്വാതന്ത്ര്യമാണെന്ന മുദ്രാവാക്യമുയർത്തി അവർ മുന്നോട്ടുവന്നു. ഒപ്പം തങ്ങളുടെ വ്യക്തിത്വത്തെ അഭിമാനിക്കണമെന്നും അത് പ്രകടിപ്പിക്കാനും മുഖ്യധാരയിലേക്ക് വരുവാനുമായി ലൈംഗികസ്വാഭിമാനഘോഷയാത്ര എന്ന പേരിൽ പ്രതിഷേധ കൂട്ടായ്മ നടത്തി. ഭിന്നലൈംഗികതയുടെ പേരിൽ ഒളിച്ചോടാതെ ഇതേ സമൂഹത്തിൽ നിലനിൽക്കാനും വ്യത്യസ്ത വ്യക്തിത്വങ്ങളെ സമൂഹം അംഗീകരിക്കണമെന്നും മുദ്രാവാക്യമുയർത്തി അവർ തെരുവിൽ ഇറങ്ങി.

**ഭിന്നലൈംഗികതയുടെ പേരിൽ ഒളിച്ചോടാതെ ഇതേ സമൂഹത്തിൽ നിലനിൽക്കാനും വ്യത്യസ്ത വ്യക്തിത്വങ്ങളെ സമൂഹം അംഗീകരിക്കണമെന്നും മുദ്രാവാക്യമുയർത്തി അവർ തെരുവിൽ ഇറങ്ങി.**

**ആഗോളതലത്തിൽ ലഭിക്കുന്ന പരിരക്ഷ..**

വിദേശരാജ്യങ്ങളിൽ പുരോഗമനപരമായ നിലപാടാണ് ട്രാൻസ്ജന്റേഴ്സിനോട് സ്വീകരിച്ചുവരുന്നത്. സന്ദീപ്, കാർത്തിക് എന്നീ മലയാളികളായ സ്വവർഗപ്രണയിനികൾ കാലിഫോർണിയയിൽ പോയി വിവാഹിതരായി. ഗ്രേറ്റ് ഇന്ത്യൻ വെഡ്ഡിംഗ് എന്ന സൈറ്റിലൂടെ ഇത് ആഘോഷിക്കപ്പെട്ടു. പുരോഗമന ജനതയെന്ന് വിളിക്കുന്ന

ഇന്ത്യൻ ജനത യാതൊരു പുരോഗമനവുമില്ലാതെ തികഞ്ഞ യാഥാസ്ഥിതിക ബോധത്തോടെയാണ് ഇതിനെ സമീപിച്ചത്. ട്രാൻസ്ജഡഴ്സിന് വിദേശരാജ്യങ്ങളിൽ തൊഴിലെടുക്കാനും ജീവിക്കാനും അവസരം നൽകുന്നു.

ഇന്ത്യൻ ഭരണഘടനയിൽ സ്ത്രീയും പുരുഷനും ചേർന്നതാണ് വിവാഹമെന്ന് വ്യക്തമായി പറയുന്നു. അതുകൊണ്ടു തന്നെ സ്വവർഗവിവാഹം അംഗീകരിക്കുന്ന നാട്ടിലേക്ക് പോകാൻ ഇവർ നിർബന്ധിതപ്പെടുകയാണ്. വിവാഹശേഷം തിരികെ ഇവിടേക്ക് വന്നാൽ വീണ്ടും അവർ ക്രിമിനലുകളാകും, മാത്രമല്ല അവർ കുഞ്ഞിനെ ദത്തെടുക്കാനോ സ്വത്തവകാശത്തിനോ ഇവിടെ സാധ്യതയില്ല. മറ്റു പലരാജ്യങ്ങളിലും പ്രശസ്ത വ്യക്തികളുടെയും നിയമപിൻതുണ വഴിയും അവകാശങ്ങൾക്കായി വാദിക്കാനുള്ള അവസരം ഭിന്നലൈംഗിക വ്യക്തികൾക്ക് ലഭിക്കുന്നു. പക്ഷെ കേരളത്തിൽ ഇത് തുറന്നുപറയാൻ പോലും പറ്റുന്നില്ല. അവയ്ക്ക് പിൻതുണയുമായി മുന്നോട്ടുവരുന്നവരെയും ആ വിഭാഗത്തിലാണെന്ന് മുദ്രകുത്തുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന അവസ്ഥയാണിവിടെയുള്ളത്. ആയതിനാൽ പിൻതുണ നൽകുന്നവർ പിൻവലിയുകയും സമൂഹത്തിൽ ഭിന്നലൈംഗിക വ്യക്തികൾക്കുള്ള ചലനത്തിന്റെ വേഗത മന്ദഗതിയിലാവുകയും ചെയ്യുന്നു.

**മാധ്യമങ്ങളുടെ ഇന്നത്തെ ഇടപെടൽ...**

മാധ്യമത്തിന്റെ പിൻതുണ പലപ്പോഴും കച്ചവടത്തിനുള്ള പിൻതുണയാകാറുണ്ട്. അടുത്തിടെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ട്രാൻസ്ജെഡൻർ വിഭാഗത്തിൽപ്പെട്ട ആക്ടിവിസ്റ്റ് ശീതൾ ശ്യാമിന്റെ കോളം ആരംഭിച്ചിരുന്നു. എന്നാൽ തൊണ്ണൂറുകളിലൊക്കെ നിരവധി ട്രാൻസ്ജന്റർ, ലെസ്ബിയൻ, ഗേ ആളുകൾ ആത്മഹത്യചെയ്തപ്പോൾപ്പോലും മാധ്യമം അവരെ പൂർണമായും അവഗണിച്ചിരുന്നു. ആഗോള മാധ്യമങ്ങളുടെ അവസ്ഥ മറ്റൊന്നല്ല, ഇപ്പോൾ ഭിന്നലൈംഗിക വ്യക്തികൾക്ക് കിട്ടുന്ന സ്വീകാര്യത അവരും കച്ചവട സാധ്യതയായി കാണുന്നു. 2007 ൽ കിഷോർകുമാറിന്റെ ലേഖനങ്ങിലൂടെ സ്വവർഗരതിയെപ്പറ്റി മുഖ്യധാരയിലേക്ക് ചർച്ച വന്നു. മാതൃഭൂമിക്ക് ശേഷം ദേശാഭിമാനി, എഴുത്ത്, പ്രസാധകൻ തുടങ്ങിയ മാഗസിനുകളിൽ ഈ വിഷയത്തിൽ കവർസ്റ്റോറി എഴുതുകയുണ്ടായി. ഇത് സാമൂഹികബോധത്തെ സ്വാധീനിക്കുവാനും പോസിറ്റീവായ മാറ്റം വരുത്തുവാനും കാരണമാകുമെന്ന് പ്രത്യാശിക്കാം.

**വിവാഹശേഷം തിരികെ ഇവിടേക്ക് വന്നാൽ വീണ്ടും അവർ ക്രിമിനലുകളാകും, മാത്രമല്ല അവർ കുഞ്ഞിനെ ദത്തെടുക്കാനോ സ്വത്തവകാശത്തിനോ ഇവിടെ സാധ്യതയില്ല.**

**സാഹിത്യം സിനിമ**

രാമായണം, കാമസൂത്ര, മനുസ്മൃതി പോലുള്ള പുസ്തകങ്ങളിൽ ഭിന്നലൈംഗികതയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇവയിൽ ഒന്നും തന്നെ അവർ അസാധാരണക്കാരാണെന്ന് പറയുന്നില്ല. 2013 ലെ സുപ്രീംകോടതി വിധി ട്രാൻസ്ജെന്റേഴ്സിനെ മൂന്നാം ലിംഗക്കാരാണെന്ന് പരാമർശിക്കുകയുണ്ടായി. അപ്പോൾ സ്ത്രീ/പുരുഷനിൽ ഒന്നാം ലിംഗമേത്? ആ വേർതിരിവിന് സാധ്യതയുണ്ടോ? അപ്പോൾ പ്രമോദ് രാമൻ തന്റെ കഥയിൽ പരാമർശിക്കുന്നത് പോലെ നപുംസകം എന്ന പ്രയോഗത്തെക്കാൾ നല്ലത് സപുംസകമെന്നല്ലെ? രാമായണത്തിൽ മംഗളകർമ്മത്തിനായി ഇവരെ രാമൻ അനുഗ്രഹിച്ചുവിടുന്ന ഭാഗമുണ്ട്. അർജുനൻ ബൃഹന്ദളയായതും യുദ്ധം ജയിക്കാൻ ശിഖണ്ഡി അനിവാര്യമായതും ബുധൻരാജാവിന്റെ കഥയുമെല്ലാം നമുക്കറിയാം. ആദ്യകാലം തൊട്ടേ സാഹിത്യ-പൗരാണിക പുസ്തകങ്ങളിൽ അവരെ പരാമർശിച്ചിരുന്നുവെന്നത് വ്യക്തം.

മലയാള സാഹിത്യത്തിലെ മാധവിക്കുട്ടിയുടെ സ്ത്രീയെന്ന കഥ, എം.പി നാരായണപ്പിള്ളയുടെ ഹിജഡ തുടങ്ങിയ നിരവധി കൃതികൾ വന്നിട്ടുണ്ട്. 1945ലാണ് മാധവിക്കുട്ടി സ്ത്രീയെന്ന കഥയെഴുതിയതെന്ന് ഓർക്കണം. അത്തരം മൂന്നാം ലിംഗ ചിന്തകൾ ഇവിടെയുണ്ടായിരുന്നു എന്നതിൽ നിന്നാണ്

ഈ കഥ എഴുതിയത്. അതുപോലെ സാറാജോസഫി ന്റെ ആളോഹരി വരുമാനം , സംഗീതയുടെ മകൾ തുടങ്ങിയവയെല്ലാം ഈ വിഷയത്തെ ഗൗരവപൂർവ്വം കൈകാര്യംചെയ്ത കഥകളാണ്. ഇത് എൽ.ജി.ബി.ടി കമ്മ്യൂണിറ്റിയോടുള്ള ഐക്യദാർഢ്യ പ്രഖ്യാപനത്തി ന്റെ ഭാഗമായി കണക്കാക്കാം.

ഭിന്നലൈംഗികതയെ കച്ചവടവൽക്കരിക്കു കയാണ് സിനിമകൾ പലപ്പോഴും ചെയ്യാറ്. ചാന്ത് പൊട്ട്, ഇതിഹാസ എന്നിവയെല്ലാം ഈ വിഷയത്തെ കൈകാര്യം ചെയ്തിരിക്കുന്നു. ചാന്ത്പൊട്ടിൽ മുത്തശ്ശിയുടെ വളർത്തുദോഷമാണ് രാധാകൃഷ്ണൻ രാധയെന്ന അവസ്ഥയിലെത്തിക്കുന്നതെന്ന് ചിത്രം പറഞ്ഞുവെക്കുന്നു. ഇതിഹാസയിൽ അശ്ലീല സാധ്യ തയെ ഹാസ്യവൽക്കരിക്കുകയാണ് സംവിധായകൻ ചെയ്യുന്നത്. അർദ്ധനാരീശ്വരിയാണ് ഇവരുടെ ജീവി തത്തെ അല്പമെങ്കിലും പരാമർശിക്കുന്ന ഒരുചിത്രം. ഗേ സിനിമകളായി പരിഗണിക്കാവുന്നതിൽ മൈ ലൈഫ് പാർട്ന്നറും മുംബൈപോലീസുമുണ്ട്. മും ബൈപോലീസിൽ കരുത്തനായ പോലീസുകാരന്റെ കഴിവുകേടായിട്ടാണ് സ്വവർഗ അനുരാഗത്തെ അവ തരിപ്പിക്കപ്പെടുന്നത്. ഭിന്നലൈംഗികത കൈകാര്യം ചെയ്യുന്ന സഞ്ചാരം, സൈലന്റ് വാലി, ഓടും രാജാ ആടും റാണി തുടങ്ങിയ സിനിമകളൊക്കെയും ഇത് അസ്വാഭാവികമാണെന്ന് പറഞ്ഞുവെക്കുന്നു. കച്ചവട സാധ്യതകളെ മുൻനിർത്തിയുള്ള അശ്ലീലരംഗങ്ങളെ ഹാസ്യവൽക്കരിക്കുക മാത്രമാണ് സിനിമ ചെയ്യുന്നത്. അല്ലാതെ ഭിന്നലൈംഗികതയോട് നീതിപുലർക്കത്ത ക്കതായി ഒന്നും ചെയ്യുന്നില്ല. ഈ അടുത്തകാലത്ത് ലെസ്ബിയൻ വിഷയം ചർച്ചചെയ്ത വെളുത്ത രാത്രി കൾ പുറത്തിറങ്ങി. ശരീരവർണ്ണനകളെ ഒഴിവാക്കി അവരുടെ പ്രശ്നങ്ങളെ അക്കാദമിക തലത്തിൽ അവ തരിപ്പിക്കാൻ സിനിമ ശ്രമിച്ചു.

**അക്കാദമിക തലത്തിലെ സ്വീകാര്യത**

കേരളസർവകലാശാല ജെഡർസ്റ്റഡീ സ് എന്ന പേരിൽ ഒരു ഡിപ്പാർട്ട്മെന്റ് തുടങ്ങാൻ ഒരുങ്ങുകയാണ്. ഇംഗ്ലീഷ്, മലയാളം, എം.എസ്.ഡ ബ്ലു തുടങ്ങിയ വിഷയങ്ങളിൽ എൽ.ജി.ബി.ടി കൂടി സിലബസിൽ ഉൾപ്പെടുത്താൻ പോകുന്നു. അപ്പോൾ അക്കാദമിക തലത്തിൽ ഈ വിഷയത്തിൽ സാധ്യത യേറുകയാണ്. പക്ഷെ ആഴത്തിലുള്ള പഠനമല്ലാതെ പൊള്ളയായ മനോഭാവത്തോടുകൂടി ഇന്റർനെറ്റിലെ കേവല വിവരങ്ങളുമായല്ല ഈ വിഷയത്തെ സമീപിക്കേ ണ്ടത്. അധ്യാപകരും വിദ്യാർത്ഥികളും പുസ്തകങ്ങളിലൂടെ യും നേരിട്ട് ഇത്തരം ആളുകളുമായി സംവ ദിച്ചും അക്കാദമികത ലം സജീവമാക്കണം.



ഇപ്പോൾ ട്രാൻസ് എന്നരീതി യിൽ ക്യാമ്പസുകൾ ഈ വിഷയത്തെ ഏറ്റെടുക്കുന്നുണ്ട്. അതിൽ സുപ്രധാനപ ങ്കുവഹിച്ചത് എസ്.എ ഫ്.ഐ ആണ്. എസ്.എഫ്.ഐയുടെ മെമ്പർഷിപ്പ് ക്യാമ്പയി നിൽ ട്രാൻസ്ജഡേഴ് സിനായി ഒരു കോളം നൽകി. മലയാള സർവകലാശാലയു ടെ ആർട്സ് ഡേ ഉദ്ഘാടനം ചെയ്ത ത് ട്രാൻസ്ജന്ററായ ശീതൾ ശ്യാമാണ്. കേരളസർവകലാശാ ലയുടെ അപേക്ഷാ ഫോമുകളിൽ മറ്റുള്ളവർക്കായി ഒരുകോളം മാറ്റിവച്ചിരിക്കുന്നു. എന്നാൽ മുഖ്യധാരയിലെ പലർ ക്കും ഇവരെ ക്യാമ്പസുകളുടെ ഭാഗമാക്കുന്നതിനോട് എതിർ പ്പാണെന്നത് നിർഭാഗ്യകരമാണ്.

**മാറേണ്ട ചിന്താഗതി...**

ട്രാൻസ്ജന്റേഴ്സ് വിഭാഗത്തിൽപ്പെട്ടവർ പലരും ലൈംഗിക തൊഴിൽ ചെയ്യേണ്ടി വരുന്നു. അതുകൊണ്ടുതന്നെ അവരെ അംഗീകരിക്കുകവഴി കേരളം ഒരു ആഗോള ലൈം ഗിക വിപണിയാകുമോയെന്ന സംശയമാണ് പലർക്കും. എന്നാൽ അവർ ഇത്തരം തൊഴിൽ ചെയ്യേണ്ടിവരുന്നത് ആഹാരത്തിനും മാന്യമായി ജീവിക്കുന്നതിനും വേണ്ടി മറ്റുതൊഴിലുകളിലൂടെ പണം കണ്ടെത്താൻ കഴിയാത്തത് കൊണ്ടാണ്. ഉപജീവനത്തി നായി ഭിക്ഷാടനം, മംഗളകർ മ്മങ്ങളിൽ പങ്കെടുത്ത് പണം കണ്ടെത്തുന്നവരുമുണ്ട്. വിദ്യാഭ്യാസത്തിനും തൊഴിലിനും

അവസരം നൽകാത്ത നമ്മുടെ സമൂഹമാണിതിനുകാരണമാകുന്നത്. ഇത്തരക്കാർ ഈ തൊഴിൽ ഉപേക്ഷിച്ച് മറ്റ് തൊഴിൽചെയ്ത് മാന്യമായ ജീവിതം നയിക്കാൻ ശ്രമിച്ചാലും പലപ്പോഴും സമൂഹം പിൻതുടർന്ന് ശല്യപ്പെടുത്തുന്നു. അവർക്ക് ജീവിതസാഹചര്യം ഒരുക്കാനും തൊഴിൽ നൽകാനും സമൂഹം മുന്നോട്ടുവരണം. കഴിവതും ഉപദ്രവിക്കാതിരിക്കുകയെങ്കിലും വേണം.

യാഥാസ്ഥിതികരായ പഴയതലമുറക്കിടയിൽ ഭിന്നലൈംഗികത പോലുള്ള വിഷയത്തിന് സ്വീകാര്യത ഉണ്ടാക്കിയെടുക്കുകയെന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. സ്കൂൾതലത്തിലെ ട്രാൻസ്ജെന്റർ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വ്യാപകമാണ്. സ്കൂളുകളിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി ഇത്തരക്കാരായ വിദ്യാർത്ഥികളെ അംഗീകരിക്കാനും കൊഴിഞ്ഞുപോക്ക് കുറക്കുന്നതിനുള്ള ശ്രമവുമുണ്ടാകണം. ബന്ധുക്കളുടെയും നാട്ടുകാരുടെയും സ്കൂളിൽ നിന്നും ഉണ്ടാകുന്ന മാനസികപീഡനത്തിൽ നിന്നും രക്ഷനേടാൻ ഇവർ കണ്ടെത്തുന്ന വഴിയാണ് ഒളിച്ചോട്ടം.

**പുസ്തകത്തെ പറ്റി...**

സാമൂഹികമാറ്റം ലക്ഷ്യമിട്ടാണ് ജെൻഡർ മൈനോരിറ്റികളേയും, സെക്ഷ്വൽ മൈനോരിറ്റികളേയും കുറിച്ച് സമഗ്രപഠനം നടത്തി ട്രാൻസ്ജെഡർ: ചരിത്രം, സംസ്കാരം, പ്രതിനിധാനം, വിമതലൈംഗികത, വിമതലൈംഗികത– ചരിത്രം, സിദ്ധാന്തം, രാഷ്ട്രീയം എന്നിങ്ങനെ രണ്ട് പുസ്തകങ്ങൾ പുറത്തിറക്കിയതെന്ന് രശ്മിയും അനിലും പറയുന്നു. എൽ.ജി.ബി.ടി വിഭാഗത്തിലുള്ള പലരോടും സംസാരിച്ചും പഠനങ്ങൾ നടത്തിയുമാണ് ഉള്ളടക്കം തയ്യാറാക്കിയത്. ഈ പുസ്തകം അക്കാദമിക്ക് തലത്തിൽ ഇടപെടലുകൾ നടത്തിക്കൊണ്ട് സാമൂഹികാവബോധം സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കാം.

**ഭരണകൂടം കൂടെ നിൽക്കണം...**

33 വയസ്സുവരെ പുരുഷനായി ജീവിച്ച് പിന്നീട് സ്ത്രീയാകണമെന്നുള്ള തിരിച്ചറിവിൽ അത് തുറന്നുപറഞ്ഞ് പൊരുതിനേടിയ ജീവിതമാണ് മനാജി ബാനർജിയുടേത്. അവർ ഒരു വനിതാകോളേജിന്റെ പ്രിൻസിപ്പലായി മുഖ്യധാരയിലേക്ക് കടന്നുവന്നു. ഇതുപോലെ എസ്.ഐ സെലക്ഷൻ കിട്ടിയ പ്രതിക, ലക്ഷ്യ, സൂര്യ എന്നിവരെല്ലാം തങ്ങളുടെ കഴിവുകൾ തുറന്നുകാണിക്കുകയും അത് അംഗീകരിക്കപ്പെടേണ്ടതാണെന്നും കൃത്യമായി പറയാൻ ശ്രമിക്കുന്നു. ഇത് പ്രതീക്ഷകൾ നൽകുമ്പോഴും നിയമപരമായ പരിരക്ഷയും അവർക്ക് ലഭിക്കേണ്ടതുണ്ട്.

പാർലമെന്റിൽ ട്രാൻസ്ജെൻഡറുകൾക്കായി ഒരു സ്വകാര്യബിൽ പാസാക്കി. പക്ഷെ ഐ.പി.സി. 377 മാറ്റാതെ ലെസ്ബിയൻ, ഗേ വിഭാഗത്തിന്റെ പ്രശ്നപരിഹാരം സംഭവിക്കില്ല. നിലവിലെ വർഗ്ഗീയ ഫാസിസ്റ്റ് ഭരണകൂടത്തിന് ഈ വിഷയത്തിൽ അനുകൂലമായ നിലപാടെടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. മോദി സർക്കാർ വന്നശേഷം രണ്ട് തവണ ട്രാൻസ്ജെൻഡർ ബിൽ തള്ളിക്കളയുന്ന സ്ഥിതിയുണ്ടായി. ഈ അവസ്ഥയിൽ ഭരണകൂടത്തിന്റെ നിലപാടിൽ എന്ത് പ്രതീക്ഷയാണ് വയ്ക്കാൻ കഴിയുക? ഭരണഘടനാഭേദഗതി കൂടി സംഭവിച്ചാലെ എൽ.ജി.ബി.ടി. വിഭാഗത്തിന് പൂർണ്ണ പരിരക്ഷ സാധ്യമാവുകയുള്ളു.

> **ലൈംഗിക ന്യൂനപക്ഷങ്ങളോട് അനുകൂലമായ നിലപാടാണ് ഇടതുപക്ഷം സ്വീകരിച്ചിട്ടുള്ളത്. സി.പി.എമ്മിന്റെ പഠനകോൺഗ്രസിൽ ഈ വിഷയം അവതരിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തിരുന്നു.**

**ഇടതുപക്ഷ നിലപാട്.**

ലൈംഗിക ന്യൂനപക്ഷങ്ങളോട് അനുകൂലമായ നിലപാടാണ് ഇടതുപക്ഷം സ്വീകരിച്ചിട്ടുള്ളത്. സി.പി.എമ്മിന്റെ പഠനകോൺഗ്രസിൽ ഈ വിഷയം അവതരിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇത്തവണ തെരഞ്ഞെടുപ്പിൽ ട്രാൻസ്ജെൻഡേഴ്സിനുള്ള ആനുകൂല്യങ്ങൾ വ്യക്തമായി പരാമർശിച്ചിരുന്നു. മറ്റ് പ്രസിദ്ധീകരണങ്ങൾ വിമുഖത കാട്ടിയപ്പോൾ സി.പി.എമ്മിന്റെ പബ്ലിക്കേഷനായ ചിന്തയാണ് ട്രാൻസ്ജെൻഡേഴ്സിനെയും ലൈംഗികന്യൂനപക്ഷത്തെയും പറ്റിയുള്ള പുസ്തകം പ്രസിദ്ധീകരിക്കാൻ തയ്യാറായത്.

# വൈഡർസ്റ്റാന്റ് പറയുന്നത്




ഇസ്രായേൽ സൈന്യം യുദ്ധാവശ്യങ്ങൾക്കായി ഉപയോഗിച്ച ടിയർഗ്യാസ് ഗ്രനേഡുകൾ സമാഹരിച്ച് അതിൽ പൂച്ചെടികൾ നട്ടുമുളപ്പിച്ച ഒരു സ്ത്രീയുടെ കഥയുണ്ട്. പലസ്തീനിലെ ഉൾനാടൻ ഗ്രാമമായ 'ബിൽ' ൽ ആയിരുന്നു ആ സ്ത്രീ താമസിച്ചിരുന്നത്. ഹിംസയുടെ പ്രതീകമായി മാറിയ ഗ്രനേഡുകളിൽ പൂത്തുനിൽക്കുന്ന പൂച്ചെടികൾ ഒരാശയത്തെ തന്നെ നിഷേധിക്കുകയും, പൊളിച്ചെഴുതുകയുമായിരുന്നു. ഹിംസക്കും, സൗന്ദര്യത്തിനുമിടയിൽ, നഷ്ടപ്പെട്ട ജീവനുകൾക്കുവേണ്ടി ആ പൂക്കൾ വിരിഞ്ഞു.

മൂന്ന് – 1926

ജർമനിയിൽ നാസിഭരണം കൊടികുത്തി വാണകാലത്ത്, അതിനെതിരെ ശക്തമായ പ്രതിരോധം അഴിച്ചുവിട്ട മാസികയായിരുന്നു വൈഡർസ്റ്റാന്റ് ഏണസ്റ്റ് നെയികിച്ചിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച ആ പ്രസിദ്ധീകരണം ഫാസിസ്റ്റ് ഭരണകൂടത്തെ തീവ്രവിമർശനത്തിന് വിധേയമാക്കി വൈഡർസ്റ്റാന്റ് എന്ന വാക്കിന്റെ അർത്ഥം തന്നെ ചെറുത്ത് നിൽപ്/പ്രതിരോധം എന്നാണ്.

ഒന്ന്

2016 ജൂലൈ 28ന് പോണ്ടിച്ചേരി സർവകലാശാലയുടെ പ്രകാശനം നടന്നു. ഹൈദ്രാബാദ് കേന്ദ്രസർവകലാശാലയുടെ ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫയർ പ്രകാശനം ചെയ്ത മാഗസിനിൽ ഒരു ലേഖനം പരാമർശിക്കുന്നത് രോഹിത് വെമുലയെപ്പറ്റിയായിരുന്നു. വെമുലയുടേത് ഒരു രാഷ്ട്രീയ കൊലപാതകമാണ് എന്ന അഭിപ്രായം അദ്ദേഹത്തിന് സ്വീകാര്യമായില്ല. തുടർന്ന് മാഗസിൻ പ്രവർത്തകരോട് വൈസ്ചാൻസലർ വിശദീകരണം ആവശ്യപ്പെട്ടു. തുടർന്നുള്ള ദിവസങ്ങളിൽ ആണ് മാഗസിൻ കൂട്ടത്തോടെ എത്തിക്കാൻ ഒരു സംഘം വിദ്യാർത്ഥികൾ ഇറങ്ങിയത്. അവർ എ.ബി.വി.പി പ്രവർത്തകരായിരുന്നു അത് എന്ന് അറിയാൻ കഴിഞ്ഞു. മാഗസിന്റെ പേര് വൈഡർസ്റ്റാന്റ് എന്നാണ്.

പ്രതിരോധക്ഷമതയുടെ രാഷ്ട്രീയത്തിൽ ഉറച്ചുനിന്ന് മാഗസിൻ പ്രവർത്തകർ മാഗസിൻ പുനർവിതരണം ചെയ്യുന്നതിൽ വിജയിച്ചുവെങ്കിലും ഇവിടെ നിലനിൽക്കുന്ന ചില ചോദ്യങ്ങളുണ്ട്. അധികാരം, കേന്ദ്രീകരിക്കുന്നത് സർവകലാശാലകളെക്കൂടിയായിരിക്കുന്നു. പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ച പ്രക്ഷോഭങ്ങൾ കേരളത്തിലെ മറ്റു സർവകലാശാലകളിലേക്കുകൂടി വ്യാപിപ്പിക്കുമ്പോൾ, ആവിഷ്കാരസ്വാതന്ത്ര്യമടക്കമുള്ള മുന്നേറ്റങ്ങൾക്ക് വിദ്യാർത്ഥികൾക്ക് അവകാശം നഷ്ടപ്പെടുന്നില്ലേ!

ക്യാമ്പസ് ഒരു ഉപസമൂഹമല്ലെന്നും, മുഖ്യധാരാസമൂഹത്തിന്റെ ഭാഗം തന്നെയെന്നും നമ്മളെ പഠിപ്പിച്ച ചരിത്രത്തിൽ നിന്നും സ്വാതന്ത്ര്യദംശനം ചെയ്യപ്പെടുന്ന ക്യാമ്പസിലേ




ക്ക് ഒരുപാട് ദൂരമുണ്ട്. 68 –ലെ ഫ്രാൻസിലെ തെരുവുകളിലേക്ക് കുതിച്ചൊഴുകിയ കാമ്പസ് സമൂഹം നമുക്ക് വഴികാട്ടിയിരുന്നു ഒരിക്കൽ . കവിതയിലും, നാടകത്തിലും, രാഷ്ട്രീയത്തിലും ജീവിതത്തിലും കാമ്പസ് അടയാളങ്ങൾ ഒരു പടിമുന്നിലെത്തി കൊടിക്കൂറ നാട്ടിയ ചരിത്രം ഛിന്നഭിന്നമായ തെരുവിൽ നെരൂദയുടെ വരികൾക്ക് പ്രസക്തി നഷ്ടപ്പെടുന്നു. സമൂഹത്തിന്റെ ഓരോ സ്പന്ദനവും കാമ്പസിനെ നിർണ്ണയിച്ചപ്പോൾ അഭിമാനംകൊണ്ട ഭൂതകാലത്തെ നാം പാടേ മറന്നിരിക്കുന്നു. പ്രവചനാതീതമായ ഒരു ഭാവിയുടെ ഇങ്ങേയറ്റത്താണ് അങ്ങേയറ്റം അസഹിഷ്ണുതകളുള്ള ഒരു സമൂഹത്തിൽ സർഗ്ഗാത്മകരാഷ്ട്രീയത്തിന്റെ പട്ടം പറപ്പിക്കാൻ ആഗ്രഹിക്കുന്നത്.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ധീരമായ പ്രഖ്യാപനങ്ങളിൽ നിന്നാണ് പോണ്ടിച്ചേരി സർവകലാശാലയുടെ വൈഡർസ്റ്റാന്റ് മാഗസിൻ ആരംഭിക്കുന്നത്. മുതലാളിത്തവ്യവസ്ഥിതിയിൽ നിന്ന്, മനുവാദങ്ങളിൽ നിന്ന്, ബ്രാഹ്മണ്യത്തിൽ നിന്ന് സംഘ വാദങ്ങളിൽ നിന്ന്, ഭ്രഷ്ടാചാരങ്ങളിൽ നിന്ന്, പട്ടിണിയിൽ നിന്ന് മുക്തിനേടാനുള്ള അവകാശമാണ് സ്വാതന്ത്ര്യമെന്നും തങ്ങൾ അത് നേടിയെടുക്കുക തന്നെ ചെയ്യുമെന്ന് ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണ് വൈഡർസ്റ്റാന്റി ന്റെ രണ്ടാം പേജ്. ഇതൊരു പ്രഖ്യാപനം മാത്രമല്ല എന്ന് തുടർന്നുവരുന്ന രചനകളും സാക്ഷ്യപ്പെടുത്തുന്നുണ്ട്. മാഗസിന്റെ എഡിറ്റോറിയൽ അതിനുദാഹരണമാണ്.

കാവിവൽക്കരിക്കപ്പെട്ടിരിക്കുന്നു; സർവ്വാധികരത്തിൽ നിന്ന് കുതറി പ്രതിരോധത്തിന്റെ വസന്തം പൂത്തുലയുതിന് രാജ്യം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്.കേന്ദ്ര സർവകലാശാലകൾക്ക് മുറിവേൽക്കുകയും, വിദ്യാർത്ഥികൾ കൂട്ടത്തോടെ,തെരുവുകളിലേക്ക് കുതിക്കുകയും ചെയ്യുന്നു.

ഇവിടെ കഥകൾ അവസാനിക്കുന്നില്ല.ഇത് പുറത്തേക്കുള്ള കുതിപ്പാണ്.

വൈഡർസ്റ്റാന്റിന്റെ കവർ ചിത്രം തയ്യാറാക്കിയത് മലയാളികൂടിയായ മുഹമ്മദ് സുഹറാബിയാണ്. മുസ്ലീം സമുദായവുമായി ബന്ധപ്പെട്ട പേര് ഉണ്ടായതിന്റെ പേരിൽ താൻ വ്യക്തിഹത്യക്കു വിധേയനായതിനെക്കുറിച്ച് മുഹമ്മദ് നവമാധ്യമങ്ങളിൽ പങ്കുവഹിച്ചിരുന്നു. ഒരു വ്യക്തി എന്ന നിലയിൽ മുസ്ലീം സ്വത്വവുമായി ബന്ധപ്പെട്ട മുഴുവൻ മുൻവിധികളെയും താൻ അനുഭവിച്ചിട്ടുണ്ടെന്നും, മനുഷ്യനോടൊപ്പം നിൽക്കുക / ഇടതുപക്ഷത്തോടൊപ്പം നിൽക്കുക എന്നത് തന്റെ രാഷ്ട്രീയമാണെന്നും അദ്ദേഹം പറയുന്നു .

പലസ്തീനിലെ സ്ത്രീയുടെ ചിത്രം മനസ്സിൽ വെച്ച് രൂപകൽപന ചെയ്ത ആമുഖചിത്രം പോലും തെറ്റി വായിക്കപ്പെടുകയായിരുന്നു. മുസ്ലീം സ്ത്രീ, പർദ്ദ, പലസ്തീൻ ബോംബ് എന്നീ ബിംബങ്ങളെ സമൂഹത്തിൽ പൊതുബോധധാരണകളിൽ നിന്ന് മാറ്റി സ്ഥാപിക്കുക എന്ന ഉദ്ദേശത്തിലാണ് മുഹമ്മദ് ആ കവർ തയ്യാറാക്കിയത്. മൈൻഡിന്നുകളിൽ പൂച്ചെടി വിരിയിക്കുന്ന മുസ്ലീം സ്ത്രീ എന്നത് തീർത്തും പ്രതിലോമകരമായ ചിന്തയും ചിഹ്നവുമാണ് എന്ന വാദത്തിൻ മേലാണ് വൈഡർസ്റ്റാന്റ് പ്രതിഷേധപ്പട്ടികയിലേക്ക് കടന്നുവരുന്നത്.




നിറങ്ങളും, ചിഹ്നങ്ങളും, അടയാളങ്ങളും പ്രതിനിധാനങ്ങളുമെല്ലാം, മത,വർഗ്ഗീയ സ്പർശങ്ങളുടെ പേരിൽ മാത്രം വായിച്ചെടുക്കുന്ന സമകാലിക ബദൽ അവസ്ഥയെ ശക്തമായി പ്രതിരോധിക്കാനുള്ള തങ്ങളുടെ ശ്രമം വിജയിച്ചതിന്റെ ആദ്യപടിയായി ത്തന്നെയാണ് ഈ നിരോധനങ്ങളെ വൈഡർസ്റ്റാന്റ് പ്രവർത്തകർ നോക്കി കാണുന്നത്.

പുസ്തകത്തിലെ ആദ്യ ലേഖനം "Turning into Saffron Concentration Camp' എന്ന തീവ്രപ്രതിരോധ സ്വഭാവമുള്ള ലേഖനമാണ് ഡോ. പ്രമോദ് മീന എഴുതിയ ഈ ലേഖനം നാസി കോൺസൻട്രേഷൻ ക്യാമ്പുകളുമായി ചേർത്തുവെയ്ക്കാവുന്ന രീതിയിലേക്ക് ഇന്ത്യൻ സമകാലിക രാഷ്ട്രീയാവസ്ഥ മാറിക്കഴിഞ്ഞിരിക്കുന്നുവെന്ന സൂചനകൾ വളരെ കൃത്യമായുണ്ട്. രോഹിത് വെമുലയുടെ ആത്മഹത്യയെ ഇൻസ്റ്റിറ്റ്യൂഷണൽ മർഡർ എന്നാണ് ഈ ലേഖനം അടയാളപ്പെടുത്തുന്നത്. സർവകലാശാലകൾ കേന്ദ്രമാക്കി അരങ്ങേറിക്കൊണ്ടിരിക്കുന്ന ബ്രാഹ്മണ്യാധിപത്യത്തിന്റെ സവർണ്ണ മുദ്രകൾ ദളിത് വിദ്യാർത്ഥികളെ എത്തരത്തിലാണ് ഉച്ചനീചത്വങ്ങൾക്കിരയാക്കുന്നത് എന്ന് സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഡോ. പ്രമോദിന്റെ ലേഖനം ഇതുവരെ(2012)- ൽ നടന്ന പതിനെട്ട് ദളിത് വിദ്യാർത്ഥി ആത്മഹത്യകൾക്കും ഉത്തരം പറയേണ്ടതായ ഉത്തരവാദിത്തം സർവകലാശാല അധികൃതർക്ക് മുന്നിൽ വയ്ക്കുകയാണ് ചെയ്യുന്നത്.

ഈ കാലഘട്ടത്തിൽ നമ്മെ രക്ഷിക്കാൻ ഡയലോഗു കൾക്കു മാത്രമേ സാധിക്കൂ എന്ന് ഉറപ്പാക്കുന്ന തുടർതാളുകൾ പ്രതിരോധത്തിന്റെ കനത്ത സാധ്യതകളാവുകയാണ്. രാജ്യത്തിന്റെ ഞരമ്പുകളിൽ പ്രതിഷേധത്തിന്റെ ചോരയോട്ടമാണ് അരങ്ങേറുന്നതെന്ന് Era of Indian Resistance-' (പ്രതിരോധത്തിന്റെ ഇന്ത്യൻ നാളുകൾ) എന്ന ലേഖനത്തിൽ ശ്രീജിത്ത് .ജെ.എസ് പറയുന്നു.

രോഹിത് വെമുലയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട ദിവസങ്ങളിലെ ഓർമ്മകളാണ്, ഒരു പ്രതിരോധിയുടെ ഡയറിക്കുറിപ്പുകൾ എന്ന ലേഖനത്തിൽ, വാക്കുകളിൽ നിന്ന് ആളിപ്പടരുന്ന പൊള്ളലേൽക്കാതെ വായിച്ചു തീർക്കാൻ കഴിയാത്ത ഈ കുറിപ്പ് രോഹിതിന്റെ മരണം കൊലപാതകം തന്നെയാണ് അടിവരയിടുന്നു.

നേഹൽ അഹമ്മദിന്റെ ' The Country Without Free Speech' ൽ ജെ.എൻ.യു.വിലെ ആവിഷ്കാര സ്വാതന്ത്ര്യനിഷേധത്തിൽ നിന്ന് ആരംഭിക്കുന്ന പ്രശ്നങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ടാഗോർ, അംബേദ്കർ തുടങ്ങിയ പ്രഗൽഭർ പഠിച്ചിറങ്ങിയ പ്രബുദ്ധമായ ഒരു കാമ്പസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചാണ് നേഹലിന്റെ ലേഖനം. അഫ്സൽ ഗുരു പ്രശ്നവും, കനയ്യ കുമാറിന്റെ അറസ്റ്റും തുടർന്നുണ്ടായ വ്യാജവീഡിയോ പ്രചരണവും, ദളിത് വിദ്യാർത്ഥികളുടെ ആത്മഹത്യകളും മുന്നോട്ടുവയ്ക്കുന്ന ഭീതിതമായ സ്വാതന്ത്ര്യ അവകാശ ലംഘനങ്ങളെ നേഹൽ പൊളിച്ചെഴുതുക തന്നെ ചെയ്യുന്നു. പ്രത്യയശാസ്ത്രങ്ങളുടെ ജ്ഞാനനിർമിതിയിൽ പേരുകേട്ട ജെ.എൻ.യു അവശേഷിക്കുന്ന ചോദ്യമിതാണ്. എന്തുകൊണ്ട് ഇത്തരത്തിൽ ഒരു പ്രശ്നം ഉയർന്നുവന്നു? ദേശീയതയും, ദേശീയവിരുദ്ധതയുമെന്ന ചർച്ച ഉയർന്ന് വന്നതെങ്ങനെ? നേഹലിന്റെ ലേഖനം ഉയർത്തുന്ന നിരവധി ചോദ്യങ്ങൾ ഭരണകൂടത്തിനെതിരെയാണ് / ഭരണകൂടത്തിന്റെ പ്രതിലോമ രാഷ്ട്രീയത്തിനെതിരെയാണ്.

ജാതിയുടെ പേരിൽ കൊന്ന് കെട്ടിത്തൂക്കപ്പെടുന്ന ദളിത് ജീവനുകൾക്കുവേണ്ടിയാണ് സീന.ജെ വാദിക്കുന്നത് (Is honour killings a necessitate for cast pride?)

ജെ.എൻ.യുവിലെ പ്രൊഫസ്സറായ പ്രൊഫ. പ്രഭാത് പട്നായിക്-ന്റെ ലേഖനം (The Nationalism

will Disintergrate The Country) വിശകലനംചെയ്യാൻ ശ്രമിക്കുന്നത് ഹിന്ദുത്വത്തിന്റെ മാമൂലുകൾ അടിച്ചേൽപ്പിക്കുന്ന പുതിയ ദേശീയതയുടെ പ്രതിലോമകരമായ അവസ്ഥകളെയാണ്. ഏറ്റവും പ്രകോപനപരവും സത്യസന്ധവുമായ ഭാഷയാണീരചനയുടേത് എന്നതു കൊണ്ടുതന്നെ ഈ ലേഖനം മുന്നോട്ടുവയ്ക്കുന്ന പ്രശ്നങ്ങളെ തള്ളിക്കളയാനാവില്ല. ഹിന്ദുത്വവാദം ദളിതർക്കുമേൽ ചുമത്തുന്ന പീഡനങ്ങളുടെ പശ്ചാത്തലത്തിൽ, കാരണങ്ങളില്ലാതെ രാഷ്ട്രീയ അറസ്റ്റുകളുടെകാലത്ത് ഈ ലേഖനത്തിന് തീർച്ചയായും പ്രസക്തിയുണ്ട്.

റോബിൻ മേസ്നം എഴുതിയ സ്വന്തം ദേശത്ത് വിദേശിയായിപ്പോകുന്നവർ എന്ന രചനയും ഏതാണ്ട് ഈ ആശയങ്ങളെ പിൻതുണക്കുന്നു.

വർത്തമാന ഇന്ത്യയുടെ രാഷ്ട്രീയസാമൂഹ്യ പരിസരത്ത് ജാതി മറ്റൊരു പീഡനമാധ്യമമായി ഉയർന്നുവരുന്നുണ്ട്. ജാതി ഒരു മിത്തല്ല എന്ന് നിഥിൻനാഥ് കെ.എ ഉറക്കെപറയുന്നതിന്റെ രാഷ്ട്രീയ കാരണം ഇതാണ്. അധികാര കൊലപാതകങ്ങൾ (Honors Killing) രാജ്യത്തുടനീളം വീശിയെറിയുന്ന ഹിംസയുടെ വിത്തുകൾ തീർത്തും മനുഷ്യവിരുദ്ധവും ദളിത് വിരുദ്ധവുമാണ് എന്ന് നിഥിൻ തെളിയിക്കുന്നു.

ഉള്ളടക്കം കൈയ്യേൽക്കുന്ന പ്രധാന ആശയങ്ങൾ മേൽപ്പറഞ്ഞവയാണ്. ഇന്ത്യൻ കാമ്പസുകളുടെ എന്നുമാത്രമല്ല, ഇന്ത്യയുടെ സാമൂഹ്യപരിസ്ഥിതിയുടെ മുഴുവൻ അന്തരീക്ഷം ഇത്തരത്തിൽ കലുഷിതമാണെന്നിരിക്കെ, പറയാൻ, പ്രവർത്തിക്കാൻ, ചിന്തിക്കാൻ, പ്രണയിക്കാൻ, ഭയക്കേണ്ടിവരുന്ന അവസ്ഥക്കെതിരെ പ്രതികരിക്കാൻ ഒരു സർവകലാശാല മാഗസിൻ തയ്യാറാവുന്നു എന്നത് ഇന്ത്യൻ സർവകലാശാലകൾ പ്രതിരോധത്തിന്റെ പാതയിലേക്ക് സജ്ജരായിരിക്കുന്നുവെന്നതിന്റെ തെളിവാണ്.

പനിനീർപ്പൂക്കൾ ചുവന്നിരിക്കുന്നു. നിക്കറുകൾക്ക് കാക്കിനിറം. പ്രതിരോധങ്ങളെ അവർ ഭയക്കുന്നു. എന്നിട്ട് പ്രഭുവാഴ്ചയെ സ്വീകരിക്കുന്നു. വയലറ്റുകൾ നീലിച്ചുപോയിരിക്കുന്നു. കുബ്ബൂസുകൾ സ്വാദിഷ്ടമാണ്. അവയെ ഗോമാംസത്തോടൊപ്പം ചേർക്കരുത് അത് രാജ്യദ്രോഹമാണ്. ഞാൻ ഒരുപക്ഷേ കുറച്ചുവരികൾ കൂടിയെഴുതിയേക്കും. യുക്തിയിലും വിമർശനത്തിലുമുറച്ചവരികൾ. പക്ഷെ, വൈകിപ്പോയിരിക്കുന്നു. നീ ചിരിക്കുകയാണ് ഇപ്പോൾ നമ്മൾ രണ്ടുകൂട്ടരും ദേശദ്രോഹികളാണ്.

സാഞ്ചിയ ഡിസൂസയുടെ ഈ കവിത, ഇന്നത്തെ ഇന്ത്യയുടെ പരിഛേദമാകുന്നുണ്ട്. നക്ഷത്രങ്ങളിലേക്ക് പറന്നുയരാൻ ആഗ്രഹിച്ച് മരണത്തിനു കീഴടങ്ങേണ്ടി വന്ന രോഹിത് വെമുല, കാരണങ്ങളില്ലാതെ അറസ്റ്റുചെയ്യപ്പെട്ട കനയ്യകുമാർ ജാതിവിവേചനങ്ങളിൽ കൊന്ന് കെട്ടിത്തൂക്കപ്പെട്ടവർ ശബ്ദമുണ്ടായിട്ടും ഉയർത്താൻ കെല്പില്ലാത്തവർ ദളിതർ, എല്ലാവരേയും അഭിസംബോധന ചെയ്യുന്ന വൈഡർസ്റ്റാന്റ് എഡിറ്റർ അഞ്ജലി. ജി പറയുന്നു.

കാവിവൽകൃത സമൂഹത്തിൽ ഞങ്ങൾ ഒറ്റക്കല്ലെന്നും ഞങ്ങളുടെ എഴുത്തുകളും ആശയങ്ങളും ചർച്ച ചെയ്യപ്പെടാനും അംഗീകരിക്കാനും ചിന്താശേഷി നഷ്ടപ്പെടാത്ത ഒരു സമൂഹം ഇവിടെ നിലനിൽക്കുന്നുണ്ടെന്നും ബോധ്യമായി .

പ്രതിരോധത്തിന്റെ പ്രത്യക്ഷ രാഷ്ട്രീയം പ്രകടിപ്പിച്ച ഈ മാഗസിൻ നിരോധനത്തിനെതിരെ, മാഗസിൻ പ്രവർത്തകർ നടത്തിയ സമരം വിജയിക്കുകയും മാഗസിൻ പുനർവിതരണം ചെയ്യാൻ സാധിക്കുകയും ചെയ്തെങ്കിലും, ജനാധിപത്യരാജ്യത്ത്, ജനാധിപത്യം നിഷേധിക്കപ്പെടുതിനെതിരെയും, ഭരണകൂടത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുക തങ്ങളുടെ അവകാശമാണെന്ന ബോധത്തെ അട്ടിമറിക്കുന്ന ഇടങ്ങളോട് പ്രതിരോധിക്കുവാനുമുള്ള ഊർജ്ജത്തെ നേടിയെടുക്കുന്നതിലേക്കും വൈഡർസ്റ്റാന്റ് വിരൽചൂണ്ടുന്നുണ്ട്.



# എഴുത്തുകാരനും ജനാധ്യപത്യത്തിന്റെ ഭാവിയും

ഒരു നവസൗന്ദര്യാത്മക ഉടമ്പടിയിലേക്ക്

എന്റെ ജീവിതവും ദർശനവും രൂപപ്പെടുത്തിയതിൽ യു.ആർ അനന്തമൂർത്തിക്ക് സുപ്രധാന സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ ആഖ്യാനപാടവത്തോടും വിമർശനാർജ്ജവത്തോടും ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു.അദ്ദേഹം ഒരിക്കലെന്നോട് പറഞ്ഞു. സാമൂഹ്യശാസ്ത്രകാരന്മാരും സാമൂഹികശാസ്ത്ര നിരീക്ഷകരും REGEEM ആണ്. നന്നായി കഥപറയാനറിയത്തവരാണ്. ഇതൊരുദാഹരണം മാത്രംമാണ്.

അദ്ദേഹം അവസാനമെഴുതിയ ഒരു പുസ്തകത്തിൽക്കൂടി അദ്ദേഹത്തിന്റെ അസാധാരണ വിമർശനപാടം നമുക്ക് വ്യക്തമാകുന്നുണ്ട്. സമകാലികതയിലുള്ള എല്ലാ പ്രതിലോമാവസ്ഥകളേയും തിരുത്തിയെഴുതാൻ എഴുത്തുകാരനു കഴിയും എന്ന് അതിലദ്ദേഹം പറയുന്നുണ്ട്.

മോഡിയുടെ ഏകാധിപത്യഭരണത്തിൻ കീഴിൽ തനിക്കു ജീവിക്കാനാകില്ല എന്ന പ്രസ്താവനയിലൂടെ അദ്ദേഹം തന്റെ നിരീക്ഷണങ്ങളുടെയും നിലപാടുകളുടേയും സാധ്യതയ്ക്കു വേണ്ടി വാദിക്കുകയും ചെയ്യുന്നു. അസാമാന്യമായ ആഖ്യാനാത്മകതയുള്ള 120 പേജുള്ള ഈ കൃതി യഥാർത്ഥത്തിൽ ഇന്ത്യൻ ജനാധിപത്യത്തെ നിശിതമായ വിമർശനത്തിനു വിധേയമാക്കുന്ന ഒരു തത്വസംഹിതയാണ്. ഒരേ സമയം കറകളഞ്ഞ ഒരേഴുത്തുകാരനേയും സൂക്ഷ്മദൃഷ്ടിയുള്ള ഒരു വിമർശകനേയും ഈ കൃതിയിൽ കാണാൻ കഴിയും. ഇന്ത്യൻ ജനാധിപത്യത്തെ ഇത്രയേറെ ആഴത്തിൽ വിമർശനവിധേയമാക്കിയ മറ്റേത് എഴുത്തുകാരനുണ്ട് ഇന്ത്യയിൽ എന്നു ഞാൻ അത്ഭുതപ്പെടുന്നു.

ജനാധിപത്യത്തിൽ ഉറച്ചുവിശ്വസിക്കുന്ന ഒരെഴുത്തുകാരൻ ഭാഷയിലൂടെ നേടിയെടുത്ത ആർജ്ജവത്തിന്റെയും വിശ്വാസത്തിന്റെയും സാക്ഷ്യങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. യഥാർത്ഥത്തിൽ ഭാഷയാണ് ജനാധിപത്യത്തിന്റെ അടിത്തറ. ദേശരാഷ്ട്രമെന്ന സങ്കൽപം തന്നെ സ്വതന്ത്രമായ ആഖ്യാനാത്മകതയുടെ, കഥപറച്ചിലിന്റെ ഉദാഹരണമാണ്. അല്ലെങ്കിൽ കഥപറച്ചിൽ ജനാധിപത്യ സങ്കൽപത്തെ അതിന്റെ വിശാലാർത്ഥത്തിൽ ഉൾക്കൊള്ളുന്നു. പക്ഷെ ദേശരാഷ്ട്ര സങ്കൽപത്തിൽ കടന്നുവന്ന ദൗർബല്യമെന്നത് അത് കഥപറച്ചിലിന്റെ എറ്റവും നേരിയ രീതിശാസ്ത്രത്തെ കൈയ്യേറ്റിയെന്നതാണ്. ദേശരാഷ്ട്രങ്ങൾക്ക് കൈമുതലായുള്ളത് ഏറെക്കുറെ അപൂർണ്ണങ്ങളായ കഥകളാണ്. കടംകൊണ്ടകഥകൾ, ഒട്ടിച്ചേർത്ത കഥകൾ....കാരണം ചരിത്രം അവർക്ക് പകർന്നുകൊടുത്തത് കഥപറച്ചിലിന്റെ പരാജയപ്പെട്ട ഓർമകളെയാണ്. പക്ഷെ പുറത്താകലിന്റെയും നിഷ്കാസിതത്വങ്ങളുടേയും അടയാളങ്ങൾ ഒരിക്കലും ഈ കഥകളോട് പൊരുത്തപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

**പാകിസ്ഥാനിലേക്കുള്ള പലായനമെന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ മൂല്യച്യുതിയെക്കുറിക്കുന്ന ഒരു രൂപകം മാത്രമാണ്**

ഇവിടെയാണ് മോഡിഭരണത്തിൻ കീഴിൽ തനിക്ക് ജീവിക്കാനാകില്ല എന്ന അനന്തമൂർത്തിയുടെ പ്രസ്താവനക്ക് സാധ്യതയേറുന്നത്. ഗിരിരാജ് കിഷോർ എന്ന വ്യക്തിയുടെ ഒരു പ്രസതാവന ഈ അവസരത്തിൽ ഓർക്കട്ടെ– യു.ആർ അനന്തമൂർത്തി പാകിസ്ഥാനിലേക്കുള്ള തീവണ്ടിയാകട്ടേയെന്ന് അദ്ദേഹം പറഞ്ഞു.

അങ്ങനെയെങ്കിൽ പ്രതിബദ്ധരായ മുഴുവൻ ഇന്ത്യക്കാരും മൊത്തം അക്കാദമികളും ഇന്ത്യയിൽ നിന്ന് പാകിസ്ഥാനിലേക്ക് തീവണ്ടികയറേണ്ടിവരും. പാകിസ്ഥാനിലേക്കുള്ള പലായനമെന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ മൂല്യച്യുതിയെക്കുറിക്കുന്ന ഒരു രൂപകം മാത്രമാണ് ഇന്ന്.'

ഞാൻ മറ്റൊരുകാര്യം ഓർമിപ്പിക്കുന്നു. എന്റെ പ്രിയപ്പെട്ട ഹീറോ ആയ സദാസ് ഹുസൈൻ മൻറം വിഭജനത്തെക്കുറിച്ച് തീവ്രമായ ചരിത്ര രേഖകൾ അടയാളപ്പെടുത്തിയിട്ടുണ്ട്. ഒപ്പം മൻറം ഒരു നല്ലകഥപറച്ചിൽകാരനായിരുന്നു. വിഭജനവുമായി ബന്ധപ്പെട്ട ഒരു ദുഃഖസത്യം, വിഭജനമെന്നത് ബോംബേ ടാക്കീസുകളിൽ മാത്രം പ്രദർശിപ്പിക്കപ്പെട്ട ഒരു പ്ലേ ആയിരുന്നുവെന്നതാണ്.



ഇന്ത്യയെക്കുറിക്കുന്ന മിത്തുകളിലും കഥകളിലും പുരാവൃത്തങ്ങളിലും ഉള്ള യാഥാർത്ഥ്യം/ ജനയാഥാർത്ഥ്യമായ ഹിന്ദു–ഇസ്ലാമെന്നത് ഇന്ന് ഇന്ത്യയെ നശിപ്പിക്കുന്ന ഒരു ഘടകമായി മാറുകയാണ്. യഥാർത്ഥ ആഖ്യാതാവ് മറഞ്ഞുനിൽക്കുകയാണിന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ.

അരുൺ ജെയ്റ്റിലി പറയുന്നത് ഇതൊരു നിർമ്മാണ അബദ്ധ  മാണെന്നാണ്. ഞാൻ പറയുന്നത് സർഗ്ഗാത്മകതയെന്നത് വ്യത്യസ്തമാണ്. ഇന്ത്യയുടെ സത്തയെ രൂപീകരിച്ചെടുക്കാനുള്ള കൂട്ടായ ഒരു കർത്തവ്യബോധനിർമ്മിതികൂടിയാണത്. പക്ഷെ ആധുനിക ഇന്ത്യ ആഖ്യാതാക്കളെ നിർമ്മിക്കുന്നതിൽ അശ്രദ്ധ കാണിക്കുന്നു.

അക്കാദമിക അവാർഡുകൾ കൂട്ടത്തോടെ തിരിച്ചു കൊടുക്കുകയാണ് നമ്മുടെ എഴുത്തുകാരിന്ന്. വല്ലാത്തൊരു ധൈഷണിക ഉണർവ്വിന്റെ കാലമാണിത്. പക്ഷെ കാവ്യാത്മകമായ ഈ ചലനം രാഷ്ട്രീയത്തിന്റെ വരണ്ട ഗദ്യാത്മകതയിൽ മുടങ്ങിപ്പോവുകയാണ്. ഇത് പ്രതികരിക്കേണ്ട സമയമാണെന്ന് ആളുകൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു.

സുഷമാ സ്വരാജ് ഈ പ്രശ്നത്തെ മറ്റൊരു

**അരുൺ ജെയ്റ്റിലി പറയുന്നത് ഇതൊരു നിർമ്മാണ അബദ്ധമാണെന്നാണ്. ഞാൻ പറയുന്നത് സർഗ്ഗാത്മകതയെന്നത് വ്യത്യസ്തമാണ്. ഇന്ത്യയുടെ സത്തയെ രൂപീകരിച്ചെടുക്കാനുള്ള കൂട്ടായ ഒരു കർത്തവ്യബോധനിർമ്മിതികൂടിയാണത്.**

,

കാഴ്ചപ്പാടിലാണ് കാണുന്നത്. ഈ സമൂഹത്തിന്റെ നൈസർഗികത വിസ്മരിക്കപ്പെട്ടിരിക്കുന്നുവെന്ന് അവർ പറയുന്നുണ്ട്. ഇന്ത്യയിലെ എഴുത്തുകാർ യന്ത്രങ്ങളെപ്പോലുള്ള പ്രചാരകരായി മാറിയിരിക്കുന്നുവെന്നവർ പറയുന്നു.

ഇന്ത്യയിലെ പ്രശസ്തനായ സാമ്പത്തികശാസ്ത്രജ്ഞൻ രാജീവ് പറയുന്നത് സാഹിത്യം സാമ്പത്തികവികസനത്തിന്റെ വ്യാപനമാണ് എന്നാണ്. ജനങ്ങളുടെ ആവശ്യങ്ങളെ പരിഗണിക്കാത്ത സാമ്പത്തികവികസനം നടക്കുമ്പോൾ അവിടെ വികസനം മാത്രമേ നടക്കുന്നുള്ളു എന്നാണദ്ദേഹത്തിന്റെ അഭിപ്രായം.

ചേതൻ ഭഗത് പറയുന്നത് –     ഓ – ഇത് ഇംഗ്ലീഷ് എഴുത്തുകാരുടെ ശ്രമമാണല്ലോ എന്നാണ്. അത് സത്യമല്ല. എല്ലാ ഭാഷകളിലെയും എഴുത്തുകാർ കൂടിചേർന്ന സംഘമാണ് ഈ പ്രതിരോധത്തിൽ ഭാഗഭാക്കുകളാക്കുന്നത്.

യഥാർത്ഥത്തിൽ എഴുത്തുകാരൻ ഒരു നിയമജ്ഞൻ കൂടിയാവണം. എഴുത്തുകാരന് ഭരണഘടനയെ പുനർനിർവചിക്കാനാവണം, എഴുത്തുക്കാരന്റെ പുനർവിചിന്തനങ്ങൾ,ബിംബങ്ങൾ, രൂപകങ്ങൾ ഒക്കെതന്നെ ഭരണഘടയെ പുതുക്കിപ്പണിയാൻ പര്യാപ്തമാണ്. എഴുത്തുകാരൻ ഉൾപ്പെടുന്ന ഭരണഘടനയെ നാമിനിയും ആഴത്തിൽ അറിയേണ്ടിയിരിക്കുന്നു. അത് ശാസ്ത്രീയമാവണം. അതിനുള്ളിൽ ഒരു രീതിശാസ്ത്രവും




രൂപരേഖയുമുണ്ട്. ഇന്ത്യയെ സംബന്ധിക്കുന്ന നൂറുനൂറു സംശയങ്ങൾ വൈവിധ്യത്തെക്കുറിച്ചും (diversity) അതിനെക്കുറിക്കുന്ന സംശയങ്ങളിൽനിന്നുമാണ് സംജാതമാകുന്നത്.

ഭരണഘടനയുടെ ശരീരം രണ്ടു തരത്തിലുണ്ട്. ഒന്ന് നിയമജ്ഞരാൽ നിർമ്മിക്കപ്പെട്ടത് അതിൽ നിയമപരമായ രേഖകൾ നിറഞ്ഞിരിക്കുന്നു. മറ്റൊന്ന് നിരന്തരമുള്ള ഇടപെടലുകളും,ചരിത്രവും വർത്തമാനവും ഭാവിയും ഉൾക്കൊള്ളുന്ന ആഖ്യാനങ്ങളും എഴുത്തുകാരും, സംവാദകരും ഉൾപ്പെട്ട ഭരണഘടനയാണ്.അതിൽ  പലതരത്തിലുള്ള സാന്നിധ്യങ്ങളുണ്ടായിരിക്കും. നേരത്തെ സൂചിപ്പിച്ച സംസ്കാരത്തിന്റെ, ഭാഷയുടെ, ജനതാതിയുടെയൊക്കെ സമഗ്ര ജീവിതമുൾപ്പെടുന്ന ബിംബങ്ങളും, രൂപകങ്ങളും നിലപാടുകളും വിമർശനങ്ങളും ഒക്കെയുണ്ടായിരിക്കും. ഇതിനെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ദേശരാഷ്ട്ര സങ്കൽപ്പത്തിന്റെ പ്രത്യക്ഷ ആഖ്യാനാത്മകത വളരെ ദുർബ്ബലമായിരിക്കും.

> **ഈ അവസരത്തിൽ ജനാധിപത്യത്തെ ശരിയായ അർത്ഥത്തിൽ തിരിച്ചുപിടിക്കാൻ എഴുത്തുകാരന് എന്തുചെയ്യാൻ കഴിയും?  ജനാധിപത്യം അതിന്റെ എല്ലാ അതിരുകൾക്കുള്ളിലൊതുങ്ങാത്തവരെ കൊന്നുകളയുകയാണിന്ന്. എത്ര പേരെയാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തുക?**

ഇന്ത്യ ഏകദേശം പൂർണ്ണസ്വതന്ത്രവും സമാധാനപരവുമാണ്. പക്ഷെ ചരിത്രത്തിൽ/വിഭജനചരിത്രത്തിൽ കോടിക്കണക്കിനാളുകൾ വീടുനഷ്ടപ്പെട്ട് പുറപ്പെട്ടുപോയ കഥയാണുള്ളത്.

ഈ വിഭജനചരിത്രം ഇപ്പോഴും നിലനിൽക്കുന്നു. വിഭജനം സമ്മാനിച്ച നടുക്കങ്ങൾ ഇപ്പോഴും ഗുജറാത്ത് പോലുള്ള രാഷ്ട്രീയ അസഹിഷ്ണുതയുള്ള ഇടങ്ങളിലും കലാപങ്ങളിലും ദുഷിച്ചജനാധിപത്യത്തിലും കാണാം. ഈ അവസരത്തിൽ ജനാധിപത്യത്തെ ശരിയായ അർത്ഥത്തിൽ തിരിച്ചുപിടിക്കാൻ എഴുത്തുകാരന് എന്തുചെയ്യാൻ കഴിയും?  ജനാധിപത്യം അതിന്റെ എല്ലാ അതിരുകൾക്കുള്ളിലൊതുങ്ങാത്തവരെ കൊന്നുകളയുകയാണിന്ന്. എത്രപേരെയാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തുക?

ഭാഷയേയും ദേശത്തെയും കുറിച്ച്, വിഭജനത്തെക്കുറിച്ച് എഴുത്തുകാർ പുനർവിചിന്തനം നടത്തേണ്ടിവരുന്നു. ഇത് എഴുത്തുകാരന്റെ കാലമാണ്. ദുഷിച്ച മോഡി ഭരണത്തിൻ കീഴിൽ ജനാധിപത്യത്തിന്റെ ഏറ്റവും മോശം മുഖം വെളിവാകുന്ന ഇക്കാലത്ത് ഭാഷയെ ഏറ്റെടുക്കുക ആഖ്യാനത്തെ ഏറ്റെടുക്കുക എന്നുള്ള ഉത്തരവാദിത്തം കൂടി എഴുത്തുകാർ ഏറ്റെടുക്കണം.

ഭാഷ ഒരേസമയം ദൃഢവും അയഞ്ഞതുമാണ്. സം




സ്കാരത്തിന്റെ വൈവിധ്യാർത്ഥങ്ങൾ ഉൾക്കൊള്ളാൻ ഭാഷയ്ക്കും സാഹിത്യത്തിനും മാത്രമേ കഴിയൂ. ചരിത്രം മറന്നുപോകുന്ന കഥകളേയും യാഥാർത്ഥ്യങ്ങളേയും എഴുത്തുകാരന്റെ നാവിന് പുറത്തുകൊണ്ടുവരാൻ കഴിയണം. ശാസ്ത്രജ്ഞരും ചരിത്രകാരന്മാരും ഈ യാഥാർത്ഥ്യത്തെ പിൻതുടരുന്നു. വ്യക്തിപരതയിൽ നിന്നുകൊണ്ട് ചരിത്രത്തെ നോക്കിക്കണ്ട് എഴുത്തിലേക്ക് പകർത്തുകയാണ് അയാളെങ്കിൽ അതിൽ, യാഥാർത്ഥ്യത്തിന്റെ തീവ്രതകൾ ഉണ്ടാവും.

എഴുത്തുകാരനും സ്റ്റേജും തമ്മിൽ എന്ത് ഉടമ്പടികളാണുള്ളത്? ഓരോ എഴുത്തുകാരനും അവനവനുവേണ്ടിത്തന്നെയാണ് എഴുതുന്നത്. ആഖ്യാനത്തിന്റെ ഊർജ്ജപ്രസരം അത്തരത്തിൽ ഏകത്തിൽ നിന്ന് ബഹുവചനത്തിലേക്കാണ് സംക്രമിക്കേണ്ടത്. ഭാഷയെ രക്ഷിക്കുമ്പോൾ, പരിസ്ഥിതി സംരക്ഷിക്കപ്പെടുന്നു.ഭാഷയില്ലാത്ത ഭൂമി ശൂന്യമാണ്. ഭാഷനശിക്കുമ്പോൾ എല്ലാരൂപങ്ങളും നശിക്കും. അതാണ് ഇരുപതാം നൂറ്റാണ്ടിൽ സംഭവിച്ചത്. അവിടെ നിന്നാണ് നാം തുടങ്ങേണ്ടത്. ഭാഷയുടെ നാശം എവിടെ തുടങ്ങുന്നുവോ അവിടെ നിന്നാണ് ജനാധിപത്യം നശിക്കുന്നത്. എഴുത്തുകാരനോട് ഒന്നേ പറയാനുള്ളു.. ഇന്ത്യയെ സ്വപ്നം കാണൂ...ഇന്ത്യയെ എഴുതൂ...ഭാഷയുടെ നിലനിൽപ്പിൽ നിന്നാണ് ജനാധിപത്യത്തിന്റെ വിജയം. ജനാധിപത്യബോധനില്ലാത്ത എഴുത്തുകൾ അസാനിധ്യങ്ങളെയാണ് എടുത്തുകാട്ടുന്നത്. ഓരോ വർഷവും 1000ത്തോളം പേർ അപ്രത്യക്ഷരാകുന്നു.

**"**

**ഭാഷ എപ്പോഴാണോ വരമൊഴിയിൽ അധിഷ്ഠിതമാകുന്നത് അവിടെ ഭാഷ നശിക്കുന്നു. അതിന്റെ വാമൊഴി നിലനിൽപ്പ് അസാധുവാകുന്നു.**

അവർ ആഖ്യാനം ചെയ്യപ്പെട്ട ജനാധിപത്യത്തിൽ നിന്ന് മായ്ക്കപ്പെടുന്നു. മനഃപൂർവ്വം ഓർമ്മകൾ മായിച്ചുക്കളയപ്പെടുന്നു. ഇവിടെയാണ് എഴുത്തുകാരന്റെ ഇടം സുപ്രധാനമാകുന്നത്. ഇങ്ങനെ ഓർമ്മകളെ ആഖ്യാനത്തിലൂടെ സൂക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുകയാണ് എഴുത്തുകാരന്റെ ധർമ്മം.

നാം ഒരു വാമൊഴി (Oral) രാജ്യമാണ് ,നാം ഒരു വരമൊഴി രാജ്യംകൂടിയാണ് അതേസമയം നാം ഒരു ഡിജിറ്റൽ രാജ്യവുമാണ്.

ഭാഷ എപ്പോഴാണോ വരമൊഴിയിൽ അധിഷ്ഠിതമാകുന്നത് അവിടെ ഭാഷ നശിക്കുന്നു. അതിന്റെ വാമൊഴി നിലനിൽപ്പ് അസാധുവാകുന്നു. കഥ പറച്ചിലിന്റെ/ വാമൊഴിയുടെ സുദീർഘപാരമ്പര്യം നാം നിലനിർത്തുകയാണ് വേണ്ടത്. അതൊരു വെല്ലുവിളിയുമാണ്. ഭരണഘടന പലതുകളിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ചരിത്രം, ഭാഷ, സംസ്കാരം, വാമൊഴി, മിത്ത് തുടങ്ങിയ പലതുകളിലാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. ഈ പലതുകളിൽത്തന്നെ നിലനിൽക്കുകയും അതിജീവിക്കുകയുമാണ് വേണ്ടത്.

അതേസമയം എഴുത്തുകാരൻ സാമ്പത്തികാധീശത്വങ്ങളെ മറികടന്നുകൊണ്ടെഴുതാൻ പ്രാപ്തനാവുകയും വേണം.അധീശത്വങ്ങളുടെ നിയമങ്ങൾ, സഹനങ്ങൾ, വേദനകൾ ഇവയെ എന്തിന് എഴുത്തുകാരൻ ഒഴിവാക്കണം.

ഇന്ത്യൻ ജനാധി




പത്യത്തിന്റെ ശരീരസങ്കല്പം എന്നത് ഏറെ പ്രശ്നഭരിതമാണ്. ഈ പ്രത്യക്ഷശരീരങ്ങൾ ആഖ്യാനത്തിലേക്ക് കടന്നു വരുന്നു. വേദനയുടെ ഭാഷ മനസ്സിലാകാത്ത, സഹനത്തിന്റെ വേദന മനസ്സിലാക്കാത്ത എഴുത്തുകാരൻ ഉണ്ടാകാൻ പാടില്ല. മറവിയുടെയും ഓർമ്മയുടെയും തുല്യതയുടെയും സ്വാതന്ത്ര്യത്തിന്റെയും പഴമയുടെയും വൈവിധ്യങ്ങളുടെയും ഭാഷ മനസ്സിലാക്കേണ്ടതുണ്ട് എഴുത്തുകാരന്. ആ ഉദ്യമത്തെ തടയാൻ ജനാധിപത്യത്തിന് അധികാരമില്ല.

നിർഭാഗ്യവശാൽ നമ്മുടെ ഭരണഘടനയിൽ കുറച്ചധികം സ്വാതന്ത്ര്യവും തുല്യതയും സൈദ്ധാന്തികമായി ഉൾക്കൊള്ളുന്നുണ്ട്. ഇതാണ് ചൂഷണം ചെയ്യപ്പെടുന്നതും. ഭരണഘടനയുടെ നാവായി എഴുത്തുകാരനുമേൽ വീഴുന്നതും ഇതിന്റെ ഭാഗമാണ്. നിലവിലുള്ള സാഹചര്യത്തിൽ ഇന്ത്യയിൽ വിദ്യാഭ്യാസത്തിന് ഒരുപാട് ചെലവുകളുണ്ട്. റീസൈക്ലിംഗ് അത്യാവശ്യമായ മേഖലയാൽ, ഉപയോഗം, പാഴാകൽ, പുതുക്കൽ എന്നിങ്ങനെയുള്ള റീസൈക്ലിംഗ് ജനാധിപത്യത്തിന്റെ കാര്യത്തിലും നടക്കുന്നു. അപ്പോൾ യഥാർത്ഥ കഥകൾ / വസ്തുതകൾ എവിടെയാണ്? കഥപറയാനറിയുന്നവരുടെ നാവുകൾ കൂട്ടിക്കെട്ടിയിരിക്കുന്നു.കഥയുള്ളവർക്ക് ശബ്ദമുള്ളവർക്ക് കഥപറയാൻ കഥകളില്ലതാനും. 5,80,000 വൈവിധ്യങ്ങളായ ആദിവാസികളും, ജാതികളും വിവിധ സ്വപ്നങ്ങളും കഥകളും ചരിത്രവും മിത്തുകളുമൊക്കെ ഇന്ത്യയിലുണ്ട്..

ഐ. ടി. മേഖലകൾ അറിവും വിവരവും തമ്മിൽ സംയോജിപ്പിച്ചിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യം ഒരു അറിവുൽപ്പാദന ജനാധിപത്യമായാണ് മാറേണ്ടത്.ഒരു ഇൻഫർമേഷൻ ജനാധിപത്യമായല്ല.

**അപ്പോൾ യഥാർത്ഥ കഥകൾ / വസ്തുതകൾ എവിടെയാണ്? കഥപറയാനറിയുന്നവരുടെ നാവുകൾ കൂട്ടിക്കെട്ടിയിരിക്കുന്നു.കഥയുള്ളവർക്ക് ശബ്ദമുള്ളവർക്ക് കഥപറയാൻ കഥകളില്ലതാനും. 5,80,000 വൈവിധ്യങ്ങളായ ആദിവാസികളും, ജാതികളും വിവിധ സ്വപ്നങ്ങളും കഥകളും ചരിത്രവും മിത്തുകളുമൊക്കെ ഇന്ത്യയിലുണ്ട്..**



‘ശരീര’–ഉടൽ രാഷ്ട്രീയത്തിന്റെ
വ്യത്യസ്ത മുഖം



ശരീര ഒരു അവതരണം മാത്രമല്ല ; ചന്ദ്രലേഖ യെന്ന വിഖ്യാത കലാകാരിയുടെ ഒരു സൃഷ്ടി മാത്രമല്ല , സ്ത്രൈണ ഊർജ്ജത്തിന്റെ നിറവും , മിഴിയും പ്രസരിക്കുന്ന മറ്റൊരു സൂര്യ മണ്ഡ ലഭ്യുതിയാണത്.ഓരോ മനുഷ്യന്റെ ആന്തരികത യിലും ഒളിഞ്ഞിരിക്കുന്ന സ്ത്രൈണ ബോധത്തെ പുറത്തെടുക്കും വിധം ഉടലിനെ പൊളിച്ചെഴു തുന്ന ഒരു കലാസൃഷ്ടിയാണിത്. ഇവിടെ ശരീരം നിരന്തര പരിണാമിയായ ഒരു മാധ്യമം മാത്രമാ കുന്നു. ലോകത്തെ അറിയുന്നതിൽ അവളുടെ അതും കുതിക്കുകയും , പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഇടങ്ങളുടെ പ്രത്യക്ഷീകരണമാണ് ബാഹ്യശരീരത്തിനപ്പുറത്തേക്കു സംവദിക്കുന്ന ആന്തരിക ശരീരമാണ് ശരീര യിലെ കർതൃത്വ ഇടം . ലൈംഗികത,,ബോധപരത, ആത്മീയത,നി ലനിൽപ്പ് ,അതിരുകളില്ലാത്ത ഉടൽ അവബോധ ങ്ങൾ , അതിരുകൾ ,അതിർത്തികൾ എന്നിവയെ ആഘോഷിക്കുന്ന ജൈവശരീരത്തെയാണ് ശരീര അരങ്ങിലേക്ക് ചേർത്ത് നിർത്തുന്നത്.ചൈനയിലെ ചന്ദ്രലേഖ സംഘമാണ് ശരീര അവതരിപ്പിക്കുന്നത്.

ചിലപ്പോൾ ജലത്താൽ മൂടപ്പെട്ട് ചിലപ്പോൾ അഗ്നിയാൽ മൂടപ്പെട്ട് , ചിലപ്പോൾ വായുവോ ളം കനം കുറഞ്ഞ് , ഉടൽ അങ്ങനെയാണ് , ഭൂമിയോട് സംവദിക്കുക, മണ്ണിനോട് വാക്കുകൾ കൊണ്ട് കോർക്കുക . ഉടലിൽ നിന്ന് പ്രസരി ക്കുന്ന ഊർജ്ജമാണ് മണ്ണിനെ നനക്കുന്നത്, മുളയെ തളിർപ്പിക്കുന്നത്. അതും സ്ത്രീ ശരീരത്തി ന്റെ നിഗൂഢ സ്പർശങ്ങൾ , സ്വപ്നങ്ങൾ, കൊടും കാറ്റുകൾ, പെരുമഴകൾ. അരങ്ങിൽ ചിലപ്പോൾ പൂവ്, പൂമ്പാറ്റ, പുഴ മറ്റു ചിലപ്പോൾ ശിവജയിലെ ഗംഗ .

ഗംഗയുടെ ഒതുക്കിവെച്ച കുതിപ്പുകൾ സ്ത്രീയുടെ ഊർജ്ജ പ്രവാഹിനിയിൽ നിന്ന് പ്രപഞ്ചത്തിലേക്കു പടരുന്നു. അപ്പോൾ ജീവനും ,ഹിംസയും, അഹിംസയും ഒന്നായിച്ചേരുന്നു. ശിവൻ , ശക്തിയെന്ന ആരോ ഹണവരോഹണക്രമഭംഗം സ്ത്രീയുടെ ഈ ഉയിർപ്പിനെ ഔന്നത്യത്തിലെത്തിക്കുന്നു.

ശരീരം അത്തരത്തി ലാണ് ഉടൽ അഘോഷങ്ങളുടെ അരങ്ങാവുന്നത്. ചോരപ്പുഴ കളിൽ ചവിട്ടി നിന്നുകൊണ്ട് സമാധാനത്തെക്കുറിച്ച് പറയാൻ നമുക്കവകാശമില്ലാത്തകാലത്ത് ഉടൽ കൊണ്ടുതന്നെ ഉടലിനെ ക്കുറിച്ച്/പെണ്ണുടലിന്റെ കരു ത്തിനെക്കുറിച്ച് ആവർത്തിച്ചു പറയുന്നു ശരീര.



# കറ



ഓർമ്മകൾ വാശിപിടിച്ച് കൈയ്യും കാലും നിലത്തിട്ടടിച്ചു. കടിച്ചു തിന്നാൻ തോന്നുന്നത്രയും വാത്സല്യത്തോടെ തൊട്ടാൽ ചോരപൊട്ടുന്നൊരോർമ്മയെ എടുത്ത് മടിയിൽ വെച്ചു.

പോന്തക്കൻ ചെരിപ്പ്, വാടകവീട്, ജീവിതത്തിന്റെ മണം, സോപ്പുപൊടിയുടെ മണം, ചിതറിക്കിടക്കുന്ന ബാലവാടി ഉപ്പുമാവ് – പതിവുകൾ നിഷ്ഠയോടെ ആവർത്തിക്കുന്നു. അടുക്കള വാതിലിന് പുറത്തുകടന്നപ്പോൾ അപ്പുറത്തെ വീട്ടുകാർ സംസാരിക്കുന്നതു കേട്ടു.

ഒരൊത്ത മനുഷ്യനല്ലേ, കുടിച്ചാൽ തീരെ പിടിച്ചാക്കിട്ടില്ല. ആ പെണ്ണാണെങ്കില് ഒരു പുഴൂനെപ്പോലെണ്ട്. അതിനെക്കൊണ്ടൊന്നിനും കഴിയില്ല. അനുഭവിക്കെന്നെ. പാവം.

ആരോ ആരുടെയോ കാര്യങ്ങൾ പറയുന്നതുപോലെ അവൾക്കുതോന്നി. തന്നോടൊട്ടും അടുപ്പമില്ലാത്ത കാര്യങ്ങൾപോലെ. ചില കാര്യങ്ങൾക്കുനേരെ അവൾ കണ്ണടച്ചുപിടിക്കും. എന്നിട്ടത് മനസ്സിൽ കാണാൻ ശ്രമിക്കും. അടികളെയും അലർച്ചകളേയും വെറുത്തുകൊണ്ട് പുതപ്പിനുള്ളിൽ കിടന്ന് അവയുടെ മുഖത്തേയ്ക്ക് പ്രതിഷേധാർത്ഥം തുപ്പിയിരുന്നു. അനിയനെക്കാണാനുള്ള കൊതികൊണ്ട് അച്ഛന്റെ കൂടെ പോയതാണ്.

അമ്മയെക്കാണാഞ്ഞിട്ട് എത്ര ദിവസങ്ങളിൽ ആരും കാണാതെ പുതപ്പിനോട് സ്വകാര്യം പറഞ്ഞ് കരഞ്ഞിരിക്കുന്നു ?

ചേച്ചീ ഓടിവാ ചോര

ഓടിച്ചെന്നപ്പോൾ ചോരപുരണ്ട അവന്റെ കൈകൾ വിറയ്ക്കുന്നു. അനക്കമില്ലാത്ത അമ്മയുടെ ശരീരം അവർ പ്രയാസപ്പെട്ട് മലർത്തിക്കിടത്തി. ഒരു വശം മുഴുവൻ രണ്ടു നിറങ്ങളിലുള്ള ചോര. ഇളം കാറ്റ് തലമുടിയിൽ

ഒട്ടിപ്പിടിച്ച ചോര ഉണങ്ങി പൊടിയായിമാറിയോ എന്നവൾക്ക് കൈ വിരലുകൾ കൂട്ടി ഉരസിനോക്കുമ്പോൾ സംശയം തോന്നി.

നിശബ്ദതയിൽ അനിയന്റെ തേങ്ങലും അവന്റെയും തന്റെയും ഹൃദയമിടിപ്പും അവൾക്ക് കേൾക്കാമായിരുന്നു. അവർ ഓടിപ്പോയി. മുത്തച്ഛനെ വിളിച്ചുകൊണ്ടു വന്നു. അപ്പുറത്തെ താമസക്കാരും വന്നു നോക്കി. കണ്ടുനിന്നവർക്ക് ഒരു ഭാഗം തരിച്ചുപോയിരിക്കണം. കുറ്റപ്പെടുത്തുന്ന കണ്ണുകളോടെ പല സ്ത്രീകളും മുത്തച്ഛനെ നോക്കി. മുത്തച്ഛൻ കൊണ്ടുവന്ന ഓട്ടോറിക്ഷയിൽ നീലിച്ച അമ്മയെ കയറ്റിക്കൊണ്ടുപോയി. കാലിൽ നീരുള്ള അമ്മമ്മ ഒരു ബക്കറ്റ് വെള്ളവുമായി വന്ന് ചോരപ്പാടുകളും മൂത്രനാറ്റവും പോക്കി. അന്നു ഫിനോയിൽ കൈയ്യിൽ കിട്ടാത്ത അമ്മമ്മ സോപ്പുപൊടി കലക്കി നിലംതുടച്ചു. നല്ല മണമുള്ള സോപ്പുപൊടി.

മുറിയുടെ ഒരു ഭാഗത്ത് ഒ ആർ എസ്സ് പൊടിയുടെ കവർ പൊട്ടിക്കിടക്കുന്നുണ്ട്. അടുപ്പിൽ ഊതാനുള്ള ഇരുമ്പിന്റെ കുഴൽ ചുമരരുകിൽ കിടക്കുന്നു. പിന്നീട് ആരും കാണാതെ അവളാ കുഴലെടുത്ത് കനാലിലേക്കെറിഞ്ഞു. ചുമരിലെ സ്റ്റാൻഡിൽ വെച്ചിരുന്ന റേഷൻകാർഡ് കൈയ്യിലെടുത്തുകൊണ്ട് അമ്മമ്മ വാതിലടച്ചിറങ്ങി.

വായോ രണ്ടാക്കും പല്ല് തേക്കണ്ടേ? അവർ കൂടെ നടന്നു.

ഒരു മായാത്ത ചോരക്കറയായി രാത്രിയെക്കുറിച്ചുള്ള ഭയം അവളുടെ മനസ്സിൽ നിന്നിരുന്നുവെങ്കിലും അവൾ അനിയന്റെ കൂടെ സോപ്പുപൊടി പതപ്പിച്ച് കളിച്ചു. കുമിളകളുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ച് കളിച്ചു. ആ സോപ്പുപൊടിയുടെ മണം അവരുടെ മനസ്സിന്റെ ആൽബത്തിൽ സ്ഥാനം പിടിച്ചു. കനത്തകാലടികളും കൈയ്യൂക്കും ഉള്ള അസ്വസ്ഥത തുടരെത്തുടരെ ഉണ്ടായിരുന്നെങ്കിലും മുത്തച്ഛന്റെ ചായപ്പീടികയ്ക്ക് പിന്നിലെ ഒറ്റ മുറിയുടെ മുക്കിലും മൂലയിലും അവൾ സമാധാനം തേടി.

ഒരു കാറ്റിനുപോലും ഉലയ്ക്കാവുന്ന അമ്മ പൂവിൽ ചവിട്ടുന്ന ശ്രദ്ധയോടെ ഓരോ ചുവടും വെച്ചും അമ്മയുടെ മണം മാറ്റാനുള്ള ശ്രമങ്ങളായിരുന്നു പിന്നീട്. സെന്റ് കുപ്പികൾ കുടഞ്ഞ് കാലിയാക്കി. കൂറ ഗുളികകൾ അമ്മയുടെ കുപ്പായങ്ങൾക്കിടയിലേക്ക് തിരുകിവെച്ചു. കണ്ണു മിഴിക്കാൻ കഴിയാത്ത അമ്മ ഉറങ്ങുന്ന അനിയനെ തപ്പിനോക്കി. അവനെ തഴുകുന്നതു കാണാൻ കഴിയാതെ അവൾ തല വെട്ടിച്ചു നടന്നു.

അങ്ങനെ അമ്മമ്മ തിരുമ്പിയിട്ട തുണികൾ വൈകിട്ട് പെറുക്കിയെടുക്കുമ്പോൾ വെയിലിന്റെ മണത്തിനൊപ്പം ആ പഴയ ഗന്ധവും അവൾക്ക് കിട്ടി. മുത്തച്ഛന്റെ ലുങ്കിയുടെ ഒരു കഷണത്തിൽ നിന്നുമായിരുന്നു. ഉടനെ അതിൽ കൂറ ഗുളിക തിരുകിവെക്കണം. പലവട്ടം വാസനിച്ചു നോക്കിയ മണം പിന്നീട് കാലങ്ങൾക്കുശേഷം എത്രയോ ലുങ്കിക്കഷണങ്ങളിലേക്ക് പകർന്നിരിക്കുന്നു. തുണിയും കൊണ്ട് അകത്തേക്കോടുമ്പോൾ അമ്മമ്മ തടഞ്ഞു.

അയ്, ആ തുണി അവടെ കൊണ്ടോയ് അമ്മടേല് കൊടുക്കൂ കുട്ടീ. എന്ന്ട്ട് ബാക്കി ള്ളതൊക്കെ എട്ത്ത്ട്ട് വരൂ.

ഞാനതില് കൂറ ഗുളിക പൊതിഞ്ഞു വെക്കാമ്പോവ്വാ. വല്ലാത്ത നാറ്റണ്ട്.

കണ്ണുരുട്ടി വന്ന അമ്മമ്മ വായപൊത്തിപ്പിടിച്ചു.

അതൊന്നും പാടില്ല. നീയിത് മണത്തും നോക്കിയോ? ഇവ്ടെ കൊണ്ടാ.

ഇല്ല അമ്മമ്മേ, ഈ നാറ്റം വേണ്ട.

മ്മക്ക് ഇത് മാറ്റാം.

തരൂ കുട്ടീ.

അമ്മമ്മ പിടിച്ചെടുക്കാൻ നോക്കിയപ്പോൾ അവളുടെ കൈകൾ തുണി അടുപ്പിലേക്കെറിഞ്ഞു. ഹോട്ടലിലെ വലിയ ചോറ്റിൻ കലത്തിനടിയിൽ അത് പുകഞ്ഞു.

ഈ പെണ്ണൊരു തല്ല് കൊള്ള്വാ. കുരുത്തം കെട്ടത്. ഇനീപ്പൊ ഞാൻ വേറൊരു കഷണം മുറിച്ച്ണ്ടാക്കണം.

വർഷങ്ങൾക്കു ശേഷവും അമ്മമ്മ തന്നെ തുണികീറി. അന്ന് പലവട്ടം അമ്മയെ മണത്തുനോക്കിയിരുന്നു. തനിക്കും ഹോസ്റ്റലിന്റെ പല മൂലകൾക്കും അതേ മണം. എല്ലാവരും കസ്തൂരിമാനുകൾ.

അവളിൽ മണങ്ങളിലൂടെ ജീവിക്കുന്ന ഓർമ്മകളാണ്. ഓർമ്മകൾ ഓരോ മണചക്രങ്ങളായി അവൾക്കു ചുറ്റും കറങ്ങി, അവളെ കറക്കി.

ദീർഘ നെടുവീർപ്പോടെ അടിവയറ്റിലെ പ്രളയത്തിലേക്ക് കൈയ്യൂന്നി. പ്രളയം അടിവസ്ത്രം കടന്ന് ചുരിദാറിന്റെ പാന്റിൽ അടയാളപ്പെട്ടു.

എത്ര നീലമഷിയൊഴിച്ചാലും ഈർപ്പത്തെ വലിച്ചെടുക്കുന്ന സാനിറ്ററി നാപ്കിൻ എവിടെവെച്ചെന്നോർമ്മയില്ലാതെ മണം പിടിച്ച് തിരഞ്ഞുപോയി. പരസ്യത്തിൽ കാണിക്കാൻ കഴിയാത്ത നീലമഷിയ്ക്കപ്പുറത്തെ വിമ്മിട്ടങ്ങൾ...............





നട്ടുവളർത്തി,
വെട്ടിയൊതുക്കിയ ചില പോഷ് ചെടികൾ,
ഇന്റർലോക്കിലെ വിടവിൽ
വെയിലേറ്റ് കുരുത്ത
കാട്ടുചെടികളെ ചൂണ്ടിയാണ് പരാതിപ്പെട്ടത്

# വിലക്കുകളുടെ താക്കോൽ



ആ ഒറ്റപ്പെട്ട കെട്ടിടം ചാരായഷാപ്പാണെന്ന് പറഞ്ഞത് തലേദിവസം ചായക്കടയിൽ വച്ച് പരിചയപ്പെട്ട വികാരിയച്ചൻ ആയിരുന്നു

തന്നോട് ഞാൻ പറഞ്ഞില്ലെടൊ
ഉള്ള കുരിശൊക്കെ ഈ ഭൂമിയിൽ ഇട്ടേച്ചാണ് കർത്താവ് തമ്പുരാൻ മേലേക്ക്പോയതെന്ന്, ബാക്കിയുള്ള കുരിശുകളാണ് ആ പുഴക്കരയിൽ നിൽക്കുന്നത് .

ചാരായം നിരോധിച്ചത് അറിയാൻ മേലാഞ്ഞിട്ടല്ല അവന്മാർക്ക്. പോലീസും എക്സൈസും കണ്ണടച്ചു പിന്നെ അവർക്കെന്ത് നോക്കാൻ. ദൈവം സഹായിച്ച് അവിടത്തെ ചാരായം കുടിച്ച് ഇന്നേവരെ ഒരുത്തന്റെം കണ്ണും മൂക്കും പോയിട്ടില്ല.

അച്ചൻ കുരിശുമാല മുറുകെപ്പിടിച്ചുകൊണ്ട് അയാളുടെ മുഖത്തേക്ക് നോക്കി. ഇടയിലെപ്പ ഴെ അലക്ഷ്യമായി കിടക്കുന്ന വെളുത്ത മുടി നാരുകളെ താഴോട്ടേക്ക് അച്ചൻ കോതിയൊതു ക്കുന്നത് അയാൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

അല്ലച്ചോ , എന്റെ അറിവിൽ എക്സൈസു കാർക്ക് നാളിതുവരെയായി നാട്ടുക്കാരുടെ തായ ഒരു പരാതിയും വന്നിട്ടില്ല. പട്ടാപ്പകൽ നടക്കുന്ന ഈ കച്ചവടത്തെക്കുറിച്ച് പുറം നാട്ടു കാരനായ ഞാൻ തന്നെ അറിയുന്നത് ഇന്നിപ്പോ അച്ചൻ പറയുമ്പോഴാണ് . അയാൾ പറഞ്ഞു തീർക്കുന്നതിന് മുമ്പേ അച്ചൻ പറഞ്ഞു തുടങ്ങി.

എടൊ, പറയാനുള്ളത് ഞാൻ പറഞ്ഞു. നാട്ടുക്കാർക്ക് ഇല്ലാത്ത പരാതി എനിക്കും ഇല്ല. തീർന്നല്ലൊ. നമുക്കീ വിഷയം ഇവിടെ വച്ച് നിർത്താം. താനും ഇതിൽ ഇടപെട്ട് വെറുതെ തടി കേടാക്കണ്ട. വെള്ളച്ചാട്ടം കാണാൻ വന്ന താന്നല്ലെ പറഞ്ഞത്. അതും കണ്ടേച്ച് പെട്ടെന്ന് സ്ഥലം വിട്ടൊ.

ചായകടയിലെ മറ്റുള്ളവർ അവരുടെ സംഭാഷ ണം ശ്രദ്ധിക്കാൻ തുങ്ങിയതു കൊണ്ടാവണം അച്ചൻ പതിയെ എണീറ്റ് നിന്നു.

തന്റെ പേരെന്തെന്നാ പറഞ്ഞത്. ഡേവിസോ, ലൂ യിസോ , അങ്ങനെ എന്തോ അല്ലേ ?

സമയം കിട്ടുമ്പോ പള്ളിലോട്ട് വരണം. അച്ചന് മറുപടി നൽകാതെ അയാൾ പതുക്കെ എഴു നേറ്റ് പുറത്തേക്ക് നടക്കാൻ തുടങ്ങി. വെളുത്ത നിറമുള്ള നീണ്ട മുടിയിഴയുടെ ഇടയിലൂടെ വികാരിയച്ചന് വലത് ചെവിയില്ലെന്ന കാര്യം അയാൾ തിരിച്ചറിഞ്ഞത്. താൻ സംസാരിക്കുന്ന നേരത്ത് ഇടതുഭാഗത്ത് ചെരിഞ്ഞിരുന്നു തന്നെ കേൾക്കുന്നുണ്ടായിരുന്നു അയാൾ.

ലോഡ്ജ് മുറി തുറന്ന് അകത്തേക്ക് കയറിയ അയാൾ തോൾ സഞ്ചിയിലുണ്ടായിരുന്ന പാക്ക റ്റിൽ നിന്നും ഒരു സിഗരറ്റെടുത്ത് കത്തിച്ച് ജനാ ലയ്ക്ക് അരികിലുള്ള കസേരയിൽ ഇരുന്നു. നേരം സന്ധ്യയോടടുത്തു. രണ്ടു ദിവസമായി വലിച്ചു തീർത്ത സിഗരറ്റുകൾ കുമ്പാരമായി, മുറിക്കുള്ളിൽ. താനൊരു ചെയിൻ സ്മോ ക്കറായി മാറിയിരിക്കുന്നു. കട്ടിലിൽ മലർന്ന് കിടന്ന് കറങ്ങിക്കൊണ്ടിരിക്കുന്ന തുരുമ്പെടുത്ത ഫാനിലേക്ക് നോക്കിയിരിക്കുമ്പോഴും അയാളു ടെ കാഴ്ചകൾ പുഴക്കരയിലുള്ള ചാരായഷാ പ്പിലും , ഒരു ചെവിയില്ലാത്ത വികാരിയച്ചനിലും വ്യാപിച്ചുകൊണ്ടിരുന്നു.കണ്ണുകളിറുക്കെയടച്ച് ഉറങ്ങാൻ ശ്രമിച്ചെങ്കിലും അയാൾക്കതിന് കഴിഞ്ഞില്ല അപരിചിതമായ ശബ്ദങ്ങൾ, പൂർത്തിയാക്കാത്ത സംഭാഷണങ്ങൾ അയാ ളെ വേട്ടയാടുന്നതായി തോന്നി. എണീറ്റിരുന്നു ചുവരിൽ തൂക്കിയിട്ടിരുന്ന കണ്ണാടിയിലേക്കും , കലണ്ടറിലേക്കും അയാളുടെ കണ്ണുകൾ മാറി മാറി പതിഞ്ഞു. ഈ വരുന്ന ഡിസംബർ 13 ന് തനിക്ക് മുപ്പത്തിമൂന്ന് വയസ് തികയാൻ പോകുന്നു. നരച്ചകുറ്റിത്താടി തടവികൊണ്ട് അയാൾ തോൾസഞ്ചിയിൽ നിന്ന് തലേന്നത്തെ പാതിതീർന്ന വോഡ്കയുടെ കുപ്പിയിൽ നിന്ന് രണ്ട് പെഗ് കഴിച്ചതിനു ശേഷം ഒരു സിഗരറ്റിനു കൂടി തീ പിടിപ്പിച്ചു.

രാത്രിയിലെ അത്രസുഖകരമല്ലാത്ത ഉറ ക്കത്തിനു ശേഷമാണ് ചാരായഷാപ്പിലേക്കുള്ള വഴിയിൽ അയാൾ എത്തിനിൽക്കുന്നത്. സമയം ഉച്ചയോടടുക്കുന്നു. രാവിലെ ഒരു കട്ടൻചായ മാത്രം കുടിച്ചതുകൊണ്ടാകണം ചായകടക്കാരൻ അയാളെ കണ്ടതായി ഭാവി ച്ചില്ല. അല്ലങ്കിൽത്തന്നെ ടൗണിൽ നിന്നും ഏറെ ദൂരെ കിടക്കണ ഈ കവലയിൽ ആര് വരാനാ ണ്. പള്ളിയും അതിനോട് ചേർന്ന് കിടക്കുന്ന എൽ.പി സ്കൂളും അവിടുന്ന് ഒരു നൂറു മീറ്റർ മാറി ഒരു ബാർബർഷോപ്പും റേഷൻ കടയും. അതിനുപുറകിലായി ഒരു ചായക്കടയും. സ്ഥല ത്തിന്റെ ഭൗതികാന്തരീക്ഷം ഇതാണ്. പത്തുകി ലോമീറ്റർ അപ്പുറത്തുള്ള വെള്ളച്ചാട്ടം. ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ മുന്നിൽക്കണ്ടാണ് ചായക്കടയു ടെ പുറകിൽ നാലു മുറികളുള്ള ഡിവൈൻ ലോഡ്ജ് തുടങ്ങുന്നത്.

കുറെ നേരായല്ലൊ സാറെ ഈടെ നിക്കാൻ തൊടങ്ങീറ്റ്. ഷാപ്പിലേക്കാണെൽ അന്റെ കൂടെ

പോരീ. ഈട്ന്ന് കുറച്ച് നടന്നാമതി.

തന്റെ മുന്നിൽ നിന്ന് സംസാരിക്കുന്ന പൊക്കം കുറഞ്ഞ മനുഷ്യനോട് അയാൾ ഒന്നിരുത്തി മൂളി . താഴേക്ക് നോക്കിയാൽ ചെളിനിറമുള്ള വെള്ളം ഒഴുകികൊണ്ടിരിക്കുന്ന പുഴ. കാൽവ ഴുതിയാൽ നേരെ പുഴയുടെ ആഴങ്ങളിൽ. ഈ മനുഷ്യൻ എത്ര വേഗത്തിലാണ് നടക്കുന്നത്.

സാറെ , ഈടത്തെ സാധനം സെയമ്പനാ. അടിച്ചോർക്കൊക്കെ നല്ല അഭിപ്രായാ. ഈ പരിസരത്തൊന്നും ഇത്രേം സ്ട്രോംങ് സാധനം വേറെ കിട്ടൂല. രാവിലെ അടിച്ചാ ഉച്ച ആവണ വരേക്കും ഈന്റെ ചട് തണിയൂല . ബീവറേജി ന്റെ ക്യൂവും കാത്ത് നിക്കേം വേണ്ട, വിലയും കമ്മിയാ. അയാൾ സംസാരം തുടർന്നു. തന്റെ ജോലി എന്താ? കുള്ളനോട് എന്തേലും സംസാ രിക്കണമല്ലോ എന്നോർത്തുകൊണ്ട് അയാൾ ചോദിച്ചു.

ഇന്നത്തെ പണി, പീടികേന്റെ അടുത്ത് ബസറ ങ്ങണ ആൾക്കാരിൽ ആവശ്യക്കാരെ കണ്ടറി ഞ്ഞ് ഇങ്ങോട്ട് കൂട്ടിക്കൊണ്ടരണം കുറച്ച് ചില്ലറ തടയും. അത് മതി അനക്ക് ജീവിക്കാൻ

പേര്?

പ്രേമൻ, നടത്തത്തിന് വേഗത കൂട്ടിക്കൊണ്ട് അയാൾ പറഞ്ഞു നല്ല പേരാണ്. പക്ഷെ അയാ ളുമായി ഒരു പുലബന്ധവും ആ, പേരിനില്ലെന്ന് തോന്നി. പേര് കൊണ്ട് അയാളെ അടയാളപ്പെ ടുത്താൻ കഴിയില്ല. പേരുകളെക്കുറിച്ച് അയാൾ ചിന്തിച്ചു തുടങ്ങി. ആത്മാവിനെ പിൻതുടരുന്ന നിഴലുകളാണ് ഓരോ പേരും. പേരുകളുടെ ആവർത്തനം കൊണ്ട് ഒരാളിൽ നിന്ന് മറ്റൊ രാളിലൂടെ അവ ജീവിക്കുന്നു പേരിന്റെ കൂടെ അപ്പന്റെ പേര്, തറവാട്ട്പേര്, കെ.എന്നും പി എന്നുള്ള ഇനിഷ്യലുകൾ. നായർ, നമ്പൂതിരി എന്നുള്ള സമുദായത്തിന്റെ വാലുകൾ. തന്റെ പേരിന്റെ കൂടെ ഈ പറേണ ഒന്നും തന്നെയില്ല. ആവർത്തിക്കാനും ഇടയില്ലാത്തതാണീ പേര്.

യൂദാസ്!



30 വെള്ളിക്കാശിന് ക്രിസ്തുവിന് ഒറ്റിക്കൊ ടുത്ത കഴുവേറിയുടെ പേരാണല്ലൊ നിനക്ക് നിന്റെ അപ്പൻ ചാർത്തി തന്നത്. കോടാനുകോ ടി പേരുകളുണ്ടായിട്ടും ക്രിസ്തുവിനെ ചതി ച്ചവന്റെ പേര് നിനക്ക്. സ്കൂൾ കാലം തൊട്ട് ഇങ്ങോട്ട് കേൾക്കുന്ന ആക്ഷേപങ്ങളുടെ അടിസ്ഥാനം ഇതായിരുന്നു. അതിനു മറുപ ടിയെന്നോണം പ്രിൻസിപ്പൽ ക്ലാസ്സിൽ വന്നു. മക്കളെ യൂദാസ് കുറ്റക്കാരനല്ല. എന്തെന്നാൽ ദൈവവിധി അവനെക്കൊണ്ടത് ചെയ്യിക്കയാ



യിരുന്നു. യേശു കുരിശിലേറാൻ യൂദാസ് ഒരു നിയോഗമായിയെന്നു മാത്രം. അതുകൊണ്ടാരും നമ്മുടെ യൂദാസിനെ കളിയാക്കരുത്.

അപ്പനിട്ട പേര് ഗസറ്റിൽ കൊടുത്ത് മാറ്റാമായിരുന്നിട്ടും ആ പേര് അങ്ങനെ തന്നെ ഇരുന്നോട്ടെ എന്നയാൾ കരുതി. പേരിനെക്കുറിച്ച് ചോദിക്കാനുള്ള പ്രാപ്തിയാവുന്നതിനു മുന്നേ അപ്പൻ പോയി. തക്ക മറുപടി തരാനുള്ള കെൽപ്പൊന്നും അമ്മച്ചിക്കില്ലായിരുന്നു. വിശ്വാസികളുടെ

പരിഭവത്തിന് ചെവി കൊടുക്കാതെ , കല്ലേറു കൊള്ളാതെ കേരളത്തിലിതാ യൂദാസിനും , യൂദാശ്ലീഹയ്ക്കും ശേഷം പിറന്ന യൂദാസ് തൂങ്ങിച്ചാവാൻ പോലും മുതിരാതെ മുപ്പത്തിമൂന്നാം വയസ്സിന്റെ കോണിപ്പടിമേൽ എത്തിനിൽക്കുന്നു.

അകത്തേക്ക് കയറിയിരിക്കാം

കെട്ടിടത്തിന്റെ ഉള്ളിൽ നിന്നും ഒരു സ്ത്രീശബ്ദം തന്നെ ക്ഷണിക്കുന്നു. കൂടെയുണ്ടായിരുന്ന പ്രേമനെ കാണാനുമില്ല . വരാന്തയിലൂടെ അകത്തേക്ക് കയറിയാൽ ചെറിയൊരു ഹാൾ , തൊട്ടടുത്ത് അടുക്കളയെന്ന് തോന്നിക്കുന്ന ഒരു മുറി . മൂലകളിൽ അങ്ങിങ്ങായി രണ്ട് ബെഞ്ചുകൾ . നിറം മങ്ങിയ കോറത്തുണി വിരിച്ച ഒരു ഡസ്ക്. കുരിശിലേറ്റിയ കർത്താവിന്റെ പൊടിപിടിച്ച രൂപം ചുവരിൽ തൂങ്ങിയാടി. നിലത്ത് പ്ലാസ്റ്റിക്ക് കുപ്പികൾ , മടക്കിവച്ചിരിക്കുന്ന പായ . നാടൻചാരായത്തിന്റെയും പാകമായിക്കൊണ്ടിരിക്കുന്ന ഇറച്ചിയുടെ മണം മുറിയാകെ നിറയുന്നു.

സാറിന് ഒരു ഇരുന്നൂറ് ആവാലെ. നല്ല പോർക്കും ഉണ്ട്.

അയാൾ ഒന്ന് മൂളി.

അടുക്കളയിൽ നിന്നുകേട്ട സ്ത്രീശബ്ദം കൈയ്യിൽ ഗ്ലാസും , ചാരായക്കുപ്പിയുമായി പ്രവേശിച്ചു. കാഴ്ച്ചയിൽ സുന്ദരി. ഒരു മധ്യവയസ്ക. ഇളം നിറമുള്ള നൈറ്റിയാണ് വേഷം. കഴുത്തിൽ കനം കുറഞ്ഞ സ്വർണ്ണമാലയല്ലാതെ മറ്റാഭരണങ്ങൾ ഒന്നുമില്ല. ഗ്ലാസിലേക്ക് പകർന്ന ദ്രാവകം വായിലേക്കൊഴിച്ച് ഒരു കഷണം പന്നിയിറച്ചി ചവച്ചിറക്കാൻ തുടങ്ങിയിരുന്നു അയാൾ. കാന്താരിമുളകിന്റെയും കുരുമുളകിന്റെയും എരിയാണ് ഹൈലൈറ്റ്. ശരിക്കും തീദ്രാവകം തന്നെ. ചാരായമിറങ്ങിയപ്പോയ വഴികളെല്ലാം കത്തിചാമ്പലായതുപോലെ. ബാക്കിയുണ്ടായിരുന്ന ദ്രാവകത്തിന്റെ പകുതി കൂടി അകത്താക്കി കുപ്പി തോൾസഞ്ചിയിലേക്ക് മാറ്റി. അടുക്കളയിൽ നിന്നും ആ സ്ത്രീ പുറത്തേക്ക് വന്ന് ഇനിയെന്തെ

ങ്കിലും വേണോയെന്ന് തിരക്കി . തന്നെ ഇവിടെയെത്തിച്ച പ്രേമൻ ഒരു പിമ്പാണെന്നും , തന്റെ മുന്നിൽ നിൽക്കുന്ന സ്ത്രീ ഒരു വേശ്യ ആണെന്നും അയാൾ മനസ്സിലാക്കി. താനും ആ സ്ത്രീയും മാത്രമാണ് ഇപ്പോൾ ആ മുറിയിലുള്ളതെന്ന് അയാൾ ഓർത്തു. വേശ്യാലയങ്ങളിൽ താനിന്നുവരെ കണ്ട മുഖങ്ങളുമായി സ്ത്രീയുടെ മുഖത്തെ കൂട്ടിവായിക്കാൻ തുടങ്ങി. ഇല്ല ഇതുപോലൊരു മുഖം ഇതാദ്യമാണ് . ആ സ്ത്രീയുടെ വലതുകരം തന്നിലേക്ക് ചാഞ്ഞു. ആ കറുത്ത കൈകളെ കൂട്ടിപ്പിടിച്ച് അയാൾ അമർത്തി ചുംബിച്ചു. സ്ത്രീ ഒരക്ഷരം മിണ്ടിയില്ല. വേശ്യാലയങ്ങളിൽ കണ്ട പെണ്ണുങ്ങളുടെ വികാരചേഷ്ടകളൊന്നും തന്നെ ആ സ്ത്രീയിൽ ഉണ്ടായില്ല. നിലത്ത് വിരിച്ച പായിലും , മെത്തയിലും ആടിത്തളർന്ന രതിക്രീഡകളൊന്നും തന്നെ അന്ന് നടന്നില്ല. എന്റെ രതിസാമ്രാജ്യവും , എഴുതിവച്ചതും, കണ്ടതും അനുഭവിച്ചതുമായ സെക്സിന്റെ ലോകം ഇവിടെ സാധ്യമാകുന്നില്ല. അന്നാദ്യമായി സ്ത്രീ ശരീരത്തോടെനിക്ക് എന്തെന്നില്ലാത്ത വിരക്തി തോന്നി. മാത്രമല്ല സെക്സിനപ്പുറത്തേക്ക് മറ്റെന്തെക്കെയൊ വികാരമാണ് തനിക്കവരോട് തോന്നുന്നതെന്ന് അയാൾ ഓർത്തു. കത്തിതീരാറായ സിഗരറ്റ് നിലത്തിട്ട് ചവിട്ടുന്നതിലിടയിൽ സ്ത്രീയോട് പേര് ചോദിച്ചു. അവരൊന്നും മിണ്ടിയില്ല. ഒരു ദീർഘചുംബനത്തിൽ തളിവന്ന തന്റെ രതി വികാരത്തെ ഒതുക്കി , ബാക്കിയായ കുറച്ച് നോട്ടുകൾ അവർക്ക് നീട്ടി അയാൾ പുറത്തേക്കിറങ്ങി. അവരുടെ തൊഴിലിനെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുംചോദിക്കാമെന്ന് കരുതിയെങ്കിലും പേര് പോലും പറയാത്ത അവരോട് മറ്റൊന്നും ചോദിക്കാൻ അയാൾ മെനക്കെട്ടില്ല.

സാറിന്റെ ചുണ്ടുകൾക്ക് സിഗരറ്റിന്റെ മണമാണ്, എനിക്ക് ഒരുപാട് ഇഷ്ടമാണത് !

വരാന്തയിലെ തൂണിന്റെ മറവിൽ നിന്നുകൊണ്ടവർ പറഞ്ഞു . കേട്ടു മുഴുമിപ്പിക്കാതെ അയാൾ നടക്കാൻ തുടങ്ങിയിരുന്നു. മുഖത്ത് നേരിയൊരു ചിരി വരുത്താൻ ശ്രമിച്ച് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു. കവലയിലെത്തിയ അയാൾക്ക് പ്രേമൻ എന്ന കുള്ളനെ പിന്നീട് കാണാൻ കഴിഞ്ഞില്ല. അയാൾ ഏങ്ങോട്ട് മാഞ്ഞു.



വിചിത്രമാണ് ഇവിടം . അയാൾ ലോഡ്ജിലേക്ക് കയറിച്ചെന്നു. റിസപ്ഷനിൽ ആരുമില്ല. മുറിതുറന്ന് അകത്തേക്ക് കയറിയ അയാൾ കട്ടിലിലേക്ക് മലർന്ന്, ചിന്തയിലേക്ക് ആഴ്നിറങ്ങി.

ചെവിയില്ലാത്ത വികാരിയച്ചൻ, ചായക്കടക്കാരൻ.,പ്രേമൻ എന്ന കുള്ളൻ, പേരില്ലാത്ത ആ സ്ത്രീ. ഈ പ്രദേശവും , ഇവിടുത്തെ മനുഷ്യരും വ്യത്യസ്തമാണ്. ഭൂപടത്തിന്റെ അതിരുകളിൽ ഉൾക്കൊള്ളാത്ത ഈ സ്ഥലത്തു നിന്ന് പലായനം ചെയ്യാനുള്ള സമയം എത്തിയിരിക്കുന്നു. തോൾസഞ്ചിയിൽ നിന്ന് ചാരായക്കുപ്പി പുറത്തെടുത്തു. മേശക്കരികിലെ വിദേശനിർമ്മിത വോഡ്കയും, രണ്ട് തരം സ്വഭാവമുള്ള ദ്രാവകങ്ങൾ ഇതാ ഒറ്റ യുക്തിയിലേക്ക് ചേർന്ന് ഒന്നാകുന്നു. വേർതിരിച്ചെടുക്കാൻ കഴിയാത്ത വിധം രണ്ട് ദ്രാവകങ്ങളും അലിഞ്ഞ് ചേർന്നിരിക്കുന്നു. എന്തായിരിക്കും അതിന്റെ സ്വാദ്, എന്ത് പേ

രാണ് ഇനി ഇതിനെ വിളിക്കുക. പ്രോട്ടോൺ തരംഗങ്ങളെപോലെ അയാളുടെ ആലോചനകൾ വേഗതയിൽ സഞ്ചരിക്കാൻ തുടങ്ങി. ചിന്നിചിതറുന്ന ഓർമകളിലേക്ക് എന്തൊക്കെയൊ കൂടിച്ചേരുന്നത് പോലെ പേരിടാത്ത ഗ്ലാസിലെ ദ്രാവകം കുടിച്ച്തീർത്ത് വീണ്ടും കട്ടിലിലേക്ക് അയാൾ മറിഞ്ഞു വീണു. ഏറെ വൈകിയാണ് രാവിലെ കണ്ണുതുറന്നത്.

മൂന്നാം ദിവസം ഇതാ ഏറ്റവും സമാധാനത്തോടെ താൻ ഉറങ്ങിയ കട്ടിലിൽനിന്നും എണീറ്റിരുന്നപ്പോഴാണ് തന്റെ തുടകൾക്കിടയിൽ പരിചിതമല്ലാത്ത ഭാരം അനുഭവപ്പെട്ടത്. തുണിമാറ്റിയപ്പോൾ ഞെട്ടിക്കുന്ന കാഴ്ച്ച. വൃഷണങ്ങൾക്ക് മേലെ തുരുമ്പ് പിടിച്ച ഒരു വലിയ ഇരുമ്പ് പൂട്ട് ഘടിപ്പിച്ചിരിക്കുന്നു. എത്ര വലിച്ചിട്ടും അനക്കമില്ലാതെ ആ തുരുമ്പിച്ച പൂട്ട് തന്റെ വൃഷണങ്ങളെ ഞെരുക്കുന്നതായി അയാൾക്ക് തോന്നി, ഇല്ല , ഇത് പൊളിക്കാൻ എനിക്കാവില്ല !

ഏറെ കഷ്ടപ്പെട്ട് റൂമിൽ ഉണ്ടായിരുന്ന തന്റെ സാധനങ്ങൾ തോൾ സഞ്ചിയിലേക്ക് മാറ്റി . ജനാലയിൽ ആണിമേൽ തൂക്കിയിട്ടിരുന്ന മുണ്ട് ധരിച്ചുകൊണ്ട് മുറി പൂട്ടി പുറത്തേക്കിറങ്ങി. ഉറങ്ങികിടക്കുന്ന തന്റെ ശരീരത്തിലേക്ക് ഏത് നേരത്താണ് ഈയൊരു കെണി വന്നു ചേർന്നതെന്ന് എത്രയാലോചിച്ചിട്ടും അയാൾക്ക് മനസിലായില്ല. ആരാണിത് ചെയ്തത്. ആരുടെ കൈയ്യിലാണിതിന്റെ താക്കോൽ. മുറിയിലും പരിസരത്തും ഇതിന്റെ താക്കോൽ കണ്ടെത്താൻ നടത്തിയ ശ്രമങ്ങൾ പാഴായി. സമയം കഴിയുന്തോറും വേദനയുടെ കാഠിന്യം കൂടിവന്നു. പൂട്ട് തുറക്കുകയോ, അല്ലെങ്കിൽ എന്തെങ്കിലും ആയുധം ഉപയോഗിച്ച് അത് മുറിച്ചുമാറ്റുകയൊ അല്ലാതെ വേറെ വഴിയില്ല. സഹായത്തിന് മറ്റൊരാളെ ആവശ്യമായി വന്നിരിക്കുന്നു. മുറി അടയ്ക്കാതെ അയാൾ ലോഡ്ജിൽ നിന്നും പുറത്തിറങ്ങി. റിസപ്ഷനിൽ ഇപ്പോഴും ആളില്ല. അഡ്വാൻസ് തുക തിരികെ വാങ്ങുന്ന കാര്യം പരിഭ്രമത്തിനിടയിൽ അയാൾ മറന്നു. ചായക്കടക്കാരൻ ബെഞ്ചിന്റെ മുകളിൽ നീണ്ടുനിവർന്ന് കിടക്കുന്നു. വെയിലിന്റെ ചൂടിന് കാഠിന്യമേറി. ദൂരെ നിന്നും ബസിന്റെ ഇരമ്പൽ കേട്ടു. അത് തന്റെ അടുത്തേക്ക് വന്നുകൊണ്ടിരിക്കയാണ്. തിരക്കില്ലാത്ത ആ ബസിൽ ഏറ്റവും പുറകിലാണ് അയാൾ ഇരിക്കുന്നത്. തൊട്ടടുത്ത് കഷണ്ടിത്തലയുള്ള ഒരു മനുഷ്യൻ മാത്രം. ബസ് പതുക്കെ നീങ്ങാൻ തുടങ്ങി. പുറത്തെ പള്ളിമണിയുടെ കനത്ത പ്രഹരം, അസഹനീയമായ വേദനയാണ് താൻ അനുഭവിച്ചുക്കൊണ്ടിരിക്കുന്നത്. പല്ലുകൾ കടിച്ചുപിടിച്ച്, കണ്ണുകൾ ഇറുക്കെചിമ്മി അനങ്ങാതെയിരുന്നു. തൊട്ടടുത്തിരുന്ന കഷണ്ടിത്തലക്കാരന്റെ ശബ്ദം കേട്ടാണ് അയാൾ ഉണർന്നത്. നീലനിറമുള്ള പുസ്തകം തുറന്ന് വച്ച് ഉറക്കെ വായിക്കയാണയാൾ.

അവൻ സംസാരിക്കുമ്പോൾ തന്നെ ഇതാ, ഒരു പുരുഷാരം, പന്തിരുവരിൽ ഒരുവനായ യൂദാ അവർക്ക് മുന്നേ നടന്നു. യേശുവിനെ ചുംബിപ്പാൻ അടുത്തുവന്നു. യേശു അവനോട് യൂദായേ, മനുഷ്യപുത്രനെ ചുംബനം കൊണ്ടോ കാണിച്ചു കൊടുക്കുന്നതെന്നു പറഞ്ഞു. സംഭവിപ്പാൻ പോകുന്നത് അവന്റെ കൂടെയുള്ളവർ കണ്ടു. കർത്താവെ ഞങ്ങൾ വാൾ കൊണ്ട് വെട്ടേണമോ എന്നു ചോദിച്ചു. അവരിൻ ഒരുത്തൻ പുരോഹിതന്റെ ദാസനെ വെട്ടി, അവന്റെ വലത്തെ കാത് അറുത്തു !

വൃദ്ധൻ വായന തുടർന്നു. തുടയിൽ കൂടി ചോരയൊഴുകാൻ തുടങ്ങി. ശരീരമാസകലം മരവിക്കുന്നതായി അയാൾക്ക് തോന്നി. അപ്പോൾ വൃദ്ധന്റെ ശബ്ദം കൂടുതൽ ഉച്ചസ്ഥായിയിലെത്തി. അയാൾ കണ്ണുതുറന്നപ്പോൾ ബസ്സ് ചെങ്കുത്തായ കയറ്റം പ്രയാസപ്പെട്ട് കയറിക്കൊണ്ടിരുന്നു.

# യുക്തിപർവം

ദുര്യോധനൻ അന്തഃപുരത്തിലെ കട്ടിലിൽ വന്നിരുന്നു...

യുദ്ധത്തിൽ ശ്രീകൃഷ്ണ സാന്നിധ്യം പാണ്ഡവരോടൊപ്പമാണെന്ന കിംവദന്തി കൗരവപക്ഷത്ത് ആത്മവിശ്വാസക്കുറവിന്റെ മരമായി വേരോട്ടം തുടങ്ങിയിരിക്കുന്നു..ദൂതുമായി വന്ന കൃഷ്ണനെ ബന്ധിക്കാൻ ശ്രമിച്ചത് ഒരു മണ്ടത്തരമായോ എന്ന് പുനർവിചിന്തനത്തിൽ ദുര്യോധനന് തോന്നിയിരിക്കുന്നു. കൃഷ്ണന്റെ വിശ്വരൂപ ദർശനം കൗരവരുടെ ഉറച്ച വിജയപ്രതീക്ഷയ്ക്കുമുകളിൽ കറുപ്പ് പടർത്തിയിരിക്കുന്നത് ഒരു ഉൾക്കിടിലത്തോടെ ദുര്യോധനൻ തിരിച്ചറിഞ്ഞു

അന്തപുരത്തിലേക്കുള്ള മടക്ക യാത്രക്കിടയിൽ പാറാവിരുന്ന ഭടൻമാർ പരസ്പരം പതിഞ്ഞ സ്വരത്തിൽ സംസാരിക്കുന്നത് കേൾക്കാനിടയായത് ദുര്യോധനനെ കൂടുതൽ അസ്വസ്ഥനാക്കി..

ശ്രീകൃഷ്ണൻ ആർക്കൊപ്പം നിൽക്കുമെന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്നാ കേട്ടത്, പിതാമഹന്മാരോടും ഗുരുകാരണവൻമാരോടും ഒപ്പം കൗരവപക്ഷത്ത് നിൽക്കുമെന്ന് പറഞ്ഞുകേൾക്കുന്നു...

ഇല്ല.....ഇക്കാര്യത്തിൽ സംശയമൊന്നും വേണ്ട..ഇഷ്ടതോഴനായ അർജുനനോടൊപ്പം ശ്രീകൃഷ്ണൻ യുദ്ധത്തിനെത്തുമെന്ന കാര്യത്തിൽ ഒട്ടും സംശയം വേണ്ട

അതെയോ....എങ്കിൽ യുദ്ധസമയത്ത് അസുഖമെന്തെങ്കിലും അഭിനയിച്ച് കുടുംബത്തിൽ നിൽക്കണം...

അതെയതെ...ശ്രീകൃഷ്ണൻ



എതിർഭാഗത്ത് ആയുധവുമായി നിന്നാൽ കൗരവസൈന്യത്തിന്റെ തോൽവി ഉറപ്പായതു തന്നെ.....

പതിനെട്ട് അക്ഷൗഹിണി പടകളുടെയും അളവറ്റ സൗഭാഗ്യങ്ങളുടേയും നാഥനാ

യിരുന്ന ദുര്യോധനന് അന്ന് ഉറക്കമെന്ന കേവല സുഖത്തെ പ്രാപിക്കാൻ ഏറെ പ്രയാസപ്പെടേണ്ടിവന്നു...തിരിഞ്ഞും മറിഞ്ഞുമുള്ള അസ്വസ്ഥകൾക്കുശേഷം വലിയൊരു സ്വപ്നത്തിലേക്ക് ദുര്യോധനൻ ഉറങ്ങിവീണു...



വലിയൊരു ചതുരംഗകളത്തെ അനുസ്മരിച്ചുകൊണ്ട് സ്വപ്നത്തിൽ കുരുക്ഷേത്ര ഭൂമി തെളിഞ്ഞുവന്നു....കർണ്ണന്റെ സാരഥിയായി ശ്രീകൃഷ്ണൻ രഥത്തിലിരിക്കുന്നു...ഗജവീരൻമാരും അശ്വങ്ങളും കാലാൾ സൈനികരും യുദ്ധനിർദ്ദേശത്തിനായി സസൂക്ഷ്മം ചെവിയോർക്കുന്നു...യുദ്ധത്തിനുമുമ്പുള്ള നിശബ്ദതയിൽ ദുര്യോധനൻ തന്റെ സൈന്യവിപുലതയിലേക്ക് നോക്കി...കർണ്ണനും ഭീഷ്മരും ദ്രോണരും  കർണ്ണതേരാളിയായ ശ്രീകൃഷ്ണനും തീർത്തിരിക്കുന്ന അജയ്യമായ വൻമതിൽ...എന്തിനെയും കീഴ്പ്പെടുത്തി ലോകത്തെ ഏതൊരു വിജയത്തെയും തന്റെ പാദത്തിലർപ്പിക്കാൻ കെൽപ്പുള്ള ആയുധങ്ങൾ..

ദുര്യോധനൻ  പതിയെ പാണ്ഡവ സൈന്യത്തിലേക്ക് കണ്ണോടിച്ചു...ഭീമൻ  തല തെല്ലുപോലും അനക്കാതെ പല്ലു കടിച്ച് മുഷ്ടി ചുരുട്ടി ചുവന്ന കണ്ണുകളുമായി  തന്നെത്തന്നെ നോക്കിനിൽക്കുന്നു.

യുധിഷ്ഠിരന്റെ  മുഖത്ത് പതിവായുണ്ടാവാറുള്ള മന്ദഹാസത്തിന്റെ പൂക്കൾ മാഞ്ഞിരിക്കുന്നു..... കൗരവരുടെ സൈന്യത്തിലേക്കുനോക്കി മിഴിച്ചു നിൽക്കുന്ന പാണ്ഡവ സൈന്യത്തെ, വലിയൊരു സാഗരത്തിന്റെ ഒഴുക്കിനോട് മത്സരിക്കാൻ കൊതിക്കുന്ന പൊട്ടക്കുളമായാണ് ദുര്യോധനന്  തോന്നിയത്..

മനസ്സിൽതോന്നിയ സന്തോഷം ചെറിയ ചിരിയായി ദുര്യോധനന്റെ മുഖത്ത് നിഴലിച്ചു.....ഇന്നലെ വരെ ദുഃഖപര്യവശനായി തോന്നിച്ചിരുന്ന ഭീഷ്മർ ദൃഢനിശ്ചയത്തോടെ യുദ്ധമുഖത്ത് ശോഭിക്കുന്നു...ശത്രുവിന്റെ ശിരസ്സറുക്കാനായി കർണ്ണനും രക്തം നുണയാനായ് ശസ്ത്രങ്ങളും തയ്യാർ..... യുദ്ധം ചെയ്യലാണ ്ക്ഷത്രിയ ധർമ്മം യുദ്ധത്തിലൂടെ നേടിയെടുക്കുന്നവനാണ് പോരാളി....

അർജ്ജുന പിതാവായ ഇന്ദ്രനെക്കാളും പ്രൗഢി തനിക്കുണ്ടെന്ന് ദുര്യോധനൻ ഊറ്റം കൊണ്ടു......

ഇരുവശത്തെയും യുദ്ധസന്നാഹങ്ങളിലൂടെയുള്ള നിരവധിയായ പ്രദക്ഷിണത്തിനിടയിൽ ആരാലും ശ്രദ്ധിക്കപ്പെടാതെയുള്ള വളരെ സൂക്ഷ്മമായ ഒരു വിനിമയം ദുര്യോധനന്റെ ശ്രദ്ധയിൽപ്പെട്ടു......മസ്തിഷ്കത്തിന്റെ ഏതോ ഒരു ഭാഗത്ത് ഒരു അപകടമായി അത് ചുരുണ്ടുകൂടി....

ആരവങ്ങൾക്കിടയിൽകിടന്ന് കർണ്ണതേരാളിയായ ശ്രീകൃഷ്ണൻ ശത്രുപക്ഷത്തേക്ക് ദൃഷ്ടിപായിച്ച് ആരോടോ ചിരിക്കുന്നു...അതൊരു ചിരിയല്ല..പരസ്പരം അറിയുന്ന മനസ്സുകൾ തമ്മിലുള്ള വിനിമയമാണെന്ന് ദുര്യോധനൻ ഞെട്ടലോടെ തിരിച്ചറിഞ്ഞു.എതിർപാളയത്ത് പറഞ്ഞുറപ്പിച്ചതുപോലെയെന്ന ഭാവത്തിൽ  അർജ്ജുനൻ നിശബ്ദമായി പ്രതികരിക്കുന്നു....ഒരു അവ്യക്തത നിറഞ്ഞപ്പോൾ ആ വിനിമയത്തിന്റെ ഉള്ളറകളിലേക്ക് ഇറങ്ങി ചെല്ലാൻ ദുര്യോധനൻ ശ്രമം നടത്തി...

അൽപനേരത്തെ നിശബ്ദ വിനിമയത്തിനൊടുവിൽ അർജ്ജുനൻ പതിയെ തല കുനിച്ചുകൊണ്ട് ശ്രീകൃഷ്ണനെ വണങ്ങുന്നു..തന്റെ കൈ ഉയർത്തി ശ്രീകൃഷ്ണൻ അർജ്ജുനനെ അനുഗ്രഹിച്ചതായി അറിയിക്കുന്നു...നിറഞ്ഞ അവ്യക്തതകൾക്ക് ഉത്തരം ലഭിക്കാതാകുമ്പോൾ മനസ്സിന് അസഹ്യമായ ഒരു ചൂടാണെന്ന് ദുര്യോധനൻ തിരിച്ചറിയുന്നു....

ശ്രീകൃഷ്ണൻ മുഖംതിരിച്ച് ദുര്യോധനനെ നോക്കി...ദൂതുമായി വന്ന ശ്രീകൃഷ്ണനെ ബന്ധിക്കാൻ ആജ്ഞനൽകിയപ്പോൾ  താൻ കണ്ട ആ ചിരിയാണിതെന്ന് ദുര്യോധനന് തോന്നി...അതിന്റെ അർഥ വ്യാഖ്യാനത്തിലേക്ക് മനസ്സിന്റെ കടിഞ്ഞാൺ നയിച്ചെങ്കിലും പെട്ടെന്ന് തന്നെ തനിച്ചാക്കി കുരുക്ഷേത്ര ഭൂമിയിൽ പോരാളികൾ പരസ്പരം സ്വകാര്യങ്ങൾ പറയുന്നതായി ദുര്യോധനന് തോന്നി....

അർജ്ജുനൻ ഭീമന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു....ഭീമൻ യുധിഷ്ഠിരനോടും... മൂവരും ദുര്യോധനനെ നോക്കി ചിരിക്കുന്നു..... വിഡ്ഢിയെന്ന് ഭീമൻ തന്നെ വിളിക്കാതെ വിളിച്ചുവോ...?അർജ്ജുനൻ നോട്ടം പിൻവലിച്ചെങ്കിലും ഭീമൻ പരിഹാസത്തിന്റെ ഗോദയിലേക്ക് സ്വയം തുടയിൽ ആഞ്ഞടിച്ച് തന്നെ വെല്ലുവിളിക്കുന്നു....

മസ്തിഷ്കത്തിൽ അടിഞ്ഞുകൂടിയ സംശയം ഘോരവിഷമെന്ന പോലെ  ശരീരത്തിന്റെ മുഴുവൻ ഭാഗങ്ങളിലേക്കും വ്യാപിക്കുന്നു...പക്ഷേ തനിക്കുമുന്നിലെല്ലാം പുകച്ചുരുളുകൾ മാത്രം...

ദുര്യോധനൻ വീണ്ടും കൃഷ്ണനെ നോക്കി. ഇത്തവണ കർണ്ണനുമായി എന്തൊക്കയോ സംസാരിക്കുകയാണ് കൃഷ്ണൻ....നീണ്ട ആരവങ്ങൾക്കിടയിൽ ദുര്യോധനന് ഒന്നും കേൾക്കാൻ വയ്യ...ഇമ വെട്ടാതെ കർണ്ണൻ കൃഷ്ണനെത്തന്നെ നോക്കി നിൽക്കുകയാണ്..ആ നില്പിൽ കർണ്ണന് പരിണാമം സംഭവിക്കുന്നതായി ദുര്യോധനന് തോന്നി....നിമിഷങ്ങൾ കഴിയും തോറും കരുത്ത് പിൻവലിഞ്ഞുപോകുന്നവനെപ്പോലെയാണ് കർണ്ണൻ നിലനിൽക്കുന്നത്....ഉയർന്നിരിക്കുന്ന കർണ്ണ ശിരസ്സ് വാക്കുകളുടെ വിധേയനെപ്പോലെ താഴ്ന്നുപോകുന്നു.....

ഞൊടിയിടയിൽ ഒരു അപായ സൂചന ദുര്യോധനനെ നോക്കി പല്ലിളിച്ച് രൂപം വ്യക്തമാക്കാതെ തേരുകൾക്കും പടയാളികൾക്കും ഇടയിലൂടെ കടന്നുപോയി...

തന്റെ തൊണ്ണൂറ്റിയൊമ്പത് സഹോദരൻമാരെയും അയാൾ നോക്കി...ആരും തന്നെ നോക്കുകയോ തന്റെ നിർദ്ദേശമെന്തെന്ന് അറിയാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല...അവർ കാര്യഗൗരവം മറന്ന് തികച്ചും അലസരെപ്പോലെ പരസപ്പരം സംസാരിച്ചുകൊണ്ടിരിക്കുന്നു...മുഖത്ത്

തിരിച്ചറിയാൻ പറ്റാത്ത  ഭാവവുമായി ദ്രോണർ മാത്രം ശ്രീകൃഷ്ണന്റെയും കർണ്ണന്റെയും സംസാരത്തിലേക്ക് ശ്രദ്ധിക്കുന്നു...പതിയെ ദ്രോണരുടെ മുഖത്ത് ഭാവഭേദങ്ങൾ വരുന്നു..അതൊരു നിശബ്ദമായ പുഞ്ചിരിയായി  ദുര്യോധനന് നേരെ തിരിഞ്ഞു... ഈ കുരുക്ഷേത്രഭൂമിയോളം വലുതാണ് ചിരിയുടെ അർഥവ്യാപ്തിയെന്ന് ദുര്യോധനന് തോന്നി...

വ്യക്തതയിൽനിന്ന് അവ്യക്തതയുടെ ഭൂമിയായി തന്റെ ചുറ്റുപാട് മാറുന്നതായി ദുര്യോധനന് അനുഭവപ്പെട്ടു..എല്ലാം പ്രധാനമായും തന്നെചുറ്റിപ്പറ്റിയുള്ള കാര്യങ്ങളാണ് നടക്കുന്നത്. പക്ഷേ...താൻ അറിയാതിരിക്കാൻ ആരൊക്കയോ എന്തൊക്കയോ മൂടിവെക്കുന്നു....

തനിക്കെവിടയോ ആത്മവീര്യം നഷ്ടപ്പെടുന്നുണ്ടോ എന്ന് ഒരു വേള ദുര്യോധനൻ സംശയിച്ചു...

അപ്രതീക്ഷിതമായ നിമിഷങ്ങൾക്കൊടുവിൽ യുദ്ധാരംഭത്തിനുള്ള സമയമടുത്തപ്പോൾ

ദുര്യോധനൻ കർണ്ണനെ നോക്കി....എവിടെയും ശ്രദ്ധിക്കാതെ രഥത്തിൽ തല താഴ്ത്തിവെച്ച് കിടക്കുകയാണ് കർണ്ണൻ...ആ നിൽപ്പിൽനിന്ന് മാറ്റമില്ലെന്ന് കണ്ട് ദുര്യോധനൻ തേരിറങ്ങി കർണ്ണസമക്ഷത്തേക്ക് നടന്നു...

കർണ്ണാ......

വിളികേൾക്കുന്നില്ല....

കർണ്ണാ......ദുര്യോധനൻ വീണ്ടും ഉറക്കെ വിളിച്ചു...

കർണ്ണൻ തലയുയർത്തി ഒന്നും മിണ്ടാതെ ദുര്യോധനന്റെ മുഖത്തേക്ക് ഉറ്റുനോക്കി...സ്ഥലകാലബോധം മറന്നവനെപ്പോലെ നിൽക്കുകയാണ് കർണ്ണൻ..

താങ്കളുടെ നിർദ്ദേശത്തിനുമാത്രം കാത്തിരിക്കുകയാണ് ഞാനും കൗരവവീരൻമാരും...അക്ഷൗഹിണിയെല്ലാം തയ്യാറായിരിക്കുന്നു...

കർണ്ണന് ഭാവഭേദമൊന്നുമില്ല...നിമിഷങ്ങളുടെ മൗനത്തിനൊടുവിൽ പതിയെ പറഞ്ഞു തുടങ്ങി

യുവരാജൻ എനിക്ക് കഴിയില്ല....യുദ്ധം ചെയ്യാൻ എനിക്കാവില്ല...അങ്ങ് എന്നോട് ക്ഷമിക്കണം..തന്ന വാക്കുപാലിക്കാൻ എനിക്ക് കഴിയാതെ പോയി...അനന്തകോടി മതിക്കുന്ന നിധിശേഖരത്തിൽനിന്നും ജീവിതമെനിക്ക് നൽകിയത് അനാഥത്തിന്റെ കല്ലുകൾ തുന്നിച്ചേർത്ത ആഭരണങ്ങൾ മാത്രമാണ്...അങ്ങനെ സനാഥനാക്കി മാറ്റിയെങ്കിലും രക്തബന്ധങ്ങളുടെ വേരുകളെന്നെ കൊതിപ്പിക്കുകയായിരുന്നു....കൂടെപ്പിറപ്പുകളെയും പിതാമഹൻമാരുടെയും ലോഹം തുളഞ്ഞു കയറി വികൃതമായ ശരീരം കാണാൻ ഞാൻ അശക്തനാണ്...എന്നോട് ക്ഷമിക്കു....ഞാൻ പിൻവാങ്ങുന്നു...

തന്റെ ഹൃദയ സ്പന്ദനം കുരുക്ഷേത്രത്തിലെ ആരവങ്ങളേക്കാൾ ഉച്ചത്തിലാവുന്നത് ദുര്യോധനൻ തിരിച്ചറിഞ്ഞു...ആരംഭത്തിലേ യുദ്ധംതോറ്റ സൈന്യത്തിന്റെ രാജാവായി ദുര്യോധനൻ കർണ്ണന്റെ തേർ ചക്രത്തിൽ കൈതാങ്ങിനിന്നു...

കർണ്ണന്റെ പിൻമാറ്റം അസ്ത്രങ്ങളേക്കാൾ വേഗത്തിൽ കൗരവ പാളയത്തെ ശിഥിലമാക്കി. കൗരവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചിരുന്ന നാട്ടു രാജാക്കൻമാർ ഈ വാർത്തയറിഞ്ഞ് ആസന്നമായ തോൽവിയെ മുന്നിൽ കണ്ട് പിൻമാറ്റം തുടങ്ങി......

ജീവിതത്തിൽ താൻ ഏറ്റവും അപമാനിക്കപ്പെട്ട നിമിഷമാണിതെന്ന് ദുര്യോധനൻ തിരിച്ചറിഞ്ഞു..കൗരവപ്പടയുടെ പിൻമാറ്റം കണ്ടുള്ള ഭീമസേനന്റെ അട്ടഹാസം ആയിരം ആനകളുടെ ശക്തിയുള്ള ഗദകൊണ്ട് ദുര്യോധനന്റെ നെഞ്ചിൽ ആഞ്ഞടിക്കപ്പെട്ടു...

ചതി...ചതി....

ദുര്യോധനൻ ഉറക്കെ വിളിച്ചു പറഞ്ഞു..പാണ്ഡവരുടെ അട്ടഹാസം ദുര്യോധനന്റെ കരച്ചിലിന് മുകളിൽ മുഴങ്ങിക്കേട്ടു.....

യുദ്ധമുഖത്ത് താൻ മാത്രമായി.....മരണത്തേക്കാൾ ക്രൂരമായ ഏകാന്തത...ശത്രുവിനോട് തോറ്റോടു



ന്നതിന് സമാനമായ അവസ്ഥ......ഇരുട്ട് വ്യാപി ക്കുന്നു...കണ്ണുകളിലേക്ക് അബോധത്തിന്റെ ക്രൂരമ്പുകൾ തുളഞ്ഞുകയറുന്നു..മറയുന്ന ബോധത്തിനിടയിൽ  വിദൂരതയിലേക്ക് നോക്കി പതിയെ ചിരിക്കുന്ന കൃഷ്ണനെ ദുര്യോധനൻ കണ്ടു.....

പതിയെ കണ്ണു തുറന്നപ്പോൾ ചുറ്റും ഇരുട്ടാണ്...ഒരു സ്വപ്നത്തിലായിരുന്നു താനെന്ന് തിരിച്ചറിവുണ്ടാവാൻ ദുര്യോധനന് സമയത്തിന്റെ ഏറെ പിച്ചവെക്കലുകൾ വേണ്ടിവന്നു.....തിരി കത്തിക്കാതെ മുറിയിൽ ദുര്യോധനൻ നാഴികകളോളം ഇരുന്നു......മനസ്സ് ഏകാഗ്രമാക്കി.... കണ്ട സ്വപ്നത്തിലൂടെ ബോധമനസ്സിന്റെ കടിഞ്ഞാൺ ആഞ്ഞുവലിച്ചു...ലക്ഷ്യസ്ഥാനത്ത് എത്തിയ പോരാളിയെപ്പോലെ ദുഃസ്വപ്നങ്ങളില്ലാത്ത ഉറക്കത്തിലേക്ക് വഴുതി..

രാവിലെ എഴുന്നേറ്റ് രഥത്തിൽ കൃഷ്ണ സന്നിധിയിലേക്ക് പുറപ്പെട്ടു...

നല്ല ഉറക്കത്തിലായിരുന്നു കൃഷ്ണൻ.. തലഭാഗത്തായി ദുര്യോധനൻ ഇരുപ്പുറപ്പിച്ചു. അർജ്ജുനൻ മുറിയിലേക്ക് കടക്കുമ്പോൾ കഴിഞ്ഞ രാത്രിയിലെ സ്വപ്നത്തെക്കുറിച്ചുള്ള ചിന്തയിലായിരുന്നു അദ്ദേഹം. ഉറക്കമുണർന്ന കൃഷ്ണനെ രണ്ടുപേരും അഭിസംബോധന ചെയ്തു...കൃഷ്ണന്റെ ചിരി സ്വപ്നത്തിലെ അർജ്ജുനനോടുള്ള വിനിമയത്തിന് സമാനമാണോ എന്ന് ദുര്യോധനൻ  സംശയിച്ചു..

കൃഷ്ണൻ സംസാരിച്ചുതുടങ്ങി...

നിങ്ങൾ ഇരുകൂട്ടരും എനിക്ക് പ്രിയപ്പെട്ടവരാണ്. ഒരു കാര്യത്തിന്റെ പേരിലും വേർതിരിക്കൽ എനിക്ക് വയ്യ. മുമ്പ് നടന്ന കാര്യങ്ങളെല്ലാം ഞാൻ മറന്നിരിക്കുന്നു സുയോധനാ...ജ്യേഷ്ഠാനുജൻമാർക്കുമുന്നിൽ ആയുധധാരിയായ് നിന്നുകൊണ്ടുള്ള ഒരു സഹായമോ അല്ലെങ്കിൽ  ബലരാമനെപ്പോലെ ഒരു ഒളിച്ചോട്ടവും എന്നിൽനിന്നുണ്ടാകില്ല...ഞാൻ ആയുധമൊന്നുമെടുക്കാതെ ഒരു പക്ഷത്തും യാദവസൈന്യത്തിന്റെ     രൂപത്തിൽ മറുവശത്തും എന്റെ സാന്നിധ്യത്തെ ഞാൻ വിഭജിക്കുകയാണ്...എന്തു വേണമെന്നുള്ളത് നിങ്ങൾക്ക് തീരുമാനിക്കാം...

ദുര്യോധനൻ ശ്രീകൃഷ്ണനെ ആവശ്യപ്പെടല്ലെ എന്ന് അർജ്ജുനൻ മൗനപ്രാർഥനയുടെ രൂപത്തിൽ മനസ്സിൽ പുലമ്പി...

നേരിയ നിശബ്ദതയിൽ കഴിഞ്ഞ രാത്രിയിലെ സ്വപ്നത്തിലൂടെ ദുര്യോധനൻ മനസ്സിനെ അതിവേഗം ചലിപ്പിച്ചു...കർണ്ണനും ശ്രീകൃഷ്ണനും തമ്മിലുള്ള അവ്യക്തമായ സംഭാഷണത്തിനുത്തരം ചുവന്ന പട്ടിൽ വെളുത്ത അക്ഷരങ്ങളായി ദുര്യോധനന്റെ മനസ്സിൽ തെളിഞ്ഞുവന്നു...

ദുര്യോധനന്റെ ചിന്ത നീണ്ടുനിന്നപ്പോൾ അർജ്ജുനന് മനസ്സിൽ ഭയപ്പാടുണ്ടായി...കണ്ണടച്ച് വീണ്ടും അദ്ദേഹം പ്രാർഥനയിൽ മുഴുകി... ദുര്യോധനൻ സംസാരിച്ചു തുടങ്ങി...

അങ്ങയുടെ യാദവ സൈന്യത്തെ യുദ്ധത്തിനായി എനിക്ക് വിട്ടുതരണം...

അർജ്ജുനന്റെ കണ്ണുകളിൽ ആയിരം പൗർണ്ണമിയുടെ വെളിച്ചം...

വിഡ്ഢി .....അദ്ദേഹം മനസ്സിൽ മന്ത്രിച്ചു........

ദുര്യോധനതീരുമാനം കൃഷ്ണന്റെ മുഖത്ത് തികഞ്ഞ അമ്പരപ്പ് വിരിച്ചു...അൽപ നേരത്തേക്ക് അദ്ദേഹം മൗനിയായിരുന്നു....ശേഷം തന്റെ മനസ്സുകൊണ്ട് ദുര്യോധനന്റെ മനസ്സിനുള്ളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഒരു ശ്രമം നടത്തി.....തീരുമാനത്തിനു പിന്നിലെ യുക്തിയെ ഉൾക്കൊണ്ടു....           ബുദ്ധിമാൻ

കൃഷ്ണന്റെ മനസ്സിൽ നിന്നും ഒരു കൈ ഉയർന്നുവന്ന് ദുര്യോധനന്റെ ചുമലിൽ തട്ടി....



# ഫിദൽ കാസ്ട്രോ



ഹും..ചാകരപോലും
വലപെയ്ത്തുകളുടെ കെടുതിയിൽ മാനം കെട്ടവരുടെ കൂട്ട ആത്മഹത്യകളാണെന്ന്
ആരറിഞ്ഞു.

അടുത്തൂടെ കുതിച്ച
പരലിനോട്
പന്തയം വെച്ചൊന്ന്
നീങ്ങിയപ്പോഴേക്കും അനുവദിച്ച നോട്ടിക്കൽ ദൂരം കഴിഞ്ഞിരുന്നു...
പരിധി ലംഘനം
വിഘടനവാദമാണത്രേ...

8°C തുണുപ്പുള്ള രാജ്യസ്നേഹികളുടെ പെട്ടിയിലാണ്
ഞങ്ങൾ വിഘടനവാദികളായ മീനുകളുടെ പൊതുദർശനം

മുട്ടവിരിയാൻ കാലമായെന്നോർത്ത് ദിക്ക് തിരിഞ്ഞ് നീങ്ങിയപ്പോഴാണ്
ആഴപ്പരപ്പിൽ ഇന്നോളം കണ്ടിട്ടില്ലാത്ത അതിരുകളിൽ തപ്പിത്തടഞ്ഞത്.



# വെറുതെ പാടുകയല്ല
# ഒച്ചത്തിൽ പറയുകയാണ്

ഞങ്ങൾ റോഡിലിറങ്ങി നടക്കും ഞങ്ങൾ പാടത്തിരുന്നു ചിരിക്കും....
ഞങ്ങൾ റോഡിലിറങ്ങി നടക്കും ഞങ്ങൾ പാടത്തിരുന്നു ചിരിക്കും....
ഞങ്ങൾ പൊരുമഴയത്ത് നനയും പാതിര മഞ്ഞത്തിറങ്ങി നടക്കും...
ഞങ്ങൾ പൊരുമഴയത്ത് നനയും പാതിര മഞ്ഞത്തിറങ്ങി നടക്കും....

ഞങ്ങൾ  താടി വളർത്തും മീശ വളർത്തും മുട്ടോളം മുട്ടറ്റം മുടിയും വളർത്തും...
ഞങ്ങൾ  താടി വളർത്തും മീശ വളർത്തും മുട്ടോളം മുട്ടറ്റം മുടിയും വളർത്തും....
അത് ഞങ്ങടെയിഷ്ടം ഞങ്ങടെയിഷ്ടം ഞങ്ങളത് ചെയ്യും...
അത് ഞങ്ങടെയിഷ്ടം ഞങ്ങടെയിഷ്ടം ഞങ്ങളത് ചെയ്യും....

ഞങ്ങടെ മേലിലെ രോമവും നിങ്ങൾക്ക് തീറെഴുതി തരണോ ഏമാനെ ....
ഞങ്ങടെ മേലിലെ രോമവും നിങ്ങൾക്ക് തീറെഴുതി തരണോ ഏമാനെ....
അപ്പനപ്പൂപ്പന്മാർ വെട്ടിയ റോഡ് നിനക്കെഴുതിതരണോ ഏമാനെ ....
അപ്പനപ്പൂപ്പന്മാർ വെട്ടിയ റോഡ് നിനക്കെഴുതിതരണോ ഏമാനെ ...

വെള്ളപുതച്ചു നടക്കുന്ന കോലങ്ങൾ കോടികൾ കട്ടാലെന്താ ...
വെള്ളപുതച്ചു നടക്കുന്ന കോലങ്ങൾ കോടികൾ കട്ടാലെന്താ ...
നേരം പോക്കെന്നപോൽ കേറിയിറങ്ങുവാൻ ഞങ്ങടെ നെഞ്ചുണ്ടല്ലോ..
നേരം പോക്കെന്നപോൽ കേറിയിറങ്ങുവാൻ ഞങ്ങടെ നെഞ്ചുണ്ടല്ലോ..

നിന്റെ അറക്കണ കയ്യിലിരിക്കണ ഫാസിസ കോലുണ്ടല്ലോ...
നിന്റെ അറക്കണ കയ്യിലിരിക്കണ ഫാസിസ കോലുണ്ടല്ലോ ..
അത് ഞങ്ങടെ നാട്ടിലെ ഞങ്ങടെ സ്വാതന്ത്ര്യം തല്ലികെടുത്താനല്ല.
അത് ഞങ്ങടെ നാട്ടിലെ ഞങ്ങടെ സ്വാതന്ത്ര്യം തല്ലികെടുത്താനല്ല.

ഇത് ഞങ്ങടെ നാട്...... ഞങ്ങടെ റോഡ് ഞങ്ങടെ.... പൂവരമ്പ്....
അതിൽ എങ്ങനെ എങ്ങനെ.... എങ്ങനെ....  പോണം..... എന്നു ഞങ്ങൾക്കറിയാം....
അതിൽ എങ്ങനെ എങ്ങനെ.... എങ്ങനെ....  പോണം..... എന്നു ഞങ്ങൾക്കറിയാം....
ഞങ്ങൾ  താടി വളർത്തും മീശ വളർത്തും മുട്ടോളം മുട്ടറ്റം മുടിയും വളർത്തും....
ഞങ്ങൾ  താടി വളർത്തും മീശ വളർത്തും മുട്ടോളം മുട്ടറ്റം മുടിയും വളർത്തും....

**അത് ഞങ്ങടെയിഷ്ടം ഞങ്ങടെയിഷ്ടം ഞങ്ങളത് ചെയ്യും....**
**അത് ഞങ്ങടെയിഷ്ടം ഞങ്ങടെയിഷ്ടം ഞങ്ങളത് ചെയ്യും.....**

- Renjith Chittade



